# കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ

ഒരുപഠനം



ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ

## ഒരു പഠനം

## ഒന്നാം ഭാഗം

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686651
ഫോൺ 04822 261102
Mob: 9447662076

www.malankaralibrary.com

(Malayalam)

# KOONAMMAKKAL THOMMAKATHANARUDAY THIRANJEDUTHA LEKHANANGAL

By
**JOHN KACHIRAMATTAM**

First Edition
31.10.2016

Copyright
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation
DTP setting
Omega DTP Centre, Pala, Ph: 9446862046
Cover design
Joseph Francies Pala Ph:9447137342
Printed at
Penta offset, Kottayam
Price Rs.135/-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686651

www.malankaralibrary.com

## ഡോ. കച്ചിറമറ്റം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. എന്റെ എഴുത്തിന്റെ ചരിത്രം - വിവരണം
2. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
3. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
4. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജീവചരിത്രം
5. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം
6. ഷെവ.കുഞ്ഞിത്തൊമ്മൻ - ജീവചരിത്രം
7. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് - ജീവചരിത്രം
8. എം.എം. വർക്കി - ജീവചരിത്രം
9. എം.ഒ. ജോസഫ് നെടുങ്കുന്നം - ജീവചരിത്രം
10. ബി. വെല്ലിംഗ്ടൺ - ജീവചരിത്രം
11. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും - ജീവചരിത്രം
12. എം.എം. ജേക്കബ്ബ് - ജീവചരിത്രം
13. തടവറയിലെ വടക്കനച്ചൻ - ജീവചരിത്രം
14. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജീവചരിത്രം
15. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജീവചരിത്രം
16. അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
17. അവിസ്മരണീയ വ്യക്തികൾ- അപൂർവ്വ സംഭവങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
18. ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ - ജീവചരിത്രം
19. ഹെന്ദോ-ഇന്ത്യയിലെ സഭ - ജീവചരിത്രം
20. ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ - ജീവചരിത്രം
21. തര്യത് കുഞ്ഞിത്തൊമ്മൻ വർഗ്ഗീയ വാദിയോ? - ജീവചരിത്രം
22. ടി.ജെ. സാർ - ജീവചരിത്രം
23. കുടിയേറ്റമേഖലയിലെ സൂര്യതേജസ് സി. ആനി ജോൺ - ജീവചരിത്രം
24. ജിജി സെബാസ്റ്റ്യൻ നീലത്തുംമുക്കിൽ - ജീവചരിത്രം
25. എം.ഒ. ജോസഫ് നെടുംകുന്നം - ലഘുചരിത്രം
26. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും - ചരിത്രം
27. കാത്തലിക് ഗ്രിവൻസസ് - ചരിത്രം
28. വിമോചനസമരം ഒരു ആമുഖം - ചരിത്രം
29. വിദ്യാഭ്യാസ സമരചരിത്രം - ചരിത്രം
30. സത്യത്തിന് നേരെ കണ്ണടയ്ക്കരുത് - ചരിത്രം
31. നായർ ഈഴവ ഐക്യം - ചരിത്രം
32. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ചരിത്രം

www.malankaralibrary.com

33. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ചരിത്രം
34. എ.കെ.സി.സി. ലഘുചരിത്രം - ചരിത്രം
35. സമുദായ സംഘടനകളുടെ നാൾവഴികൾ - ചരിത്രം
36. മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസും - ചരിത്രം
37. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം
38. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം - ജനറൽ
39. സാർവത്രിക സൂനഹദോസുകൾ - ജനറൽ
40. സമുദായ സ്നേഹികളെ ഉണരൂ - ജനറൽ
41. അണികളെ ആവശ്യമുണ്ട് - ജനറൽ
42. കേരളം ചുവന്നതെങ്ങനെ? - ജനറൽ
43. ഇടിമുഴക്കം കേട്ടതെപ്പോൾ - ജനറൽ
44. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജനറൽ
45. യേശുക്രിസ്തുമോസ്കോവിലോ? - ജനറൽ
46. പ്രസിഡന്റിന്റെ കത്തുകൾ - ജനറൽ
47. എന്റെ കലഹവും സംവാദവും (ഒന്നാംഭാഗം) - ജനറൽ
48. എന്റെ കലഹവും സംവാദവും (രണ്ടാംഭാഗം) - ജനറൽ
49. അൽമായരും കാലിക പ്രശ്നങ്ങളും - ജനറൽ
50. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജനറൽ
51. പുനരൈക്യസ്മരണാകിരണങ്ങൾ - ജനറൽ
52. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും വിപുലീകരിച്ച പരീക്ഷ - ചരിത്രം
53. കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ ഒരുപഠനം

**ഡോ. കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ**

1. Homilies and Reflections (Part I)
2. Homilies and Reflections (Part II)
3. Why American youth Turn to Budha
4. Evolution in the human concept of God
5. Re-discovery of India
6. Catholic Eastern Churches
7. Prepare the way of the Lord
8. വചനപ്രകാശം - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
9. കുരിശിന്റെ വഴി - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ

www.malankaralibrary.com

# സമർപ്പണം

*കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ 2016-ലെ മാർത്തോമ്മാ അവാർഡ് ചരിത്രകാരനായ കുന മ്മാക്കൽ തോമ്മാക്കത്തനാർക്കാണ് നൽകുന്നത്. അതിന്റെ സ്മാരകമായി ഈ ഗ്രന്ഥം സമർപ്പി ക്കുന്നു.*

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരുപതാ കോർപ്പറേററ് എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്. എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാസമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി. 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്‌ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ലഭിച്ചു. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ലും കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ ഗുരുപൂജാ അവാർഡും നവജീവപരിഷത്തിന്റെ അത്‌ലേത്താ ദ ഹെന്ദോ എന്ന പുരസ്കാരവും ചെറുപുഷ്പമിഷൻലീഗിന്റെ കുഞ്ഞേട്ടൻ പുരസ്കാരവും ഫാ മൗറീഷ്യസ് & ഫാ. ആന്റണി കാക്കനാട് മെമ്മോറിയൽ അവാർഡും 2014-ലും ലഭിച്ചു. ആകെ 26 അവാർഡുകൾ.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# ഉള്ളടക്കം


ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ

ആമുഖം

അവതാരിക: പ്രൊഫ. മാത്യു ഉലകംതറ

തിരഞ്ഞെടുത്തലേഖനങ്ങൾ

| | | |
|---|---|---|
| 1. | മാർതോമ്മാശ്ലീഹാ ഭാരതത്തിൽ | 17–35 |
| 2. | മാർത്തോമ്മാനസ്രാണികൾ | 36–52 |
| 3. | മാർ അപ്രേംമല്പാൻ | 53–60 |
| 4. | മഹാനായ പ്ലാസിഡച്ചൻ | 61–69 |
| 5. | നിധീരിക്കൽ മാണിക്കത്തനാർ | 70–89 |
| 6. | ഇനിയും പഠിക്കേണ്ട വർത്തമാനപുസ്തകം | 90–125 |
| 7. | അങ്കമാലി അല്ലെങ്കിൽ കുറവിലങ്ങാട് | 126–135 |
| 8. | കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ-ഒരു പഠനം | 136–156 |
| 9. | കൂനമ്മാക്കൽ തോമ്മാക്കത്തനാർ-ജീവിതവഴികൾ | 157–160 |


www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമറ്റം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേറ്റ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈറ്റ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 61 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ജോൺ കച്ചിറമറ്റം രചിച്ച 53-ാമത്തെ ഗ്രന്ഥമാണ് കുനമ്മാക്കൽ തോമ്മാക്കത്തനാരുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ-ഒരു പഠനം. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

ആമുഖം

# കൂനമ്മാക്കൽ തോമ്മാകത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ - ഒരുപഠനം

കേരളസഭാചരിത്രത്തെപ്പറ്റി ആധികാരികമായി എഴുതുവാനും പറയുവാനും കഴിവുള്ളവരിൽ പ്രമുഖനാണ് കൂനമ്മാക്കൽ തോമ്മാക്കത്തനാർ. സീറോ-മലബാർ സഭയുടെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച സീറോ-മലബാർ സഭയുടെ പൈതൃകം സംരക്ഷിക്കുന്നതിനുവേണ്ടി ധീരമായി പ്രവർത്തിച്ച പാറേമാക്കൽ തോമ്മാക്കത്തനാരുടെ ഇടവകക്കാരനാണ് കൂനമ്മാക്കൽ തോമ്മാകത്തനാർ. സഭാസംബന്ധമായി അദ്ദേഹം നൂറുകണക്കിന് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. തനിക്ക് ശരിയെന്ന് ബോധ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്നതിൽ ഒരിക്കലും അദ്ദേഹം മടി കാണിച്ചിട്ടില്ല. മാർ കരിയാറ്റിയുടെയും പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെയും നിധിരിക്കൽ മാണിക്കത്തനാരുടെയും ഫാ. പ്ലാസിഡ് പൊടിപാറയുടെയും എന്തിന് കുടക്കച്ചിറ-തൊണ്ടനാട് അന്തോനികത്തനാർമാരുടെയും ഹൃദയതുടിപ്പുകൾ പൂർണ്ണമായും ഉൾക്കൊണ്ട ഒരു വൈദികനാണ് എന്റെ നാട്ടുകാരനായ കൂനമ്മാക്കൽ തോമ്മാകത്തനാർ. അദ്ദേഹത്തിന്റെ നിർഭയത്വം ആണ് എന്നെ ആകർഷിച്ച ഒരു സവിശേഷത. സ്വന്തമായി ഒന്നും നേടാനാഗ്രഹിക്കാതെ - ആരുടെയും പ്രീതിക്കുവേണ്ടി പ്രവർത്തിക്കാതെ സഭാപാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കുന്ന തോമ്മാകത്തനാർ എഴുതിയിട്ടുള്ള ലേഖനങ്ങൾ എല്ലാ സഭാസ്നേഹികളും വായിച്ചിരിക്കണമെന്നാണ് എന്റെ ആഗ്രഹം. വിവിധ പ്രസിദ്ധീകരണങ്ങളിൽ ചിതറികിടക്കുന്ന ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിച്ച് സമുദായസന്നിധിയിൽ അവതരിപ്പിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.

അതിന്റെ ആദ്യപടിയായിട്ടാണ് കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ ഒന്നാംഭാഗം ഒരു പഠനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത്. ഈ ഗ്രന്ഥത്തിന് അവതാരികയെഴുതിയിരിക്കുന്നത് പ്രൊഫ. മാത്യു ഉലകംതറയാണ്. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏഴു ലേഖനങ്ങളെപ്പറ്റിയും അവതാരികയിൽ ഉലകംതറ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ അവതാരികതന്നെ ഈ ഗ്രന്ഥത്തെപ്പറ്റിയുള്ള വിശദമായ ഒരു പഠനം ആണ്.

സഭയെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമായ പല ലേഖനങ്ങളും തോമ്മാക്കത്തനാർ രചിച്ചിട്ടുണ്ട്. അവയെല്ലാം പുസ്തകരൂപത്തിലാക്കി പഠനവിധേയമാക്കണമെന്നാഗ്രഹിക്കുന്നു. സഭാസംബന്ധമായ കാര്യങ്ങളിൽ ഉറച്ച ബോധ്യത്തോടെ മുന്നേറുന്ന തോമ്മാക്കത്തനാർ കുറവില

www.malankaralibrary.com

ങ്ങാടിന് സമീപം നസ്രാണി ദയറ സ്ഥാപിച്ചുകൊണ്ട് പ്രവർത്തനം കൂടുതൽ സജീവമാക്കുകയാണ്-ദയറായുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പരിപാടികൾ സീറോ-മലബാർ സഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ വഴിത്തിരിവ് ആകട്ടെയെന്ന് ആശംസിക്കുന്നു.

സഭയുടെ വളർച്ചയിൽ സജീവമായ പങ്കാളിത്തം നൽകുവാൻ എല്ലാ സഭാസ്നേഹികളും മുന്നിട്ടിറങ്ങി പ്രവർത്തിക്കണമെന്ന പക്ഷക്കാരനാണ് തോമ്മാക്കത്തനാർ. അതിന് സഭാംഗങ്ങളെ സജ്ജമാക്കുന്നതിനു വേണ്ടിയാണ് നിരവധി ലേഖനങ്ങൾ അദ്ദേഹം രചിച്ച് പ്രസിദ്ധീകരിച്ചത്. അവയെല്ലാം പുനഃപ്രസിദ്ധീകരിച്ചു ജനങ്ങളുടെയിടയിൽ എത്തിക്കുന്നത് ഒരു വലിയ പ്രേഷിതവൃത്തിയാണെന്ന ഉത്തമബോധ്യത്തോടെയാണ് ഞാൻ ഈ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

ഏഴ് ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 1) മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ, 2) മാർത്തോമ്മാ നസ്രാണികൾ, 3) മാർ അപ്രേം മല്പാൻ 4) മഹാനായ പ്ലാസിഡച്ചൻ, 5) നിധീരിക്കൽ മാണിക്കത്തനാർ, 6) ഇനിയും പഠിക്കേണ്ട വർത്തമാനപുസ്തകം, 7) അങ്കമാലി അല്ലെങ്കിൽ കുറവിലങ്ങാട്.

ഏഴു ലേഖനങ്ങളെപ്പറ്റിയുള്ള പഠനമാണ് ഈ ഗ്രന്ഥം സഭാസ്നേഹികളുടെ മുൻപിൽ ഈ ഗ്രന്ഥം അവതരിപ്പിക്കുന്നത് വളരെയധികം അഭിമാനത്തോടെയാണ് ചിതറി കിടക്കുന്ന കൂനമ്മാക്കൽ തോമ്മാകത്തനാരുടെ എല്ലാ ലേഖനങ്ങളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ഉള്ള ശ്രമത്തിന്റെ ആദ്യപടിയാണ് ഈ ഗ്രന്ഥം. സഭാസ്നേഹികളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

രാമപുരം — ജോൺ കച്ചിറമറ്റം

പിഴക്

15/11/2016

www.malankaralibrary.com

# അവതാരിക

**പ്രൊഫ. മാത്യു ഉലകംതറ**

കുനമ്മാക്കൽ ബ. തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ പുസ്തകരൂപത്തിലാക്കുമ്പോൾ അതിനൊരവതാരിക എഴുതിക്കൊടുക്കാൻ എന്നോടാവശ്യപ്പെട്ടത് ശ്രീ ജോൺ കച്ചിറമറ്റമാണ്. ആധുനിക നസ്രാണി സഭാസമുഹങ്ങളുടെ നെടുന്തൂണുകളാണ് ഇവർ രണ്ടുപേരും. സമുദായത്തിന്റെ ചരിത്രപരവും രാഷ്ട്രീയവുമായ അന്തസ്സു നിലനിർത്താൻവേണ്ടി രാപകലില്ലാതെ നാവും പേനയും മാത്രമല്ല ആരോഗ്യവും പണവും വ്യയംചെയ്തുകൊണ്ടിരിക്കുന്ന അല്മായശ്രേഷ്ഠനാണ് ശ്രീ കച്ചിറമറ്റം. കേരളസുറിയാനിസഭയുടെ ആരംഭവും ആരാധനക്രമപാരമ്പര്യവും കടന്നുപോന്ന കാലഘട്ടങ്ങളെ പ്രഭാപൂരിതമാക്കിയ ദീപസ്തംഭങ്ങളെയോർത്ത് അഭിമാനാവേശപുളകം ചാർത്തുന്ന വൈദികവരേണ്യനാണു കൂനമ്മാക്കൽ ബ. തോമ്മാക്കത്തനാർ. അദ്ദേഹത്തിന്റെ വിശിഷ്ട പ്രബന്ധങ്ങൾ സമാഹരിച്ച് ഗ്രന്ഥരൂപം നൽകുമ്പോൾ അതിനൊരു തിലകക്കുറി ചാർത്താൻ എനിക്കുള്ള അർഹതയെന്തെന്നറിഞ്ഞുകൂടാ. എന്തായാലും ഇത് എനിക്കു ലഭിക്കുന്ന ഒരു ബഹുമതിയായിത്തന്നെ ഞാൻ കരുതുന്നു.

സഭാസ്നേഹമെന്നപോലെ സ്വഭാഷാസ്നേഹവും ദേശസ്നേഹവും നിറഞ്ഞുനില്ക്കുന്ന ഒരു മനസ്സാണ് കൂനമ്മാക്കലച്ചന്റേത്. സുറിയാനി പഠനകേന്ദ്രമായ കോട്ടയം സീരിയിൽ (സെന്റ് എഫ്രേം എക്യുമെനിക്കൻ റിസർച്ചു ഇൻസ്റ്റിട്യൂട്ട്) ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമദശകത്തിൽ, മലയാളം കവിതാപരിശീലനം നൽകാൻ ഞാൻ ഒരു വാരാന്ത്യ ക്ലാസ്സു നടത്തിയിരുന്നു. മുറതെറ്റാതെ എല്ലാ ക്ലാസ്സിലും ഹാജരായി മലയാളം കാവ്യരചന പരിശീലിച്ചയാളാണു കൂനമ്മാക്കലച്ചൻ. മാത്രമല്ല, സുറിയാനിയിൽനിന്നു പ്രസിദ്ധമായ ഒരു സംവാദഗാനം മഞ്ജരി-മാവേലി വൃത്തങ്ങളിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്തു തരികയും ചെയ്തു. സീരി പ്രസിദ്ധപ്പെടുത്തിയ സുറിയാനി സംവാദഗാനങ്ങൾ എന്ന സമാഹാരത്തിൽ "സഖറിയായും മാലാഖയും" എന്ന ശീർഷകത്തിൽ ആ കാവ്യവിവർത്തനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൂനമ്മാക്കലച്ചന്റെ വിട്ടുവീഴ്ചയില്ലാത്ത ദേശസ്നേഹവും സഭാസ്നേഹവും വ്യക്തമാക്കുന്ന ഏതാനും പ്രബന്ധങ്ങൾ ശ്രീ ജോൺ കച്ചിറമറ്റത്തിന്റെ ഉത്സാഹത്തിൽ തിരഞ്ഞെടുത്തു സമാഹരിച്ചതാണ് ഈ പുസ്തകം. മാർതോമ്മാ ശ്ലീഹായുടെ കേരളപ്രവേശവും മാർതോമ്മാ സഭയുടെ സ്ഥാപനവുമാണു പ്രഥമ പ്രബന്ധത്തിന്റെ ഉള്ളടക്കം. അനേകം തർക്കവിഷയങ്ങളിലേക്ക് ഒരു ശാസ്ത്രീയ ഗവേഷകന്റെ സൂക്ഷ്മതയോടെ തെളിവുകളുടെ കൈപിടിച്ച് റമ്പാൻപാട്ടും പാടി കൂനമ്മാക്കലച്ചൻ മുന്നേറുന്നത് ശ്വാസമടക്കിയിരുന്നു നാം വായിച്ചുപോകും.

www.malankaralibrary.com

തോമ്മാശ്ലീഹായുടെ കേരളപ്രവേശം എന്നും തർക്കവിഷയമാണ്. പരമ്പരാഗതവിശ്വാസവും സാഹചര്യത്തെളിവുകളുമാണ് മുഖ്യമായും അതിനുള്ളത്. കച്ചവടത്തിനായി യഹൂദന്മാരും അറബികളും നിരന്തരം കേരളത്തിൽ വന്നുപൊയ്ക്കൊണ്ടിരുന്ന ക്രിസ്താബ്ദാരംഭത്തിൽ മതപ്രചരണാർത്ഥം ഒരു ക്രിസ്തുശിഷ്യൻ കേരളത്തിലെത്തിയെന്നുള്ളതു തികച്ചും സംഭവ്യവും വിശ്വസനീയവുമാണെന്ന് ടി.കെ. വേലുപ്പിള്ളയെപ്പോലുള്ള ചരിത്രകാരന്മാർ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ എഴുതിവച്ചിട്ടുണ്ട്. കച്ചവടത്തിനു വന്നവരുടെ കയ്യിൽ കരാറുകളും രേഖകളും ചെപ്പേടുകളുമൊക്കെ കാണാം. എന്നാൽ ഒരു മിഷനറി വരുന്നത് സുവിശേഷം പ്രസംഗിക്കാനാണ്. രേഖകളുണ്ടാക്കി കൈമാറാനല്ല എന്നും ശ്രീ വേലുപ്പിള്ള എടുത്തുപറയുന്നു. തോമ്മാശ്ലീഹായുടെ കേരളപ്രവേശം എ.ഡി. 52 ലാണെന്നതും ഒരു പരമ്പരാഗതവിശ്വാസമാണ്.

അമ്പതുകളിലാണെന്നതിനു സാഹചര്യത്തെളിവുകളുണ്ട്. അദ്ദേഹം ചൈനയിലേക്കുള്ള സിൽക്കിവേയിലൂടെ കരമാർഗ്ഗം ഇന്ത്യയുടെ പശ്ചിമോത്തരഭാഗത്തുള്ള പാർത്തിയരാജ്യത്താണ് ആദ്യം വന്നെത്തിയതെന്നും അവിടെനിന്നാണ് ക്രിസ്തുമതം തെക്കേ ഇന്ത്യയിലേക്കു വ്യാപിച്ചതെന്നും പതിനാറാം ബനദിക്തോസ് മാർപ്പാപ്പാ ഒരു പ്രസംഗമദ്ധ്യേ പറഞ്ഞതിനെ കേരളത്തിൽ ചില സഭാവക്താക്കൾ പുച്ഛിച്ചുതള്ളിയ സംഭവമോർക്കുന്നു. മാർപ്പാപ്പ പറഞ്ഞിട്ടല്ല ഞങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികളായതെന്നും മറ്റും പറഞ്ഞ് അവർ പരിഹസിച്ച കഥ ചിലർക്കെങ്കിലും ഓർമ്മകാണും. എന്നാൽ ഗുണ്ടഫറസ് എന്ന രാജാവിനു കൊട്ടാരം പണിതുകൊടുക്കാനാണ് നസ്രത്തിലെ തച്ചന്റെ ശിഷ്യൻ പഞ്ചാബ് അടക്കമുള്ള പാശ്ചാത്യരാജ്യത്തെത്തിയതെന്ന് രേഖകളുണ്ട്. ഗുണ്ടഫറസിന്റെ പേരെഴുതിയ നാണയങ്ങളും മറ്റും കണ്ടുകിട്ടിയിട്ടുണ്ട്. എ.ഡി. 48-ലായിരുന്നു ഗുണ്ടഫറസിന്റെ മരണം. അതിനുശേഷം തോമ്മാശ്ലീഹാ കടൽമാർഗ്ഗം തെക്കേ ഇന്ത്യയിലേക്കു പുറപ്പെട്ടിരിക്കാം. പാശ്ചാത്യരാജ്യത്തുനിന്ന് ഓർശലേമിലേക്കു മടങ്ങിപ്പോയി ദൈവമാതാവിന്റെ അന്തിമരംഗങ്ങൾക്കു സാക്ഷ്യം വഹിച്ചശേഷം കേരളത്തിലേക്കു പോന്നു എന്നു പറയുന്നവരുണ്ട്. തമിഴ് നാട്ടിൽ കണ്ടപ്പർ എന്നൊരു രാജാവുണ്ടായിരുന്നെന്നും അദ്ദേഹത്തെയാണു ഗുണ്ടഫറസ് എന്നു രേഖപ്പെടുത്തിക്കാണുന്നതെന്നും ഒരു അഭിപ്രായം ഇടയ്ക്കുയർന്നു വന്നെങ്കിലും പഞ്ചാബിൽനിന്നും മറ്റും കിട്ടിയ ഗുണ്ടഫറസ് ഭരണകാലത്തെ രേഖകൾക്കിടയിൽ ആ വാദം നിഷ്പ്രഭമായിപ്പോയി. ക്രിസ്താബ്ദം ആരംഭത്തിൽത്തന്നെ കേരളത്തിൽ ക്രിസ്തുമതം പ്രചരിച്ചുതുടങ്ങിയതായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഡിസ്കവറി ഓഫ് ഇന്ത്യയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യഹൂദന്മാരായ കച്ചവട സംഘങ്ങളുടെ മദ്ധ്യത്തിലാണു തോമ്മാശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയത്. അവരിൽ ചിലരെ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തുകയും അവരിൽനിന്നു പ്രാദേശികഭാഷ വശ

www.malankaralibrary.com

മാക്കി കേരളത്തിൽ സുവിശേഷപ്രവർത്തനം സജീവമായി തുടരുകയും ചെയ്തു എന്നാണു പാരമ്പര്യം. എ.ഡി. ആറാം നൂറ്റാണ്ടിനുശേഷമാണ് ഇവിടെ ആര്യന്മാരുടെ കുടിയേറ്റം ശക്തിപ്പെടുന്നത്. ശ്ലീഹാബ്രാഹ്മണരെയാണ് ആദ്യം മാനസാന്തരപ്പെടുത്തിയത് എന്നും മറ്റുമുള്ളത് തറവാട്ടുമഹിമയ്ക്കുവേണ്ടി പറഞ്ഞുണ്ടാക്കിയ കഥകളായിരിക്കാനേ തരമുള്ളു. തോമ്മാശ്ലീഹായുടെ ദക്ഷിണേന്ത്യൻ പര്യടനത്തിന്റെ വിശദാംശങ്ങൾ കുനമ്മാക്കലച്ചൻ തേടിപ്പിടിച്ചു നിരത്തിയിട്ടുണ്ട്.

ഈശോമിശിഹാ സംസാരിച്ചിരുന്ന അറമായ (സുറിയാനി) ഭാഷയിലുള്ള ഒരു ആരാധനക്രമമാണു കേരളത്തിൽ വേരൂന്നിയത്. പ്രസ്തുതഭാഷയിൽ എ.ഡി. ആദിമശതകങ്ങളിൽ ദൈവശാസ്ത്രകാവ്യങ്ങൾ രചിച്ച് പരിശുദ്ധാത്മാവിന്റെ വീണ എന്ന അപരനാമം നേടിയ മാർ അപ്രേം എന്ന വിശുദ്ധകവിയെക്കുറിച്ചാണ് രണ്ടാമത്തെ പ്രബന്ധം ഇതരഭാഷകളിലെങ്ങും കാണാത്ത കാവ്യഭാവനാവിലാസംകൊണ്ട് ക്രൈസ്തവവിശ്വാസത്തിന്റെ അലൗകിക സൗന്ദര്യം അനുവാചകലോകത്തിനു കാട്ടിക്കൊടുത്ത മാർ അപ്രേം എന്ന കവിയെക്കുറിച്ചു സാമാന്യവിജ്ഞാനം നേടാൻ മലയാളികൾക്ക് ലഭിക്കുന്ന അപൂർവ്വാവസരങ്ങളിലൊന്നാണത്. മാർ അപ്രേമിന്റെ മരിയൻ കീർത്തനങ്ങളുടെ ഒരു വിവർത്തന സമാഹാരം മലയാളകവിതാഭാഷയിലാക്കി ശ്രീ പാലാ നാരായണൻ നായരുടെ പഠനാത്മകമായ ഒരവതാരികയോടുകൂടി സീരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കവിതകളുടെ വിവർത്തനം നിർവ്വഹിച്ചത് ഈ അവതാരികാകാരനാണ്.

തോമ്മാശ്ലീഹാ നട്ടുപിടിപ്പിച്ച് അപ്രേം മല്പാനെപ്പോലുള്ളവർ വളമിട്ടു വളർത്തിയ സുറിയാനി പാരമ്പര്യത്തിനു കേരളത്തിൽ ഇടക്കാലത്ത് കേടുപാടുകളുണ്ടായി. പോർത്തുഗീസുകാരുടെ അധീശാധികാരത്തിൽ കുടുങ്ങിപ്പോയ കേരള സഭയ്ക്ക് അതിന്റെ പൈതൃകസ്വത്തെല്ലാം നഷ്ടമായി. ഇരുപതു നൂറ്റാണ്ടുകൾക്കുശേഷം അതു വീണ്ടെടുക്കാൻവേണ്ടി കഠിനയത്നം ചെയ്ത പണ്ഡിതനായ ഒരു സഭാസ്നേഹിയാണ് ഫാ. പ്ലാസിഡ് പൊടിപാറ ടി.ഒ.സി.ഡി. ജീവിതവിശുദ്ധികൊണ്ടും പാണ്ഡിത്യമഹിമകൊണ്ടും തൂലികാവിലാസംകൊണ്ടും ആധുനിക സഭാപിതാവെന്നു കീർത്തിക്കപ്പെടേണ്ട പ്ലാസിഡച്ചന്റെ സംഭാവനകളെക്കുറിച്ചാണു മൂന്നാമത്തെ പ്രബന്ധം. അദ്ദേഹത്തിനും ബോസ്കോ അച്ചനെപ്പോലുള്ള സുറിയാനി സഭാനവോത്ഥാനനായകർക്കും വേണ്ടത്ര ബഹുമതി നൽകാൻ സഭാനേതൃത്വം കൂട്ടാക്കാത്തതിലുള്ള ഖേദംകൊണ്ടു വിതുമ്പുന്ന കുനമ്മാക്കലച്ചന്റെ നെടുവീർപ്പുകൾ നിറഞ്ഞ ഒരു ലേഖനമാണത്.

കേരളത്തിലെ ക്രൈസ്തവസഭകളെ കൂട്ടി യോജിപ്പിച്ച് ഒറ്റ മാർത്തോമ്മാ സഭയാക്കാൻവേണ്ടി ജാത്യൈക്യ സംഘം ആരംഭിക്കുകയും പത്രങ്ങൾ തുടങ്ങുകയും അനർഹമായ നിന്ദാപമാനങ്ങൾക്കു വിധേയനാകുകയും ചെയ്ത നിധീരിക്കൽ മാണിക്കത്തനാരെക്കുറിച്ചുള്ള അടുത്ത

www.malankaralibrary.com

പ്രബന്ധവും ആദ്യന്തം വികാരഭരിതമാണ്. സംസ്കൃതമുൾപ്പെടെ വിവിധ ഭാഷകളിൽ അഗാധപാണ്ഡിത്യം നേടിയിരുന്ന നിധീരിക്കൽ മാണിക്കത്തനാർ ഒരു തികഞ്ഞ കവിയും ഗാനരചയിതാവുമായിരുന്നു എന്നും ഞാനോർമ്മിക്കുന്നു. എറണാകുളത്തു വച്ചു നടന്ന മാണിക്കത്തനാർ അനുസ്മരണ സെമിനാറിൽ അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകളെക്കുറിച്ച് ഞാനൊരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. "എന്തോ നീ തിരഞ്ഞു വന്നീ വൻപാപിയുള്ളിൽ..." എന്നാരംഭിക്കുന്ന തിരുഹൃദയ കീർത്തനഗാനം ഞാൻ നീട്ടിപ്പാടിയതിനെ ആക്ഷേപിച്ചുകൊണ്ട് ഒരു സഭാവക്താവ് പദ്യമല്ല കവിത എന്ന് പ്രഖ്യാപിച്ചതും അരിസ്റ്റോട്ടിലിനെ ഉദ്ധരിച്ചതുമൊക്കെ ഞാനോർക്കുന്നു. ഇങ്ങനെയുള്ള തത്ത്വജ്ഞാനികളുടെ പിടിയിലമർന്ന് മാർത്തോമ്മാ സുറിയാനി സഭ പദ്യവിരുദ്ധവും കാവ്യസംസ്കാരശൂന്യവുമായി അധഃപതിച്ചിരിക്കുന്നതിൽ കുനമ്മാക്കലച്ചനെന്നപോലെ ഞാനും ദുഃഖിക്കുന്നു. ഒന്നിവിടെ സൂചിപ്പിക്കട്ടെ. കേരളസഭാചരിത്രത്തിലെ സഹതാപാർഹമായ ഒരു ഏടാണ് നിധീരിക്കൽ മാണിക്കത്തനാരെക്കുറിച്ച് കൂനമ്മാക്കൽ തോമ്മാക്കത്തനാർ വിറയ്ക്കുന്ന കൈകൾകൊണ്ടു ഇവിടെ സംഗ്രഹിച്ചിരിക്കുന്നത്.

പാറേമ്മാക്കൽ തോമ്മാക്കത്തനാർ എഴുതിയ വർത്തമാനപുസ്തകം കൂടുതൽ പഠനമർഹിക്കുന്ന ഒരു പുസ്തകമാണെന്നാണ് കുനമ്മാക്കൽ തോമ്മാക്കത്തനാർ അടുത്ത പ്രബന്ധത്തിൽ വെളിപ്പെടുത്തുന്നത്. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമെന്ന നിലയിൽ അതിന്റെ മഹിമ എന്താണെന്നു പത്മശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ളയും പ്രൊഫ. കോന്നിയൂർ മീനാക്ഷിയമ്മയും മറ്റും പണ്ടേ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥത്തിന് ഒരു ആധുനിക ഭാഷാന്തരം എഴുതി പ്രസിദ്ധീകരിച്ച ഈ ലേഖകൻ അതിന്റെ സാഹിത്യപരമായ മേന്മയും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കെട്ടുകഥകളെക്കാൾ ഉദ്വേഗജനകമായി യഥാർത്ഥ സംഭവങ്ങൾ ക്രമപ്പെടുത്തി അവതരിപ്പിക്കുന്ന ഒരു ദുരന്തകഥാഗ്രന്ഥം. വിശ്വസാഹിത്യകാരന്മാരുടെ പാത്രസൃഷ്ടികളെ പിന്നിലാക്കുന്ന യഥാർത്ഥ കഥാപാത്രങ്ങൾ മുതലായവയെക്കുറിച്ച് മുഖവുരയിൽ ഞാൻ പരാമർശിച്ചിട്ടുണ്ട്. പരമസാത്വികനും വിനയമൂർത്തിയുമായ കരിയാറ്റിമല്പാനെപ്പോലുള്ള ഉത്തമ കഥാപാത്രങ്ങൾ ഒരു വശത്ത്. പരോപകാരിയും ഉത്തമസുഹൃത്തുമായി പ്രത്യക്ഷപ്പെടുന്ന കപടമൂർത്തിയും ചതിയനും സ്വാർത്ഥതൽപരനുമായ കയെത്താനോസ് പാതിരിയെപ്പോലുള്ള വില്ലന്മാർ മറുവശത്ത്. ഇങ്ങനെയുള്ളവരെക്കുറിച്ച് സാഹിത്യവിദ്യാർത്ഥികൾക്കു പ്രബന്ധമെഴുതാം. കൂനമ്മാക്കലച്ചൻ സൂചിപ്പിക്കുന്നത് കേരളത്തിലെ മാർത്തോമ്മാ സഭാംഗങ്ങളുടെ സ്വാതന്ത്ര്യപ്പോരാട്ടങ്ങളിലേർപ്പെട്ടവരുടെ ആവേശജനകമായ ചേതോവികാരങ്ങളെയും അവരെ നേരിട്ട ദുർവിധികളെയും ചതികളെയുംകുറിച്ചുള്ള ഉപരിപഠനത്തെക്കുറിച്ചായിരിക്കണം. സഭാചരിത്രവുമായി ബന്ധപ്പെട്ട പ്രസ്തുത വിഷയങ്ങൾ മാർത്തോമ്മാ നസ്രാണിസഭയുടെ മുൻകാല ചരിത്രവുമായി ചേർത്തുവാ

www.malankaralibrary.com

യിക്കുമ്പോൾ സഭാംഗങ്ങൾക്കു സിരാവിജൃംഭണമുണ്ടാകുമെന്നനുഭവിച്ചറിയുന്ന ആളാണു കൂനമ്മാക്കലച്ചൻ. ആ അനുഭവമാണിവിടെ അദ്ദേഹം വായനക്കാരുമായി പങ്കുവയ്ക്കുന്നത്. പോർത്തുഗീസ് രാജ്ഞിയുടെ കാലു തിരുമ്മി സമ്പാദിച്ച മെത്രാൻസ്ഥാനമാണ് കരിയാറ്റിമല്പാന്റേതെന്നൊരു വ്യാഖ്യാനം ഓശാന മൗണ്ടിൽനിന്നു പ്രസിദ്ധീകരിച്ച രണ്ടാംപതിപ്പിന്റെ ആമുഖപഠനത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. തീർച്ചയായും വർത്തമാനപ്പുസ്തകം ഇനിയും ഏറെ പഠിക്കേണ്ടതുണ്ടെന്ന കൂനമ്മാക്കലച്ചന്റെ അഭിപ്രായത്തിന് അടിവരയിടേണ്ടിയിരിക്കുന്നു.

അങ്കമാലിയോ കുറവിലങ്ങാടോ കേരളസുറിയാനി സഭയുടെ ആസ്ഥാനമാക്കണമെന്ന നിർദ്ദേശവുമായിട്ടാണ് ഈ സഭാചരിത്രനിരൂപണം സമാപിക്കുന്നത്. പറങ്കികളുടെ നേതൃത്വത്തിൽനിന്ന് മാർത്തോമ്മാ നസ്രാണി സഭയെ സ്വതന്ത്രമാക്കാനുള്ള സംരംഭത്തിന് അടിത്തറയിടുന്നത് അങ്കമാലി സമ്മേളനത്തിലവതരിപ്പിച്ച പ്രമേയം – അഥവാ പടിയോല – ആണ്. കുറവിലങ്ങാട് നിധീരിക്കൽ മാണിക്കത്തനാരുടെ ജന്മഭൂമിയും കർമ്മഭൂമിയുമാണത്. മാത്രമല്ല ലൂർദ്ദിലും മറ്റും പ്രത്യക്ഷീഭവിക്കുന്നതിന് എത്രയോ മുമ്പ് ദൈവമാതാവിന്റെ പ്രത്യക്ഷമുണ്ടായ സ്ഥലമാണ് കുറവിലങ്ങാട് – ഏതാദൃശകാരണങ്ങളാൽ സുറിയാനി ക്രിസ്ത്യാനികളുടെ സഭാകേന്ദ്രമാകാനുള്ള യോഗ്യത പ്രസ്തുത പട്ടണങ്ങൾക്കുണ്ട് എന്നു കൂനമ്മാക്കലച്ചൻ ചൂണ്ടിക്കാണിക്കുന്നു.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പൂർവ്വകാലചരിത്രത്തെ ആവേശോജ്ജ്വലമായി അവതരിപ്പിക്കുന്ന ഈ നിരൂപണഗ്രന്ഥത്തിലെ പ്രബന്ധങ്ങളെല്ലാം തന്നെ ഓരോ ആവശ്യങ്ങളെ മുൻനിർത്തി രചിക്കപ്പെട്ടവയാണെങ്കിലും അവയ്ക്കു മൊത്തത്തിൽ ഒരു നല്ല ചരിത്രപഠനത്തിന്റെ സ്വഭാവം കൈവന്നിരിക്കുന്നു. കൂടുതൽ പഠനത്തിനു പ്രേരിപ്പിക്കുന്നവയാണ് ഓരോ പ്രബന്ധവും. കേരളസഭയെ കാൽക്കീഴിൽ ഒതുക്കാൻ ശ്രമിച്ച പോർത്തുഗീസു വൈദികമേൽക്കോയ്മയോടും പലപ്പോഴും നിസ്സഹായമായിപ്പോയ പാപ്പാധിപത്യത്തോടുമുള്ള ഒരു കണക്കു ചോദിക്കലിനാണ് കൂനമ്മാക്കലച്ചൻ ഈ പ്രബന്ധങ്ങളിൽ മുതിർന്നിരിക്കുന്നത്. നസ്രാണി സഭാചരിത്രത്തിലെ നിർണ്ണായകമുഹൂർത്തങ്ങളെയും മഹനീയവ്യക്തികളെയും പഠനവിഷയമാക്കുന്ന ഈ ഗ്രന്ഥം സഭയ്ക്കു ലഭിക്കുന്ന ഒരു വിശിഷ്ടസംഭാവനയാണ്. ഇതിന്റെ രചനവഴി പാറേമ്മാക്കൽ തോമ്മാക്കത്തനാരോടും നിധീരിക്കൽ മാണിക്കത്തനാരോടും ഒപ്പം സ്മരിക്കപ്പെടേണ്ട ഒരു നാമമായി കൂനമ്മാക്കൽ തോമ്മാക്കത്തനാരും സഭാസ്നേഹികളുടെ മനസ്സിൽ പ്രതിഷ്ഠ നേടും! ഗ്രന്ഥകാരനും പ്രസാധകർക്കും മിശിഹായുടെ പാർശ്വക്ഷതത്തെ സ്പർശിച്ച അംഗുലിയുടെ അനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെ.

കോട്ടയം-47
9.9.2016

www.malankaralibrary.com

# 1. മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ

## ആമുഖം

മാർത്തോമ്മാശ്ലീഹായുടെ പ്രഥമ പ്രേഷിതയാത്രകൾ മേദിയാ, പാർത്തിയാ, ബാക്ട്രിയാ എന്നീ പ്രദേശങ്ങളിലായിരുന്നു. യഹൂദന്മാർ ചിതറിപ്പാർത്തിരുന്ന സ്ഥലങ്ങളായിരുന്നു അവയൊക്കെ. വിദൂരസ്ഥലമായ ദക്ഷിണേന്ത്യയുമായി യഹൂദന്മാർ പണ്ടേ കച്ചവടബന്ധം പുലർത്തിയിരുന്നു. തോമ്മാശ്ലീഹായുടെ രണ്ടാമത്തെ പ്രേഷിതയാത്ര ചേര, ചോള, പാണ്ഡ്യരാജ്യങ്ങളിലായിരുന്നു. പാലസ്തീനായിൽ നിന്നായിരുന്നു ഈ രണ്ടു യാത്രകളുടെയും തുടക്കം. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പാശ്ചാത്യസഭാചരിത്രപണ്ഡിതന്മാർ തോമ്മാശ്ലീഹായുടെ ഇന്ത്യൻ പ്രേഷിതയാത്ര സംശയാസ്പദമെന്നു കരുതി നിഷേധിച്ചുപോന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മെഡ്ലിക്കോട്ട്, സലെസ്കി, ദൽമാൻ, ഫർക്വാർ തുടങ്ങി മിക്ക പണ്ഡിതന്മാരും തോമ്മാശ്ലീഹായുടെ ഇന്ത്യൻ യാത്ര ചരിത്രപരമാണെന്നു സ്ഥാപിച്ചു. ഗാർബെ തുടങ്ങി അപൂർവ്വം ചിലർ നിഷേധാത്മകസമീപനം തുടർന്നു. മാർത്തോമ്മാനസ്രാണികളുടെ പരമ്പരാഗതവിശ്വാസം തോമ്മാശ്ലീഹയുടെ പ്രേഷിതയാത്രയിൽ എല്ലാക്കാലവും ഉറച്ചുനിൽക്കുന്നതാണ്.

ഇന്ത്യയും പാശ്ചാത്യലോകവുമായി ബന്ധപ്പെടുന്നതിന് മൂന്നു പ്രധാനമാർഗ്ഗങ്ങൾ ഉണ്ടായിരുന്ന കാലത്താണു തോമ്മാശ്ലീഹായുടെ പ്രേഷിതയാത്ര. പ്രസ്തുത പാതകൾ താഴെപ്പറയുന്നവയാണ്.

1. സിന്ധുനദീമുഖം മുതൽ യൂഫ്രട്ടീസ് നദീമുഖംവരെ കരയോടു ചേർന്നുള്ള കടൽമാർഗ്ഗം; തുടർന്ന് യൂഫ്രട്ടീസ് നദി വഴി മെസപ്പൊട്ടേമിയയുടെ ഉൾപ്രദേശങ്ങളിലേക്കും ഡമാസ്കസ്, അന്ത്യോക്യാ, പാലസ്തീനാ, മധ്യധരണ്യാഴിയുടെ തുറമുഖങ്ങൾ എന്നിവിടങ്ങളിലേക്കും പോയിരുന്ന പാത.

2. സിന്ധുനദിയുടെ വടക്കൻ കരയിൽനിന്ന് കരമാർഗ്ഗം ബാൾക്കൻ മലമ്പ്രദേശങ്ങളിലേക്കും അവിടെനിന്നു കാസ്പിയൻ പ്രദേശം വഴി തുടർന്നും പോയിരുന്ന പാത. പൂർണ്ണമായും കരമാർഗ്ഗം യാത്രസാധിച്ചിരുന്നു.

3. കടൽമാർഗ്ഗം ഇന്ത്യയിൽ നിന്ന് ചെങ്കടലിൽ പ്രവേശിച്ച് കരമാർഗ്ഗം നൈൽനദിയിലേക്കും അതുവഴി അലക്സാണ്ഡ്രിയൻ തുറമുഖത്തേക്കും പോകുന്ന പാത. സ്ട്രാബോ (ബി.സി. 63-എ.ഡി. 24)യുടെ അഭിപ്രായത്തിൽ അലക്സാണ്ഡ്രിയൻ തുറമുഖപട്ടണം സ്ഥാപിച്ചത് ഇന്ത്യയും റോമാസാമ്രാജ്യവും തമ്മിൽ കച്ചവടബന്ധം ഉറപ്പിക്കാനാണ്. 1-ാം നൂറ്റാണ്ടിൽ ഈ വഴിയാണ് യാത്രകൾക്കു കൂടുതലായി ഉപയോഗിച്ചിരുന്നത്.

www.malankaralibrary.com

കയ്റോയിൽ നിന്ന് 420 മൈൽ ദൂരെയാണ് ഇടത്താവളമായ കോപ്തോസ് പട്ടണം. നൈൽനദി കിഴക്കോട്ട് ഒഴുകുന്ന ഭാഗത്താണ് കോപ്തോസ്. അവിടെനിന്ന് മരുഭൂമിക്കു കുറുകെ കിഴക്കോട്ടു ചെങ്കടൽവരെ കരവഴി സ്ഥാപിച്ചതു റോമാക്കാരാണ്. ആറേഴു ദിവസംകൊണ്ട് ചെങ്കടൽതീരത്തെ മിയോസ് ഹോർമോസ് എന്ന തുറമുഖത്തെത്താൻ ഈ പാത ഉപകരിച്ചു എന്നാണ് സ്ട്രാബോ പറയുന്നത്. മിയോസ് ഹോർമോസിൽ നിന്നു വർഷം തോറും 120 കപ്പലുകൾ ഇന്ത്യയ്ക്കു പോന്നിരുന്നത്രെ.

ഏതാണ്ട് ബി.സി. 90 മുതൽ പല അറേബ്യൻ തുറമുഖങ്ങളിലും നിന്നു സിന്ധുനദീമുഖത്തേക്കു നേരിട്ടു കപ്പൽ യാത്രകൾ പതിവായിരുന്നു. പിന്നീടു സിന്ധുനദീമുഖം വിട്ട് മുംബെയ്ക്കു വടക്കുള്ള ഒരു തുറമുഖം ലക്ഷ്യമാക്കി യാത്ര തെക്കോട്ടാക്കി. എ.ഡി. 1-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ അറേബ്യൻ തുറമുഖങ്ങളിൽ നിന്ന് മുസിരിസ് (മുചിരി) ലക്ഷ്യമാക്കിയുള്ള കടൽപാത കണ്ടുപിടിച്ചു കഴിഞ്ഞിരുന്നു. മുചിരിയുടെ ഒരു കര മാല്യങ്കരയെന്നും മറ്റേക്കര തിരുവഞ്ചിക്കുളമെന്നും അറിയപ്പെട്ടു പോന്നു. തീരപ്രദേശം വിട്ട് കടൽ കുറുകെക്കടക്കുന്ന ചാൽ കണ്ടെത്തിയത് ഗ്രീക്കുവംശജനായ ഹിപ്പാളൂസ് എന്ന ഈജിപ്ഷ്യൻ നാവികനാണ്. ഇതോടെ കപ്പൽഗതാഗതവും കച്ചവടവും ശീഘ്രഗതിയിലായി. പ്ലീനി (എ.ഡി. 23–79), ടോളമി (എ.ഡി. 100–160), "എറിട്രിയൻ കടലിന്റെ പെരിപ്ലസ്" അഥവാ സ്തലപുരാണം (എ.ഡി. 1-ാം നൂറ്റാണ്ട്) രചിച്ച അജ്ഞാതനായ ഗ്രീക്കുനാവികൻ എന്നിവരിൽ നിന്ന് ഇവയെ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭിക്കുന്നു.

പ്ലീനി നെയാക്കിന്തി എന്നും ടോളമി മെൽക്കിന്തെ എന്നും 'പെരിപ്ലസ്' നെൽക്കിന്ത എന്നും പൊയ്റ്റിംഗർ ടേബിൾസ് (2-ാം നൂറ്റാണ്ട്) നിൻകിൽഡ എന്നും പറയുന്ന സ്ഥലം നിരണം ആണോ മീനച്ചിൽ ആണോ എന്നതു തർക്കവിഷയമാണ്. മീനച്ചിലാറിന്റെ തീരത്ത് അല്പം ഉള്ളിലേക്കു കയറിയായിരുന്നു ഇതെന്നു തോന്നുന്നു. പാണ്ഡ്യരാജാവിന്റെ സ്വാധീനം നിലനിന്നിരുന്ന സ്ഥലമാണ് അത്. മീനച്ചിലാറിന്റെ തീരപ്രദേശങ്ങളും നിരണവും തമ്മിൽ പടിഞ്ഞാറ് കടൽമാർഗ്ഗവും കിഴക്ക് "മലവഴി" അഥവാ "പാണ്ടിവഴി"യും മുഖേന നിരന്തരം ബന്ധപ്പെട്ടിരുന്നു. പ്ലീനിയും "പെരിപ്ലസും" ബക്കാറേ എന്നു വിളിക്കുന്ന തുറമുഖം മേല്പറഞ്ഞ സ്ഥലത്തുനിന്നു ദൂരെയല്ല. നെൽക്കിന്ത കോട്ടയമാണെന്നും ബക്കാറേ ആലപ്പുഴയ്ക്കടുത്തുള്ള പുറക്കാട്ട് ആണെന്നും, അതല്ല വൈക്കരയാണെന്നും അഭിപ്രായാന്തരമുണ്ട്.

## റോമൻ നാണയങ്ങൾ

തൃശൂരിനടുത്തുള്ള ഈയ്യാലയിൽനിന്ന് അഗസ്റ്റസ് സീസറിന്റെ 46 വെള്ളിനാണയങ്ങളും ടൈബീരിയസ് സീസറിന്റെ 14 നാണയങ്ങളും (8

www.malankaralibrary.com

എണ്ണം സ്വർണ്ണം), ക്ലാവുദിയൂസ്, നീറോ എന്നിവരുടെ പൊൻവെള്ളി നാണയങ്ങളും ട്രാജന്റെ (+117) ഒരു സ്വർണ്ണനാണയവും ലഭിച്ചിട്ടുണ്ട്. ഇടമറുകിലും പൂഞ്ഞാറ്റിലും നിന്ന് യാദൃച്ഛികമായി കിട്ടിയ റോമൻ നാണയങ്ങൾ മീനച്ചിൽ നദീതട സംസ്കാരത്തിന്റെ പൂർവ്വകാല ചരിത്രത്തിലേക്കു വെളിച്ചം വീശുന്നു. ഏതാണ്ട് 15 കൊല്ലം മുമ്പ് വടക്കൻ പറവൂരിൽ നിന്ന് ഒരു വലിയ റോമൻ നാണയശേഖരം കണ്ടുകിട്ടിയിരുന്നു. ടൈബീരിയസിന്റെ ആയിരത്തിലധികവും അഗസ്റ്റസിന്റെ 450 ഉം നാണയങ്ങൾ ദക്ഷിണേന്ത്യയിൽനിന്നു ലഭിച്ചിട്ടുണ്ട്. ഭൂഗർഭഗവേഷണം നടത്തിയാൽ ഇനിയും ഇത്തരം നിധികൾ കണ്ടെത്താൻ കഴിയും. ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളിലെ അറുപതോളം സ്ഥലങ്ങളിൽനിന്നു പുരാതന റോമൻസാമ്രാജ്യത്തിന്റെ നാണയശേഖരങ്ങൾ കണ്ടുകിട്ടിയിട്ടും ഭൂഗർ ഭഗവേഷണത്തിനു ചരിത്രപണ്ഡിതന്മാർ മുന്നിട്ടിറങ്ങാത്തത് ദയനീയം തന്നെ. പുരാതന നസ്രാണികേന്ദ്രങ്ങളിലും തുറമുഖപട്ടണങ്ങളിലും കച്ചവടകേന്ദ്രങ്ങളിലും കടലിനടിയിലും ഈ മാതിരി പഠനങ്ങൾ നടത്തിയാൽ അത്ഭുതകരമായ പല തെളിവുകളും വെളിച്ചത്തുവരും. പോണ്ടിച്ചേരിക്കടുത്ത് ആരിക്കമേട്ടിൽ റോമൻ ഇഷ്ടികനിർമ്മാണഫാക്ടറി പ്രവർത്തിച്ചിരുന്നു. കൊടുങ്ങല്ലൂരിൽ റോമാക്കാരുടെ അമ്പലവും പട്ടാളവും ഉണ്ടായിരുന്നതായി 2-ാം നൂറ്റാണ്ടിലെ ചില രേഖകളിൽനിന്നു മനസ്സിലാക്കാം.

## യഹൂദപശ്ചാത്തലം

പേർഷ്യാക്കാരും അറബികളും ഗ്രീക്കുകാരും റോമാക്കാരും ഈജിപ്തുകാരും യഹൂദരും ദക്ഷിണേന്ത്യയുമായി വാണിജ്യബന്ധങ്ങൾ സ്ഥാപിച്ചിരുന്ന കാലത്ത് തോമ്മാശ്ലീഹായുടെ ഭാരതയാത്ര സംഭവിച്ചി ല്ലെങ്കിലേ അത്ഭുതമുള്ളൂ. ദക്ഷിണേന്ത്യയിലെ യഹൂദസാന്നിദ്ധ്യം അത്തരമൊരു യാത്രയ്ക്കു നിമിത്തമായിരിക്കാം. ശ്ലേമോൻ രാജാവിന്റെ കാലം മുതൽ ദക്ഷിണേന്ത്യയുമായി യഹൂദന്മാർ കച്ചവടബന്ധം സ്ഥാപിച്ചിരുന്നെന്നു പണ്ഡിതന്മാർ വാദിക്കുന്നുണ്ട്. എ.ഡി. 68-ലും ഓർശ്ലേം നശിപ്പിക്കപ്പെട്ടതിനെത്തുടർന്ന് എ.ഡി.70-നു ശേഷവും യഹൂദന്മാർ ചേരരാജ്യതലസ്ഥാനമടുത്തുള്ള മുചിരിയിലും പരിസരപ്രദേശങ്ങളിലും കുടിയേറിയെന്നാണ് കേരളത്തിലെ യഹൂദന്മാരുടെ പുരാവൃത്തം. ഈ കുടിയേറ്റം നടക്കുന്നത് അതിനുമുമ്പേ ഇന്നാടുമായി അവർ കച്ചവടം നടത്തിയിരുന്നതുകൊണ്ടും ചിലരൊക്കെ ഇവിടെ നൂറ്റാണ്ടുകളായി കഴിഞ്ഞിരുന്നതുകൊണ്ടുമാണ്. സുരക്ഷിതത്വം തേടിയെത്തിയ അഭയാർ ത്ഥികൾക്ക് ശ്ലേമോൻ രാജാവിന്റെ കാലം മുതൽ ദക്ഷിണേന്ത്യയുമായി യഹൂദന്മാർക്കുള്ള കച്ചവടബന്ധം പിൻബലമായിരുന്നു. പേർഷ്യയിൽനിന്നു സൈറസ് രാജാവിന്റെ കാലത്തു യഹൂദന്മാർ കേരളത്തിൽ കുടിയേറി യിരുന്നു. തോമ്മാശ്ലീഹായുടെ വരവിൽ ഇവിടെയുണ്ടായിരുന്ന യഹുദരിൽ പലരും മിശിഹായുടെ മാർഗ്ഗം സ്വീകരിച്ചു. ആ ചരിത്രം എ.ഡി. 70-നോടെ

www.malankaralibrary.com

വന്ന യഹൂദന്മാർ അഭിമാനത്തെക്കരുതി വിട്ടുകളഞ്ഞതുകൊണ്ടാണ് മുൻപു നടന്ന കുടിയേറ്റങ്ങളെപ്പറ്റി ചില പണ്ഡിതന്മാർ നിശ്ശബ്ദത പാലിക്കുന്നത്.

കൊടുങ്ങല്ലൂർ, പറവൂർ, പാലയൂർ, കോക്കമംഗലം, കൊല്ലം, നിരണം എന്നീ തുറമുഖപട്ടണങ്ങളിലും ചായൽ എന്ന വാണിജ്യകേന്ദ്രത്തിലുമാണ് തോമ്മാശ്ലീഹാ നസ്രാണിസമൂഹങ്ങൾ സ്ഥാപിച്ചത്. കച്ചവടബന്ധം വഴി വിദേശികളുടെ സംഗമഭൂമികളായിരുന്നു ഇപ്പറഞ്ഞ ഏഴു സ്ഥലങ്ങളും. പാണ്ഡ്യനാടും ചേരനാടും ചായലിലാണ് ഒന്നുചേർന്നിരുന്നത്. മിക്കവാറും ഈ സ്ഥലങ്ങളിലെല്ലാം യഹൂദന്മാർ അപൂർവ്വമായെങ്കിലും കടന്നുചെന്നിരുന്നു. പാലയൂരും പറവൂരും കൊടുങ്ങല്ലൂരും ചേന്ദമംഗലത്തും കൊല്ലത്തും യഹൂദന്മാരുടെ ചെറിയ സമൂഹങ്ങൾ പലകാലത്തും ഉണ്ടായിരുന്നു. തോമ്മാശ്ലീഹായുടെ ഭാരതയാത്രയുടെ സ്വാഭാവികതയിലേക്കും ചരിത്രപരതയിലേക്കും വിരൽചൂണ്ടുന്ന ഈ വസ്തുത വിസ്മരിക്കാൻ പാടില്ല. എ.ഡി. 200നും 250നും ഇടയ്ക്ക് എഴുതപ്പെട്ട "യൂദാതോമ്മായുടെ നടപടികളി"ൽ തോമ്മാശ്ലീഹാ വന്നിറങ്ങിയ രാജകീയതലസ്ഥാനത്തു പാർത്തിരുന്ന ഒരു യഹൂദ ഫ്ളൂട്ടുവായനക്കാരിയെപ്പറ്റിയുള്ള വിവരണം ഉണ്ട്. 1601-ൽ പരിഷ്കരിച്ചെഴിതിയ "റമ്പാൻ പാട്ടി"ൽ

"രാജ്യത്തിങ്കൽ വന്നുവസിക്കും-നാല്പതു യൂദജനങ്ങളുമായ്
ഒന്നരവർഷങ്ങൾക്കുള്ളിടയിൽ-മാമ്മോദീസാ കൈക്കൊണ്ടു"

എന്നു നാം വായിക്കുന്നു. സൂക്ഷ്മമായി 40 യൂദന്മാരുടെ മാനസാന്തരവും മാമ്മോദീസായും രേഖപ്പെടുത്തിയത് സംഭവത്തിന്റെ ചരിത്രപരതയിലേക്ക് വെളിച്ചം വീശുന്നു. 4000 അഥവാ 400 എന്നായിരുന്നെങ്കിൽ സംശയിക്കാമായിരുന്നു. വെറും 40 പേരുടെ കാര്യം എടുത്തുപറയാൻ കാരണം അത് കപോലകല്പിത കഥയല്ലാത്തതുകൊണ്ടാണ്.

## സഭാപിതാക്കന്മാരുടെ സാക്ഷ്യം

ഒറിജൻ (c.185-253), പ്സ്യൂഡോക്ലെമന്റ് (3-ാം നൂറ്റാണ്ട്), കേസറിയായിലെ എവുസേബിയോസ് (c.260-340) റുഫീനസ് (c.345-411). സോക്രട്ടീസ് (c.380-450) എന്നിവർ തോമ്മാശ്ലീഹായുടെ പേർഷ്യൻ പ്രേഷിതയാത്രയെപ്പറ്റി പറയുന്നുണ്ട്. മാർ അപ്രേം മല്പാൻ (c.306-373), നസിയാൻസിലെ ഗ്രിഗോറിയോസ് (c.329-390), മിലാനിലെ അംബ്രോസ് (+397) ജെറോം (c.345-420) എന്നീ സഭാപിതാക്കന്മാർ തോമ്മാശ്ലീഹായുടെ ഇന്ത്യൻ പ്രേഷിതത്വത്തെപ്പറ്റി എഴുതുന്നു. റോമൻ മാർട്ടീറോളജി, പ്സ്യൂഡോഹിപ്പോളിറ്റസ്, പ്സ്യൂഡോ-ഡൊരോത്തേവൂസ്, ബാർ ഹെബ്രേയൂസ് (1226-1286) എന്നിവർ തോമ്മാശ്ലീഹാ മെസപ്പൊട്ടേമിയയിലും പാർത്തിയയിലും ഇന്ത്യയിലും സുവിശേഷം പ്രസംഗിച്ചുവെന്നു പറയുന്നു. അർനോബിയൂസ് (305), കുറില്ലോണാ (396) ദെട്രാൻസിത്തു മരിയേയുടെ കർത്താവ് (4-ാം നൂറ്റാണ്ട്) എന്നിവരും ഈ വിഷയം പരാമർശിക്കുന്നുണ്ട്.

www.malankaralibrary.com

A.D. 250 നോടടുത്ത് എദേസായിൽ ജീവിച്ചിരുന്ന അജ്ഞാതനായ ക്രൈസ്തവപണ്ഡിതൻ എഴുതിയ "ശ്ലീഹന്മാരുടെ പ്രബോധനം" എന്ന സുറിയാനി കൃതിയിൽ നാം വായിക്കുന്നു: "ഇന്ത്യയും അതിലെ എല്ലാ രാജ്യങ്ങളും കടലിന്റെ അങ്ങേയറ്റംവരെയുള്ള അതിന്റെ അതിർത്തി രാജ്യങ്ങളും അവിടെ താൻ സ്ഥാപിച്ച സഭയിൽ നായകനും ഭരണകർത്താവുമായിരുന്ന് ശുശ്രൂഷ ചെയ്ത യൂദാ തോമ്മായിൽ നിന്നു ശ്ലീഹന്മാരുടെ പൗരോഹിത്യകരം സ്വീകരിച്ചു." എ.ഡി. 200-നും 250-നും ഇടയ്ക്ക് എഴുതപ്പെട്ട "യൂദാ തോമ്മായുടെ നടപടികളി"ലും ഇക്കാര്യം പ്രതിപാദിക്കുന്നുണ്ട്. ഈ രണ്ടു കൃതികളും പരസ്പരം സ്വാധീനിച്ചിട്ടില്ല എന്നതു പ്രാധാന്യമർഹിക്കുന്നു. ഇവ രണ്ടും രചിക്കപ്പെടുമ്പോൾ രചയിതാക്കൾക്കു ദക്ഷിണേന്ത്യയിൽ നസ്രാണികളുടെ സഭ രൂപംകൊണ്ടിരുന്നു എന്ന വസ്തുത അറിയാമായിരുന്നു. നാലാം നൂറ്റാണ്ടിനുശേഷം (റുഫീനസ്സും സോക്രട്ടീസുമൊഴിച്ച്) സഭാ പിതാക്കന്മാർ തോമാശ്ലീഹാ ഇന്ത്യയിൽ മാർഗ്ഗം പ്രസംഗിച്ചതിനെപ്പറ്റി ഏകാഭിപ്രായക്കാരാണ്. ബ്രേഷിയായിലെ ഗൗദെൻസിയൂസ് (4-5 നൂറ്റാണ്ട്), നോളായിലെ പൗളിനൂസ് (+ 431), തെയോദോറെറ്റ് (C.393 - C.460), ബാലായി (C.460) സ്രോഗിലെ യാക്കോബ് (+521), പാസ്സിയോതോമേ (4-ാം നൂറ്റാണ്ട്), ടൂർസിലെ ഗ്രിഗറി (+594), ജോൺസാബാ (C.630), ഇസിദോർ (+636), ബേദാ (+735) എന്നിവർ തന്നെ ഉദാഹരണങ്ങൾ. പൗരസ്ത്യ പാശ്ചാത്യ സുറിയാനി സഭകളുടെ ആരാധനക്രമപ്രാർത്ഥനകളും പാരമ്പര്യങ്ങളുമാണ് വിശ്വാസയോഗ്യമായ മറ്റൊരു സാക്ഷ്യം.

നാലാം നൂറ്റാണ്ടുവരെ റോമൻ വാണിജ്യബന്ധത്തിന്റെ സംഗമസ്ഥാനം അലക്സാണ്ട്രിയാ ആയിരുന്നു. അലക്സാണ്ട്രിയായിലെ ക്ലെമന്റിന് (C.150- C.215) ബ്രാഹ്മണരെയും ബുദ്ധമതക്കാരെയും പറ്റി അറിവുലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ഇന്ത്യാക്കാർ അലക്സാണ്ട്രിയായിൽ പലപ്പോഴും എത്തിയിരുന്നു. അക്കാലത്തു ബുദ്ധമത സന്ന്യാസികൾ അലക്സാണ്ട്രിയായിൽ മതപ്രചരണം നടത്തിയിരുന്നുവത്രെ. യൂദാതോമ്മായുടെ നടപടികളിൽ വിവരിക്കുന്ന ഗുണ്ടഫോറസും ഗാദും സിന്ധുനദിയുടെ കിഴക്കും പടിഞ്ഞാറുമായി വ്യാപിച്ചുകിടന്നിരുന്ന ഇൻഡോ-ഷിത്തിയൻ രാജ്യം ഭരിച്ചിരുന്നവരാണ്. അവരുടെ കാലഘട്ടം എ.ഡി. 19-നും 45-നും ഇടയ്ക്കാണെന്ന് ചിലർ വാദിക്കുന്നു. എ.ഡി. 196-ൽ എഴുതിയ "രാജ്യങ്ങളുടെ നിയമങ്ങളുടെ പുസ്തകം" എന്ന ഗ്രന്ഥത്തിൽ പാർത്തിയൻ ക്രൈസ്തവരെപ്പറ്റി പരാമർശിക്കുന്നുണ്ട്. ഇന്ത്യയിലെ ആചാരങ്ങളെയും നിയമങ്ങളെയുംപറ്റി പറയുന്നുണ്ടെങ്കിലും ഇന്ത്യയിലെ നസ്രാണികളെപ്പറ്റി അതിൽ ഒന്നും എടുത്തുപറയുന്നില്ല.

www.malankaralibrary.com

## തോമ്മാശ്ലീഹായുടെ നടപടികൾ

"യൂദാതോമ്മായുടെ നടപടികൾ" എന്ന കൃതി എ.ഡി. 200നും 250നും ഇടയിൽ എദേസായിൽ വച്ച് എഴുതപ്പെട്ടു. പക്ഷേ, തോമ്മാശ്ലീഹായുടെ പേർഷ്യൻ യാത്രയും ഇന്ത്യൻ യാത്രയും ഗ്രന്ഥകാരൻ വിളക്കിച്ചേർത്തതു വിചിത്രമായ രീതിയിലാണ്. ദക്ഷിണേന്ത്യയിൽ നിന്നു ലഭിച്ച വിവരങ്ങൾ ആണ് കഥയുടെ ഉറവിടം. സുറിയാനിയിൽ വിരചിതമായ മൂലകൃതിയുടെ പരിഷ്കൃത രൂപമാണ് ഇപ്പോഴത്തേത്. ഗ്രീക്ക്, എത്തിയോപ്യൻ, അർമ്മേനിയൻ ഭാഷകളിൽ ഇതിന് വ്യത്യസ്തപതിപ്പുകൾ ഉണ്ടായി; ലത്തീൻ ഭാഷയിൽ Passio Sancti Thomae Apostoli (C. 350-C400), De Miraculis Thomae Apostoli (6-ാം നൂറ്റാണ്ട്) എന്നിവയും. Passio എഴുതുന്ന കാലത്ത് ഗ്രന്ഥകാരനു കേരളത്തിലെ നസ്രാണികളെപ്പറ്റി കൃത്യമായ വിവരം ഉണ്ടായിരുന്നു. തോമ്മാശ്ലീഹാ വന്നിറങ്ങിയ Andronopolim-ൽ ആണത്രെ സഭാഭരണകേന്ദ്രം: et est ibi sedes Thomae apostoli et fides catholica usque in hodiernum diem (Passio, 15). "ഇപ്പോൾ കത്തോലിക്കാ വിശ്വാസത്തിന്റെയും തോമ്മാശ്ലീഹായുടെയും സിംഹാസനം അവിടെയാണ്" എന്നു പറഞ്ഞിരിക്കുന്ന ആന്ദ്രോപ്പോളിസ് മാല്യങ്കരയാണ്. Hieroforum, Illioforum, Helioforum, Hieropolim എന്നൊക്കെ (Passio, 16) യാണ് ഗ്രന്ഥകാരൻ ഗുണ്ടഫോറസ് രാജാവിന്റെ പട്ടണത്തെ വിളിക്കുന്നത്. Helios - സൂര്യൻ; forum - മറ്റം. പകലോമറ്റത്തെ പട്ടണമാക്കി മാറ്റിയിരിക്കുകയാണിവിടെ എന്നു തോന്നുന്നു.

തോമ്മാശ്ലീഹായുടെ നടപടികളിൽ 1601-ൽ പരിഷ്കൃതമായ റമ്പാൻപാട്ടിനു തന്നെയാണ് പ്രഥമസ്ഥാനം എന്നു വ്യക്തമാണ്. സുറിയാനിയിൽ "യൂദാ തോമ്മായുടെ നടപടികൾ" എഴുതുന്നതിനു കാരണമായ കഥാതന്തു രൂപം കൊണ്ടത് റമ്പാൻ പാട്ടിന് ആധാരമായതും കേരളത്തിൽ ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിലും പറയപ്പെട്ടു പോന്നതുമായ ലിഖിതമോ അലിഖിതമോ ആയ പാരമ്പര്യത്തിൽ നിന്നാണ്. ഉറവിടത്തിന്റെ രൂപവൽക്കരണം താഴെപ്പറയുംവിധമാണ് വളർന്നു വന്നത്.

1. തോമ്മാശ്ലീഹായുടെ ദിനവൃത്താന്തം
2. മാളിയേക്കൽ തോമ്മാറമ്പാൻ ഒന്നാമൻ വഴി നിരണത്തു രൂപം കൊണ്ട പാരമ്പര്യം
3. മാളിയേക്കൽ തോമ്മാറമ്പാൻ രണ്ടാമൻ രചിച്ച കൃതി
4. ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളിൽ, പ്രത്യേകിച്ച് പിൽക്കാലത്ത്, തോമ്മാശ്ലീഹാ സ്ഥാപിച്ചതെന്നു പറയപ്പെടുന്ന, ഏഴു പള്ളികളെ കേന്ദ്രമാക്കി വികസിച്ച കഥകൾ
5. ദക്ഷിണേന്ത്യൻ പാരമ്പര്യത്തെപ്പറ്റി എദേസായിൽ വച്ചെഴുതിയ നടപിടകൾ

www.malankaralibrary.com

6. A.D. 200നും 250നും ഇടയ്ക്ക് എദേസായിൽ വച്ചെഴുതിയ "യൂദാതോമ്മായുടെ നടപടികൾ"
7. ഗ്രീക്ക്, ലത്തീൻ, എത്യോപ്യൻ, അർമേനിയൻ ഭാഷകളിൽ എഴുതപ്പെട്ട നടപടികൾ
8. മാളിയേക്കൽ റമ്പാൻ പാരമ്പര്യത്തിന്റെ പുനരാഖ്യാനങ്ങൾ
9. 1601-ൽ മാളിയേക്കൽ തോമ്മാറമ്പാൻ 48-ാമൻ പരിഷ്കരിച്ചെഴുതിയ റമ്പാൻ പാട്ട്
10. 15-16 നൂറ്റാണ്ടുകളിൽ നിലവിലിരുന്ന തോമ്മാപ്പാട്ടുകൾ
11. റമ്പാൻ പാട്ടിന്റെ 19-ാം നൂറ്റാണ്ടിൽ ലഭിച്ച കൈയെഴുത്തുപ്രതികൾ

J.N. Farquhar ന്റെ അഭിപ്രായത്തിൽ ദക്ഷിണേന്ത്യൻ പാരമ്പര്യമാണ് കഥയുടെ മൂലരൂപം. ഇതരഭാഷകളിലെ യൂദാതോമ്മായുടെ നടപടികൾക്കു മൗലികപ്രാധാന്യമില്ല. കാരണം അവയൊക്കെ ദക്ഷിണേന്ത്യൻപാരമ്പര്യത്തിന്റെ വികലവും പിന്നീടുണ്ടായതുമായ ഭാവനാകല്പിതകഥാകഥനം എന്ന നിലയിലേക്കുതരംതാണു. അതിൽനിന്നു വീണ്ടെടുക്കാവുന്നിടത്തോളം ചരിത്രപ്രാധാന്യമേ അതിനുള്ളു എന്നു വരുന്നു. വീണ്ടെടുക്കാവുന്ന ചരിത്രാംശങ്ങളാകട്ടെ തുച്ഛവും.

"യൂദാതോമ്മായുടെ നടപടികൾ" തോമ്മാശ്ലീഹാ മൂന്നു രാജ്യങ്ങളിൽ പ്രേഷിതവൃത്തി നിർവ്വഹിച്ചതായിപ്പറയുന്നു.

1. സന്താറുക്ക് അഥവാ ആന്ത്രോപ്പോളീസ് തലസ്ഥാനമായ രാജ്യം
2. ഗുണ്ടഫർരാജാവിന്റെ രാജ്യം
3. മസ്ദായ് രാജാവിന്റെ രാജ്യം

റമ്പാൻപാട്ടിന്റെ വിവരണപ്രകാരം ചൈനയുൾപ്പെടെ "പലപല രാജ്യങ്ങളി''ലും തോമ്മാശ്ലീഹാ സുവിശേഷപ്രഘോഷണാർത്ഥം യാത്രചെയ്തു. പക്ഷേ പ്രധാനമായി A.D.50-നും 72-നുമിടയിൽ ചേരം, ചോളം, പാണ്ഡ്യം എന്നീ രാജ്യങ്ങളിലാണു പ്രസംഗിച്ചതും പ്രവർത്തിച്ചതും. സന്താറുക്ക് (സുറിയാനി) ആന്ത്രോപ്പോളീസ് (ഗ്രീക്ക്) ആന്ത്രോനോപ്പോളിം (ലത്തീൻ) ഹെലിയോഫോറം (ഗ്രീക്ക്, ലത്തീൻ) എന്ന് ഭാരതീയേതര ഭാഷകളിൽ വിവരിക്കുന്ന പട്ടണം തോമ്മാശ്ലീഹാ വന്നിറങ്ങിയ മാല്യങ്കര തന്നെയാണ്. ഒരേ സ്ഥലത്തിനു വ്യത്യസ്തപേരുകൾ പറയാൻ കാരണം ചേരരാജ്യതലസ്ഥാനത്തിന്റെ വിവിധ പേരുകളാണ്. മുചിറി, മുയിരിക്കോട്, മാകോതൈ, മഹോദയപുരം, മഹാദേവർ പട്ടണം, തിരുവഞ്ചിക്കുളം, വഞ്ചി, കൊടുങ്ങല്ലൂർ എന്നിങ്ങനെ വിവിധനാമങ്ങൾ ചേരരാജ്യതലസ്ഥാനത്തെ സൂചിപ്പിച്ചിരുന്നു. സന്താറൂക്ക് മാലേയങ്കര (= ചന്ദനക്കര)യുടെ തർജ്ജമയാണ്. മാലേയം എന്ന സംസ്കൃതപദം കേരളത്തിലാണ് രൂപം പ്രാപിച്ചത്. അതിനു സുറിയാനിയിൽ സന്തർ എന്നാണു പറയുക.

www.malankaralibrary.com

ഭൂമിശാസ്ത്രപരമായ തെളിവുകൾ റമ്പാൻ പാട്ടിന്റെ പൗരാണികതയിലേക്കും മൗലികതയിലേക്കും വിരൽ ചൂണ്ടുന്നു.

പേർഷ്യ എവിടെ അവസാനിക്കുന്നുവെന്നും ഇന്ത്യ എവിടെ ആരംഭിക്കുന്നുവെന്നും അറിവില്ലാതിരുന്ന സുറിയാനിഗ്രന്ഥകാരൻ ദക്ഷിണേന്ത്യയിൽനിന്നു പറഞ്ഞുകേട്ട കഥകൾവച്ച് തോമ്മാശ്ലീഹായുടെ പേർഷ്യൻ മിഷനും ഇന്ത്യൻ മിഷനും വിളക്കിച്ചേർത്ത് ഒറ്റക്കഥയാക്കിയപ്പോൾ മൂലകഥയിലെ ഭൂമിശാസ്ത്രം തകിടം മറിഞ്ഞു! താൻ പ്രകടിപ്പിക്കാനാഗ്രഹിച്ച താപസജീവിതശൈലിയുടെ വക്താവായി തോമ്മാശ്ലീഹായെ ഗ്രന്ഥകാരൻ അവതരിപ്പിച്ചപ്പോൾ രണ്ട്-മൂന്ന് നൂറ്റാണ്ടുകളിലെ സുറിയാനിസന്ന്യാസപ്രസ്ഥാനത്തിന്റെ ചിത്രം കയറിപ്പറ്റി. അപരിചിതമായ ഇന്ത്യൻ പേരുകളും പേർഷ്യൻ പേരുകളും കൂടിക്കുഴഞ്ഞ് വ്യക്തിനാമങ്ങൾ മാറിമറിഞ്ഞ് ചരിത്രാംശങ്ങൾ വേർതിരിച്ചെടുക്കുക ഏതാണ്ട് അസാദ്ധ്യമായിത്തീർന്നു. എന്നാൽ "യൂദാതോമ്മായുടെ നടപടികൾ" എന്ന ഗ്രന്ഥത്തിന്റെ ആദിരൂപം ഇതായിരുന്നില്ലെന്നാണ് പണ്ഡിതമതം. പൂർവ്വരൂപം വീണ്ടെടുക്കുക എളുപ്പമല്ലെങ്കിലും നടപടികൾ സുറിയാനിയിൽ വിരചിതമാകുന്നതിനുമുമ്പ് രൂപംപ്രാപിച്ച ലിഖിതമോ അലിഖിതമോ ആയ റമ്പാൻ പാരമ്പര്യം 1601-ൽ ഏറെ വ്യത്യാസങ്ങളോടെ റമ്പാൻപാട്ടെന്ന പേരിൽ നമുക്കുണ്ട്. അതിന്റെ ചുവടുപിടിച്ച് തോമ്മാശ്ലീഹായുടെ ദക്ഷിണേന്ത്യൻ പ്രേഷിതയാത്രകളെപ്പറ്റി പ്രതിപാദിക്കാം.

> അരുൾ മാർഗ്ഗത്തിൽ ഗുരുവരനാകിന/മമനാമകനാം മാർത്തോമ്മാ
> പെരുമാൾ ചോഴന്റാളായുള്ളോ/രാവാനോടു സഹിതം കൂടി
> അറബിയായിൽ കപ്പൽ കയറി/മാല്യാൻകരെ വന്നെത്തിയിത
> അറിവിൻ പറവെൻ മിശിഹാക്കാലം/അൻപതു ധനുവം രാശിയതിൽ
> അതിശയകൃതിയാലഷ്ടദിനം കൊ/ണ്ടവിടെ മാർഗ്ഗം സ്ഥാപിച്ചു.
> അതിനുടെ ശേഷം ധൃതഗതികൊണ്ടു/ഉടനെ മൈലാപ്പൂരെത്തി.

യൂദാതോമ്മായുടെ നടപടിപ്രകാരം തോമ്മാശ്ലീഹാ പാലസ്തീനായിൽ നിന്നാണു യാത്ര തുടങ്ങുന്നത്. ഇക്കാര്യം റമ്പാൻപാട്ടും സമ്മതിക്കുന്നു. ചാവുകടലിനു തെക്ക് അറബാ നീണ്ട് കടൽത്തീരം വരെയാണ്. എയ്ലാത്ത് എന്ന തുറമുഖം അതിന്റെ ഭാഗമാണ്. അവിടെ നിന്നുള്ള കപ്പൽയാത്ര ശ്ലേമോന്റെ കാലം മുതൽ യഹൂദർക്ക് പരിചിതമാണ്. റോമാക്കാരന്റെ ഇന്ത്യായാത്ര അലക്സാന്ത്രിയാ മുതൽ കോപ്തോസ് വരെ നൈൽനദിയിലൂടെയും തുടർന്ന് മിയോസ് ഹോർമോസ് വരെ കരയിലൂടെയും പിന്നെ ചെങ്കടൽ കടന്നുമാണ്. യഹൂദരാകട്ടെ, അറബായിൽ കൂടി കരമാർഗ്ഗം എയ്ലാത്തിലെത്തി കപ്പൽ കയറി ചെങ്കടൽ കടന്നാണ് യാത്ര ചെയ്തിരുന്നത്. ചെങ്കടൽത്തീരത്തോടടുത്ത് അറബിയാ എന്നു വിളിക്കപ്പെട്ടിരുന്ന തുറമുഖമുണ്ടായിരുന്നു. ചെങ്കടൽ കടന്നാൽ മുചിരി ലക്ഷ്യമാക്കിയാണു യാത്ര. ചേര രാജ്യത്തിന്റെ തലസ്ഥാനം അന്നു

www.malankaralibrary.com

തിരുവഞ്ചിക്കുളത്തായിരുന്നു. അതിന്റെ ഒരു കരയാണ് മാല്യങ്കര. റമ്പാൻ പാട്ടിന്റെ വീക്ഷണത്തിൽ തോമ്മാശ്ലീഹാ മാല്യങ്കര വന്നത് മിശിഹാക്കാലം 50 ധനുവം രാശിയിലാണ്. ധനുവം രാശി ചില ദുരൂഹതകൾ ഉൾക്കൊള്ളുന്നു. തോമ്മാശ്ലീഹാ അവിടെ എട്ടുദിവസം താമസിച്ച് മാർഗ്ഗം സ്ഥാപിച്ചു. ധൃതഗതയിൽ (കരമാർഗ്ഗം) തോമ്മാശ്ലീഹാ മൈലാപ്പൂരെത്തി. നാലരമാസം മൈലാപ്പൂരിൽ പ്രസംഗിച്ചശേഷം നാലരമാസം "ചീനത്ത്" ചെലവഴിച്ചു. തുടർന്ന് മൈലാപ്പൂരെത്തി "ഏതാനും ചില പണികൾക്കായി" വീണ്ടും തോമ്മാശ്ലീഹാ ചോഴപ്പെരുമാളിൽ നിന്നു പണം പറ്റി; അത് എളിയവർക്കായി വിനിയോഗിച്ചു; മാർഗ്ഗം അറിയിച്ചു ചുറ്റി നടന്നു.

ഒരു മാസത്തിന്നിടയിൽ തിരികെ/കേരളനാട്ടിൽ താൻ വരുവാൻ
തിരുവഞ്ചിക്കുളത്തരചൻ മരുമക/നാദേശത്തിൽ ചെന്നെത്തി
തൃക്കാൽ മുത്തിയപേക്ഷ കഴിച്ചു/കപ്പലിൽ യാത്ര അവർ ചെയ്തു
തർക്കം കൂടാതമ്പത്തൊന്നാം/ധനുവിൽ മാല്യാങ്കരെ വന്നു
രാജകുടുംബത്തോടെ കാവ്യർ/മൂവായിരമവിശ്വാസികളും
രാജ്യത്തിങ്കൽ വന്നുവസിക്കും/നാല്പതു യുദജനങ്ങളുമായ്
ഒന്നര വർഷങ്ങൾക്കുള്ളിടയിൽ/മാമ്മോദീസാ കൈക്കൊണ്ടു
വന്ദനകൾക്കായ് സ്ഥാപിച്ചവിടെ/സ്ലീവായോടെ ആലയവും
വേദഗുരുക്കളുമാചാര്യർകളു/മാവാനായൊരു നന്മകളും
വേദരഹസ്യത്തിന്നറിവുകളും/പരസമ്മതമായ് താൻ നൽകി
അരചാളുന്നൊരു മന്നവനാകും/അന്ത്രയോസെന്നാളുടെ
മരുമകനാകും കെപ്പായിക്കു/കല്പിച്ചു താൻ ഗുരുപ്പട്ടം

റമ്പാൻപാട്ടിനുശേഷം എഴുതപ്പെട്ട ചില രേഖകളിൽ പറയുന്നത് തോമ്മാശ്ലീഹാ മൈലാപ്പൂരിൽ നിന്നു പുറപ്പെട്ട് എ.ഡി. 52-ൽ കേരളത്തിലെത്തിയെന്നാണ്. അറബായിൽ നിന്നു പുറപ്പെട്ട് എ.ഡി. 50-ൽ തോമ്മാശ്ലീഹാ മാല്യാങ്കരെ വന്ന കാര്യം റമ്പാൻ പാട്ടും പറയുന്നു. ആദ്യത്തെ വരവ് ഇതര ഉറവിടങ്ങൾ വിട്ടുകളയാൻ കാരണമുണ്ട്. വെറും 8 ദിവസം മാത്രം തങ്ങി ഏതാനും പേരെ മാമ്മോദീസാ മുക്കി മാർഗ്ഗം സ്ഥാപിച്ചതല്ലാതെ സ്ലീവായും ആലയവും ഗുരുപ്പട്ടവും അടങ്ങുന്ന സഭ സ്ഥാപിച്ചില്ല; എ.ഡി. 51 ധനുവംരാശിയിൽ വീണ്ടും-ഇത്തവണ മൈലാപ്പൂരിൽ നിന്ന് - വന്നപ്പോഴാണ് അതു നടക്കുന്നത്. ഒന്നവർഷം തിരുവഞ്ചിക്കുളത്തു പാർത്തുകൊണ്ട് 3000 വിജാതീയരെയും 40 യൂദന്മാരെയും മാർഗ്ഗം ചേർക്കാൻ തോമ്മാശ്ലീഹായ്ക്കു സാധിച്ചു. സഭാസ്ഥാപനപാരമ്പര്യം A.D. 52-ലാണെന്നു പിൽക്കാല രേഖകൾ പറയാൻ ഇതുതന്നെ കാരണം. എ.ഡി. 52-ൽ അല്ല 50-ലാണ് തോമ്മാശ്ലീഹാ ചേരരാജ്യത്തു വന്നതെന്ന കാര്യം റമ്പാൻ പാട്ടു കൃത്യമായി രേഖപ്പെടുത്തി സഭാസ്ഥാപനം എ.ഡി. 52-53 വർഷങ്ങളിലാക്കി. സ്ലീവായും ആലയസ്ഥാപനവും വിചിത്രമായിത്തോന്നാം. പക്ഷേ മൂന്നാം നൂറ്റാണ്ടിൽ

www.malankaralibrary.com

വിരചിതമായ ചില അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ ശ്ലീഹന്മാർ സ്ലീവാ നാട്ടുന്നതിനെപ്പറ്റിക്കാണുന്നു. ഇക്കാര്യം യൂദാതോമ്മായുടെ നടപടികളിൽ ഇല്ല. എങ്കിൽ റമ്പാൻപാട്ടിൽ എങ്ങനെ ഇതു കടന്നുവന്നു? സ്വന്തമായുണ്ടായിരുന്ന ലിഖിതമോ അലിഖിതമോ ആയ പാരമ്പര്യത്തിൽനിന്ന് എന്നു പറഞ്ഞാൽ അവിശ്വസിക്കേണ്ട കാര്യമില്ല. തോമ്മാശ്ലീഹാ ഇന്ത്യയിലെത്തി മാർഗ്ഗം സ്ഥാപിച്ചതു മിശിഹാക്കാലം 50-ൽ ആണെന്ന് ഇനിയെങ്കിലും ചരിത്രപുസ്തകങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.

കല്ലാം കെപ്പായെ കൂട്ടാക്കി/ദക്ഷിണദേശേ താൻപോയി
കൊല്ലം ഗ്രാമമതിലൊരുവർഷം/അറിയിച്ചു താൻ മാർഗ്ഗത്തെ
ഒരായിരമൊടു നാനൂർ പേരെ/മാമ്മോദീസായും മുക്കി
ആരാധനകൾക്കായൊരു സ്ലീവാ/സ്ഥാപിച്ചു താനവിടത്തിൽ

ഈശോയുടെ പ്രധാനശിഷ്യൻ കേപ്പാ; തോമ്മായുടെ പ്രധാന ശിഷ്യൻ മറ്റൊരുകേപ്പാ. മിശിഹായുടെ സഭയുടെ പതിപ്പുകൾ സ്ഥാപിക്കാനിറങ്ങിയ തോമ്മാ തന്നെ മിശിഹായുടെ "ഇരട്ട"യാണെന്ന ദൈവശാസ്ത്രപാരമ്പര്യം ശ്രദ്ധാർഹമാണ്. ഇതിന് ആദ്ധ്യാത്മികമായ അർത്ഥം കല്പിച്ചാൽ മതിയോ? അഥവാ രൂപസാദൃശ്യമോ ബന്ധുത്വമോ മൂലമാകാം ഈ സങ്കല്പം. സുറിയാനി പാരമ്പര്യത്തിൽ യൂദാ എന്ന വ്യക്തി "തോമ്മാ" (ഇരട്ട) ആയതെങ്ങനെ? ഗ്രീക്കുകാർ ദീദിമോസ് എന്നു തർജ്ജമ ചെയ്തു. ശെമ്ഓൻ കേപ്പ (പാറ) യായതും ഗ്രീക്കുകാർ അതു തർജ്ജമ ചെയ്തു പത്രോസാക്കിയതും സമാനസംഭവമാണ്. ഈശോ മാറ്റിയിട്ട പേരുകളാണിവ. ഇതറിയാമായിരുന്ന തോമ്മാശ്ലീഹാ ഈശോ ചെയ്തതൊക്കെ അനുകരിച്ചു എന്നാണു റമ്പാൻപാരമ്പര്യം പറയുന്നത്. കേപ്പായിന്മേൽ മിശിഹാ പള്ളി പണിതതും തോമ്മായ്ക്കറിയാമായിരുന്നല്ലൊ.

തിരുവഞ്ചിക്കുളം ഉത്തരദേശത്തായിരുന്നു; കൊല്ലം ഗ്രാമം ദക്ഷിണദേശത്തും. ചേരരാജ്യത്തു ധാരാളം നാട്ടുപ്രമാണികളും അവരുടെ ഭരണസീമയിൽ ചെറുരാജ്യങ്ങളുമുണ്ടായിരുന്നു. ഗ്രാമത്തലവൻ വരെ "രാജാവാ"യിരുന്നു! പാണ്ടിരാജാവിന്റെ സ്വാധീനം ചായൽ, മീനച്ചിൽ, നിരണം, കൊല്ലം എന്നീ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളുടെ അതിർത്തികൾ പലകാലത്തും പലതായിരുന്നു. കൊല്ലത്തു തോമ്മാശ്ലീഹാ സ്ലീവാ സ്ഥാപിച്ചു; അതായതു സഭയും അതിന് ഒരടയാളവും.

കിഴക്കുവടക്കായ് നടകൊണ്ടങ്ങനെ/തൃക്പാലേശ്വരത്തെത്തി
അഴകാലവിടെയുമൊരു വർഷത്തിട/അറിയിച്ചു താൻ മാർഗ്ഗത്തെ
ഓരായിരമോടിരുനൂർപേരെ/മാമ്മോദീസായും മുക്കി
ആരാധനകൾക്കായൊരു സ്ലീവാ/സ്ഥാപിച്ചു താനവിടേയ്ക്കും
കിഴക്കൻ വഴിയായവിടുന്നുടനെ/മലനഗരം ചായൽക്കെത്തി

www.malankaralibrary.com

പിഴയാതവിടെയുമൊരു വർഷത്തിട/അറിയിച്ചുതാൻ മാർഗ്ഗത്തെ
ഓരോയിരമോടൊരുനൂർപേരെ/മാമ്മോദീസായും മുക്കി
ആരാധനമുറയോടെ സ്ലീവാ/സ്ഥാപിച്ചു താനവിടേയ്ക്കും.

തൃക്പാലേശ്വരത്തു നിന്നു കിഴക്കൻ വഴി നീങ്ങിയ തോമ്മാശ്ലീഹായുടെ അടുത്ത പ്രവർത്തനരംഗം മലനഗരമായ ചായൽ ആണ്. റമ്പാൻപാട്ട് ചായലിനെ മാത്രമേ നഗരം എന്നു വിശേഷിപ്പിക്കുന്നുള്ളൂ. പാലൂരിനെ ഗ്രാമമെന്നാണദ്ദേഹം വിളിക്കുക; കൊല്ലത്തെയും ഗ്രാമമെന്നു വിശേഷിപ്പിച്ചു. ചേര ചോള പാണ്ഡ്യരാജ്യങ്ങൾ തമ്മിലുള്ള വാണിജ്യബന്ധങ്ങളുടെ സംഗമഭൂമിയായ ചായൽ അക്കാലത്തു മഹാനഗരം തന്നെയായിരുന്നു. ശബരിമലയുടെ ചുറ്റും വനമായി മാറിയ ഭൂപ്രദേശത്ത് ക്രൈസ്തവ മഹാനഗരമായ ചായലിന്റെ നഷ്ടശിഷ്ടങ്ങളും ബാക്കിപത്രവും ഇന്നും കാണാനുണ്ട്. ചരിത്രപഠിതാക്കളുടെ ശ്രദ്ധ തിരിയേണ്ടിടം സാംസ്കാരിക ശവപ്പറമ്പായി ഉപേക്ഷിക്കപ്പെട്ടു കിടക്കുന്നത് ഭാരതചരിത്രത്തിന് അപമാനമാണ്. മതഭ്രാന്തും വർഗ്ഗീയവിദ്വേഷവുമില്ലാതെ സമീപിക്കേണ്ട ഒരു വിഷയമാണിത്. എങ്കിൽ മാത്രമേ ക്രൈസ്തവ-ബുദ്ധമതങ്ങളുടെ സാംസ്കാരിക ലോകം ശബരിമലയിൽ കണ്ടെത്തുകയുള്ളൂ. നീലംപേരൂർ പള്ളിഭഗവതിക്ഷേത്രം, കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം, ചേന്ദമംഗലം ക്ഷേത്രം, ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം തുടങ്ങി ഒട്ടേറെ സ്ഥലങ്ങളിൽ ചരിത്രം മറഞ്ഞുകിടക്കുന്നു. ഹൈന്ദവമതം പിൽക്കാലത്ത് ഇവയൊക്കെ കൈവശപ്പെടുത്തി ഹൈന്ദവീകരിച്ചതോടെ മുൻകാല ചരിത്രം വിസ്മൃതമായി. കേരളത്തിൽ ബുദ്ധ, ജൈനമതങ്ങൾ പ്രബലമായിരുന്ന കാലത്താണ് മാർത്തോമ്മാശ്ലീഹാ സഭകൾ അഥവാ പള്ളികൾ സ്ഥാപിച്ചത്. അന്നു നമ്പൂതിരിമാർ മീൻപിടിത്തവും കച്ചവടവുമായിക്കഴിഞ്ഞിരുന്ന പരദേശികളായിരുന്നു! അവർ പ്രബലരായത് ഏഴാം നൂറ്റാണ്ടിനു ശേഷമാണ്. അതിനുമുമ്പും അവർ ഓരോരോ കാലങ്ങളിൽ ചേരരാജ്യത്തു കുടിയേറിയിരുന്നു. ചേര ചോള പാണ്ഡ്യരാജ്യങ്ങളിൽ (ഇന്നത്തെ കേരളം, കർണ്ണാടക, മാഹാഷ്ട്ര, ഗോവ, തമിഴ്നാട്, ആന്ധ്രാ, ഒറീസ്സാ, ഗംഗാസമതലം) അവർ യഥേഷ്ടം കുടിയേറിയിരുന്നു. അവരുടെ ഈ തള്ളിക്കയറ്റം ബുദ്ധമതത്തിന്റെ നട്ടെല്ലൊടിച്ചു എന്നതാണ് ചരിത്രം. വർഗ്ഗീയതയും ജാതിവ്യവസ്ഥയും ഉയിർക്കൊണ്ടു ശക്തിപ്രാപിച്ചതും ഏഴാം നൂറ്റാണ്ടിനു ശേഷമാണ്.

മലനഗരമായ ചായലിൽ സ്ലീവാനാട്ടി പള്ളി സ്ഥാപിച്ചുവെന്നു പറഞ്ഞാൽ കെട്ടിടം നിർമ്മിച്ചുവെന്നല്ല, സഭാസമൂഹം-ആരാധനസമൂഹം-സ്ഥാപിച്ചുവെന്നാണ് റമ്പാൻ പാട്ടിൽ പറയുന്നത്. നമുക്കു പള്ളി ഒരു കെട്ടിടമായതു റമ്പാൻപാട്ടുകാരന്റെ ചിന്തയിൽ ഇല്ല. പലയിടത്തും സ്ലീവാ നാട്ടി പന്തലിട്ടാൽ ആരാധനാലയമായിരുന്നു. ആ സ്ഥലത്താണ്

www.malankaralibrary.com

പിന്നീട് "ആലയങ്ങൾ" ഉയർന്നുവന്നിരുന്നത്. ഈ മാറ്റത്തിന് അനേക നൂറ്റാണ്ടുകൾ വേണ്ടിവന്നു.

തിരികെ താനവിടേക്കു വരുവാൻ/തൃക്പാലേശ്വര മൂപ്പന്മാർ
ഇരുവരുടെയും മുട്ടിപ്പാലെ/അവരോടെ താൻ യാത്രയുമായ്
ശുദ്ധതയോടിവർ വന്ദിക്കുന്ന/സ്ലീവായെ ആ ഗ്രാമക്കാർ
അശുദ്ധത ചെയ്തവർ നിന്ദിച്ചതിനാൽ/ശാപം ചെയ്തിതു ഗ്രാമത്തെ
ഇരുമാസങ്ങൾക്കിടകൊണ്ടവിടെ/കർമ്മാദികളെ ചെയ്വാനായ്
അരുൾ വേദറിവുകൾ സകലത്തേയും/പരസമ്മതമായ് നൽകി താൻ
ഇരുമന്നവരിൽ തോമ്മായെ താൻ/ഗുരുപ്പട്ടത്തിൽ സ്ഥാപിച്ചു
ഇരുനൂർ പേർക്കവിടത്തിൽ വീണ്ടും/മാമ്മോദീസായും ചെയ്തു
അവിടത്തിൽ മുൻസ്ഥാപിച്ചുള്ളൊരു/സ്ലീവായെ പിഴുതുടനെ താൻ
അവിടത്തിന്നെതിർ തെക്കെഭാഗം/നിരണത്തിൽ സ്ഥാപിപ്പാനായ്
ആചാര്യൻ തോമ്മായെന്നാൾക്കും/ശെമഓനും താനേൽപ്പിച്ചു
ആചാരത്തിനൊരാലയമവിടെ/കല്പിച്ചുടനെ താൻ വാങ്ങി.

തൃക്പാലേശ്വരത്ത് ആദിമ നസ്രാണികൾക്ക് അപ്രതീക്ഷിതമായ ദുരന്തം നേരിട്ടു. ആ നാട്ടിലെ പ്രബലമായ സമൂഹം അവർക്കെതിരെ തിരിഞ്ഞ് തോമ്മാശ്ലീഹാ നാട്ടിയ സ്ലീവായെ നിന്ദിച്ചു. തങ്ങളുടെ വിശുദ്ധ സ്ലീവാ അശുദ്ധമാക്കപ്പെട്ടതിൽ ഹൃദയം നൊന്ത സഭാമൂപ്പന്മാർ തോമ്മാ ശ്ലീഹായെക്കണ്ടു വിവരം ധരിപ്പിച്ച് തങ്ങളുടെ നാട്ടിലെത്തണമെന്ന് നിർബന്ധിച്ചു. തോമ്മാശ്ലീഹാ അവരോടൊപ്പം യാത്ര പുറപ്പെട്ടു. തൃക് പാലേശ്വരത്തെ ശപിച്ചശേഷം സത്യവിശ്വാസ സംബന്ധമായ സംഗതികൾ വിശദീകരിച്ചു പഠിപ്പിച്ചു. നസ്രാണിസമൂഹത്തിനു സുസമ്മതരായിരുന്ന തോമ്മായെയും ശെമഓനെയും എല്ലാവരുടെയും സമ്മതം വാങ്ങി ഗുരുപ്പട്ടത്തിൽ നിയമിച്ചു. കുറെപ്പേരെ മാമ്മോദീസാ മുക്കാനും സാധിച്ചു. തൃക്പാലേശ്വരത്തെ സ്ലീവാ പിഴുതു നിരണത്തു സ്ഥാപിക്കാൻ സഭാമൂപ്പന്മാരെ ഏല്പിച്ച് ആലയം ഉണ്ടാക്കാൻ കല്പിച്ചശേഷം തോമ്മാശ്ലീഹാ വീണ്ടും യാത്ര തുടർന്നു. സ്ലീവാ സ്ഥാപനവും ആലയ സ്ഥാപനവും ഒന്നല്ലെന്ന് ഒരിക്കൽകൂടി തെളിയുന്നു. സ്ലീവാ സ്ഥാപിച്ചതു തോമ്മാശ്ലീഹായും ആലയം പണിതതു മറ്റുള്ളവരുമാണ്.

വടമേക്കായ് നടകൊണ്ടുഗൊക്ക/മംഗലഗ്രാമേ താൻ ചെന്നു
പിഴയാതവിടെയുമൊരു വർഷത്തിട/അറിയിച്ചു താൻ മാർഗ്ഗത്തെ
ഓരായിരമോടറുനൂർ പേരെ/മാമ്മോദീസായും മുക്കി
ആരാധന മര്യാദകളോടെ/സ്ഥാപിച്ചവിടെ സ്ലീവായും.

ഒരു നസ്രാണിസമൂഹത്തിന് കോക്കമംഗലത്തു രൂപം കൊടുത്ത തോമ്മാശ്ലീഹാ സ്ലീവാ സ്ഥാപിച്ചു. ആരാധനാകേന്ദ്രം അതുതന്നെ എന്നതിന് ഒരു സാക്ഷ്യം കൂടിയാണിത്. ആ തുടക്കം പിന്നീട് ആലയമായി വളർന്നു വരുന്ന ചിത്രം വീണ്ടും തെളിഞ്ഞുവരുന്നു.

www.malankaralibrary.com

അവിടുന്നുടനെ നടകൊണ്ടങ്ങനെ/കോട്ടക്കായൽ ചെന്നെത്തി
അവിടെയുമതുപോലൊരു വർഷത്തിട/മാർഗ്ഗത്തേയറിയിച്ചപ്പോൾ
ഓരായിരമൊടെഴുനൂറ്റെഴുപതു/പേരെ മാമ്മോദീസാ മുക്കി
ആരാധന സ്ലീവായൊടുമുറകൾ/കല്പിച്ചു താനവിടേക്കും.

തോമ്മാശ്ലീഹായുടെ അടുത്ത പ്രവർത്തനരംഗമായ കോട്ടക്കായൽ, കോട്ടക്കാവ്, പറവൂർ എന്നൊക്കെ അറിയപ്പെട്ടുപോന്നു. സഭാസ്ഥാപന ശേഷം ആരാധനാർത്ഥം സ്ലീവാ സ്ഥാപിക്കുന്ന കാര്യം തോമ്മാ കല്പിച്ചു. തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച സ്ലീവാകേന്ദ്രീകൃതമായ മാർഗ്ഗം സ്ലീവാ സ്ഥാപനമായി കാലക്രമേണ വളരുന്ന ചിത്രം ഒരിക്കൽകൂടി നാം കാണുകയാണ്. സ്ലീവായും ആരാധനമുറകളും അഭേദ്യം ബന്ധപ്പെട്ട മാർഗ്ഗം സ്ലീവാമാർഗ്ഗം പോലെയാണ് റമ്പാൻപാട്ടു വിശദീകരിക്കുന്നത്

തെക്കൻ വഴിയായ് യാത്രപോയി/മാല്യാംകരയിൽ ചെന്നെത്തി
തക്കവിധം പോലൊക്കെയുമവിടെ/കണ്ടതിനാൽ സന്തോഷിച്ചു
അരമാസത്തെ പാർപ്പിനുശേഷം/ഉത്തരഭാഗേ നടകൊണ്ടു
അരമാസത്തെയിടകൊണ്ടങ്ങനെ/പാലൂർഗ്രാമം ചെന്നെത്തി
ഒരു വർഷത്തിടയവിടങ്ങളിലും/മാർഗ്ഗത്തെയറിയിച്ചപ്പോൾ
ഓരായിരമോടമ്പതുപേരെ/മാമ്മോദീസാ മുക്കിയശേഷം
വന്ദനനിഷ്ഠകളെല്ലാറ്റേയും/ആയവരൊക്കെ ചെയ്വാനായ്
സുന്ദരഭാഷയിലൊരു സ്ലീവായും/സ്ഥാപിച്ചു താനവിടത്തിൽ.

തെക്കൻ വഴി നീങ്ങി മാല്യംകരയിൽ തോമ്മാശ്ലീഹാ ഒരു ഹ്രസ്വ സന്ദർശനം നടത്തി. കോട്ടക്കായലിന് അടുത്താണിതെന്നു വ്യക്തമാണല്ലോ. പോരെങ്കിൽ, സഭാഭരണത്തിന്റെ സിരാകേന്ദ്രമായിത്തീരാൻ പോകുന്നതും അവിടംതന്നെ. "തോമ്മാശ്ലീഹായുടെ സിംഹാസനം" 4-ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതലെങ്കിലും മാല്യംകരയിലാണ്. അവിടെ വച്ചാണ് വത്തിക്കാനിൽ സൂക്ഷിച്ചിട്ടുള്ള Vat. Syr. 22 എന്ന കൈയെഴുത്തുപ്രതി 1301-ൽ എഴുതപ്പെട്ടത്. അക്കാലത്തും "തോമ്മാശ്ലീഹായുടെ സിംഹാസനം അവിടെയാണ് എന്നു പ്രസ്തുത കൈയെഴുത്തുപ്രതിയിൽ നിന്നു നാം ഗ്രഹിക്കുന്നു. ഭൂകമ്പവും പ്രളയവും ഒന്നിച്ചെത്തി 14-ാം നൂറ്റാണ്ടിൽ ചേരരാജ്യതലസ്ഥാനം അപ്രത്യക്ഷമായതോടെ മാർത്തോമ്മാ നസ്രാണികളുടെ സഭാഭരണകേന്ദ്രമായ മാല്യംകരയും അവരുടെ പ്രധാന നഗരങ്ങളായ ചായലും (നിലയ്ക്കലും) കൊല്ലവും തകർന്നടിഞ്ഞു: കൊടുങ്ങല്ലൂരും കൊല്ലവും പ്രകൃതിക്ഷോഭങ്ങൾ തകർത്തു; ചായലിനെ പാണ്ടിപ്പട നശിപ്പിച്ചു.

പാലൂർ ഗ്രാമത്തിൽ തോമ്മാശ്ലീഹാ സ്ഥാപിച്ച സ്ലീവാ അതിസുന്ദരമായിരുന്നുവെത്രെ. പാലയൂർ സ്ലീവായ്ക്ക് സുന്ദരസ്ലീവായെന്ന സ്ഥാനം റമ്പാൻ പാട്ടുകാരൻ കല്പിച്ചുകൊടുത്തതല്ല. പാലക്കാടൻ ചുരങ്ങൾ വഴി ചേരരാജ്യവും പാണ്ഡ്യചോളരാജ്യങ്ങളും തമ്മിൽ നിരന്തരസമ്പർക്ക

www.malankaralibrary.com

ത്തിലായിരുന്നു. പ്രസ്തുത കച്ചവടപ്പാത ചെന്നവസാനിച്ചിരുന്നത് തുറമുഖ പട്ടണമായ പാലൂർ ഗ്രാമത്തിലായിരുന്നു. അതിന്റെ ചരിത്രസാക്ഷ്യമെന്നോണം പുരാതനറോമാസാമ്രാജ്യത്തിന്റെ അനേകം പൊൻവെള്ളി നാണയങ്ങൾ ആ പാതയുടെ പല ഭാഗത്തും നിന്നു ലഭിച്ചിട്ടുണ്ട്. പാലൂർ ഗ്രാമത്തിൽ നിന്നാണ് തോമ്മാശ്ലീഹായുടെ ചോളരാജ്യത്തേക്കുള്ള യാത്ര എന്നു നാം കാണുന്നു:

അമ്പത്തൊൻപതു കന്നിയുടന്ത്യം/ചോഴന്റാളും വന്നെത്തി
ഇമ്പത്തോടവരോടേതാനും/മൈലാപ്പൂർക്കായ് നടകൊണ്ടു
കോവിലകത്തിൻ പണിയുടെ കാര്യം/ചോഴപ്പെരുമാൾ ചോദിച്ചു
കോവിലകപ്പണി കാണാഞ്ഞതിനാൽ/തന്നെ വിലങ്ങിൽ പാർപ്പിച്ചു.

ഇപ്പോഴാണു നാമറിയുക തോമ്മാശ്ലീഹാ ചോളനു കോവിലകം പണിയാൻ വേണ്ടിയാണ് പണ്ടു പണം പറ്റിയതെന്ന്. ഇതേപ്പറ്റി ഇനി നാം കേൾക്കുന്ന വിവരണവും "യൂദാ തോമ്മായുടെ നടപടികളി"ലെ ചിത്രവും ഒത്തുപോകുന്നു. ഈ കഥ ആര് ആരിൽ നിന്നു കടം കൊണ്ടു? റമ്പാൻ പാട്ടിന്റെ പ്രാചീനമായ ഗദ്യ ഉറവിടത്തിൽ നിന്നാണ് ഈ കഥയുടെ തുടക്കം. "യൂദാ തോമ്മായുടെ നടപടികൾ" റമ്പാൻപാട്ടിന്റെ വെളിച്ചത്തിൽ മാത്രമേ ചരിത്രവിമർശനം അർഹിക്കുന്നുള്ളു. രാജകീയ മാനസാന്തരകഥയാണ് തുടർന്നു വിവരിക്കുന്നത്.

സത്യമറിഞ്ഞിട്ടിരുവരുമുടനെ/മാമ്മോദീസായും മുങ്ങി
അവരോടൊരുമിച്ചീരായിരജന/മുടനെ മാർഗ്ഗം കൈക്കൊണ്ടു
അവരുടെയാരാധന സ്ലീവായും/ആലയവും താൻ സ്ഥാപിച്ചു
അഴകാലവിടെ രണ്ടരവർഷം/മാർഗ്ഗത്തെ താനറിയിച്ചു
ഏഴായിരജനമവിടത്തിൽ താൻ/മാമ്മോദീസായും മുക്കി
ചന്ദ്രപുരിയുടെയരചന്മാരാം/പത്രോസ് പൗലോസെന്നിവരിൽ
സുന്ദരനാം പൗലോസിന്നപ്പോൾ/മേൽപട്ടം താൻ കല്പിച്ചു
ആയാളുടെ കീഴ്പാലകരാറു/വേദാചാര്യന്മാരേയും
ആയാളുടെ ആവിശ്വാസികളുടെ/ഭരണത്തിനായ് കല്പിച്ചു
അവരുടെ ആസ്തികൾ സകലത്തേയും/ഏല്പിച്ചു അവർ ശ്ലീഹായെ
അവരുടെ നടപടിയെല്ലാറ്റിനും/മര്യാദകൾ താൻ നിയമിച്ചു.

ചേരരാജ്യത്തെന്നപോലെ ചോളരാജ്യത്തും രാജകീയ മാനസാന്തരങ്ങൾ നടന്നു. ഭരണകർത്താക്കളെ അനുകരിച്ച് മാർഗ്ഗം ചേരാൻ ആളുകളുണ്ടായി. സ്ലീവായും ആരാധനയും ആലയവും സ്ഥാപിക്കപ്പെട്ടു. രണ്ടരവർഷം തോമ്മാശ്ലീഹാ ആ ദേശത്തു പ്രവർത്തനം തുടർന്നു. അതോടെ നസ്രാണിസമൂഹം അവിടെ പ്രബലമായി. "ചന്ദ്രപുരി"യുടെ ഭരണകർത്താക്കൾ സ്ലീവാമാർഗ്ഗം സ്വീകരിച്ചുകഴിഞ്ഞിരുന്നു. അവരിൽ സുന്ദരനായ പൗലോസിനു മേൽപ്പട്ടം നൽകി ആറുപേരെ സഹായികളായി നിയമിച്ചു. "ചന്ദ്രപുരി"യുടെ തർജ്ജമ മാത്രമാണ് "ശങ്കരപുരി" എന്നു

www.malankaralibrary.com

സംശയിക്കണം. അവ രണ്ടും ഒന്നാണെന്നു വന്നാൽ പലരും എഴുതി വിട്ടിരിക്കുന്ന ചരിത്രപരമായ അബദ്ധങ്ങൾ പൊളിച്ചെഴുതേണ്ടിവരും! ഈ സാദൃശ്യം യാദൃച്ഛികമല്ലെന്നു തീർച്ചയാണ്. 4-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വിരചിതമായ Passio യുടെ ചില കൈയെഴുത്തുപ്രതികളിൽ പകലോമറ്റത്തെ ഹെലിയോഫോറമാക്കിയ കഥ ഇവിടെ പ്രസക്തമാണ്. Passio യിൽ ഹെലിയോഫോറം ഒരു പട്ടണമാണ്. റമ്പാൻപാട്ടിൽ ചന്ദ്രപുരിയും പട്ടണംതന്നെ. പക്ഷേ മാർത്തോമ്മാനസ്രാണികളുടെ പരമ്പരാഗതമായ പുരാവൃത്തത്തിൽ പകലോമറ്റവും ശങ്കരപുരിയും തോമ്മാശ്ലീഹായിൽനിന്നു പൗരോഹിത്യം സ്വീകരിച്ച ഇല്ലങ്ങളാണ്. കേരളത്തിലെ ചില ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ 1-ാം നൂറ്റാണ്ടിൽ ഇവിടെ നമ്പൂതിരിമാരില്ല. മറ്റുചിലരുടെ വീക്ഷണത്തിൽ ചേരരാജ്യത്തിൽ നമ്പൂതിരിമാർ പ്രബലരായിരുന്നില്ലെങ്കിലും അവിടവിടെ ഗ്രാമങ്ങൾ സ്ഥാപിച്ചു പാർത്തിരുന്നു. 8-ാം നൂറ്റാണ്ടിനു മുമ്പുള്ള കേരളചരിത്രം നമ്പൂതിരിമാരുടെ തള്ളിക്കയറ്റത്തോടെ മാറിപ്പോയതു ചരിത്രമാണ്. പക്ഷേ അതിന്റെ വെളിച്ചത്തിൽ മീൻ പിടിച്ചും കച്ചവടം ചെയ്തും ഉപജീവനം കഴിച്ചിരുന്ന 8-ാം നൂറ്റാണ്ടിനു മുമ്പുള്ള നമ്പൂതിരിമാരെ ഇല്ലാതാക്കണമോ?

ആഢ്യബ്രാഹ്മണർ മാർഗ്ഗം കൂടിയത് കേരളത്തിൽ വച്ചായിരുന്നോ? അതോ അവരുടെ കേരളപ്രവേശനത്തിനു മുമ്പായിരുന്നോ? 1-ാം നൂറ്റാണ്ടിലെ ചേരരാജ്യത്തിന്റെ അതിരുകൾ ഏതെന്നു തിട്ടപ്പെടുത്താൻ ചരിത്രകാരന്മാർ പരിശ്രമിക്കേണ്ടിയിരിക്കുന്നു. 1-ാം നൂറ്റാണ്ടിൽ നമ്പൂതിരിമാർ മാർഗ്ഗം കൂടിയ പാരമ്പര്യം കേരളത്തിൽ 1-ാം നൂറ്റാണ്ടിൽ നമ്പൂതിരിമാരില്ലായിരുന്നു എന്ന വാദത്തോടെ പുച്ഛിച്ചു തള്ളുന്നത് സൂക്ഷിച്ചുവേണം. നമ്പൂതിരിമാർ മാർഗ്ഗംകൂടാൻ മാത്രം അവശവിഭാഗമായിരുന്നു എന്നു വന്നാലോ? അവർ മാർഗ്ഗം കൂടിയത് ഒറ്റപ്പെട്ട സംഭവമായിരുന്നെങ്കിലോ? അന്നത്തെ ചേരചോളപാണ്ഡ്യ രാജ്യങ്ങളിൽ അവരിൽ ചിലർ മാർഗ്ഗം കൂടിയെന്നു വാദിച്ചാലോ? അങ്ങനെ മാർഗ്ഗം കൂടിയവർ കേരളത്തിലേക്ക് കൂട്ടത്തോടെ കുടിയേറിയതാണെങ്കിലോ? റമ്പാൻപാട്ടിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ചോദിക്കാതെ തരമില്ല. മാർത്തോമ്മാ നസ്രാണികളുടെ പൂർവ്വികർ പലരും ചോള, പാണ്ഡ്യ രാജ്യങ്ങളിൽനിന്നു നസ്രാണികളായശേഷം 1-ാം നൂറ്റാണ്ടിനും 7-ാം നൂറ്റാണ്ടിനുമിടയിൽ ചേരരാജ്യത്തു കുടിയേറിപ്പാർത്തവരാണ്. തരുതായ്ക്കളുടെയും തിരുവാങ്കോടന്മാരുടെയും കഥയും ഇതുപോലെതന്നെ.

മലയാളത്തിനു തിരികെ വരുവാൻ/താൻ കരയാത്ര ചെയ്യുമ്പോൾ
മാലാകാമാരുടെ തുണയാലെ/മലയാറ്റൂർ താൻ വന്നെത്തി
ഇരുമാസങ്ങളവിടങ്ങളിലും/മാർഗ്ഗത്തെ താനറിയിച്ചു
ഇരുന്നൂറ്റിരുപതു വിശ്വാസികളെ/താൻ മാമ്മോദീസാ മുക്കി.

www.malankaralibrary.com

തോമ്മാശ്ലീഹാ ചോളരാജ്യത്തിലേക്ക് പോയതും മടങ്ങിവരുന്നതും കരമാർഗ്ഗമാണ്. ഈ കരവഴി അന്നത്തെ കാലത്ത് കടൽയാത്രയേക്കാൾ ശീഘ്രവും സുഗമവും സുരക്ഷിതവുമായിരുന്നു. പാലക്കാടൻ മലനിരകൾ കടന്നാണ് ഒരു പാത. പൂഞ്ഞാർ, നിരണം, മീനച്ചിൽ, മൂന്നാർ, പെരിയാർ പ്രദേശങ്ങളെ ബന്ധിപ്പിച്ചിരുന്ന "മലവഴി" അഥവാ "പാണ്ടിവഴി" അടുത്ത കാലംവരെ ഉപയോഗത്തിലുണ്ടായിരുന്നു. "മലവഴി"യുടെ ചേരരാജ്യത്തിലെ സംഗമസ്ഥാനങ്ങളിൽ പ്രധാനം നിരണം, മീനച്ചിൽ, ചായൽ എന്നീ കച്ചവടകേന്ദ്രങ്ങളായിരുന്നു. ആ മൂന്നു സ്ഥലത്തും പാണ്ഡ്യദേശക്കാരുടെ സ്ഥിരവാസമുണ്ടായിരുന്നു. തോമ്മാശ്ലീഹാ ഉപയോഗിച്ച കരവഴി മേല്പറഞ്ഞവയാണ്. "മാലാകാമാർ" (= സന്ദേശവാഹകർ) രാജദൂതന്മാരോ, കച്ചവടക്കാരോ, തോമ്മാശ്ലീഹായുടെ ശിഷ്യന്മാരോ ആയിരുന്നു. മലയാറ്റൂരിൽ കുറെപ്പേരെ മാമ്മോദീസാ മുക്കിയതല്ലാതെ സ്ലീവായും ആരാധനമുറയും ആലയവും ഒന്നും സ്ഥാപിച്ചില്ല. അതുകൊണ്ട് അത് "അരപ്പള്ളി" എന്നറിയപ്പെട്ടു. ബാക്കി ഏഴു പള്ളി (=സഭ)കൾക്കും ഇവയൊക്കെ ഉണ്ടായിരുന്നു; അവിടെയൊക്കെ തോമ്മാശ്ലീഹാ ചുരുങ്ങിയത് രണ്ടുപ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്; ഓരോ തവണയും ഒരു വർഷമെങ്കിലും പ്രവർത്തിച്ചിട്ടുമുണ്ട്.

മലയാറ്റൂരിൽനിന്നു നടന്ന് പാലൂർഗ്രാമത്തിലെത്തി; തുടർന്ന് മാല്യംകരവഴി കോട്ടേക്കായൽ, കോക്കമംഗലം, കൊല്ലം എന്നീ ഗ്രാമങ്ങളിൽ ഓരോ വർഷം വീതം തങ്ങി. ദേവാലയവും ആചാര്യന്മാരും ഇതര നടപടികളും കാലക്രമേണ ഉണ്ടാക്കണമെന്നു തോമ്മാശ്ലീഹാ കല്പിച്ചു.

"അവസാനത്തിൽ മുറപോലവർമേൽ/റൂഹാവരവും താൻ നൽകി"

ഈ രണ്ടു വരികൾ സഭാചരിത്രകാരന്മാർ തെറ്റിദ്ധരിച്ചു വ്യാഖ്യാനിച്ചിട്ടുണ്ട്. എന്താണീ റൂഹാവരം? ഫാ. മുണ്ടാടന്റെ അഭിപ്രായത്തിൽ അതു സ്ഥൈര്യലേപനമാണ്! താൻ സ്ഥാപിച്ച ഏഴുപള്ളികളും മെത്രാന്മാരെ നിയമിച്ചതാണ് റൂഹാവരം. A.D. 392-നു ശേഷം ആണ് സുറിയാനിസഭയിൽ സ്ഥൈര്യലേപനം കടന്നുവന്നത്; അതു കേരളത്തിൽ ഏതുകാലത്തു വന്നെത്തിയെന്നതു പഠനാർഹമാണ്. നിരണത്ത് എത്തിയ തോമ്മാശ്ലീഹാ ആ നാട്ടുകാരായ നസ്രാണികളുടെ സുകൃതം കണ്ടു സന്തോഷിച്ചു; അങ്ങനെ പഴയ സങ്കടം മാറി. അവിടെ റൂഹാവരവും "ചെമ്മോർത്തുകളും" നൽകി. ചെമ്മോർത്തുകൾ സദുപദേശങ്ങളോ തിരുലിഖിതങ്ങളോ ആകാം. നിരണത്തുനിന്നു തോമ്മായെന്ന ആചാര്യനെയുംകൂട്ടി ചായൽ മലയിൽ ഒരു വർഷം പാർത്ത് ആലയം, ആചാര്യൻ, നടപടി മര്യാദകൾ എന്നിവ സ്ഥാപിച്ചു.

"കടശിയിൽ റൂഹാദ്ക്കുദ്ശായുടെ/വരവും അവരിൽ താൻ നൽകി".

"അവസാനത്തിൽ", "കടശിയിൽ" എന്നൊക്കെ പ്രയോഗിച്ചിരിക്കുന്നത് മനഃപൂർവ്വമാണ്. ഓരോ സ്ഥലത്തും മെത്രാൻസ്ഥാനം സ്ഥാപിച്ചത്

www.malankaralibrary.com

തോമ്മാശ്ലീഹാ അന്തിമമായി ചേരരാജ്യം വിടുന്നതിനുമുമ്പാണെന്നു സാരം. ചായൽസഭയിൽനിന്ന് തോമ്മാശ്ലീഹാ വിടവാങ്ങുന്നത് പൗലോസ് ശ്ലീഹായുടെ അന്തിമവിടവാങ്ങൽപോലെ ദുഃഖപൂരിതമാണ്. സുവിശേഷങ്ങൾ, ശ്ലീഹന്മാരുടെ നടപടി, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ, അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ എന്നിവയുമായി റമ്പാൻപാട്ടിന്റെ വിവരണത്തിലുള്ള സാദൃശ്യങ്ങൾ പഠനവിധേയമാകണം.

കടശിയിലുള്ളൊരു യാത്രവിവരവു/മവരോടെ താൻ വെളിവാക്കി
തന്നോടെപ്പോഴും പിരിയാത്തൊ/രൊന്നാംശിഷ്യൻ കേപ്പായെ
തന്നുടെയങ്കി ധരിപ്പിച്ചിട്ട/ങ്ങയളുടെ തലമേൽ കൈവച്ചു
തന്നുടെ വിശ്വാസികളുടെ ഭരണം/ആയാളെ താനേൽപ്പിച്ചതിനാൽ
തന്നേപ്പോലവർ കൈക്കൊൾവാനും/വിരവോടെ താൻ കല്പിച്ചു.

തിരുവഞ്ചിക്കുളത്തെ രാജാവിന്റെ മരുമകനായിരുന്നു ഈ കേപ്പാ; തോമ്മാശ്ലീഹാ A.D. 50-ൽ മാല്യാങ്കരെ വന്ന് 8 ദിവസം താമസിച്ചപ്പോൾ മാമ്മോദീസാ മുക്കിയ അപൂർവ്വം പേരിലൊരാൾ. അദ്ദേഹം തോമ്മാശ്ലീഹായെ A.D. 51-ൽ ചോളരാജ്യത്തുപോയി കൊണ്ടുവന്നു; പ്രേഷിതയാത്രകളിൽ "എപ്പോഴും പിരിയാതെ" അനുയാത്ര ചെയ്ത് ദ്വിഭാഷിയായി വർത്തിച്ചു. ഈശോ ശെമയോൻ കേപ്പായെ നിയമിച്ചതുപോലെ തോമ്മാശ്ലീഹാ തിരുവഞ്ചിക്കുളത്തരചന്റെ മരുമകനായ കേപ്പായെ സഭാഭരണം ഏല്പിച്ചു. ഏലിയായുടെ മേലങ്കി ഏലീശായ്ക്കു ലഭിച്ചതുപോലെ തോമ്മാശ്ലീഹായുടെ മേലങ്കി കേപ്പായ്ക്കു കിട്ടി. പ്രത്യേകം ഒരു കൈവയ്പും കല്പനയും വഴി ഇക്കാര്യം ഉറപ്പിച്ചു. നിരണത്തെ മാളിയേക്കൽ തോമ്മായുടെ കാര്യമാണ് തുടർന്നു വിവരിക്കുന്നത്. എല്ലാതലമുറയിലും ഇടമുറിയാതെ വൈദികപിന്തുടർച്ച അദ്ദേഹത്തിനുണ്ടാകും. "പല പല ചെമ്മോർത്തുകളും റമ്പാൻ സ്ഥാനവും (പിൽക്കാലത്ത്) കൊടുത്തു.

"മാർത്തോമ്മാ കേരളരാജ്യത്തിൽ/ഏവൻഗേലിയോനറിയിച്ചെ-
ന്നോർത്തറിവിന്നായ പുസ്തകവും/ആ തോമ്മായെ ഏല്പിച്ചു."

അതിപ്രധാനമായ ചരിത്രാംശം ഈ ഭാഗത്തു നാം കണ്ടെത്തുന്നു. തോമ്മാ റമ്പാനു ലഭിച്ച പുസ്തകം എന്താണ്? പഴയനിയമച്ചുരുളുകളോ, തോമ്മാശ്ലീഹായുടെ പ്രസംഗപരമ്പരയുടെ രത്നച്ചുരുക്കമായി കുറിച്ച സുവിശേഷമോ, തന്റെ പ്രേഷിതയാത്രകളെപ്പറ്റിയുള്ള "ദിനവൃത്താന്ത"മോ ആകാം. മലങ്കരസഭയുടെ ഉത്ഭവം സംബന്ധിച്ച ഈ ചരിത്രരേഖയുടെ പരമ്പരാഗതമായ വാമൊഴിയെ ആധാരമാക്കിയാണ് "യൂദാതോമ്മായുടെ നടപടികൾ" എദേസായിൽവച്ച് എ.ഡി. 180നും 235നും ഇടയ്ക്ക് (?) എഴുതപ്പെട്ടതെന്നു കരുതുന്നു. നൂറ്റാണ്ടുകളായി ആ "പുസ്തകം" മാളിയേക്കൽ തറവാടിന്റെ അമൂല്യസ്വത്തായി രഹസ്യമായി സൂക്ഷിച്ചുപോന്നു. ഏതോ കാലത്തു തറവാടിന്റെ അറപ്പുരയും മച്ചും പണിതപ്പോൾ

www.malankaralibrary.com

അതു പലകകൾക്കിടയിൽ ഭദ്രമായി ചേർത്തുവെച്ചു പണിതു. പ്രസ്തുത തറവാട് നൂറ്റാണ്ടുകളായി നിലനിന്നുപോന്നു. പക്ഷേ ഇതെപ്പറ്റിയുള്ള ഓർമ്മയല്ലാതെ മറ്റൊന്നും ഇളംതലമുറകൾക്ക് അറിവില്ലായിരുന്നു. ഇതൊരു പാരമ്പര്യമായി കൈമാറപ്പെട്ടുപോന്നു. തറവാടും പുസ്തകവും നൂറ്റാണ്ടുകൾക്കു മുമ്പ് ചിതലരിച്ച ഓർമ്മകളായി മാറി ചിതലരിച്ച ഓർമ്മകൾക്കിടയിലും "തോമ്മാശ്ലീഹായുടെ തുകൽപ്പുസ്തകം" മനസ്സിൽ മായാതെകിടന്നു. അതിൽനിന്നാണ് തോമ്മാറമ്പാൻ 48-ാമൻ 1601-ൽ റമ്പാൻപാട്ട് വിരിവുകൾ മാറ്റി എളിയവർക്കായി എഴുതിയുണ്ടാക്കിയത്. പറഞ്ഞുകേട്ടിരുന്ന പാരമ്പര്യത്തിൽ നിന്നാണ് അദ്ദേഹം പാട്ടുകെട്ടിയത്. ഓലയിൽ എഴുതിയിരുന്ന "അറവൻ" എന്ന രേഖയെപ്പറ്റി അദ്ദേഹത്തിനു കൂടുതൽ അറിയാമായിരുന്നു. അറവനെ ആധാരമാക്കിയാണ് റമ്പാൻ പാട്ടിന്റെ പൂർവ്വരൂപം രചിക്കപ്പെട്ടത്. അറവൻ മാളിയേക്കൽ തറവാട്ടിലെ ഏതോ ഒരു തോമ്മാറമ്പാൻ രചിച്ചതാണ്. "തോമ്മാശ്ലീഹായുടെ ദിനവൃത്താന്ത"ത്തെ ആധാരമാക്കിയാണ് അറവൻ രൂപംകൊണ്ടത്. മിക്കവാറും ഉദയമ്പേരൂർ സൂനഹദോസിനു തൊട്ടുമുമ്പോ പിമ്പോ ആകാം ആ രേഖ നശിച്ചത്. ഗുണ്ടർട്ടിന്റെ നിഘണ്ടു വിരചിതമായ കാലത്ത് ഗ്രാമീണ നസ്രാണികൾക്കിടയിൽ ആർക്കോ അറവനെപ്പറ്റി അറിയാമായിരുന്നു. സുറിയാനി കൈയെഴുത്തുപ്രതികളിൽ അപൂർവ്വത്തിൽ അപൂർവ്വം എന്നു വിശേഷിപ്പിക്കാവുന്ന ഓലക്കരണമായിരുന്നു അറവൻ. ഓലയിൽ സുറിയാനി എഴുതിയിരുന്നതു കേരളത്തിലാണ്.

''യൂദാതോമ്മായുടെ നടപടികളിൽ'' കാണുന്നതിൽ നിന്നു വ്യത്യസ്തമാണ് തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വം. അതേപ്പറ്റി റമ്പാൻപാട്ടിന്റെ വിവരണമാണ് കൂടുതൽ സ്വീകാര്യമെന്നു പറഞ്ഞുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം.

തോമ്മാശ്ലീഹാ കേരളത്തിൽ സഞ്ചരിച്ച സ്ഥലങ്ങൾ, സ്ഥാപിച്ച ഏഴരപ്പള്ളികൾ എന്നിവ ചേരചോളപാണ്ഡ്യനാടുകൾ തമ്മിൽ കരവഴിയും കടൽവഴിയും ആറുകൾ വഴിയും സന്ധിച്ചിരുന്നിടങ്ങളിലാണ്. കടൽ വഴിയുള്ള യാത്ര തീരപ്രദേശത്തു കൂടി മാത്രമായിരുന്നില്ല. ഇടയ്ക്കിടെ തുറമുഖപട്ടണങ്ങൾ സ്ഥിതി ചെയ്തിരുന്ന നദീമുഖം കടന്ന് ആറുകൾവഴി ഉൾപ്രദേശങ്ങളിലേക്കു നീണ്ടുകിടക്കുന്നതായിരുന്നു തോമ്മാശ്ലീഹായുടെ കാലത്തെ കപ്പൽയാത്രകൾ. മലവഴി, പാണ്ടിവഴി എന്നൊക്കെ അറിയപ്പെട്ടിരുന്ന മലമ്പാതയും ജലപാതയും മീനച്ചിലാറ്റിൽ കൂട്ടിമുട്ടിയിരുന്നു. പ്രസ്തുത "മലവഴി"യിലൂടെ തോമ്മാ ശ്ലീഹാ കടന്നുവന്നതായി റമ്പാൻ പാട്ടിൽ നിന്നു ഗ്രഹിക്കാം. പൂഞ്ഞാർമലനിരകൾ വഴി മീനച്ചിലാറ്റിലേക്കും മൂന്നാർ മലയാറ്റൂർ വഴി പെരിയാറ്റിലേക്കും ചായൽ നിരണം വഴി കടലിലേക്കും നീണ്ടുകിടന്ന ചേരപാണ്ഡ്യരാജ്യങ്ങളെ കോർത്തിണക്കുന്ന രാജപാതകൾ തോമ്മാശ്ലീഹാ ഉപയോഗിച്ചിട്ടുണ്ട്. പൂഞ്ഞാർ, അരുവിത്തുറ,

www.malankaralibrary.com

ചായൽ എന്നിവിടങ്ങളിൽ ഭൂഗർഭവേഷണം നടത്തിയാൽ പഴയ പാതയുടെ അവശിഷ്ടങ്ങൾ കാണാം. പാണ്ടിയിൽ നിന്ന് അടുത്തകാലംവരെ പുകയില ചുമന്നുകൊണ്ടുവന്നിരുന്ന ഈ പാതയുടെ ഭാഗങ്ങൾ "കുരിശുമല ആശ്രമ" പരിസരത്ത് ഇന്നുമുണ്ട്. കര വഴി തീരുന്നതോടെ മീനച്ചിലാറ്റിലൂടെ യാത്ര തുടർന്നിരുന്നു. വേനൽക്കാലത്ത് മണൽ വകഞ്ഞുമാറ്റി ആറ്റുചാൽ തെളിച്ചും ആഴംകൂട്ടിയും വെള്ളം പരന്നൊഴുകാതെ ഒറ്റ ചാലിലൂടെ വെള്ളം ഒഴുക്കിയാണ് ഈ പാത സംരക്ഷിച്ചിരുന്നത്. തോമ്മാശ്ലീഹാ ചെരുപ്പുവച്ച "ചെരുപ്പിങ്കൽ" ആണ് ചേർപ്പുങ്കൽ ആയതെന്ന അവകാശവാദം വെറുതെ ഉണ്ടായതല്ല. മീനച്ചിലാറിന്റെ തീരപ്രദേശങ്ങളിൽ മാർത്തോമ്മാ നസ്രാണികൾ 1-ാം നൂറ്റാണ്ടു മുതൽ പാർത്തുപോരികയോ കച്ചവട സംബന്ധമായി യാത്രകൾ നടത്തുകയോ ചെയ്തിട്ടുണ്ട്. അരുവിത്തുറ മുതൽ ചേർപ്പുങ്കൽ വഴി മീനച്ചിലാറിന്റെ ആറ്റുചാലിലൂടെയായിരുന്നു ഈ യാത്രകൾ. അതിരമ്പുഴക്കടവ്, കുറുപ്പുന്തറക്കടവ്, കടുത്തുരുത്തിക്കടവ് എന്നിവിടങ്ങളിൽ ഈ പാത കരവഴിയും കടൽവഴിയും സന്ധിച്ചിരുന്നു. അരുവിത്തുറ, കുറവിലങ്ങാട്, കടുത്തുരുത്തി തുടങ്ങിയ പുരാതന കച്ചവട കേന്ദ്രങ്ങൾ പാലാ രൂപതയിലാണല്ലോ. ആ മൂന്നുസ്ഥലങ്ങളിലും ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാംപകുതി മുതൽ മാർത്തോമ്മാ നസ്രാണികൾ പാർത്തു പോന്നു. അവിടങ്ങളിൽ കാലചക്രമേണ ദൈവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അവരുടെ പിൻമുറക്കാരും പാലയൂർ, കൊടുങ്ങല്ലൂർ, ചായൽ, നിരണം, മൈലാപ്പൂർ എന്നിവിടങ്ങളിൽ നിന്നു വന്ന കുടിയേറ്റക്കാരായ മാർത്തോമ്മാ നസ്രാണികളുടെ പിൻതലമുറക്കാരും കൂടിക്കലർന്ന് ആ സമൂഹം കോതനല്ലൂർ, കടപ്ലാമറ്റം, ആനക്കല്ല്, പാലാ, ചേർപ്പുങ്കൽ, മുളക്കുളം, മുട്ടുചിറ, രാമപുരം, ഇലഞ്ഞി എന്നിവടങ്ങളിൽ നൂറ്റാണ്ടുകൾക്കു മുമ്പ് പള്ളികൾ സ്ഥാപിച്ചു. മീനച്ചിലാറിന്റെ മലയോരങ്ങളും തീര പ്രദേശങ്ങളും മാർത്തോമ്മാ നസ്രാണികളുടെ കോട്ടകളായിത്തീർന്നു.

www.malankaralibrary.com

# 2. മാർത്തോമ്മാ നസ്രാണികൾ

ഇന്ത്യയിലെ ക്രിസ്ത്യാനികൾ അടുത്തകാലം വരെ അറിയപ്പെട്ടിരുന്നത് മാർത്തോമ്മാ നസ്രാണികൾ എന്നായിരുന്നു. യഹൂദന്മാരിൽനിന്നു മാനസാന്തരപ്പെട്ടവരും യഹൂദസമ്പർക്കവും യഹൂദപാരമ്പര്യങ്ങളും സ്വാധീനിച്ചവരുമായ ക്രൈസ്തവർ പലസ്തീനാ, സിറിയ, തുർക്കി, ഇറാക്ക്, ഇറാൻ എന്നി പ്രദേശങ്ങളിൽ ആദിമനൂറ്റാണ്ടുകളിൽ നസ്രാണികൾ എന്നറിയപ്പെട്ടു പോന്നു. അതേ ശൈലിയിലാകണം ഇന്ത്യയിലും പ്രസ്തുത നാമം ഉപയോഗിക്കപ്പെട്ടത്. ഫിനീഷ്യൻ കച്ചവടക്കാർ തമിഴകവുമായി 3000-ലധികം വർഷം മുമ്പുമുതൽ വാണിജ്യബന്ധം പുലർത്തിയിരുന്നു. ശ്ലോമോൻ രാജാവിന്റെ കാലം മുതൽ യഹൂദന്മാരും ഫിനീഷ്യരും ചേർന്ന് ഈ കച്ചവടബന്ധത്തെ വളർത്തി. പേർഷ്യാ, വടക്കുപടിഞ്ഞാറൻ ഇന്ത്യാ, ദക്ഷിണേന്ത്യ എന്നീ പ്രദേശങ്ങളിൽ യഹൂദന്മാർ കച്ചവടക്കോളനികൾ സ്ഥാപിച്ചു തുടങ്ങിയത് ബി.സി. 1000-ത്തിനും ശേഷവും ബി.സി. 300-ന് പിൻപുമാണ്. എ.ഡി. 180-നും 235-നും ഇടയിൽ സുറിയാനിയിൽ വിരചിതമായ യൂദാതോമ്മായുടെ നടപടികൾ എന്ന ഗ്രന്ഥത്തിൽ തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നിറങ്ങിയ പട്ടണത്തിൽ നടക്കുന്ന രാജകീയ വിവാഹവിരുന്നിൽ ഫ്ളൂട്ടുവായിച്ചും പാട്ടുപാടിയും നൃത്തമാടിയും അതിഥികളെ സന്തോഷിപ്പിക്കുന്ന ഒരു യഹൂദപ്പെൺകുട്ടിയുടെ കഥയുണ്ട്. അറമായ (=സുറിയാനി) ഭാഷ സംസാരിക്കുന്ന അവൾ തോമ്മാശ്ലീഹ (അറമായ) ഭാഷയിൽ പറഞ്ഞകാര്യങ്ങൾ കേട്ടു മാനസാന്തരപ്പെടുന്നു.

"രാജ്യത്തിങ്കൽ വന്നുവസിക്കും/-നാല്പതുയൂദജനങ്ങളുമായ്
ഒന്നരവർഷങ്ങൾക്കുള്ളിടയിൽ/മാമ്മോദീസാ കൈക്കൊണ്ടു" എന്ന് 1601-ൽ പുനർരചിക്കപ്പെട്ട "റമ്പാൻപാട്ടി"ൽ നാം വായിക്കുന്നു. റമ്പാൻ പാട്ടിന്റെ പൂർവ്വരൂപം ഗദ്യത്തിലായിരുന്നു. അതു പലതവണ മാറ്റിയെഴുതപ്പെട്ടിട്ടുണ്ട്. അതിന്റെ ആദിമഗദ്യരൂപം നിരണത്ത് മാളിയേക്കൽ തോമ്മാ (റമ്പാൻ) രണ്ടാമന്റേതായിരിക്കണം. തോമ്മാശ്ലീഹായിൽനിന്ന് മാമ്മോദീസാ സ്വീകരിച്ചയാളുടെ അനന്തര തലമുറക്കാരനാണിദ്ദേഹം. "മിശിഹാക്കാലം അമ്പതു ധനുവം രാശിയതിൽ'' എട്ടുദിവസം കൊണ്ട് മാല്യങ്കര (തിരുവഞ്ചിക്കുളത്തിന്റെ മറുകര)യിൽ തോമ്മാശ്ലീഹാ "മാർഗ്ഗം" (ആദിമ നസ്രാണി സമൂഹം) സ്ഥാപിച്ചതായി റമ്പാൻപാട്ടു പറയുന്നു. തോമ്മാശ്ലീഹാ മാല്യങ്കരയിൽ വന്നിറങ്ങിയത്. എ.ഡി. 50-ലും, നാല്പതു യഹൂദന്മാരുടെയും വലിയൊരു കൂട്ടത്തിന്റെ മാനസാന്തരവും എ.ഡി. 52-ലും ആയിരുന്നു. എ.ഡി. 50-ൽ സ്ഥാപിച്ച "മാർഗ്ഗം" എ.ഡി. 52-ൽ ഒരു സമൂഹമായി വളർന്നതോടെ അറിയപ്പെട്ടു തുടങ്ങി. മാല്യങ്കര (കൊടുങ്ങല്ലൂർ), കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ), പാലയൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ചായിരുന്നു മാർത്തോമ്മാ

www.malankaralibrary.com

നസ്രാണികളുടെ സഭ വളർന്നുവന്നത്. മലയാറ്റൂർ മാല്യങ്കരയെ ആശ്രയിച്ചുനിന്ന ഒരു ക്രൈസ്തവ സമൂഹമായിരുന്നു. കടുത്തുരുത്തി, കുറവിലങ്ങാട്, ചേർപ്പുങ്കൽ, അരുവിത്തുറ എന്നീ സ്ഥലങ്ങളിലേക്ക് പാലയൂർ, മാല്യങ്കര, പറവൂർ, നിരണം എന്നിവിടങ്ങളിൽനിന്ന് നസ്രാണികൾ കുടിയേറിപ്പാർത്തു.

ഒരിജൻ (C-185-25), കേസറിയായിലെ എവുസേബിയോസ് (C-260). അകിലേയിയായിലെ റുഫീനോസ് (C-345-411), സൊക്രാത്തെസ് (C-380-450), പ്സ്യുഡോ-ക്ലെമന്റയിൻ (3-ാം നൂറ്റാണ്ട്) എന്നീ ഗ്രന്ഥകാരന്മാരും അവരുടെ കൃതികളും തോമ്മാശ്ലീഹാ പാർത്തിയാ (ഇറാൻ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, വടക്കുപടിഞ്ഞാറൻ ഇന്ത്യ)യിൽ സുവിശേഷം പ്രസംഗിച്ചു എന്നാണ് പറയുക. തെക്കേ ഇന്ത്യയിൽ വരുന്നതിനും മുമ്പ് ഏതേതു പ്രദേശങ്ങളിൽ തോമ്മാശ്ലീഹാ സുവിശേഷം പ്രസംഗിച്ചു എന്നേ വിവക്ഷയുള്ളൂ. അന്നത്തെ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങൾ ഉൾപ്പെടുന്നതായിരുന്നു പാർത്തിയാ.

എ.ഡി. 180-നും 235-നും ഇടയിൽ എഴുതപ്പെട്ട "യൂദാതോമ്മായുടെ നടപടികൾ" സുപ്രധാനമായ ചരിത്രാംശങ്ങൾ കഥാരൂപത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗുണ്ടഫർ രാജാവിന് കൊട്ടാരം പണിയാൻ യഹൂദകച്ചവടക്കാരനായ ഹാബാൻ അഥവാ ഹബ്ബാൻ വഴികാട്ടിയെന്നോണം തോമ്മാശ്ലീഹായെ ഇന്ത്യയിലെത്തിച്ചു. ഗുണ്ടഫർ എന്നൊരു രാജാവിന്റെ ചരിത്രപരമായ അസ്തിത്വത്തെ ചോദ്യം ചെയ്തിരുന്ന ചരിത്രകാരന്മാർക്ക് ഇന്ന് ഉത്തരമില്ല. ഈ രാജാവിനെപ്പറ്റി അറിയപ്പെടുന്ന ഒരേ ഒരു രേഖ ഈ നടപടി ഗ്രന്ഥമായിരുന്നു. അതു വെറും കെട്ടുകഥയാണ്. അങ്ങനെയൊരു രാജ്യമോ രാജാവോ ഇല്ല എന്നുവാദിച്ചുപോന്ന ചരിത്രകാരന്മാരെ അത്ഭുതപ്പെടുത്തിക്കൊണ്ട് 19-ാം നൂറ്റാണ്ടിൽ വടക്കുപടിഞ്ഞാറൻ ഇന്ത്യ (ഇന്നത്തെ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ)യിൽ നിന്ന് ഗുണ്ടഫർ, ഗാദ് എന്നീ രാജാക്കന്മാരുടെ നാണയങ്ങൾ കണ്ടെടുത്തു. ഈ രണ്ടു രാജാക്കന്മാരും അതുവരെ തോമ്മാശ്ലീഹായുടെ നടപടികളിൽ നിന്നു മാത്രമേ അറിയപ്പെട്ടിരുന്നുള്ളൂ. വടക്കുപടിഞ്ഞാറൻ ഇന്ത്യയിലെങ്കിലും തോമ്മാശ്ലീഹാ സുവിശേഷം പ്രസംഗിച്ച് സഭ സ്ഥാപിച്ചിട്ടുണ്ടെന്ന് സംശയലേശമെന്യേ പണ്ഡിതന്മാർക്ക് ബോധ്യമായി. ഗുണ്ടഫർ രാജാവും ചോളരാജാവായ കണ്ടപ്പരും ഒന്നാണെന്ന് വാദിക്കുന്ന പണ്ഡിതരും ഇല്ലാതില്ല. "യൂദാതോമ്മായുടെ നടപടികളി"ൽ കാണുന്ന കഥാപാത്രങ്ങൾ വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നിന്നുള്ളവരും അവയിലെ കഥാംശങ്ങൾ തെക്കേ ഇന്ത്യയിൽനിന്നുള്ളതും ആണെന്ന് വാദിക്കുന്നവരാണ് മറ്റുചിലർ. ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളിൽ എ.ഡി. 50 മുതൽ എ.ഡി. 72 വരെ തോമ്മാശ്ലീഹാ പ്രസംഗിച്ചുവെന്ന് ആണ് മാർത്തോമ്മാനസ്രാണികളുടെ പാരമ്പര്യവും പഴയകഥകളും പുരാതനപാട്ടുകളും പറയുന്നത്.

www.malankaralibrary.com

മൈലാപ്പൂരിൽ തോമ്മാശ്ലീഹായുടേതായി അറിയപ്പെടുന്ന കല്ലറ 1-ാം നൂറ്റാണ്ടിൽ ഉപയോഗത്തിലിരുന്ന റോമൻ ഇഷ്ടികകൾ കൊണ്ടു നിർമ്മിച്ചതാണ് എന്ന് ഭൂഗർഭഗവേഷകർ തെളിയിച്ചിട്ടുണ്ട്. പോണ്ടിച്ചേരിയിലെ "അരിക്കമേട്" എന്ന സ്ഥലത്തെ 1-ാം നൂറ്റാണ്ടിലെ റോമൻ ഇഷ്ടിക നിർമ്മാണ ഫാക്ടറിയിൽ നിന്നാവണം അവ കൊണ്ടുവന്നത്. ദക്ഷിണേന്ത്യയിൽ ഏകദേശം 60 സ്ഥലങ്ങളിൽനിന്ന് പുരാതന റോമൻ സാമ്രാജ്യത്തിന്റെ പൊൻ വെള്ളിനാണയങ്ങളുടെ വലിയ ശേഖരം കിട്ടിയിട്ടുണ്ട് എന്ന വസ്തുത സുപ്രധാനമാണ്. പുരാതന ദ്രാവിഡദേശത്തിന്റെ പശ്ചിമേഷ്യൻ നാടുകളുമായുണ്ടായിരുന്ന വാണിജ്യബന്ധത്തിന്റെ നഷ്ടപ്പെടാത്ത തെളിവുകളായി അവ ഇടയ്ക്കിടെ ദക്ഷിണേന്ത്യയിൽ പലയിടത്തും ഇന്നും കണ്ടെത്തുന്നു. തോമ്മാശ്ലീഹായുമായി ബന്ധപ്പെട്ട വടക്കൻപറവൂർ, പാലയൂർ, മാല്യങ്കര തുടങ്ങിയ സ്ഥലങ്ങൾക്കടുത്തുനിന്ന് അത്തരം നാണയ ശേഖരങ്ങൾ കിട്ടിയിട്ടുള്ളത് ശ്രദ്ധാർഹമാണ്. പുരാതന കച്ചവട കേന്ദ്രങ്ങളിലും തുറമുഖ പട്ടണങ്ങളിലുമാണ് മാർത്തോമ്മാ നസ്രാണി സമൂഹങ്ങൾ രൂപം കൊണ്ടതും വളർച്ച പ്രാപിച്ചതും. കച്ചവടം, കൃഷി, സൈന്യസേവനം, വൈദ്യം എന്നിങ്ങനെ നാലു പ്രധാന തൊഴിലുകളാണ്. പോർച്ചുഗീസുകാരുടെ ആഗമനം വരെ മാർത്തോമ്മാ നസ്രാണികൾ ചെയ്തുപോന്നത്.

മാർ അപ്രേം (C 306-373), നസിയാൻസിലെ ഗ്രിഗോറിയോസ് (C 329 - C 390), അംബ്രോസ് (+397), ഗൗദെൻസിയൂസ് (4-5 നൂറ്റാണ്ട്) ജെറോം (C 345-420), നോളായിലെ പൗളിനോസ് (+431) എന്നീ സഭാപിതാക്കന്മാർ തോമ്മാശ്ലീഹാ ഇന്ത്യയിൽ സുവിശേഷസന്ദേശം എത്തിച്ചതിനെ പിന്താങ്ങുന്നവരാണ്. സ്രോഗിലെ യാക്കോബ് (+521) സുറിയാനിയിൽ സുദീർഘമായ പ്രസംഗപരമ്പര തന്നെ നടത്തിയിട്ടുണ്ട്. തോമ്മാശ്ലീഹാ ഇന്ത്യയിൽ വരുന്നതിന്റെ പശ്ചാത്തലത്തെപ്പറ്റി. ഇന്ത്യയിലേക്കു പോകുവാൻ കുറിവീണ തോമ്മാശ്ലീഹാ മറ്റു ശ്ലീഹന്മാരുമായി തർക്കത്തിലേർപ്പെട്ടു. പത്രോസും കൂട്ടരും തോമ്മായെ നിർബന്ധിച്ചെങ്കിലും അവസാനം ഈശോ തന്നെ നേരിട്ടുകാണപ്പെട്ട് തോമ്മാശ്ലീഹായെ അടിമയെപ്പോലെ ഇന്ത്യയ്ക്ക് അയയ്ക്കുന്നതാണ് കഥ. "യൂദാ തോമ്മായുടെ നടപടികളി"ൽ നിന്നുള്ള സ്വാധീനം വ്യക്തമാണ്. അതിലും തോമ്മാശ്ലീഹായുടെ എതിർപ്പും കർത്താവ് അടിമയായി തോമ്മായെ ഭാരതത്തിലേക്ക് അയയ്ക്കുന്നതും ആദ്യഭാഗത്ത് വിവരിക്കുന്നുണ്ട്.

എദേസായിൽവച്ച് എ.ഡി. 250 നോടടുത്ത് എഴുതപ്പെട്ട സുറിയാനി രേഖയാണ് "ശ്ലീഹന്മാരുടെ പ്രബോധനം". അതിൽ ഇപ്രകാരം കാണുന്നു "ഇന്ത്യയിലും അതിലെ എല്ലാ രാജ്യങ്ങളും, അതിന്റെ അതിർത്തിയിലുള്ള രാജ്യങ്ങളും, വിദൂരസ്ഥമായ കടൽവരെയും ശ്ലീഹന്മാരുടെ പൗരോഹിത്യം കൈവയ്പ് യൂദാതോമ്മായിൽനിന്ന് സ്വീകരിച്ചു; അദ്ദേഹമായിരുന്നു താൻ

www.malankaralibrary.com

അവിടെ സ്ഥാപിച്ച് ശുശ്രൂഷ ചെയ്ത സഭയുടെ നായകനും ഭരണ കർത്താവും," "യൂദാ തോമ്മാ ഇന്ത്യയിൽ നിന്ന്" അയച്ച കത്തിനെപ്പറ്റി ആ കൃതിയിൽ പറയുന്നുണ്ട്.

തോമ്മാശ്ലീഹായുടെ അസ്ഥികൾ എദേസായിൽ എത്തിച്ചേർന്നത് ഇന്ത്യയിൽ നിന്നാണ്. ഇതേപ്പറ്റി മാർ അപ്രേം 364 നും 373 നും ഇടയിൽ എഴുതിയ നിസിബിയൻ ഗാനത്തിൽ നാം കാണുന്നു: "പിശാച് അലമുറയിട്ടു: 'ഇനിയിപ്പോൾ നീതിമാനിൽ നിന്ന് ഓടിയൊളിക്കാൻ എനിക്കിടം എവിടെക്കിട്ടും? ഞാൻ മരണത്തെ തട്ടിയുണർത്തി ശ്ലീഹന്മാരെ കൊല്ലിച്ചു; അവരുടെ അടികളിൽനിന്ന് രക്ഷപെടാമെന്ന വ്യാമോഹത്താൽ, എന്നാലിപ്പോൾ അവരുടെ മരണം വഴി ഞാൻ അത്യധികം ക്രൂരമായി അടിയേറ്റു തളരുന്നു. എന്റെ മുമ്പിൽ ഞാൻ ഇന്ത്യയിൽ വച്ചുകൊന്ന ശ്ലീഹാ എനിക്കു മുമ്പേ ഇതാ എദേസായിൽ! അവൻ ഇവിടെയും അവിടെയും പൂർണ്ണമായി ഉണ്ട്! ഞാൻ അവിടെച്ചെന്നു; അവനവിടെ ഉണ്ടായിരുന്നു. ഇവിടെയും അവിടെയും ഞാനവനെ കണ്ടു ദുഃഖിക്കുന്നു."

"വിശുദ്ധമായ അസ്ഥികളിൽ വസിക്കുന്ന ശക്തി
വാഴ്ത്തപ്പെട്ടതുതന്നെ!"

"തെരഞ്ഞെടുക്കപ്പെട്ട മൂശെ നേട്ടംകിട്ടാൻ വേണ്ടി (യൗസേപ്പിന്റെ) അസ്ഥികൾ വിശ്വാസത്തോടെ കൊണ്ടുപോന്നു. അസ്ഥികളിൽനിന്ന് ഉപകാരം ഉണ്ടാകുമെന്ന് ഒരുമഹാപ്രവാചകൻ വിശ്വസിച്ചെങ്കിൽ കച്ചവടക്കാരൻ വിശ്വസിച്ചത് കൂടുതൽ നന്നായി..... അവന്റെ നിധിപ്പുര സാത്താനെ വളരെ ദരിദ്രനാക്കി. തന്റെ കച്ചവടശാല അവൻ എദേസായിൽ തുറന്ന് മഹാനഗരത്തെ ഉപകാരം കൊണ്ടു സമ്പന്നമാക്കി."

"വിശുദ്ധമായ അസ്ഥികളിൽ വസിക്കുന്ന ശക്തി
വാഴ്ത്തപ്പെട്ടതാകുന്നു."

നാലാം നൂറ്റാണ്ടിൽ എദേസായിൽ മാർതോമ്മാശ്ലീഹായുടെ അസ്ഥികൾ സൂക്ഷിച്ചിരുന്ന സ്ഥലം സന്ദർശിച്ച എജേരിയ എന്ന തീർത്ഥാടക എഴുതുന്നു: "ഞങ്ങൾ (എദേസായിൽ) എത്തിയ പാടേ വി. തോമ്മായുടെ പള്ളിയും (തിരുശേഷിപ്പു സൂക്ഷിച്ചിരുന്ന) മർത്തീരിയവും സന്ദർശിച്ചു. അവിടെ ഞങ്ങൾ പതിവുള്ള പ്രാർത്ഥനകൾ ചൊല്ലി; വിശുദ്ധ സ്ഥലങ്ങളിൽ ഞങ്ങൾക്കു പതിവുള്ളതെല്ലാം. വി. തോമ്മായുടെ തന്നെ ഗ്രന്ഥങ്ങളിൽനിന്നു ഞങ്ങൾ വായിക്കുകയും ചെയ്തു. പള്ളി വലുതും മനോഹരവും ഒരു പുതിയ രീതിയിൽ നിർമ്മിച്ചതുമായിരുന്നു-ദൈവത്തിന്റെ ആലയമായിരിക്കത്തക്കവിധം തന്നെ. ഈ പട്ടണത്തിൽ ഞാൻ കാണാനാഗ്രഹിച്ച ഏറെ കാര്യങ്ങളുണ്ടായിരുന്നതിനാൽ മൂന്നുദിവസം എനിക്കവിടെ താമസിക്കേണ്ടിവന്നു."

www.malankaralibrary.com

മേൽപ്പറഞ്ഞ എജേരിയ എന്ന ഭക്തസ്ത്രീ എദേസ സന്ദർശിച്ചത് എ.ഡി. 384 ഏപ്രിൽ 20 മുതൽ 22 വരെയായിരുന്നു. തോമ്മാശ്ലീഹായുടെ നടപടികൾ എന്ന ഗ്രന്ഥമായിരിക്കണം അവർ വായിച്ചെന്ന് പറയുന്നതും, പക്ഷേ തീർച്ചയില്ല. എ.ഡി. 540 നോടടുത്ത് വിരചിതമായ "ക്രോണിക്കിൾ ഓഫ് എദേസ"യിൽ കാണുന്നു: "394 ആഗസ്റ്റ് 22-ാം തീയതി അവർ മാർതോമ്മാശ്ലീഹായുടെ ശവപ്പെട്ടി അദ്ദേഹത്തിന്റെ തന്നെ വലിയപള്ളിയിൽ കൊണ്ടുവന്നു സ്ഥാപിച്ചു." പള്ളിയും തിരുശേഷിപ്പു സ്ഥാപിച്ചിരുന്ന സ്ഥലവും അതുവരെ രണ്ടിടത്തായിരുന്നു എന്ന് ഒരു സൂചനയാണിത്. 373-ന് മുമ്പ് എദേസാ പട്ടണത്തിനു വെളിയിൽ ആയിരുന്നു പ്രസ്തുത പുണ്യസ്ഥലം. തോമ്മാശ്ലീഹായുടെ നാമത്തിലുള്ള പള്ളി പട്ടണത്തിനുള്ളിലും 381-നും 384-നും ഇടയിൽ വിശുദ്ധനാടുകൾ, ഈജിപ്ത്, സിറിയ, തുർക്കി എന്നീ രാജ്യങ്ങൾ എജേരിയ സന്ദർശിച്ചു. സ്പെയിൻ അഥവാ ഫ്രാൻസ് ആയിരിക്കണം ആ സന്യാസശ്രേഷ്ഠയുടെ ജന്മദേശമെന്ന് കരുതപ്പെടുന്നു.

തോമ്മാശ്ലീഹായുടെ സുവിശേഷവേലയുമായി ബന്ധപ്പെട്ട ഒട്ടേറെ കഥകൾ ഇന്ത്യയിൽ രൂപം കൊണ്ടിരുന്നു. പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് അവയിൽ പലതും എഴുതപ്പെട്ടു. വാച്യാർത്ഥത്തിൽ വായിക്കേണ്ട ചരിത്രമല്ല അതൊക്കെ. പക്ഷേ അവയിലൊരു ചരിത്രവും ഇല്ല എന്നു വാദിച്ചു കളയരുത്. മാർത്തോമ്മാ നസ്രാണികളുടെ പിൽക്കാല ക്രൈസ്തവ സംസ്കൃതിയെപ്പറ്റി വിലപ്പെട്ട വിവരങ്ങൾ അവയിൽ കണ്ടെത്താൻ കഴിയും. മാർത്തോമ്മാ നസ്രാണികളുടെ ഏഴു പുരാതന കേന്ദ്രങ്ങളിലും ഇത്തരം കഥകൾ പ്രചരിച്ചുപോന്നു. റമ്പാൻപാട്ടിലും വീരടിയാൻപാട്ടിലും മാർഗ്ഗംകളിപ്പാട്ടിലും അത്തരം വിവരണം ഒരു പരിധിവരെ കാണുന്നു. ചോള മണ്ഡലത്തിലും ഇങ്ങനെ തോമ്മാശ്ലീഹായെപ്പറ്റി ചില കഥകൾ ഉണ്ടായിരുന്നു. ലോകത്തിന്റെ മറ്റൊരു ഭാഗത്തു നിന്നും ഇത്തരം വിവരങ്ങൾ കിട്ടുന്നില്ല. മറ്റൊരിടത്തും മാർത്തോമ്മായുടെ ശവകുടീരം കാണുന്നില്ല. "മാർത്തോമ്മാ നസ്രാണികൾ" എന്ന പേരിൽ ഇന്ത്യയിലല്ലാതെ ഒരു വ്യത്യസ്ത ജനപദവും കാണപ്പെടുന്നില്ല. ഇന്ത്യയിൽനിന്ന് തോമ്മാശ്ലീഹായെപ്പറ്റിയുള്ള കഥകൾ മദ്ധ്യേഷ്യലേക്ക് പ്രചരിപ്പിച്ചപ്പോഴാണ് "യൂദാതോമ്മായുടെ നടപടികൾ" അവയെ ആധാരമാക്കി എഴുതപ്പെട്ടത്. റമ്പാൻപാട്ടിന്റെ പൂർവ്വരൂപം ആണ് "യൂദാതോമ്മായുടെ നടപടി"കൾക്ക് പിറകിൽ ഉറവിടമായി നില കൊള്ളുന്നത്. തന്മൂലം റമ്പാൻപാട്ടിന്റെ ചില പ്രസക്തഭാഗങ്ങൾ താഴെച്ചേർക്കുന്നു.

അരുൾമാർഗ്ഗത്തിൻ ഗുരുവരനാകിന/മമനാമകനാം മാർത്തോമ്മാ
പെരുമാൾ ചോഴന്റാളായുള്ളോ/രാവാനോടു സഹിതം കൂടി
അറബിയായിൽ കപ്പൽ കേറി/മാല്യാംകരെ വന്നെത്തി യിത

www.malankaralibrary.com

അറിവിൻ പറവെൻ മിശിഹാക്കാലം/അമ്പതു ധനുവരം രാശിയതിൽ
അതിശയകൃതിയാലഷ്ടദിനം/കൊണ്ടവിടെ മാർഗ്ഗം സ്ഥാപിച്ചു
അതിനുടെ ശേഷം ധൃതഗതികൊണ്ടും/ഉടനെ മൈലാപ്പൂരെത്തി.

മൈലാപ്പൂരിൽ നാലരമാസം ചെലവഴിച്ച ശേഷം തോമ്മാശ്ലീഹാ ചൈനയ്ക്ക് പുറപ്പെട്ടുവത്രേ; അവിടെയും നാലരമാസം സുവിശേഷം പ്രസംഗിച്ച് മൈലാപ്പൂരിൽ തിരിച്ചെത്തി. ഏഴാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ക്രിസ്തുമതം ചൈനയിൽ തഴച്ചുവളരുന്നതായും പൗരസ്ത്യ സുറിയാനി സഭാംഗങ്ങൾ അവിടെ പ്രവർത്തിക്കുന്നതായും ധാരാളം തെളിവുകളുണ്ട്. ദക്ഷിണേന്ത്യയിൽനിന്ന് മാർത്തോമ്മാ നസ്രാണികളും ചൈനയിലും മറ്റും സുവിശേഷവേലയിൽ ഏർപ്പെട്ടിരുന്നുവത്രേ. തന്മൂലം മാർത്തോമ്മാശ്ലീഹ സ്ഥാപിച്ച സഭകളുടെ പിൽക്കാലപ്രവർത്തനങ്ങൾ ശ്ലീഹായുടെ പ്രവർത്തനത്തിന്റെ തുടർച്ചതന്നെ. ചൈനയും ദക്ഷിണേന്ത്യയുമായി കച്ചവടബന്ധമുണ്ടായിരുന്ന കാലത്ത് ഇതൊക്കെ എളുപ്പം സാധിച്ചിരുന്നു. മൈലാപ്പൂരിൽ തിരിച്ചെത്തിയ തോമ്മാശ്ലീഹാ ചോഴപ്പെരുമാളിൽ നിന്ന് വീണ്ടും "മുതൽ" കൈപ്പറ്റി. അതു കൊട്ടാരം പണിക്കാണെന്ന് "യൂദാ തോമ്മായുടെ നടപടികളിൽ" നാം കാണുന്നു; അതേ അഭിപ്രായം റമ്പാൻപാട്ടിൽ പിന്നാലെ വ്യക്തമാകുന്നതേയുള്ളു. പാവപ്പെട്ടവർക്കായി അതെല്ലാം ചെലവാക്കി. "മാർഗ്ഗം" അറിയിച്ച് തോമ്മാശ്ലീഹാ നടന്നു.

"ഒരു മാസത്തിനിടയിൽ തിരികെ/കേരളനാട്ടിൽ താൻ വരുവാൻ
തിരുവഞ്ചിക്കുളത്തരചൻ/മരുമകനാദേശത്തിൽ ചെന്നെത്തി.
തൃക്കാൽ മുത്തിയപേക്ഷ കഴിച്ചു/കപ്പലിൽ യാത്ര അവർ ചെയ്തു
തർക്കം കൂടാതമ്പത്തൊന്നാം/ധനുവിൽ മാല്യങ്കരെ വന്നു.
രാജകുടുംബത്തോടെ കാവ്യർ/മൂവ്വായിരമവിശ്വാസികളും
രാജ്യത്തിങ്കൽ വന്നുവസിക്കും/നാല്പതു യൂദജനങ്ങളുമായി
ഒന്നരവർഷങ്ങൾക്കുള്ളിടയിൽ/മാമ്മോദീസാ കൈക്കൊണ്ടു.
വന്ദനകൾക്കായ് സ്ഥാപിച്ചവിടെ/സ്ലീവായോടെ ആലയവും
വേദഗുരുക്കളുമാചാര്യർകളു/മാവാനായൊരു നന്മകളും
വേദരഹസ്യത്തിന്നറിവുകളും/പരസമ്മതമായ് താൻനൽകി.

രാജാവിന്റെ മരുമകൻ ഗുരുപ്പട്ടം സ്വീകരിച്ച് തോമ്മാശ്ലീഹായുടെ സന്തതസഹചാരിയായത്തീർന്നു.

കല്ലാം കേപ്പായെ കുട്ടാക്കി/ദക്ഷിണദേശേ താൻ പോയി
കൊല്ലം ഗ്രാമമതിലൊരുവർഷം/അറിയിച്ചുതാൻ മാർഗ്ഗത്തെ
ഒരായിരമൊടു നാനൂർപേരെ/മാമ്മോദീസായും മുക്കി
ആരാധനകൾക്കായൊരു സ്ലീവാ/സ്ഥാപിച്ചു താനവിടത്തിൽ
കിഴക്കുവടക്കായ് നടകൊണ്ടങ്ങനെ/തൃക്പാലേശ്വരത്തെത്തി
അഴകാലവിടെയുമൊരു വർഷത്തിട/അറിയിച്ചുതാൻ മാർഗ്ഗത്തെ
ഓരായിരമോടിരുന്നൂർപേരെ/മാമ്മോദീസായും മുക്കി

www.malankaralibrary.com

ആരാധനകൾക്കായൊരു സ്ലീവാ/സ്ഥാപിച്ചു താനവിടേക്കും.
കിഴക്കൻ വഴിയായവിടുന്നുടനെ/മലനഗരം ചായൽക്കെത്തി
പിഴയാതവിടെയുമൊരുവർഷത്തിട/അറിയിച്ചുതാൻ മാർഗ്ഗത്തെ
ഒരായിരമോടൊരുനൂർപേരെ/മാമ്മോദീസായും മുക്കി
ആരാധനമുറയോടെ സ്ലീവാ/സ്ഥാപിച്ചുതാനവിടേക്കും

തൃക്പാലേശ്വരത്തെ സഭാസമൂഹത്തിന്റെ "മൂപ്പന്മാർ" രണ്ടുപേരും തോമ്മാശ്ലീഹായെക്കണ്ട് അവിടേക്ക് ചെല്ലണമെന്ന് അപേക്ഷിച്ചു. പ്രസ്തുത ഗ്രാമത്തിലെ ചിലർ അവിടെ സ്ഥാപിച്ചിരുന്ന സ്ലീവായെ "നിന്ദിച്ചു" തോമ്മാശ്ലീഹാ ആ ഗ്രാമത്തെ ശപിച്ചുവത്രെ. രണ്ടുമാസം അവിടെ താമസിച്ച് വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തി; 200 പേരെ മാമ്മോദീസാ മുക്കി. പ്രമാണികൾ രണ്ടുപേരിൽ തോമ്മായെ "ഗുരുപ്പട്ടത്തിൽ സ്ഥാപിച്ചു."

അവിടത്തിൽ മുൻസ്ഥാപിച്ചുള്ളൊരു/സ്ലീവായെ പിഴുതുടനെ താൻ
അവിടുത്തിന്നെതിർ തെക്കേഭാഗം/നിരണത്തിൽ സ്ഥാപിപ്പാനായ്
ആചാര്യൻ തോമ്മായെന്നാൾക്കും/ശെമഓനും താനേൽപ്പിച്ചു.
ആചാരത്തിനൊരാലയമവിടെ/കല്പിച്ചുടനെ താൻ വാങ്ങി.
വടമേക്കായ് നടകൊണ്ടു/ഗോക്കമംഗലഗ്രാമേ താൻ ചെന്നു
പിഴയാതവിടെയുമൊരു വർഷത്തിട/അറിയിച്ചുതാൻ മാർഗ്ഗത്തെ
ഓരായിരമോടറുനൂർപേരെ/മാമ്മോദീസായും മുക്കി
ആരാധന മര്യാദകളോടെ/സ്ഥാപിച്ചവിടെ സ്ലീവായും.
അവിടുന്നുടനെ നടകൊണ്ടങ്ങനെ/കോട്ടക്കായൽ ചെന്നെത്തി
അവിടെയുമതുപോലൊരു വർഷത്തിടെ/മാർഗ്ഗത്തെയറിയിച്ചപ്പോൾ
ഓരായിരമോടെഴുനൂറ്റെഴുപതു/പേരെ മാമ്മോദീസാ മുക്കി
ആരാധന സ്ലീവായോടു മുറകൾ/കല്പിച്ചുതാനവിടേക്കും
തെക്കൻ വഴിയായ് യാത്രപോയി/മാല്യംകരെയിൽ ചെന്നെത്തി
തക്കവിധം പോലൊക്കെയുമവിടെ/കണ്ടതിനാൽ സന്തോഷിച്ചു
അരമാസത്തെ പാർപ്പിനുശേഷം/ഉത്തരഭാഗേ നടകൊണ്ടു.
അരമാസത്തെയിടകൊണ്ടങ്ങനെ/പാലൂർഗ്രാമം ചെന്നെത്തി.
ഒരു വർഷത്തിടയവിടങ്ങളിലും/മാർഗ്ഗത്തെയറിയിച്ചപ്പോൾ
ഓരായിരമോടമ്പതുപേരെ/മാമ്മോദീസായും മുക്കി
വന്ദനനിഷ്ഠകളെല്ലാറ്റേയും/ആയവരൊക്കെ ചെയ്‌വാനായ്
സുന്ദരഭാഷയിലൊരു സ്ലീവായും/സ്ഥാപിച്ചുതാനവിടത്തിൽ

എ.ഡി. 59 കന്നിമാസത്തിന്റെ അന്ത്യത്തിൽ ചോഴപ്പെരുമാളുടെ ദൂതന്മാർ വന്നെത്തി. തോമ്മാശ്ലീഹാ അവരുടെകൂടെ യാത്രയായി മൈലാപ്പൂരെത്തി. കോവിലകം പണി നടത്താത്തതിനെപ്പറ്റി ചോളൻ കോപിച്ച് തോമ്മാശ്ലീഹായെ തടവിലിട്ടു. രാജാവിന്റെ അനുജൻ മരിച്ചു. മരണശേഷം അയാൾ തോമ്മാശ്ലീഹാ പണിതകൊട്ടാരം കണ്ട് തിരിച്ചുവന്ന് തന്റെ ജ്യേഷ്ഠനോട് എല്ലാം വിവരിച്ചു. "യുദാതോമ്മായുടെ നടപടികളി"ൽ

www.malankaralibrary.com

വിവരിക്കുന്നതുപോലെയാണ് ഈ ഭാഗങ്ങൾ. രാജാവും സഹോദരനും അവരോടൊപ്പം 2000 പേരും "ഉടനെ മാർഗ്ഗം കൈക്കൊണ്ടു" അവർക്കായി "ആരാധനാസ്ലീവായും ആലയവും" തോമ്മാശ്ലീഹാ സ്ഥാപിച്ചു. രണ്ടരവർഷം അവിടെ "മാർഗ്ഗത്തെ" അറിയിച്ച് 7000 പേരെക്കൂടി മാമ്മോദീസാ മുക്കി.

"ചന്ദ്രപുരിയുടെയരചന്മാരാം/പത്രോസ് പൗലോസെന്നവരിൽ
സുന്ദരനാം പൗലോസിന്നപ്പോൾ/മേല്പട്ടം താൻ കല്പിച്ചു
അയാളുടെ കീഴ്പാലകരാറു/വേദാചാര്യന്മാരെയും
അയാളുടെ ആ വിശ്വാസികളുടെ/ഭരണത്തിനായി കല്പിച്ചു...."
"മലയാളത്തിനു തിരികെ വരുവാൻ/താൻ കരയാത്ര ചെയ്യുമ്പോൾ
മാലാകാമാരുടെ തുണയാലെ/മലയാറ്റൂർ താൻ വന്നെത്തി
ഇരുമാസങ്ങളിവിടങ്ങളിലും/മാർഗ്ഗത്തെ താനറിയിച്ചു.
ഇരുനൂറ്റിരുപതവിശ്വാസികളെ/താൻ മാമ്മോദീസാ മുക്കി."

മലയാറ്റൂരിൽ കേവലം 200 പേരെ മാത്രമേ മാർഗ്ഗത്തിൽ ചേർത്തുള്ളൂ. വെറും രണ്ടുമാസം മാത്രമാണവിടെ പാർത്തത്. അവിടെ സ്ലീവാ, ആലയം, ആരാധന മുറകൾ എന്നിവയൊന്നും സ്ഥാപിച്ചില്ല. ആചാര്യന്മാരെയും മലയാറ്റൂരിൽ നിയമിച്ചില്ല. അവിടുത്തെ നസ്രാണിസമൂഹം "അരപ്പള്ളി" എന്നു വിളിക്കപ്പെടാൻ കാരണം വേറെയില്ല. അവർ മാല്യംകരെയുടെ കീഴിൽ മാത്രം കഴിഞ്ഞു. "അരപ്പള്ളി"യെപ്പറ്റി മറ്റു സമൂഹങ്ങളുടെ അവകാശവാദത്തെ റമ്പാൻപാട്ടുകാരൻ അറിയുന്നതേയില്ല. റമ്പാൻപാട്ടിന്റെ പൂർവ്വരൂപം രചിക്കപ്പെട്ടുകഴിഞ്ഞാണ് വേറെ "അവകാശികൾ" രംഗത്തെത്തിയതെങ്കിൽ കാര്യം ശരിതന്നെ.

മലയാറ്റൂരിൽനിന്ന് തോമ്മാശ്ലീഹാ പാലൂർഗ്രാമം, മാല്യംകര, കോട്ടക്കായൽ, ഗോക്കമംഗലം, കൊല്ലം എന്നിവിടങ്ങളിൽ ഓരോ വർഷം താമസിച്ച് "ആചാര്യർ", "ദൈവാലയം", "നടപടികൾ", "റൂഹാവരം" എന്നിവ നൽകി. അതുതന്നെ നിരണത്തും താൻ ചെയ്തു. നിരണത്ത് "റൂഹാവരവും ചെമ്മോർത്തുകളും" നൽകി. ആചാര്യൻ തോമ്മാ അവിടുത്തെ സഭാംഗമായിരുന്നു. അദ്ദേഹത്തെയും കൂട്ടി ചായൽമലയിൽ എത്തി ഒരു വർഷം താമസിച്ച് "ആലയം", "ആചാര്യൻ", "നടപടി മര്യാദകൾ" ഒക്കെ സ്ഥാപിച്ചു.

"കടശിയിൽ റൂഹാദ്ക്കുദ്ശായുടെ/വരവും അവരിൽ താൻ നൽകി
കടശിയിലുള്ളൊരു യാത്രവിവരവു/മവരോടെ താൻ വെളിവാക്കി
തന്നോടെപ്പോഴും പിരിയാത്തോ/രൊന്നാംശിഷ്യൻ കേപ്പായെ
തന്നുടെയങ്കി ധരിപ്പിച്ചിട്ട/ങ്ങയാളുടെ തലമേൽ കൈവച്ചു
തന്നുടെ വിശ്വാസികളുടെ ഭരണം/അയാളെ താനേല്പിച്ചതിനാൽ
തന്നേപ്പോലവർ കൈക്കൊൾവനും/വിരവോടെ താൻ കല്പിച്ചു."

www.malankaralibrary.com

നിരണത്തെ ആചാര്യൻ തോമ്മായുടെ കുടുംബത്തിൽ എല്ലാ തലമുറയിലും പട്ടക്കാർ ഉണ്ടായിരിക്കുമെന്ന് അനുഗ്രഹിച്ച് "പലപല ചെമ്മോർത്തുകളും" അദ്ദേഹത്തിനു കൊടുത്തു. റമ്പാന്മാരുടെ സ്ഥാനവും തോമ്മാശ്ലീഹായുടെ ദിനവൃത്താന്തവും ആ തോമ്മായെ ഏല്പിച്ചു. തോമ്മാശ്ലീഹാ "കേരള രാജ്യത്തിൽ ഏവൻഗേലിയോനറിയിച്ചെന്നോർത്ത് അറിവിന്നായ പുസ്തകം" ആയിരുന്നു അത്. അതിനെ ആധാരമാക്കിയാണ് റമ്പാൻപാട്ടുകാരന്റെ പൂർവ്വികരാരോ ഗ്രന്ഥരചന നടത്തിയത്. "യൂദാ തോമ്മായുടെ നടപടികൾ" എഴുതപ്പെട്ടതിന്റെ പശ്ചാത്തലം ഇതായിരുന്നു എന്നു വരാവുന്നതാണ്. കഥകളുടെ ലിഖിതരൂപം നിരണത്തും വാമൊഴിയായി എദേസായിലും എത്തി. എദേസായിൽവച്ച് വാമൊഴി വരമൊഴിയായത് എ.ഡി. 180-നും 235-നും ഇടയിലാണ്. ഓരോ തലമുറയിലും നിരണത്തെ ലിഖിതരൂപവും ഇതരവാമൊഴി രൂപങ്ങളും കൂടിക്കലർന്ന് ഐതിഹ്യങ്ങളായപ്പോൾ ചരിത്രാംശങ്ങൾ കെട്ടുകഥകളാണെന്ന് വൈദേശികർക്ക് തോന്നിത്തുടങ്ങിക്കാണും. എ.ഡി. 69 മേടം രാശിയിൽ തോമ്മാശ്ലീഹാ "പാണ്ടി വഴിക്ക്" യാത്രയായി. "അത്ഭുതരക്തമണിഞ്ഞൊരു കൈയുടെ സ്ലീവായടയാളത്താലെ" തോമ്മാശ്ലീഹാ ചെയ്ത അത്ഭുതങ്ങളുടെ പരമ്പര വാച്യാർത്ഥത്തിലെടുക്കേണ്ടതില്ല. ഉത്ഥിതനായ ഈശോമിശിഹായെ "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന് ഏറ്റുപറഞ്ഞതിന്റെ ഓർമ്മയ്ക്കായി ഈശോയുടെ തിരുരക്തം തോമ്മാശ്ലീഹായുടെ വലതു കൈയുടെ ചൂണ്ടുവിരൽത്തുമ്പിൽ എപ്പോഴും ഉണ്ടായിരുന്നു എന്ന പുരാതനപാരമ്പര്യം "റമ്പാൻ പാട്ടുകാര"ന്റെ പൂർവ്വികനിൽ നിന്നാണെന്ന് തീർച്ചയാണ്. അത്ഭുതപരമ്പരയുടെ വിവരണത്തിനുശേഷം വിവിധ ജാതികളിൽനിന്ന് കേരളത്തിൽ തോമ്മാശ്ലീഹ മാമ്മോദീസാ മുക്കിയവരുടെ എണ്ണം കൊടുത്തിരിക്കുന്നു. 17480 പേർ മാത്രമാണ്. എ.ഡി. 50-നും എ.ഡി. 69-നും ഇടയിൽ കേരളത്തിൽ മാമ്മോദീസാ സ്വീകരിച്ചത്. അക്കാലത്തെ കേരളത്തിലെ ജനസംഖ്യ പരിഗണിക്കുമ്പോൾ ഇത് ഗണ്യമായ എണ്ണം തന്നെ. അതിൽ അതിശയോക്തി ഇല്ലെന്നത് ചരിത്രപരതയിലേക്കു വിരൽചൂണ്ടുന്നു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലുജാതികളിൽനിന്ന് ആണത്രെ മാനസാന്തരം. ജാതിവ്യവസ്ഥ കേരളത്തിൽ ശക്തി പ്രാപിച്ചത് 8-ാം നൂറ്റാണ്ടോടെയായിരിക്കാം. പക്ഷേ അതിനുമുമ്പേ ജനങ്ങൾ വിവിധ ജാതികളായിരുന്നു. ഒന്നാം നൂറ്റാണ്ടിനു മുമ്പേ ബ്രാഹ്മണർ ദക്ഷിണേന്ത്യയിൽ പലയിടത്തും കുടിയേറിപ്പാർത്ത് ഗ്രാമങ്ങൾ സ്ഥാപിച്ചിരുന്നു. കേരളത്തിലെ ബ്രാഹ്മണകുടിയേറ്റം തർക്കവിഷയമാകാൻ കാരണം 8-ാം നൂറ്റാണ്ടിനുശേഷം വന്ന ബ്രാഹ്മണാധിപത്യമാണ്. അതുവരെ ബുദ്ധമതവും ജൈനമതവും പ്രബലമായിരുന്ന കേരളത്തിൽ ബ്രാഹ്മണർ നൂറ്റാണ്ടുകളിലൂടെയാണ് ആധിപത്യം സ്ഥാപിച്ചത്. "പള്ളി" ബുദ്ധമതത്തിൽനിന്ന് മാർത്തോമ്മാ നസ്രാണികൾക്ക് കിട്ടിയപദമാണ്; "സഭ"യും അതുപോലെതന്നെ.

www.malankaralibrary.com

സഭാഭരണം നിർവ്വഹിക്കാൻ രണ്ടു പെരുമാക്കന്മാർ മെത്രാന്മാരായും ഏഴു ഗ്രാമാധിപന്മാർ ഗുരുപ്പട്ടക്കാരായും നിയമിക്കപ്പെട്ടു. ആ ഏഴുപേരിൽ നാലുപേർ റമ്പാന്മാരും. ഏഴു സ്ഥലങ്ങളിൽ മൂന്നുവീതം ആകെ 21 ഡീക്കന്മാരെയും (?) നിയമിച്ചു. ഇത്ര വിപുലമായ സഭാഭരണക്രമം മാർത്തോമ്മാ നസ്രാണികളുടെ ഏഴു പുരാതന സമൂഹങ്ങളുടെ വളർച്ചയിൽ രൂപം പ്രാപിച്ചതാകാം. പൗലോസ് ശ്ലീ ഹായുടെ ലേഖനങ്ങളിൽ സഭാഭരണക്രമം ഒരു പരിധിവരെ കാണുന്നുണ്ട്. "ശ്ലീഹന്മാരുടെ നടപടി"കളിലും അതു വ്യക്തമാണ്. റമ്പാന്മാർ അവിവാഹിതരായ പട്ടക്കാർ എന്നു മനസ്സിലാക്കിയാൽ കാര്യം ചരിത്രമാകുന്നതായി കണ്ടെത്താൻ പ്രയാസമില്ല. സന്യാസപ്രസ്ഥാനം വളർന്നുവന്നശേഷം ഉപയോഗത്തിലായ "റമ്പാൻ" എന്ന പദം പിൽക്കാലത്ത് ഉപയോഗിച്ചു എന്നു കരുതിയാൽ മതി.

എ.ഡി. 72 കർക്കടകം മൂന്നാം തീയതി രാവിലെ തോമ്മാശ്ലീഹാ മൈലാപ്പൂരിൽ ചിന്നമലയിൽ ആയിരുന്നു. കാളിക്കാവിൽ പൂജയ്ക്കായി വരുന്ന "എമ്പ്രാന്മാർ" തോമ്മാശ്ലീഹായെ ആക്രമിക്കുകയും ചെയ്തു. ഒരാൾ ശൂലം തോമ്മാശ്ലീഹായുടെ നെഞ്ചിൽ കുത്തിയിറക്കി.

"മാർത്തോമ്മാ കടലോരക്കാട്ടിൽ/കല്ലിൽ വീണു പ്രാർത്ഥിച്ചു."

മൈലാപ്പൂരിലെ പൗലോസ് മെത്രാനും പെരുമാളും വലിയ ജനക്കൂട്ടവും പാഞ്ഞെത്തി. "മൂന്നര നാഴിക പകലാം വരെയും. പലകാര്യങ്ങളും മാർത്തോമ്മാ അരിളിച്ചെയ്തശേഷം മരിച്ചു. മൃതദേഹം സംസ്കരിച്ചശേഷം ദൂതൻവഴി മാല്യംകരയുടെ കേപ്പാ മെത്രാനെ വിവരം അറിയിച്ചു. അദ്ദേഹം മാളിയേക്കൽ, കടപ്പൂർ എന്നീ രണ്ടു റമ്പാന്മാരോടൊപ്പം കരവഴി മൈലാപ്പൂരിന് തിരിച്ച് കർക്കടകം 21-ന് അവിടെയെത്തി. 10 ദിവസത്തേക്ക് അവർ കബറിടത്തിൽ പ്രാർത്ഥനാനിരതരായിക്കഴിഞ്ഞു. തോമ്മാശ്ലീഹാ പണിത സ്വർഗ്ഗീയാലയത്തിൽ ഒരു സിംഹാസനത്തിൽ തോമ്മാശ്ലീഹാ വാഴുന്ന ദൃശ്യം കാണായി. പന്തക്കുസ്താനാളിലെ സ്വർണ്ണശോഭയും വെളിച്ചവും എങ്ങും പ്രസരിച്ചു. സ്വർഗ്ഗീയസംഗീതത്തിന്റെ ശബ്ദം മാറ്റൊലിക്കൊണ്ടു. "വമ്പായ പലവക ചെമ്മോർത്തുകളും എന്നാളിനുമായി നൽകി'' തന്റെ കബറിടത്തിൽ വന്ദിക്കുന്നവർക്ക് അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തു.

വമ്പോടു തോമ്മാ ഹെന്ദോമതൊക്കെയിൽ/മാർഗ്ഗം നൽകിയ
വൃത്താന്തം
അമ്പാൽ മാളിയേക്കൽ രണ്ടാം തോമ്മാ/റമ്പാൻ ചെയ്തോരു
ചരിതമതിൽ
വിരിവുകൾ മാറ്റീട്ടെളുതായീവിധ/മെളിയവരറിയാൻ പാടിയൊരു
വിരുതുകൾകുറയും നാല്പത്തെട്ടാം/അയാളുടെ പിതൃവാം
തോമ്മാമേൽ

www.malankaralibrary.com

ശക്തിനിറഞ്ഞോൻ തോമ്മാശ്ലീഹാ/നന്മകൾ ചെയ്‌വാനീ ചരിതം
ഭക്തിയൊടങ്ങേ പാദത്തിങ്കൽ/വച്ചിതു കാഴ്ചയതിന്നറിവ്
ഓരായിരമോടറുനൂറ്റൊന്നാം/കർക്കടകം മൂന്നാംദിവസം
ആരാധനയോടിവയെല്ലാരും/അറിവാൻ ദൈവം കൃപ ചെയ്ക."

"റമ്പാൻപാട്ട്", "തോമ്മാപൂർവ്വം" എന്നൊക്കെ അറിയപ്പെടുന്ന ഈ പാട്ട് പാടിപ്പാടി ആധുനികമായ ഉച്ചാരണം നിമിത്തം 1601-ൽ എഴുതിയിതല്ലെന്ന് വായനക്കാർക്ക് തോന്നിയേക്കാം. കയ്യെഴുത്തു പ്രതികളിൽ പഴയ ഉച്ചാരണം അവിടെവിടെക്കാണുന്നത് വിട്ടുകളഞ്ഞിരിക്കുന്നു എന്നു കരുതിയാൽ മതി. പാട്ടിന്റെ ഗദ്യത്തിലുള്ള പൂർവ്വരൂപം ഏറെ വിട്ടുകളഞ്ഞ് ആണ് 1601-ൽ ഇതെഴുതപ്പെട്ടതെന്ന് വ്യക്തമാണ്.

ദക്ഷിണേന്ത്യയിലുടനീളം മാർത്തോമ്മാ നസ്രാണികൾ ഉണ്ടായിരുന്നു. കല്യാൺ, ദക്ഷിണപൂർവ്വേന്ത്യൻ തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽനിന്ന് അവർ കാലക്രമേണ അപ്രത്യക്ഷരായി. കുറേയാളുകൾ കേരളത്തിലേക്ക് കുടിയേറിപ്പാർത്തിട്ടുണ്ടെന്ന് തീർച്ചയാണ്. കുറേപ്പേർ അന്നത്തെ പ്രാദേശികമതങ്ങളിലേക്ക് മടങ്ങിപ്പോയിട്ടുണ്ടാകും. തമിഴ് പ്രദേശത്ത് മതപീഡനങ്ങൾ ക്രൈസ്തവർക്കെതിരെ അരങ്ങേറിയിട്ടുണ്ട്. ജാതിവ്യവസ്ഥ ശക്തിപ്രാപിച്ചതോടെ കേരളത്തിലെ മാർത്തോമ്മാ നസ്രാണികൾ നമ്പൂതിരിമാർ കഴിഞ്ഞാൽ ഏറ്റം പ്രബലജാതിയായി രൂപം പ്രാപിച്ചു. കൃഷി, ദേശീയവും അന്തർദ്ദേശീയവുമായ വാണിജ്യം, സൈനികവൃത്തി, വൈദ്യം എന്നീ മാർഗ്ഗങ്ങളിലൂടെ നസ്രാണികൾ നാട്ടുപ്രമാണികളായി ഉയർന്ന് സ്വാധീനം ചെലുത്തി. രാജാക്കന്മാരുടെ പല അവകാശങ്ങളും അധികാരങ്ങളും അവർക്കു വന്നുചേർന്നു. ക്നായിത്തോമാ എ.ഡി. 345-ൽ വന്നുവെന്ന് പറയപ്പെടുന്നെങ്കിലും അയാളുടെ ആഗമനത്തിനുമുമ്പേ ഇന്നാട്ടിലെ നസ്രാണികൾ പ്രബലരും ധനികരും രാജകീയാനുകൂല്യങ്ങൾ അനുഭവിച്ചിരുന്നവരും ആയിരുന്നു. പല നൂറ്റാണ്ടുകളിലും മദ്ധ്യേഷ്യയിൽ നിന്ന് കുടിയേറിയ ക്രൈസ്തവർ ഇവിടുത്തെ നസ്രാണികളുമായി വിവാഹബന്ധത്തിലേർപ്പെട്ട് ഒരു സമുദായമായി വളർന്നുവന്നു. കേരളത്തിൽ ജാതി വ്യവസ്ഥയും ബ്രാഹ്മണമേധാവിത്വവും നിലവിൽവന്നശേഷം കേരളത്തിൽ കുടിയേറിയവരിൽ ഒരു ഗണം ജാതിവ്യവസ്ഥയ്ക്കു നിരക്കാത്ത എന്തോ വിവാഹബന്ധത്തിൽ ഏർപ്പെട്ടതുകൊണ്ടാണ് തെക്കുംഭാഗക്കാർ, വടക്കുംഭാഗക്കാർ എന്നിങ്ങനെ സമുദായം രണ്ടായി തിരിഞ്ഞത്. കാലക്രമേണ ഇരുവിഭാഗങ്ങളും കെട്ടിച്ചമച്ച കഥകൾ ചരിത്രത്തിന് സ്വന്തമായ വ്യാഖ്യാനങ്ങൾ കൊടുത്തുകൊണ്ടുള്ളതായിരുന്നെന്നു മാത്രം. മുസ്ലീം കച്ചവടക്കാർ മുഹമ്മദുനബിയുടെ ജീവിതകാലത്തുതന്നെ കേരളത്തിലെത്തി ഇസ്ലാം മതം കൊണ്ടുവന്നു. മദ്ധ്യേഷ്യക്ക് പുറമേ ഇസ്ലാം വ്യാപിച്ച ആദ്യത്തെ സ്ഥലം കേരളമായിരുന്നു എന്നത് ചരിത്രപഠിതാക്കൾ വിഷയമാക്കേണ്ടതാണ്. മുസ്ലീംങ്ങളുടെ വരവോടെ ന്യൂനപക്ഷമായിരുന്ന

www.malankaralibrary.com

യഹൂദന്മാരും എണ്ണത്തിൽ ഏറെയായിരുന്ന നസ്രാണികളും കച്ചവട ബന്ധത്തിന്റെ പേരിൽ മുസ്ലീംങ്ങളുമായി ഇടഞ്ഞിരുന്നെങ്കിലും പോർച്ചുഗീസുകാരുടെ ആഗമനത്തോടെ പ്രശ്നം രൂക്ഷമായതേയുള്ളൂ. മദ്ധ്യേഷ്യയിൽ ക്രൈസ്തവർ ഞെരുക്കപ്പെടുകയും മുസ്ലീംങ്ങൾ ആധിപത്യം നേടുകയും ചെയ്തതിനാൽ പോർച്ചുഗീസുകാരുടെ ആഗമനത്തിനുമുമ്പേ നസ്രാണികളിൽ വളരെപ്പേർ രാജ്യാന്തരകച്ചവടബന്ധങ്ങൾ വിട്ട് കൃഷിയിലേക്ക് തിരിഞ്ഞുകഴിഞ്ഞിരുന്നു. കൊടുങ്ങല്ലൂർ ക്രൈസ്തവർക്ക് നഷ്ടപ്പെടുകയും ചെയ്തു. കൃഷിഭൂമി തേടി മലമ്പ്രദേശങ്ങളിലേക്ക് കുടിയേറിക്കൊണ്ടിരുന്ന നസ്രാണികൾ സാമ്പത്തികമേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു.

എ.ഡി. 180-നും 190-നും ഇടയിൽ അലക്സാണ്ട്റിയൻ കലാലയത്തിന്റെ തലവൻ പന്തേനൂസ് കേരളത്തിൽ വന്നു. എ.ഡി. 295-നും 300-നും ഇടയിൽ മാർ ദാവീദ് ഇറാക്കിലെ ബസ്റായിൽ നിന്ന് ഇന്ത്യയിലെത്തി. 345-ൽ ക്നായിത്തോമ്മായും ഏതാനും ക്രൈസ്തവരും മതപീഡനത്തിൽനിന്ന് രക്ഷപ്പെടാൻ പ്രബലരായ മാർത്തോമ്മാ നസ്രാണികൾക്കിടയിൽ വന്നു പാർത്തിരിക്കാം. അന്നത്തെ പെരുമാളിൽനിന്ന് ചില ആനുകൂല്യങ്ങൾ ക്രൈസ്തവർക്ക് പൊതുവേ കിട്ടി. "പള്ളിവാണ പെരുമാൾ" എന്നൊരു രാജാവ് കൊടുങ്ങല്ലൂർ വിട്ട് ക്രൈസ്തവനായിട്ടുണ്ട്. നീലമ്പേരൂർ അമ്പലത്തിനടുത്ത് ആണ് അദ്ദേഹം കബറടങ്ങിയത്. വില്ലാർവട്ടം എന്നൊരു നാട്ടുരാജാവ് നസ്രാണികൾക്കുണ്ടായിരുന്നു. എ.ഡി. 425 നോടടുത്ത് ദാനിയേൽ എന്നൊരു ഇന്ത്യൻ വൈദികൻ റോമാക്കാർക്കുള്ള ലേഖനം സുറിയാനിയിലേക്ക് വിവർത്തനം ചെയ്യാൻ മാർ തോമ്മായെ സഹായിച്ചു. പേർഷ്യയിലുള്ള റീവ് അർദ്ദാഷീറിലെ മാനാ എ.ഡി. 470 നോടടുത്ത് താർസൂസിലെ ദിയദോറിന്റെയും മൊപ്സ്വസ്തിയായിലെ തെയദോറിന്റെയും ചില കൃതികൾ സുറിയാനിയിലേക്ക് തർജ്ജമ ചെയ്ത ഇന്ത്യയിലേക്ക് അയച്ചു കൊടുത്തു.

ഇന്ത്യാസഞ്ചാരിയായ കോസ്മാസ് എ.ഡി. 520-നും 525-നും ഇടയിൽ ശ്രീലങ്കയിലും കുരുമുളകുവിളയുന്ന മാലേ (= മലങ്കര, മലബാർ) യിലും കല്യാണയിലും ക്രൈസ്തവ സഭകൾ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു. ശ്രീലങ്കയിലെ ക്രൈസ്തവരും വൈദികരും പേർഷ്യയിൽനിന്നു കുടിയേറിയവരാണെന്നും അദ്ദേഹം പറയുന്നു. ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണികൾ പേർഷ്യൻ ക്രൈസ്തവരുമായി രണ്ടാം നൂറ്റാണ്ടുമുതലെങ്കിലും ബന്ധത്തിൽ കഴിഞ്ഞിരിക്കാം. സഭാഭരണബന്ധം കാലക്രമേണ വളർന്നുവന്നതാണ്. മാർ സബറീശോ I (596-604), ഈശോയാബ് II (628-646) എന്നീ കത്തോലിക്കാമാരുടെ കാലത്ത് ഇന്ത്യയിലേക്ക് മെത്രാന്മാർ അയയ്ക്കപ്പെട്ടിരുന്നു. ഈശോയാബ് III (c 650-660) പേർഷ്യയിലെ റീഅർദ്ദാഷീറിലെ മാർ

www.malankaralibrary.com

ശെമയോനെ കുറ്റപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലേക്ക് യഥാസമയം മെത്രാന്മാരെയും വൈദികരെയും അയയ്ക്കുന്നതിൽ കൃത്യവിലോപം കാണിച്ചതിനാൽ "പൗരോഹിത്യ പിന്തുടർച്ച" ഇന്ത്യയിലും വേറെ വിദൂരദിക്കുകളിലും ഇല്ലാതായിരിക്കുന്നുവെന്ന്. ഈ ഈശോയാബ് 3-ാമൻ അഥവാ സ്ലീവാ സക്കാ (714-728) ഇന്ത്യയ്ക്ക് ഒരു മെത്രാപ്പോലീത്തൻ സഭയുടെ ഘടന സ്ഥാപിച്ചു. "ഇന്ത്യ ഒക്കെയുടെയും മെത്രാപ്പോലീത്താ" അതിനു മുമ്പുണ്ടായിരുന്നോ എന്നറിയില്ല. ഇന്ത്യയിലെ സഭാഭരണത്തിന്റെ കേന്ദ്രം മാല്യങ്കരയായിരുന്നു എന്ന് 6-ാം നൂറ്റാണ്ടു മുതൽ വ്യക്തമാണ്. അതിനുമുമ്പേ തന്നെ പകലോമറ്റം തറവാട്ടിൽനിന്ന് അർക്കദിയാക്കോനും ഉണ്ടായിരുന്നെന്നും തോന്നുന്നു. 6-7 നൂറ്റാണ്ടുകളിൽ പേർഷ്യൻ സഭയുമായുള്ള ബന്ധം പ്രബലമായതിന്റെ തെളിവുകളാണ്, മൈലാപ്പൂർ, കോട്ടയം, ആലങ്ങാട്, മുട്ടുചിറ, കോതനല്ലൂർ തുടങ്ങിയ പല പള്ളികളിലും കാണുന്ന കൽക്കുരിശുകൾ (ചിലതിൽ മാത്രമേ പല്ലവി ലിഖിതങ്ങൾ കാണുന്നുള്ളൂവെങ്കിലും) ഈ കാലഘട്ടത്തിന്റെ സ്ഥായിയായ സ്വാധീനത്തിന്റെ അടയാളങ്ങളാണ്.

തെയോഡോഷ്യസ് (852-855) എന്ന സെലൂഷ്യൻ പാത്രിയർക്കീസ് ആറു വർഷത്തിലൊരിക്കൽമാത്രം സംഭാവനകളും റിപ്പോർട്ടുകളും അയച്ചാൽ മതിയെന്ന് ഇന്ത്യൻ സഭയ്ക്ക് പ്രത്യേകാനുവാദം നൽകി. പാത്രിയാർക്കീസ് തിമോത്തി ഒന്നാമൻ (780-89-823) പേർഷ്യൻ മെത്രാപ്പോലീത്തായ്ക്ക് ഇന്ത്യൻ സഭയുടെ മേലുണ്ടായിരുന്ന അധികാരം എടുത്തുമാറ്റി. തന്റെ നേരിട്ടുള്ള അധികാരസീമയിലാക്കി. മാർ സാപ്പോറും മാർ പ്രോത്തും 8-9 നൂറ്റാണ്ടുകളിൽ കേരളത്തിൽ വന്നു പ്രവർത്തിച്ച രണ്ടു സഹോദരന്മാരാണ്. അവർ സന്യാസികളും മെത്രാന്മാരും ആയിരുന്നു. കേരളസഭാ ചരിത്രത്തിൽ അവർ കന്തീശങ്ങൾ (=വിശുദ്ധന്മാർ) എന്നറിയപ്പെടുന്നു. 1599-ൽ ഉദയമ്പേരൂർ സൂനഹദോസ് അവരെ പാഷണ്ഡികൾ എന്നു മുദ്രകുത്തി വിശുദ്ധന്മാരുടെ പട്ടികയിൽനിന്നു നീക്കി. അവരുടെ പള്ളികൾ ഗർവ്വാസീസിനും പ്രോത്താസീസിനും അഥവാ സകലവിശുദ്ധർക്കുമായി സമർപ്പിച്ചു. പക്ഷേ ഗർവ്വാസീസും പ്രോത്താസീസും അല്ല നസ്രാണികളുടെ "കന്തീശങ്ങൾ" എന്ന് സഭാ ചരിത്രത്തിൽ നിന്ന് തെളിയുന്നു. കന്തീശങ്ങളുടെ കാലത്താണ് കൊല്ലം കേന്ദ്രമാക്കി വിദേശ സുറിയാനി ക്രിസ്ത്യാനികളുടെ ഒരു കോളനി വളർന്നുവന്നത്. തരീസാപ്പള്ളി ശാസനങ്ങൾ ലഭിച്ചതും അവരുടെ കാലത്താണ്. കൊല്ലവർഷം ആരംഭിച്ചത് അക്കാലത്തെ നസ്രാണികളാണെന്ന് പറയാറുണ്ടല്ലോ. 1490 മുതൽ 1597 വരെ നസ്രാണികളെ ഭരിച്ച പൗരസ്ത്യ സുറിയാനി മെത്രാന്മാരെപ്പറ്റി കൂടുതൽ നമുക്കറിയാം. 1301-ൽ ഭരിച്ചിരുന്ന മാർ യാക്കോബിനെപ്പറ്റി ആ വർഷം കൊടുങ്ങല്ലൂരിൽ വച്ചെഴുതിയ "വത്തിക്കാൻ സുറിയാനി 22" എന്ന രേഖയിൽ പറയുന്നുണ്ട്. 1553 മുതൽ റോമാ സഭയോട്

www.malankaralibrary.com

ഐക്യപ്പെട്ട പൗരസ്ത്യ സുറിയാനി പാത്രിയാർക്കീസിന്റെ കീഴിലായിരുന്നു മാർത്തോമ്മാ നസ്രാണികൾ.

"ഇന്ത്യയുടെ മെത്രാപ്പോലീത്താ", "അഖിലേന്ത്യായുടെ കവാടവും മെത്രാപ്പോലീത്തായും" എന്നൊക്കെ മാർത്തോമ്മാ നസ്രാണികളുടെ സഭാധിപൻ അറിയപ്പെട്ടുപോന്നു. "അഖിലേന്ത്യായുടെ മെത്രാപ്പോലീത്താ"യുടെ സഹായിയായിരുന്നു "അഖിലേന്ത്യായുടെ അർക്കദിയാക്കോൻ."

തോമ്മാശ്ലീഹാ സംസാരിച്ചിരുന്ന അറമായ ഭാഷയായിരുന്നു ഒന്നാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പാർത്തിരുന്ന യഹൂദന്മാരുടെയും മാതൃഭാഷ. തന്മൂലം മാർത്തോമ്മാ നസ്രാണികളുടെ ആരാധനാഭാഷയായി അറമായയുടെ വകഭേദമായ സുറിയാനി ആദിമ നൂറ്റാണ്ടുകളിൽത്തന്നെ കടന്നു വന്നു. തമിഴിലോ സംസ്കൃതത്തിലോ മാർത്തോമ്മാ നസ്രാണികൾക്ക് എന്തെങ്കിലും ആരാധനയും പ്രാർത്ഥനയും ഉണ്ടായിരുന്നതായി പോർച്ചുഗീസുകാരുടെ വരവിനുമുമ്പ് തെളിവൊന്നുമില്ല. പൗരസ്ത്യ സുറിയാനി സഭയുടെ ആരാധനാക്രമം അല്പസ്വല്പം വ്യത്യാസത്തോടെ ഇവിടെ നിലവിലിരുന്നു. പക്ഷേ ജീവിതശൈലി, ഭക്ഷണരീതി, ജനനം, മരണം, വിവാഹം, തിരുനാളുകൾ തുടങ്ങി ഒട്ടേറെക്കാര്യങ്ങളിൽ തികഞ്ഞ ഇന്ത്യൻ സംസ്കാരമായിരുന്നു നസ്രാണികളുടേത്. മാർത്തോമ്മാ നസ്രാണികളുടേത് ഒരു "ഇന്ത്യൻ മതം" എന്ന് എല്ലാ അർത്ഥത്തിലും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. 1559-ൽ നടന്ന ഉദയമ്പേരൂർ സുനഹദോസ് മാർത്തോമ്മാ നസ്രാണികൾക്കിടയിൽ വൈദേശികതയും ഭിന്നതയും വിതച്ചു. പൗരസ്ത്യ സുറിയാനി പൈതൃകം മാറി യൂറോപ്യൻ ലത്തീൻ മനോഭാവങ്ങൾ പ്രചരിച്ചു. "അഖിലേന്ത്യാ മെത്രാപ്പോലീത്താ" സ്ഥാനവും അർക്കദിയാക്കോന്റെ അധികാരവും സഭയുടെ ഐക്യവും അസ്തമിച്ചു. ലത്തീനീകരണം ആരാധനാക്രമത്തിലും സഭാഭരണരീതിയിലും നടന്നുകൊണ്ടിരുന്നു.

1653 ജനുവരി മൂന്നാം തീയതി വെള്ളിയാഴ്ച മാർത്തോമ്മാ നസ്രാണികളുടെ ചരിത്രത്തിൽ മറക്കാനാവാത്ത ദിനമാണ്. വൈദേശിക മേധാവിത്വത്തിനെതിരെ മട്ടാഞ്ചേരിയിൽ സമ്മേളിച്ച മാർത്തോമ്മാ നസ്രാണികൾ "കൂനൻ കുരിശു സത്യം" പ്രഖ്യാപിച്ചു. മതപരവും രാഷ്ട്രീയവുമായ വൈദേശികാധിപത്യത്തെ തൂത്തെറിയാൻ പ്രതിജ്ഞാബദ്ധമായ ഒരു ജനതയുടെ സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നു ആ സംഭവം. 1653 മെയ് 22-ന് ആലങ്ങാട്ട് വച്ച് തോമ്മാ അർക്കദിയാക്കോനെ മെത്രാനെന്ന് പ്രഖ്യാപിച്ച് "മാർത്തോമ്മാ ഒന്നാമൻ" എന്നു വിളിച്ചു. 12 വൈദികരുടെ കൈവെയ്പല്ലാതെ ആധികാരികമായ ശ്ലൈഹിക കൈവെയ്പില്ലാതെ അദ്ദേഹം പ്രവർത്തനനിരതനായി. ഈശോ സഭാ വൈദികരുടെ നയവൈകല്യങ്ങളും ലത്തീനീകരണവുംകൊണ്ട് പൊറുതിമുട്ടിയ മാർത്തോമ്മാ നസ്രാണികളെ

www.malankaralibrary.com

രമ്യതയിലാക്കാൻ റോം 1655-ൽ കർമ്മലീത്താക്കാരെ സെബസ്ത്യാനിയുടെ നേതൃത്വത്തിൽ അയച്ചു തന്നു. കുറേപ്പേരെ തിരിച്ചുകൊണ്ടുവരാൻ സെബസ്ത്യാനിക്കു കഴിഞ്ഞു. 1661-ൽ സെബസ്ത്യാനി മെത്രാനായി മാർത്തോമ്മാ നസ്രാണികളെ ഭരിക്കാനെത്തി. അർക്കദിയാക്കോനെ മെത്രാനായി വാഴിക്കുന്നതിനുപകരം റോം നസ്രാണികളെ ഭിന്നിപ്പിച്ചു ഭരണം തുടർന്നു. ഡച്ചുകാർ ഇതര യൂറോപ്യന്മാരെ മലബാറിൽനിന്ന് തുരത്തിയപ്പോൾ ചാണ്ടി പറമ്പിലിനെ മെത്രാനാക്കി അദ്ദേഹം നാടുവിട്ടു.

1665-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാൻ എത്തി. "മാർത്തോമ്മാ ഒന്നാമ"നെ മെത്രാനാക്കി വാഴിക്കാൻ. അങ്ങനെയാണ് യാക്കോബായ വിശ്വാസവും അന്ത്യോക്യാബന്ധവും പാശ്ചാത്യ സുറിയാനിയും ഇന്ത്യയിൽ എത്തുന്നത്. യാക്കോബായക്കാർ "പുത്തൻ കൂറ്റുകാർ" എന്നും ചാണ്ടി മെത്രാന്റെ കീഴിലുള്ളവർ "പഴയകൂറ്റുകാർ" എന്നും അറിയപ്പെട്ടു. 1687-ൽ ചാണ്ടി മെത്രാപ്പോലീത്താ മരിച്ചു. പക്ഷേ അതിനുമുമ്പേ വീണ്ടും ഭരണം കർമ്മലീത്താക്കാർ കൈവശപ്പെടുത്തി വിദേശഭരണം പുനരാരംഭിച്ചു കഴിഞ്ഞിരുന്നു. റോമിലെ പ്രൊപ്പഗാന്താ യുടെയും പോർച്ചുഗീസ് പദ്രുവാദോയുടെയും കീഴിൽ പഴയ കൂറ്റുകാർ വീണ്ടും വിഭജിതരായി. നൂറ്റാണ്ടുകൾ നീണ്ടുനിന്ന സ്വയംഭരണ പ്രസ്ഥാനം നസ്രാണികളുടെയിടയിൽ രൂപം കൊണ്ടു. മാർ കരിയാറ്റി, മാർ പാറേമ്മാക്കൽ എന്നിവരുടെ കാലത്ത് നസ്രാണികൾ എല്ലാവരും ഒന്നിക്കാനൊരുങ്ങിയെങ്കിലും വിദേശികളുടെ ഇടപെടലുകൾ നിമിത്തം ഐക്യം സാധിക്കാതെ പോയി.

1849-ലും 1852-ലും പഴയ കൂറ്റുകാർ കൽദായ സഭയുമായി ബന്ധപ്പെട്ട് മെത്രാന്മാരെ ചോദിച്ചു. പക്ഷേ റോമിൽനിന്ന് അക്കാര്യം നിരുത്സാഹ പ്പെടുത്തി. കുടക്കച്ചിറ അന്തോനിക്കത്തനാരും തൊണ്ടനാട്ട് അന്തോനിക്ക ത്തനാരും (പിന്നീട് മാർ അബ്ദീശോ) കൽദായ പാത്രിയർക്കീസിന്റെ പക്കലെത്തി മെത്രാനെ ആവശ്യപ്പെട്ടു. കുടക്കച്ചിറയച്ചൻ ഇറാക്കിൽവച്ച് മരിച്ചു. റോക്കാസ് മെത്രാനുമായി 1861-ൽ തൊണ്ടനാട്ടച്ചൻ തിരിച്ചെത്തി. അങ്ങനെ റോക്കാസ് ശീശ്മയുണ്ടായി. റോക്കോസ് മടങ്ങേണ്ടി വന്നെങ്കിലും തൊണ്ടനാട്ടച്ചൻ മാർ അബ്ദീശോ എന്ന പേരിൽ മെത്രാനായി. അദ്ദേഹം മെത്രാൻ സ്ഥാനം ത്യജിച്ച് കഴിയവെ മേലൂസ് ഏലിയാസ് എന്ന കൽദായ മെത്രാൻ വന്നെത്തി. റോക്കോസിനെയും മേലൂസിനെയും തുരത്താൻ ലത്തീൻ സഭാനേതൃത്വം ചാവറയച്ചനെയും അന്നത്തെ സി.എം.ഐ. നേതാക്കന്മാരെയും സമർത്ഥമായി ഉപയോഗിച്ചു. നിധീരി മാണിക്കത്ത നാരുടെ പരിശ്രമഫലമായി മേലുസിന്റെ അനുയായികൾ പുനരൈക്യപ്പെട്ടു. 1882-ൽ മേലുസ് മടങ്ങിപ്പോയെങ്കിലും മാർ അബ്ദീശോ നേതൃത്വം ഏറ്റെടുത്ത് 1900 വരെ അനുയായികളെ നയിച്ചു. 1908 മുതൽ 1945 വരെ അബിമെലേക്ക് മാർ തിമോത്തിയോസ് ആ വിഭാഗത്തെ ഭരിച്ച്

www.malankaralibrary.com

"നെസ്തോറിയൻ" ഗ്രൂപ്പായി തൃശൂർ കേന്ദ്രമായി വളർത്തി. 1887-ൽ തൃശൂരിലും കോട്ടയത്തും രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചുകൊണ്ടും "പഴയകൂറ്റുകാർ"ക്ക് "സീറോ മലബാർ സഭ"യെന്ന പേരിൽ ഒരു പരിധിവരെ സ്വയംഭരണം കൈവന്നു. പക്ഷേ 1896-ലാണ് തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്ന വികാരിയാത്തുകൾ സ്ഥാപിച്ച് മാർത്തോമ്മാ നസ്രാണികളിൽനിന്ന് മെത്രാന്മാരെ നിയമിച്ചത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായി.

1665 മുതൽ യാക്കോബായ സ്വാധീനവും അന്ത്യോക്യൻ ബന്ധവും "പുത്തൻകൂറ്റുകാർ"ക്കിടയിൽ വന്നുകയറി. പലതവണ പുനരൈക്യ പരശ്രമങ്ങൾ നടന്നെങ്കിലും ഒന്നും ഫലവത്താകാതെ പോയി. 1751-ൽ ഇന്ത്യയിലെത്തിയ മാർ ഗ്രിഗോറിയോസ് മാർത്തോമ്മാ ആറാമനെ 1772-ൽ നിരണത്തുവച്ച് മാർ ദിവന്ന്യാസിയോസ് ഒന്നാമൻ എന്ന പേരിൽ മെത്രാനാക്കി. മാർ ഗ്രിഗോറിയോസ് മാർത്തോമ്മാ ആറാമന്റെ എതിരാളി കാട്ടുമങ്ങാട്ട് റമ്പാനെ മാർ കൂറില്ലോസ് എന്ന പേരിൽ മെത്രാനാക്കി. മാർ കൂറില്ലോസിന്റെ അനുയായികൾ "തൊഴിയൂർസഭ" ആയി ഇന്നും നിലനിൽക്കുന്നു. മാർ ദിവന്യാസിയോസ് ഒന്നാമൻ റോമുമായി പുനരൈക്യത്തിന് പലതവണ പരിശ്രമിച്ചെങ്കിലും വിദേശമിഷനറികളുടെ വിയോജിപ്പും റോമിന്റെ താൽപ്പര്യമില്ലായ്മയും നിമിത്തം പരാജയത്തിൽ കലാശിച്ചു. അദ്ദേഹം Church Missionary Society (CMS) എന്ന ആംഗ്ലിക്കൻ മിഷനറി സമൂഹത്തെ മലബാറിലേക്ക് ക്ഷണിച്ചുവരുത്തി. പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ "പുത്തൻകൂറ്റുകാർ"ക്കിടയിലും "തൊഴിയൂർസഭ"യിലും പ്രചരിച്ചു. 1836-ൽ ആംഗ്ലിക്കൻ മിഷനറിമാരും യാക്കോബായക്കാരും വേർപിരിഞ്ഞു. പക്ഷേ കുറേയേറെ യാക്കോബായക്കാർ ആംഗ്ലിക്കരായിക്കഴിഞ്ഞിരുന്നു. യാക്കോബായക്കാരിൽ വീണ്ടും ആംഗ്ലിക്കൻ സ്വാധീനം ഏറിവന്നു. 1875-ൽ "മാർത്തോമ്മാസഭ" എന്ന പേരിൽ പ്രോട്ടസ്റ്റന്റ് നവീകരണം സ്വീകരിച്ച യാക്കോബായക്കാർ വേറെ സഭയായി. നിധീരി മാണിക്കത്തനാരുടെ ശ്രമഫലമായി അവശേഷിച്ച "പുത്തൻകൂറ്റുകാർ" (ഇതിനോടകം യാക്കോബായസഭ 1876-ൽ നടന്ന മുളന്തുരുത്തി സൂനഹദോസിൽ മലങ്കരയിലെ യാക്കോബായക്കാർ നൈയാമികമായി അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ കീഴിലായി; അതിന് മുമ്പേതന്നെ അന്ത്യോക്യൻ പാത്രിയാർക്കീസ് അവർക്കിടയിൽ അധികാരം നടത്തിയിരുന്നു) "പഴയ കൂറ്റുകാരു"മായി ഐക്യത്തിന് ശ്രമിച്ചു പരാജയപ്പെട്ടു.

1909-ൽ യാക്കോബായ പാത്രിയർക്കീസ് അബ്ദുള്ള മലങ്കര യാക്കോബായ സഭയിൽ തനിക്ക് ആദ്ധ്യാത്മികവും ലൗകികവുമായ അധികാരമുണ്ടെന്ന് പ്രഖ്യാപിച്ച് ഇവിടെയെത്തി. അങ്ങനെ അവർ വീണ്ടും രണ്ടു കക്ഷിയായി. 1911-ൽ പാത്രിയാർക്കീസ് ഒരു കൂട്ടരെ പുറത്താക്കി. പുറത്താക്കപ്പെട്ടവർ 1912-ൽ മുൻ പാത്രിയാർക്കീസ് അബ്ദുൾ മസീഹിനെ

www.malankaralibrary.com

കൊണ്ടുവന്ന് കാതോലിക്കോസിനെ നിയമിച്ചു. ഇടയ്ക്ക് ഇരുകൂട്ടരും ഒന്നായെങ്കിലും ആ ഐക്യം തകർന്ന് വീണ്ടും "ഓർത്തഡോക്സുകാർ", "യാക്കോബായക്കാർ" എന്നീ പേരുകളിൽ കക്ഷി മത്സരവും നീണ്ട നിയമയുദ്ധങ്ങളും തുടരുന്നു. മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ 1930 മുതൽ കുറേപ്പേർ പുനരൈക്യപ്പെട്ട് "മലങ്കരകത്തോലിക്കാസഭ" രൂപം കൊണ്ടു. ആംഗ്ലിക്കൻ സഭയോട് ചേർന്നവർ പിന്നീട് സി.എസ്.ഐ. സഭയിലായി. 1961-ൽ മാർത്തോമ്മാ സഭയിൽനിന്ന് കുറേപ്പേർ പിരിഞ്ഞ് "സെന്റ് തോമസ് എവാഞ്ചലിക്കൽ സഭ" ഉണ്ടാക്കി. അവിടെയുമിവിടെയും കുറെ മാർത്തോമ്മാ നസ്രാണികൾ പോർച്ചുഗീസുകാരുടെ കൂടെച്ചേർന്ന് ലത്തീൻസഭയിൽ അലിഞ്ഞുചേർന്നു. ഒരു കാലത്ത് മാർത്തോമ്മാ നസ്രാണികൾ വ്യക്തിത്വവും അഭിമാനബോധവും ഉള്ള ഒറ്റ സഭയായിരുന്നെങ്കിൽ ഇന്ന് അതിന്റെ നിഴലുകളായി മേൽപ്പറഞ്ഞ സഭകൾ നിലകൊള്ളുന്നു. വീണ്ടും മാർത്തോമ്മാ നസ്രാണികൾ ഒന്നിച്ചു വന്നിരുന്നെങ്കിൽ എന്നാശിക്കാം.

www.malankaralibrary.com

# 3. മാർ അപ്രേം മല്പാൻ
# പൗരസ്ത്യസഭാസൂര്യൻ

## ആമുഖം

നാലാം നൂറ്റാണ്ടുമുതൽ ഏഴാം നൂറ്റാണ്ടു വരെയാണ് സുറിയാനി ഭാഷയിൽ വളർന്നു വികാസം പ്രാപിച്ച ദൈവശാസ്ത്രമേഖലയുടെ സുവർണ്ണകാലഘട്ടം. അക്കാലത്തെ ഗ്രീക്ക്, ലത്തീൻ സഭകളിലൊന്നും കാണാനാവാത്ത വിധം അതുല്യമായ ദൈവശാസ്ത്രകാവ്യസംസ്കാരം സുറിയാനിസഭകളിൽ നാം കാണുന്നു. ക്രൈസ്തവ ദൈവശാസ്ത്രത്തിന് ഒരു കാവ്യസംസ്കാരമുണ്ടെങ്കിൽ അത് ആദിമകാലത്തെ സുറിയാനി സഭാപിതാക്കന്മാരുടെ സംഭാവനയാണെന്ന് പറയാം. പ്രസ്തുത പിതാക്കന്മാരുടെയിടയിൽ അഗ്രഗണ്യനും അസാധാരണപ്രതിഭാലശാലിയും മാർ അപ്രേം മല്പാൻ തന്നെ. "പരിശുദ്ധ റൂഹായുടെ വീണ", "സഭയുടെ യൂഫ്രട്ടീസ് നദി" എന്നു തുടങ്ങി ഒട്ടേറെ അപരനാമങ്ങൾ അദ്ദേഹത്തിനു ണ്ടായിരുന്നതിന്റെ കാരണം മറ്റൊന്നുമല്ല. പൗരസ്ത്യസഭയുടെ സൂര്യൻ, അറിവിന്റെ നിറകുടം, സിറിയായിലെ സിംഹം, സഭയുടെ നെടുംതൂണ്, സുറിയാനിക്കാരുടെ സൂര്യൻ, സുറിയാനിക്കാരുടെ പ്രവാചകൻ, രണ്ടാമത്തെ മൂശെ, സാർവ്വത്രിക സഭയുടെ മല്പാൻ, ലോകത്തിന്റെ ഗുരു, മരിയൻ വേദപാരംഗതൻ, കർത്താവിന്റെ കരങ്ങളിലെ വീശുമുറം, ഭൂമിയിൽ കത്തിപ്പടരുന്ന ദൈവത്തിന്റെ അഗ്നി, കവികളുടെ ദൈവശാസ്ത്രജ്ഞൻ, ദൈവശാസ്ത്രജ്ഞരുടെ കവി, ദൈവത്തിന്റെ ഫലപുഷ്ടമായ മുന്തിരിവള്ളി, പാഷണ്ഡതകളുടെ കണ്ഠകോടാലി, അഗ്നിസ്തംഭം, മഹാനായ പിതാവ്, പ്രാവുകളെ സംരക്ഷിക്കുന്ന കഴുകൻ, ഏറ്റവും വലിയ ദൈവശാസ്ത്രകവി തുടങ്ങി എണ്ണിയാലൊടുങ്ങാത്ത അപരനാമ പരമ്പരതന്നെ അപ്രേമിനുണ്ട്. സുറിയാനി ദൈവശാസ്ത്രത്തിന്റെ സുവർണ്ണയുഗം അപ്രേമിൽ ആരംഭിച്ച് അപ്രേമിൽ അവസാനിക്കുന്നു എന്നു പറഞ്ഞാൽ അത് അതിശയോ ക്തിയായിരിക്കില്ല. വിശുദ്ധ ഗ്രന്ഥ വായനയ്ക്കുശേഷം ദേവാലയങ്ങളിൽ അപ്രേമിന്റെ കൃതികൾ പരസ്യമായി വായിച്ചിരുന്നതായി വി. ജറോം 392-ൽ എഴുതിയ De Viris Illustribus എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്.

## ജീവചരിത്രം

മിശിഹാക്കാലം 306-നോടടുത്ത് ഭക്തരായ ക്രൈസ്തവ മാതാപിതാ ക്കളിൽ നിന്നായിരുന്നു അപ്രേമിന്റെ ജനനം. ജന്മനാട് ഇന്നത്തെ തുർക്കിയുടെ തെക്കുകിഴക്ക് സിറിയായോട് ചേർന്നു കിടക്കുന്ന നിസിബിസ് എന്നറിയപ്പെടുന്ന പട്ടണം. അന്ന് ഗ്രീക്കുകാർ അതിനെ നിസിബിസ് എന്നും സുറിയാനിക്കാർ സോബാ എന്നും വിളിച്ചുപോന്നു. ഇന്നത് നുസൈബിൻ

www.malankaralibrary.com

എന്നറിയപ്പെടുന്നു. അപ്രേമിന്റെ ബാല്യപ്രായത്തിൽ മാതാപിതാക്കൾ രക്തസാക്ഷികൾ ആയിത്തീർന്നിരിക്കാനുള്ള സാദ്ധ്യതയുണ്ട്. അദ്ദേഹത്തിന് ഒരു സഹോദരി ഉണ്ടായിരുന്നതായി പറയപ്പെടുന്നു. നന്നെ ചെറുപ്പം മുതൽ അപ്രേം ഋഷിവര്യനായ മാർ യാക്കോബിന്റെ കീഴിൽ പഠിച്ചു വളർന്നു. 308 മുതൽ 338 വരെ നിസിബിസ് സഭയെ നയിച്ച മാർ യാക്കോബ് ആണ് അപ്രേമിനെ മാമ്മോദീസാ മുക്കിയതും ഡീക്കൻ പട്ടം നൽകിയതും. 326 മുതൽ 363 വരെ അപ്രേം നിസിബിസിൽ "വി. ഗ്രന്ഥവ്യഖ്യാതാവായി", ദൈവശാസ്ത്രപഠിതാക്കളുടെ മല്പാനായിരുന്ന മാർ യാക്കോബ്, മാർ ബാബു, മാർ വൽഗാശ്, മാർ അബ്രാഹം എന്നീ മെത്രാന്മാരുടെ കീഴിൽ ഡീക്കനായും അദ്ദേഹം സഭയെ സേവിച്ചു. മാർ യാക്കോബും മാർ ബാബുവും അദ്ദേഹത്തിന് ഗുരുക്കന്മാരായിരുന്നു. മാർ വൽഗാശ് സഹപാഠിയോ സഹപ്രവർത്തകനോ ആയിരുന്നു; മാർ അബ്രാഹം ശിഷ്യനും.

363-നു ശേഷം ഏതാണ്ടു പത്തു വർഷക്കാലം അപ്രേം എദേസ്സാ എന്ന് ഗ്രീക്കുകാരും ഉറഹാ എന്നു സുറിയാനിക്കാരും വിളിച്ചിരുന്ന പട്ടണത്തിൽ തന്റെ സേവനങ്ങൾ തുടർന്നു നിസിബിസിലും ഉറഹായിലും വളർന്നുവന്ന ദൈവശാസ്ത്രസർവ്വകലാശാലയുടെ ഉപജ്ഞാതാവ് അപ്രേമാണെന്ന് പറയപ്പെടുന്നു. 372-ൽ ഏദേസ്സായിൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് അനേകായിരങ്ങൾ മരിച്ചു വീണപ്പോൾ ഏലിയാ പ്രവാചകന്റെ തീക്ഷ്ണതയോടെ അപ്രേം രംഗത്തെത്തി. ആതുരശുശ്രൂഷയും സാമൂഹിക സേവനവുമായി അദ്ദേഹം പാഞ്ഞുനടന്നു. വാർദ്ധക്യത്തിന്റെ ക്ഷീണം മറന്നുള്ള അതികഠിനമായ അദ്ധ്വാനം അദ്ദേഹത്തെ അവശനാക്കി. 373 ഏപ്രിൽ മാസത്തിൽ പട്ടിണിയും പകർച്ചവ്യാധിയും പമ്പകടന്നു. 373 മേയ് മാസത്തിൽ അപ്രേം സാമൂഹിക സേവനരംഗത്തു നിന്നു പിന്മാറി. 373 ജൂൺ മാസം 9-ാം തീയതി അദ്ദേഹം പരലോക പ്രാപ്തനായി.

സത്യവിശ്വാസത്തിന്റെ അതിപ്രഗത്ഭനായ വക്താവായിരുന്ന അപ്രേം അതിമനോഹരമായ ഗാനങ്ങളിലൂടെ ആശയപ്രചാരണം നടത്തി. സത്യവിശ്വാസപ്രചരണാർത്ഥം അദ്ദേഹം "ഉടമ്പടി മക്കൾ" എന്നറിയപ്പെടുന്ന പ്രാചീനസുറിയാനി സന്ന്യാസസമൂഹത്തെ ആശ്രയിച്ചിരിക്കുന്നതായിക്കാണുന്നു. അനേകലക്ഷം ശ്ലോകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും അവയിൽ ചെറിയൊരംശം മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. ഗദ്യഭാഷയിലാണ് സാധാരണ ദൈവശാസ്ത്രം ഗ്രീക്കിലും ലത്തീനിലും വളർന്നുവന്നതെങ്കിലും ആ പ്രസ്താവന സുറിയാനി ദൈവശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം തെറ്റാണ്. കവിതയാണ് ദൈവശാസ്ത്രത്തിന് ഏറ്റം പറ്റിയ പാതയെന്ന് അപ്രേം അസന്നിഗ്ദ്ധമായി സ്ഥാപിച്ചെടുത്തു. ഗദ്യത്തേക്കാളുപരി പദ്യമാണ് അദ്ദേഹം ഉപയോഗിച്ചത്. കാവ്യാത്മകത

www.malankaralibrary.com

നിറഞ്ഞുതുളുമ്പുന്നവയാണ് അദ്ദേഹത്തിന്റെ ഗദ്യകൃതികൾ പോലും. നിഖ്യാസുനഹദോസിൽ അപ്രേം പോയിട്ടില്ല. ഈജിപ്തിലെ സന്ന്യാസികളെ സന്ദർശിക്കാനും മഹാനായ മാർ ബസേലിയോസിനെ കാണാനും അദ്ദേഹം പോയിട്ടില്ല. മറിച്ചുള്ള കഥകളെല്ലാം കപോല കല്പിതമായ വെറും കെട്ടുകഥയാണ്.

## ദൈവശാസ്ത്രചിന്തകളെപ്പറ്റി

മനുഷ്യബുദ്ധിയുടെ അതിരുകൾ അറിയുകയാണ് ദൈവത്തെ അറിയുവാനുള്ള പടികളിലൊന്ന്. പരിധിയില്ലാത്തതല്ല നമ്മുടെ ബുദ്ധി. ദൈവത്തെ അറിയണമെങ്കിൽ ദൈവം നമുക്കു സ്വയം വെളിപ്പെടുത്തി ത്തരണം. വെളിപാടിന്റെ വഴിയാണ് ദൈവശാസ്ത്രത്തിന്റെ പാത. മനുഷ്യബുദ്ധിയെ പ്രസ്തുത മാർഗ്ഗത്തിലേക്ക് ക്ഷണിക്കുകയാണ്. ദൈവം. സൃഷ്ടപ്രപഞ്ചം (പ്രകൃതി), വി. ഗ്രന്ഥം മനുഷ്യാവതാരം എന്നിവയാണ് ദൈവവെളിപാടിന്റെ കൈവഴികൾ. പ്രകൃതിയും, വി. ഗ്രന്ഥവും മനുഷ്യാവതാരത്തിലേക്കുള്ള ചൂണ്ടുപലകകളാണ്. അവ ദൈവത്തിന്റെ രണ്ടു സാക്ഷികൾ ആണ്.

പ്രകൃതിയും തന്റെ വിശുദ്ധഗ്രന്ഥവും സ്രഷ്ടാവിനു സാക്ഷ്യം വഹിക്കുന്നു/ മനുഷ്യൻ സൃഷ്ടപ്രപഞ്ചത്തെ ഉപയോഗിക്കുന്നതുമൂലം/ അവൻ വി. ഗ്രന്ഥം വായിക്കുന്നതു വഴി/ എല്ലായിടത്തും എല്ലാ സമയത്തും എത്തുന്ന സാക്ഷികളാണവർ/ എല്ലാസമയവും അവ സ്രഷ്ടാവിനെ നിരസിക്കുന്ന അവിശ്വാസിയെ ശാസിക്കുന്നു.

ഈ രണ്ടു സാക്ഷികൾ പുതിയ ഉടമ്പടിയിലേക്ക് വിരൽ ചൂണ്ടി നില്ക്കുന്നു. വി. ഗ്രന്ഥം യഹൂദജനതയ്ക്ക് ദൈവനിയമം നൽകി. പ്രകൃതി വിജാതീയ ജനതകൾക്ക് സ്വഭാവിക നിയമം നൽകി. വി. ഗ്രന്ഥത്തിന്റെയും പ്രകൃതിയുടേയും ഏക കർത്താവായവൻ എത്തുന്നതിനുള്ള തയ്യാറെടുപ്പ് നടത്തുവാനായിരുന്നു അത്. ദൈവ നിയമവും സ്വഭാവിക നിയമവും ഇങ്ങനെ ദൈവവെളിപാടുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഈ ദൈവവെളിപാടിന്റെ പരിപൂർത്തിയാണ് മനുഷ്യാവതാരം.

പ്രകൃതിയും വി. ഗ്രന്ഥവും കൃഷിക്കാരനുവേണ്ടി.

നുകം വച്ചു ചേർത്തിരിക്കുന്നത് നോക്കിക്കണ്ടാലും!

പ്രകൃതി വ്യഭിചാരികളെയും മന്ത്രവാദികളെയും

കൊലപാതകികളെയും വെറുക്കുന്നു.

വി. ഗ്രന്ഥവും അവരെ വെറുക്കുന്നു. പ്രകൃതിയും വി. ഗ്രന്ഥവും നിലമൊരുക്കി.

അതിൽ പുതിയ കല്പനകൾ വിതച്ചു, ഹൃദയമാകുന്ന നിലത്ത് അത് ഫലം നല്കുന്നതിന്,

www.malankaralibrary.com

പ്രകൃതിനാഥന് സ്തുതി!

വി. ഗ്രന്ഥനാഥന് മഹത്വം!

വിശ്വാസത്തിന്റെ കണ്ണുകൊണ്ടുനോക്കുന്നവർക്ക് വി. ഗ്രന്ഥത്തിലും പ്രകൃതിയിലും സ്രഷ്ടാവിലേക്കുള്ള ചൂണ്ടുപലകകൾ ധാരാളം കാണാൻ കഴിയും.

എവിടേക്കു കണ്ണുതിരിച്ചാലും അവിടെയെല്ലാം ദൈവരഹസ്യമല്ലോ. എന്തെല്ലാം നോക്കി നീ വായിച്ചാലും ആയതവനുടെ രൂപകങ്ങൾ.

പഴയനിയമപ്രതീകങ്ങൾ മുഴുവൻ മിശിഹായിൽ കേന്ദ്രീകൃതമാണ്. അവ ഉറ്റുനോക്കുന്നത് മിശിഹായിലേക്കാണ്; അവയുടെ യഥാർത്ഥമായ അർത്ഥം മിശിഹായാണ്. മിശിഹായിലാണ് വെളിപ്പെടുത്തുന്നത്. പുതിയ നിയമത്തിലാണ് പഴയനിയമത്തിന്റെ അർത്ഥം വ്യക്തമാകുക. പ്രതീകങ്ങളുടെ ഉടമസ്ഥനും കർത്താവും അർത്ഥദാതാവും മിശിഹാ തന്നെ.

പ്രാവു നോഹിന് പ്രളയകാലത്ത് ആശ്വാസമേകി.
പ്രാവിനോട് ബന്ധപ്പെട്ടവളാണ് മറിയം
ഒലിവിലയ്ക്കു പകരം അവൾ പുത്രന്റെ മരണം
ഒന്നാന്തരം തൈലംകൊണ്ട് പ്രതീകാത്മകമായി വരച്ചുകാട്ടി.
അവന്റെ മേൽ അവൾ ചൊരിഞ്ഞ നറുതൈലം വഴി
അവൾ പ്രതീകങ്ങളുടെ സംഭരണി തുറന്നുവിട്ടു
ആ നിമിഷം എണ്ണയുടെ പ്രതീകങ്ങൾ മിശിഹായിൽ വസതി കണ്ടെത്തി.
പ്രതീകങ്ങളുടെ നിധിപ്പുര സൂക്ഷിപ്പുകാരനായ എണ്ണ
പ്രതീകങ്ങളുടെ നാഥന് അവയെ ഏല്പിച്ചു കൊടുത്തു
പ്രപഞ്ചം അവന്റെ പ്രതീകങ്ങൾ ഗർഭം ധരിച്ചു;
മറിയമാകട്ടെ അവന്റെ ശരീരത്തെത്തന്നെ ഗർഭം ധരിച്ചു.

പഴയനിയമപ്രതീകങ്ങൾ അർത്ഥപൂർണ്ണത കൈവരിക്കുന്നത് മനുഷ്യാവതാരത്തിന്റെ വെളിച്ചത്തിൽ മാത്രമാണെന്നു വരുന്നു. കടലിനെ ലക്ഷ്യം വച്ച് പാഞ്ഞൊഴുകുന്ന നദികൾപോലെയാണവ, അത്ഭുതാദരങ്ങൾ നിറഞ്ഞ മനസ്സോടെയാണ് അപ്രേം പ്രപഞ്ചത്തേയും വി. ഗ്രന്ഥത്തേയും ധ്യാനവിഷയമാക്കുന്നത്. കൗതുകവും അത്ഭുതവും ആദരവും ആരാധനയും നിർമ്മലതയും നിറഞ്ഞുകവിഞ്ഞൊഴുകുന്ന ശിശുതുല്യമായ മനസ്സാണ് അപ്രേമിന്റേത്. ആത്യന്തികമായി വിശ്വാസത്തിന്റെ ബാഹ്യപ്രകടനമാണ് ഈ മനോഭാവം. ആ വിശ്വാസമാകട്ടെ ബുദ്ധിപരമായ അന്വേഷണതൃഷ്ണകൊണ്ട് പൊറുതിമുട്ടുന്ന ഒന്നല്ലതാനും.

മഠയന്റെ വിശ്വാസം എല്ലാവിധ ചോദ്യങ്ങളാലും

www.malankaralibrary.com

വേലികെട്ടിക്കിടക്കുന്നു.

കണ്ണിൽ കൈകൊണ്ടു തിരുമ്മുന്നതുപോലെയാണത്.

കൈവിരൽകൊണ്ടു കണ്ണു മുറിഞ്ഞാൽ കാഴ്ചപോയി.

കുത്തിക്കയറുന്ന ചോദ്യശരങ്ങൾ അതിനേക്കാളുപരി വിശ്വാസത്തെ അന്ധമാക്കുന്നു.

ദൈവപ്രകൃതിയെ തുരന്നുകയറി പരിശോധിക്കാമെന്നു കരുതുന്നതു മൗഢ്യമാണ്. ആ വഴി നീങ്ങുന്നവർ വഴിതെറ്റി അലയുന്നു. ബൗദ്ധികമായ ദൈവാന്വേഷണത്തിന് അപ്രേം എതിരാണെന്ന് പറഞ്ഞുകൂടാ അത്തരം അന്വേഷണത്തിന് പരിമിതികൾ ഏറെയുണ്ടെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു എന്നുമാത്രം. പരിധിയില്ലാത്ത അന്വേഷണം ബുദ്ധിക്കു സാദ്ധ്യമല്ലെന്നാണ് അദ്ദേഹം പറയുക. അതിനു കടന്നുകയറാൻ പറ്റാത്ത മേഖലകൾ ഉണ്ടെന്ന് അപ്രേം ആവർത്തിച്ചു പറയുന്നുണ്ട്. മനുഷ്യന്റെ ഭാഷയ്ക്കും വാക്കുകൾക്കും ചിന്തകൾക്കുപോലും അതീതനും അപ്രാപ്യനുമായ ദൈവത്തെ എങ്ങനെ വർണ്ണിക്കും എന്നതാണു പ്രധാന പ്രശ്നം. അർത്ഥം പകരുന്ന വാക്കുകളുടെ പരമ്പര ഒഴുക്കിക്കൊണ്ട് അപ്രേം ആ വൈതരണി കടക്കുന്നത് ആരേയും അത്ഭുതസ്തബ്ധരാക്കും:

വാഴ്ത്തപ്പെട്ടവനാകുന്നു ഇടയൻ

നമ്മുടെ പാപപരിഹാരാർത്ഥം കുഞ്ഞാടായവൻ.

വാഴ്ത്തപ്പെട്ടവനാകുന്നു മുന്തിരിമുള

നമ്മുടെ രക്ഷയുടെ പാനപാത്രമായവൻ.

വാഴ്ത്തപ്പെട്ടവനാകുന്ന കൃഷിക്കാരൻ

വിതയ്ക്കപ്പെട്ട ഗോതമ്പും കൊയ്തെടുത്ത ധാന്യക്കറ്റയുമായവൻ.

ദൈവസ്തുതിയിൽ എത്തി നില്ക്കുന്ന ദൈവശാസ്ത്രമാണ് അപ്രേമിന്റേത്. പ്രകൃതിയിലും വി. ഗ്രന്ഥത്തിലും ദൈവചിത്രങ്ങൾ തേടുന്ന അപ്രേമിന്റെ ഭാഷ ദൈവസ്തുതിയുടെ ഭാഷയായതിൽ അത്ഭുതമില്ല. പ്രപഞ്ചവും വി. ഗ്രന്ഥവും ദൈവം നല്കുന്ന കണ്ണാടിയായിക്കണ്ട അപ്രേം ഹൃദയത്തിന്റെ അടിത്തട്ടിൽ ദൈവസ്തുതിയുടെ വേലിയേറ്റം സൃഷ്ടിക്കാനാണ് ശ്രമിക്കുക. നർമ്മരസ പ്രധാനമായ ശൈലിയാണ് നാമവിടെ കാണുന്നത്. ആദ്ധ്യാത്മിക ചിന്തയിലും ദൈവശാസ്ത്രത്തിലും നർമ്മരസത്തിന് എന്തുസ്ഥാനമെന്ന് ചിന്തിക്കുന്നവർ അപ്രേമിനെ അറിഞ്ഞിട്ടില്ല. മിശിഹായെ പരീക്ഷിച്ചു പരാജയപ്പെട്ട സാത്താന്റെ ആത്മഗതം ശ്രദ്ധിക്കുക:

അവന്റെ ഉപവാസം കഴിഞ്ഞപ്പോൾ ഞാനവനെ പ്രലോഭിപ്പിച്ചു അതും നല്ല ഒന്നാന്തരം അപ്പംകൊണ്ട്!

www.malankaralibrary.com

എന്തുമാത്രം കഷ്ടപ്പെട്ടാണ് ഞാനൊരു സങ്കീർത്തനഭാഗം പഠിച്ചെടുത്തത്,

അവന്റെ സങ്കീർത്തനങ്ങൾവഴി അവനെ ഒന്നു വീഴിച്ചെടുക്കാൻ എന്റെ ആ ഒരു കഷണം പഠിച്ചെടുക്കാൻ പെട്ടപാട് എന്തെന്നോ!

പറഞ്ഞിട്ടെന്തുകാര്യം അവൻ എന്റെ ശകലത്തെ ഫലശൂന്യമാക്കി ഞാനവനെ മലമുകളിലെത്തിച്ച് എല്ലാവിധ സമ്പാദ്യങ്ങളും അവനു സമ്മാനിച്ചിട്ടും അവൻ വീണില്ല.

എനിക്കെന്തു കുശാലായിരുന്നു ആദത്തിന്റെ കാലത്ത്! ഞാനുപദേശിക്കുമ്പോൾ യാതൊരു കുഴപ്പവും കൂടാതെ അവനെന്നെ എത്രമാത്രം അനുസരിച്ചിരുന്നു".

ആഴമേറിയ ദൈവശാസ്ത്ര സങ്കല്പങ്ങൾ ലളിതസുന്ദരമായ ഭാഷയിൽ അവതരിപ്പിക്കാൻ അപ്രേമിന് അശേഷം പ്രയാസമില്ല. മിശിഹായുടെ മറിയത്തിൽ നിന്നുള്ള മനുഷ്യാവതാരവും യോർദ്ദാനിലെ മാമ്മോദീസായും വി. കുർബ്ബാനയിലെ സാന്നിദ്ധ്യവും ഏതാണ്ട് ഒരു പോലെയാണ്: പരിശുദ്ധറൂഹായുടെ പ്രവർത്തനം മറിയത്തിലും യോർദ്ദാൻ നദിയിലും അപ്പത്തിലും വീഞ്ഞിലും സമാനമാണെന്ന് അപ്രേം പറയുന്നു. മിശിഹായുടെ മാമ്മോദീസായുടെ ആ റൂഹായുടെ പ്രവർത്തനക്ഷമത നമ്മുടെ മാമ്മോദീസായിൽ എത്തിച്ചേരുന്നു:

അഗ്നിയും റൂഹായും നിന്നെ വഹിച്ചവളുടെ ഉദരത്തിൽ<br>
അഗ്നിയും നീ മാമ്മോദീസാ മുങ്ങിയ നദിയിൽ<br>
അഗ്നിയും റൂഹായും ഞങ്ങളുടെ മാമ്മോദീസായിൽ<br>
അഗ്നിയും പരിശുദ്ധറൂഹായും അപ്പത്തിൽ, കാസായിലും!

മനുഷ്യാവതാരം, മിശിഹായുടെ മാമ്മോദീസാ, നമ്മുടെ മാമ്മോദീസാ, വി. കുർബ്ബാന, മിശിഹായിലുള്ള പുതിയ ആദത്തിന്റെ ജീവിതം ദൈവോന്മുഖതയിലെത്തുന്ന അവസ്ഥ ഇവയൊക്കെ പരസ്പര പൂരകങ്ങളാണ്. രക്ഷാകര രഹസ്യങ്ങളുടെ അനാവരണം കാലാതിശായിയായി തുടരുന്നതിന്റെ സമ്യക്കായ വർണ്ണനമാണ് അപ്രേം സാധിച്ചെടുക്കുക. മനുഷ്യാവതാരം അതിന്റെ ഫലപ്രാപ്തിയോട് അവഗാഢം ബന്ധപ്പെട്ടു നില്ക്കുന്നു. തന്മൂലം ചരാചരങ്ങൾ മുഴുവൻ സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തിപ്പാടുകയാണ്.

നിന്നെ സ്തുതിക്കുന്നതിൽ നിന്ന് ഒരു നിമിഷം പോലും<br>
വിശ്രമിക്കാൻ എന്റെ വീണയ്ക്ക് എങ്ങനെ സാധിക്കും?<br>
എന്റെ നാവിനെ അവിശ്വസ്തത പഠിപ്പിക്കാൻ എന്നെങ്കിലും എനിക്കാവുമോ?

www.malankaralibrary.com

ദൈവത്തെ സ്തുതിക്കാത്തവൻ രണ്ടുതവണ മരിച്ചിരിക്കുന്നു; വിളവു നൽകാത്ത ഭൂമി ഉഴുതു വിതച്ചവനെ ചതിക്കുകയാണ്. തന്മൂലം അപ്രേം പറയുകയാണ്:

ജീവിച്ചിരിക്കെ ഞാൻ സ്തുതിക്കും. അസ്തിത്വമില്ലാത്തവനെ പോലെ ഞാൻ ആവുകയില്ല.

എന്റെ ജീവിതകാലത്ത് ഞാൻ സ്തുതിക്കും.

ജീവിച്ചിരിക്കുന്നവർക്കിടയിൽ മരിച്ചവനെപ്പോലെ ആയിരിക്കില്ല ഞാൻ.[12]

നമ്മുടെ തലമുറ താഴെ വീണുകരിഞ്ഞുപോകുന്ന ഒരിലപോലെയാണ്. നമ്മുടെ ജീവിതകാല പരിധി ഹ്രസ്വമെങ്കിലും

സ്തുതിയ്ക്കു അതിനെ നീട്ടാൻ കഴിയും

കാരണം നമ്മുടെ സ്നേഹത്തിന്റെ തോതനുസരിച്ച്

സ്തുതിയിലൂടെ നാം അളവില്ലാത്ത ജീവൻനേടും.

വി. ഗ്രന്ഥത്തിൽ ചാലിച്ചെടുത്ത ചിന്തകളാണ് അപ്രേമിന്റേത്. വി. ഗ്രന്ഥത്തിലെ സംഭവങ്ങളും വ്യക്തികളും രക്ഷാകര ചരിത്രവും അപ്രേമിന്റെ കൃതികളിലുടനീളം ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു:

മറിയം അവനെ ശിശുവായി വഹിച്ചു
പുരോഹിതൻ അവനെ ബലിയായി വഹിച്ചു
സ്ലീവാ അവനെ വധിക്കപ്പെടുവാനായി വഹിച്ചു
സ്വർഗ്ഗം അവനെ ദൈവമായി വഹിച്ചു
അവന്റെ പിതാവിനു സ്തുതി.
ഉന്നതത്തിൽ നിന്ന് അവൻ നദിപോലെ ഒഴുകി
മറിയത്തിൽ നിന്ന് അവൻ വേരുപോലെ മുളച്ചു.
സ്ലീവായിൽ നിന്ന് അവൻ ഫലം പോലെ താഴേയ്ക്കു വന്നു
സ്വർഗ്ഗത്തിലേക്ക് ആദ്യഫലം പോലെ അവൻ കയറി.
അവന്റെ തിരുവിഷ്ടം വാഴ്ത്തപ്പെട്ടതാകുന്നു!
ദൈവത്തിൽ നിന്ന് അവന്റെ ദൈവത്വം
മർത്യരിൽ നിന്ന് അവന്റെ മനുഷ്യത്വം
മെൽക്കിസെദെക്കിൽ നിന്ന് അവന്റെ ആചാര്യത്വം
ദാവീദിൽ നിന്ന് അവന്റെ രാജത്വം
അവയെല്ലാം തന്നിൽ ചേർത്തു വാഴ്ത്തപ്പെട്ടവൻ
അവന്റെ ജനനം നമുക്കു ശുദ്ധീകരണം തന്നു

www.malankaralibrary.com

അവന്റെ മാമ്മോദീസാ നമുക്കു പാപമോചനം തന്നു
അവന്റെ മരണം നമുക്കു ജീവനാകുന്നു
അവന്റെ കരേറ്റം നമുക്ക് ഉയർച്ചയാകുന്നു
എങ്ങനെ നാമവനു നന്ദിപറയും?

ഇഹലോകജീവിതം അമ്മയുടെ ഇരുട്ടുനിറഞ്ഞ ഉദരമാണത്രേ. ആ ഉദരത്തിൽ കിടക്കുന്ന നാം ഇരുട്ടിൽ നിന്നു പുറത്തു കടക്കാനിഷ്ടപ്പെടുന്നില്ല. ലോകമാകുന്ന അമ്മയുടെ ഉദരത്തിൽ സദാകാലം ഇരുട്ടിൽ തപ്പിത്തടയുന്നതാണു മനുഷ്യനിഷ്ടം. പിറന്നുവീഴാതെ വെളിച്ചം കാണുന്നതെങ്ങനെ? ജനിക്കാതെ വളരുന്നതെങ്ങനെ? സ്വാതന്ത്ര്യത്തിന്റെയും സൗഭാഗ്യങ്ങളുടേയും നിത്യപറുദീസ നമ്മെ കാത്തിരിക്കുമ്പോഴും പാരതന്ത്ര്യത്തിൽ, ഇരുട്ടിൽ പിറക്കാതെ, ഈ ലോകമാകുന്ന അമ്മയുടെ ഉള്ളിൽ, തടവറയിൽ കിടന്നു നരകിക്കാനാണു നമുക്കു താല്പര്യം. മരണമാകുന്ന ജനനം നിത്യസ്വാതന്ത്ര്യത്തിലേക്കും നിത്യവെളിച്ചത്തിലേക്കും നമ്മെ എത്തിക്കുമ്പോൾ നാമെന്തിനു കരയണം. എന്നാണ് അപ്രേമിന്റെ, ചോദ്യം. ഇവിടെ അപ്രേമിന്റെ ചിന്തകൾ ദാർശനികതയുടെ പരിവേഷം പൂണ്ടുനില്ക്കുന്നു.

നമ്മുടെ വീട് ഒരു തടവറതന്നെ/പക്ഷേ അതിലെ തടവുകാർ
തടവറ വിടുമ്പോൾ കരയുന്നു/എനിക്കത്ഭുതം തോന്നുന്നു.
ഇരുട്ടു നിറഞ്ഞ തടവറവിട്ട്/പ്രകാശത്തിലേക്ക് പുറപ്പെടുമ്പോൾ
കുഞ്ഞുങ്ങൾ പോലും കരയുന്നതോർത്ത്./ശ്വാസം മുട്ടിക്കുന്ന തടവറയിൽ നിന്ന്
സ്വാതന്ത്ര്യം നിറഞ്ഞ ലോകത്തേക്കു പോകുമ്പോഴും!
മനുഷ്യവംശത്തിന് മരണവും ഇതുപോലെതന്നെ!
ജനനത്തിന്റെ പ്രതീകം.
പക്ഷേ സഹനങ്ങളുടെ അമ്മയായ ലോകത്തിൽ നിന്ന്
സന്തോഷ സൗഭാഗ്യങ്ങളുടെ പൂവാടിയിലേക്ക്
പിറന്നു വീഴുമ്പോൾ അവൻ കരയുന്നു!

www.malankaralibrary.com

# 4. മഹാനായ പ്ലാസിഡച്ചൻ (1899-1985)

പൗലോസ് ശ്ലീഹായുടെ ഭാഷയിൽ അകാല പ്രജപോലെയാണ് ഞാൻ പ്ലാസിഡച്ചനെ പരിചയപ്പെടുന്നത്. ഉപരിപഠനത്തിനായി റോമിനു പോകാൻ അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് അനുവദിച്ച് ഭരണങ്ങാനം പള്ളിയിൽ നിന്നും മാറുമ്പോൾ ഞാൻ പിതാവിനെക്കണ്ട് പറഞ്ഞു:, "ഞങ്ങളുടെ തലമുറയ്ക്ക് പിതാവിന്റെ തലമുറയോട് ഒരു പരാതി പറയാനുണ്ട്. നിങ്ങളുടെ തലമുറയ്ക്ക് സുറിയാനി പഠിക്കുവാൻ അവസരമുണ്ടായിരുന്നു. എന്നാൽ ആ, പൈതൃകം പഠിക്കുവാനുള്ള അവസരവും അവകാശവും ഞങ്ങളുടെ തലമുറയ്ക്കു നിഷേധിക്കപ്പെട്ടു. അത് വലിയൊരു നഷ്ടമാണ്." പിതാവ് മറുപടിയായ് പറഞ്ഞു; "അതുകൊണ്ട് അച്ചൻ പോയി പഠിച്ചോളൂ."

പ്ലാസിഡ് അച്ചനെക്കുറിച്ച് സെമിനാരിയിൽ പഠിക്കുന്ന കാലത്ത് ബഹുമാനപ്പെട്ട മറ്റത്തിൽ ജോസഫ് അച്ചൻ പറഞ്ഞ് ധാരാളം കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പലതും വായിച്ചിട്ടുമുണ്ട്. മംഗലപ്പുഴ സെമിനാരിയിൽ പഠിച്ചതുകൊണ്ട് പ്ലാസിഡച്ചനെക്കുറിച്ച് ഗ്രന്ഥങ്ങളിലൂടെയുള്ള അറിവേ ലഭിച്ചിരുന്നുള്ളു. പ്ലാസിഡച്ചൻ പഠിപ്പിച്ച വിദ്യാർത്ഥികൾ ആരും തന്നെ ഞങ്ങൾക്ക് അദ്ധ്യാപകരായിട്ടില്ലായിരുന്നു. ഇങ്ങനെ വിദൂരത്തിൽ നിന്ന് സ്വപ്നം കണ്ടിരുന്ന ഗുരുവായിരുന്നു എനിക്കു പ്ലാസിഡച്ചൻ.

പള്ളിക്കാപറമ്പിൽ പിതാവിന്റെ നിർദേശപ്രകാരം ഞാൻ ചെത്തിപ്പുഴ കൊവേന്തയിൽ ചെന്ന് പ്ലാസിഡച്ചനെക്കണ്ടു. ഞാൻ അവിടെ ചെല്ലുമ്പോൾ പ്ലാസിഡച്ചനെ കുളിപ്പിച്ച് ചാരുകസേരയിൽ ഇരുത്തുന്ന ആരോഗ്യമേയുള്ളു. അച്ചൻ കസേരയിൽ ഇരിക്കും. അടുത്ത് ചെന്ന് ഇരുന്നാൽ അച്ചൻ പറഞ്ഞുതരും. ഇത്തരത്തിൽ പല ആളുകളും അവിടെ ചെന്നു പഠിക്കുന്നുണ്ടായിരുന്നു. 1983 ഓഗസ്റ്റ് മാസത്തിൽ ഞാൻ ചെത്തിപ്പുഴ കൊവേന്തയിൽ ചെന്നു. ഒരു മാസക്കാലം അവിടെ താമസിച്ചു. ഒരു '100' വർഷം ഒരു മഹാഗുരുവിന്റെ പാദത്തിങ്കൽ ഇരുന്ന അനുഭവം ആ ഒരു മാസംകൊണ്ട് അദ്ദേഹം തന്നു. പഠനം അവസാനിപ്പിച്ചുപോകുമ്പോൾ ഒരു പ്രവചനമെന്നോണം അദ്ദേഹം പറഞ്ഞു; "എന്റെ അവസാന ശിഷ്യന് എന്റെ ആശീർവ്വാദം, അനുഗ്രഹം." ഞാൻ ചെത്തിപ്പുഴ കൊവേന്തയിൽ നിന്നുപോയി ഒരു മാസത്തിനകം അച്ചന് പക്ഷാഘാതം പിടിപെട്ട് സംസാരിക്കാൻ പറ്റാത്ത അവസ്ഥയിലായി.

ക്ലാസ്സിലിരുന്നു പഠിക്കുന്നതിലുപരി ഗുരുക്കന്മാരുടെ പാദത്തിങ്കലിരിക്കുന്നത് അവാച്യമായ ഒരനുഭൂതിയാണ്. പുസ്തകത്തിൽ നിന്നുള്ള പഠനമായിരുന്നില്ല പ്ലാസിഡച്ചൻ നൽകിയിരുന്നത്. മറിച്ച് ഹൃദയത്തിൽ

www.malankaralibrary.com

നിന്നുള്ള വാക്കുകൾ പറയുമ്പോൾ അത് മനസ്സിൽ തറഞ്ഞുകയറും. ഒരു ഭാഷ പഠിപ്പിക്കുകയായിരുന്നില്ല. അറിയില്ലാത്ത കുറെക്കാര്യങ്ങൾ പറഞ്ഞുതരികയായിരുന്നില്ല. സഭയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടുകൾ, ദർശനങ്ങൾ അറിയാതെ ദിവ്യമായ വാക്കുകളിലൂടെ വാർന്നുവീഴുകയായിരുന്നു. അവിടെ ചെന്നതു പോലെയല്ല ഞാൻ തിരിച്ചുപോന്നത്. ആരൊക്കെ സുറിയാനി പഠിച്ചില്ലെങ്കിലും ഞാനതുപഠിച്ചേ ഇനി ജീവിതമുള്ളു എന്നുറപ്പിച്ചു. ഭൂരിപക്ഷം പറയുന്നിടത്തല്ല സത്യം. ഒരാൾ നിൽക്കുന്നിടത്തും സത്യമുണ്ടാവാം. പ്ലാസിഡച്ചൻ ഒറ്റപ്പെട്ട ഒരു വ്യക്തിത്വമായിരുന്നു ഒരർത്ഥത്തിൽ. 100 കണക്കിനു ശിഷ്യന്മാരുണ്ടായിരുന്നെങ്കിലും അപൂർവ്വം ചിലർക്കേ അദ്ദേഹത്തെ മനസ്സിലായിരുന്നുള്ളു. ശാരീരികമായി അച്ചൻ നമ്മിൽ നിന്നു വേർപിരിഞ്ഞിട്ട് '30' വർഷമായി എങ്കിലും ഇപ്പോഴും ആ പേരു കേൾക്കുമ്പോൾ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ള ശിഷ്യന്മാർക്ക് വല്ലാത്ത ആവേശമാണ്. ഒരു പുണ്യപുരുഷന്റെ ദർശനമാണ് അവരുടെ ഉള്ളിൽ തങ്ങി നിൽക്കുന്നത്. എന്നാൽ അദ്ദേഹത്തെ അറിയാത്ത ആളുകളാണ് അന്നുമിന്നും കുടുതൽ. അറിയാത്ത ഒന്നിനെ സ്നേഹിക്കാൻ ആർക്കു സാധിക്കും?

അൽപം കുറ്റപ്പെടുത്തിക്കൊണ്ടെങ്കിലും പറയാതിരിക്കാൻ പറ്റില്ല. സീറോമലബാർ സഭ പ്ലാസിഡച്ചൻ ജീവിച്ചിരുന്ന കാലത്ത് ഉറങ്ങുകയായിരുന്നില്ലേ? ആയിരുന്നു. ഉറങ്ങി മയങ്ങിക്കിടന്നിരുന്ന സഭയെ തൊട്ടുണർത്താൻ പ്ലാസിഡച്ചൻ ആജിവനാന്തം പരിശ്രമിച്ചു. ഉണർന്നു തുടങ്ങിയിട്ടേയുള്ളു. സഭയ്ക്കു സ്വാതന്ത്ര്യം കിട്ടി. മേജർ ആർച്ചുബിഷപ്പിനെക്കിട്ടി, സിനഡുണ്ടായി. എങ്ങിനെ കിട്ടി? ആരു ചോദിച്ചു? പ്ലാസിഡച്ചനാണ് ഇക്കാര്യങ്ങളൊക്കെ റോമിനെ അറിയിച്ചതും, ആവശ്യപ്പെട്ടതും. 1950-കളിൽ. "അഖിലേന്ത്യായുടെ മെത്രാപ്പോലീത്തായും, അഖിലേന്ത്യായുടെ കവാടവും" എന്ന പരമ്പരാഗതമായ സ്ഥാനപ്പേര് ഇതുവരെ മേജർ ആർച്ചുബിഷപ്പിന് നേടുവാൻ സാധിച്ചിട്ടില്ല. അങ്ങനെ ചിന്തിക്കുമ്പോൾ നമ്മൾ ജീവിക്കുന്ന കാലഘട്ടത്തെക്കാളും തലമുറയെക്കാളും ഒക്കെ കടന്നു ചിന്തിക്കുന്ന വ്യക്തിയാണു പ്ലാസിഡച്ചൻ. തന്റെ വീക്ഷണങ്ങളിലൂടെ അച്ചൻ നമുക്കു മുമ്പേ സഭയ്ക്കു മുമ്പേ നടന്നു പോവുകയാണ്. ഇന്നും അദ്ദേഹം സഭയ്ക്കു മുമ്പേ നടക്കുന്നു. ഒരു നായകനെപ്പോലെ, ഒരു പ്രവാചകനെപ്പോലെ, ഒരു ഗുരുനാഥനെപ്പോലെ.

സ്ഥാനമാനങ്ങൾ കിട്ടുമ്പോൾ കൈനീട്ടിവാങ്ങുന്നവർ ഓർക്കാറില്ല എങ്ങിനെയാണ് ആരുനിമിത്തമാണ് അവയൊക്കെ കിട്ടുന്നതെന്ന്. പ്ലാസിഡച്ചൻ റോമിൽ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിശോധിക്കുമ്പോഴറിയാം, എത്രവലിയ പ്രവാചകദൃഷ്ടിയോടെയാണ് അദ്ദേഹം സഭയുടെ ഭാവിയെപ്പറ്റി ചിന്തിച്ചതെന്ന്. ഒരു പക്ഷെ ഞാനും നിങ്ങളുമൊക്കെ ഒരു പത്തഞ്ഞൂറു വർഷം പിറകിൽ ജീവിക്കുന്നവരാണ്; അതായത്

www.malankaralibrary.com

ഉദയമ്പേരൂരിന്റെ ദുർഭഗരായ സന്തതികൾ! നമ്മുടെ സഭ എന്തായിത്തീരണം, എന്തായിരുന്നു, ഇന്ന് അതിന്റെ അവസ്ഥ എന്താണ് എന്നെല്ലാം പ്ലാസിഡച്ചൻ ചിന്തിച്ചു. അതുകൊണ്ട് അദ്ദേഹത്തിന്റെ ചിന്തകൾ നമ്മുടെ ചിന്തകളിൽ നിന്നു വിഭിന്നമാണ്. അദ്ദേഹത്തിന്റെ ചിന്തകൾക്ക് ക്രാന്തദർശിത്വമുണ്ട്. പ്രവാചകത്വമുണ്ട്. അദ്ദേഹം നിവേദനത്തിൽ പ്പറഞ്ഞിരിക്കുന്ന ഓരോ കാര്യവും ഇന്ന് സഭയിൽ നടപ്പായിക്കൊണ്ടിരിക്കുകയാണ്. പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്ക് ചവിട്ടി ഒതുക്കപ്പെട്ടു കഴിഞ്ഞിരുന്ന ഒരു അടിമത്ത സമൂഹം ഒരു സഭയായി ഉണർന്നെണീക്കുന്നത് പ്ലാസിഡച്ചന്റെ സ്വരം കേട്ടുകൊണ്ടാണ്. ഇന്നിപ്പോൾ അതിന് ചിക്കാഗോ മുതൽ സിഡ്നിവരെ അതിർത്തികളുണ്ടായി. പ്ലസിഡച്ചന്റെ പ്രിയശിഷ്യൻ കാലം ചെയ്ത തെള്ളിയിൽ ഇമ്മാനുവൽ അച്ചനിലൂടെയും, കാലം ചെയ്ത ജോൺബോസ്കോ തോട്ടക്കര (ഗുരുയോഹെന്ദ്) അച്ചനിലൂടെയും നാട്ടിൽ ഉള്ള പ്ലാസിഡ് അച്ചന്റെ പലശിഷ്യന്മാരിലൂടെയും അദ്ദേഹത്തിന്റെ സ്വരം സഭയിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. ഇവരെ ഒക്കെയും കാണുമ്പോൾ - പ്ലാസിഡ് അച്ചന്റെ ദർശനങ്ങൾ ഉൾക്കൊള്ളാൻ സാധിച്ച അപൂർവ്വം ചില ഭാഗ്യശാലികളാണിവർ. അവർ പഠിപ്പിക്കുന്ന കാര്യങ്ങളുടെ പ്രത്യേകത, അവരുടെ ആശയങ്ങളുടെ മൗലികത പ്ലാസിഡച്ചനെന്ന മഹാസമുദ്രത്തിൽ നിന്ന്, മഹാ ഉറവിടത്തിൽ നിന്ന് ഒഴുകി എത്തുന്ന കൈവഴികളാണെന്നു തോന്നുകയാണ്. ഈ ഡോൺ ബോസ്കോ തോട്ടക്കര 1964ൽ വത്തിക്കാൻ കൗൺസിലിന് എഴുതി അയച്ചുകൊടുത്ത 'ഹെന്ദോ' (The Church of India) എന്ന രേഖ സൃഷ്ടിച്ച വിവാദ കോലാഹലങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ വേണ്ടി റോമിൽ നിന്ന് പ്ലാസിഡച്ചനെത്തന്നെ കമ്മീഷണറായി നിയമിച്ചു. "He is not a Christian, He should be ousted from the christian community."(അയാളൊരു ക്രിസ്ത്യാനിയല്ല, അയാളെ ക്രൈസ്തവ സമൂഹത്തിൽ നിന്നും പുറത്താക്കണം.) എന്ന് അന്നത്തെ ഇന്റർന്യൂൺഷ്യോ പ്ലാസിഡച്ചന്റെ ശിഷ്യനായ ബോസ്ക്കോ അച്ചനെക്കുറിച്ചു പറഞ്ഞു. ബോസ്ക്കോ അച്ചനെ മൂന്നുമാസം ഏകാന്തതടവിനുശിക്ഷിച്ചു. എന്താണു കാരണം? നമ്മുടെ സഭയ്ക്കുവേണ്ടി സഭയുടെ അവകാശങ്ങൾ ചോദിച്ചുകൊണ്ട് ഒരു കത്തയച്ചു എന്നുള്ളതാണ്; ഒരു മേജർ മെത്രാപ്പോലീത്തായെ നമുക്കാവശ്യമാണ് എന്ന് എഴുതിയതുകൊണ്ടാണ്. ഇന്നു മേജർ മെത്രാപ്പോലീത്തായുണ്ടായി. ആരോർക്കുന്നു ബോസ്കോ അച്ചനെ? ബോസ്കോ അച്ചനെ അന്നു സഹായിച്ച പ്ലാസിഡച്ചനെയും? ബോസ്കോ അച്ചന്റെ "ഹെന്ദോ," ബോംബ്ഷെല്ലുപോലെ വത്തിക്കാൻ കൗൺസിലിൽ ചെന്നുവീണു. ജർമ്മൻകാരും ഫ്രഞ്ചുകാരുമായ കർദ്ദിനാളന്മാർ കൗൺസിലിൽ ചോദിച്ചു. "ഇന്ത്യയിൽ എന്തു നടക്കുന്നു?" ഒരു ശ്ലൈഹികസഭയെ ഒരു നാടിന്റെ കോണിൽ ഒതുക്കിയിട്ടിരിക്കുകയാണ്.

www.malankaralibrary.com

വത്തിക്കാൻ പ്രമാണ രേഖൾക്ക് വ്യാഖ്യാനമെഴുതിയിരിക്കുന്നതു നോക്കുക. ഇന്ത്യയിലെ പ്രശ്നങ്ങൾ നിമിത്തമാണ് ഇവ ഒക്കെയും കൂട്ടിചേർത്തതെന്ന് അടിക്കുറിപ്പിലുണ്ട്. ഇതിന് ഉത്തരവാദിത്വം ബോസ്കോ അച്ചനും പ്ലാസിഡച്ചനുമാണ്. ആരോർക്കുന്നു ഇവരെ? തുടർന്ന് നമുക്ക് മിഷനായി 'ഛാന്ദാ' തന്നു. ഛാന്ദായുടെ ജൂബിലി ആഘോഷവേളയിൽ പ്രത്യേകം ശ്രദ്ധിച്ച ഒരു കാര്യമുണ്ട്. പ്ലാസിഡച്ചന്റെയോ ബോസ്ക്കോ അച്ചന്റെയോ പേര് അന്ന് പത്രത്തിൽ വരുമോ എന്ന്. പക്ഷേ വന്നില്ല. ഓർക്കേണ്ടവർ ഓർത്തില്ല. മറവിയിൽ വിട്ടുപോയ വിശുദ്ധ നാമങ്ങൾ! കേരളത്തിനുപുറത്ത് മിഷൻ പ്രവർത്തനം നടത്തുന്നതിനു നമ്മുടെ സഭയ്ക്ക് അവകാശമില്ലായിരുന്നു. ആ കാലത്താണ് മൂന്ന് CMIവൈദികരെ നാഗ്പൂർ ആർച്ചുബിഷപ്പായിരുന്ന യൂജിൻ ഡിസൂസ അംബികാപുർ മിഷൻ നടത്തുവാനായി ക്ഷണിയ്ക്കുന്നത്. അതിലൊരാൾ ബോസ്കോ അച്ചനായിരുന്നു. അവർ അവിടെപ്പോയി പ്രവർത്തിച്ച് ഒരു വർഷത്തിനകം അവിടുത്തെ ആളുകൾക്ക് വ്യത്യസ്തമായ ഒരു മിഷൻ ശൈലി അനുഭവപ്പെട്ടു. സീറോ മലബാർ സഭയുടെ ചൈതന്യത്തിൽ. യൂറോപ്യൻ ശൈലിയല്ല അവർ പ്രകടിപ്പിച്ചത്. നവീനമായ ഈ മിഷൻശൈലി ആ നാട്ടുകാരെ ആകർഷിച്ചു. ഇങ്ങനെപോയാൽ സീറോ മലബാർ സഭയ്ക്ക് ഇവിടെ ഭരണാധികാരം കൊടുക്കേണ്ടിവരുമെന്ന് ലത്തീൻകാർ ഭയപ്പെട്ടു. ബുദ്ധിമാന്മാരായ ചില ലത്തീൻ മെത്രാന്മാർ ഈ മുന്നുവൈദികരെയും വിളിച്ചു ശാസിച്ചു പറഞ്ഞു. "നിങ്ങൾക്കു മിഷൻ പ്രവർത്തനം നടത്തണ മെന്നുണ്ടെങ്കിൽ സീറോ മലബാർ സഭവിട്ട് ലത്തീൻ സഭയിൽ ചേരുക." സഭാ വിരുദ്ധമായ ദൈവശാസ്ത്രവിരുദ്ധമായ ഈ ചിന്താഗതിക്കെതിരായി ബോസ്ക്കോ അച്ചൻ നിലപാടെടുത്തു. തൽഫലമായി അംബികാപൂറിൽ നിന്നും അവർ പുറത്താക്കപ്പെട്ടു. താൻ ക്ഷണിച്ചുകൊണ്ടുവന്നവർ പുറത്താക്കപ്പെട്ടതിൽ യൂജിൻ ഡിസൂസായ്ക്കു ദുഃഖം തോന്നി. അദ്ദേഹത്തിന്റെ സങ്കടം തീർക്കാൻ വേണ്ടിയാണ് ഛാന്ദാമിഷൻ അംബികാ പൂറിനുപകരം സീറോ മലബാർ സഭയെ ഏൽപ്പിച്ചത്. അവരുടെ മിഷൻ സൺഡേ ആഘോഷവേളയിൽ പ്രസിദ്ധനായ വലേരിയൻ ഗ്രാഷ്യസ് പ്രസംഗിച്ചു: "ഇരുപത്തഞ്ച് വർഷങ്ങൾകൊണ്ട് ഞങ്ങൾക്കു ചെയ്യാൻ പറ്റാതിരുന്ന കാര്യമാണ് ഈ മൂന്നുവൈദീകർ ഏതാനും മാസങ്ങൾകൊണ്ട് ചെയ്തുതീർത്തത്."

ഈ മണ്ണിൽ പിറന്നുവീണ ശ്ലൈഹികസഭയ്ക്ക് ഈ നാട്ടിൽ അതിന്റെ വ്യക്തിത്വത്തോടുകൂടി വേരുറപ്പിക്കാൻ കഴിയാതെപോയത് എന്തുകൊണ്ട്? നാനൂറ് വർഷത്തോളം പറങ്കിഭരണത്തിൽ ഞെരിഞ്ഞമർന്ന് അടിമത്തം അനുഭവിച്ചതുകൊണ്ട്. ഇങ്ങനെ ഒന്നുണ്ടായിരുന്നില്ല എന്നുവരികിൽ ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണിസഭയുടെ മുഖഛായ വേറൊന്നാകു മായിരുന്നു. അങ്ങനെ ഒരു കാഴ്ചപ്പാട് പ്ലാസിഡച്ചനല്ലാതെ അധികമാർക്കും

www.malankaralibrary.com

20-ാം നൂറ്റാണ്ടിൽ ഉണ്ടായില്ല. പ്ലാസിഡച്ചൻ ഒറ്റപ്പെട്ട ഒരു പ്രതിഭാസമല്ല. കരിയാറ്റി യൗസേപ്പ് മെത്രാപ്പോലീത്തായുടെയും, പാറേമ്മാക്കൽ ഗോവർണ്ണദോരുടെയും, തച്ചിൽ മാത്തൂത്തരകന്റെയും കുടക്കച്ചിറ അന്തോനിക്കത്തനാരുടെയും നിധീരിക്കൽ മാണിക്കത്തനാരുടെയും, പിൻതുടർച്ച, സ്വരം, ശൈലി, ചൈതന്യം, സഭാവീക്ഷണം, ദേശീയബോധം ഇവയൊക്കെയും പ്ലാസിഡച്ചനുണ്ടായിരുന്നു.

പ്ലാസിഡ് അച്ചനെ കണ്ടെത്തിയ ഒരു മനുഷ്യനുണ്ടായിരുന്നു. CMI സഭയെക്കുറിച്ച് വളരെ അതിശയത്തോടെ ഞാൻ ചിന്തിക്കാറുണ്ട്. എത്രയോ വിശുദ്ധരായ പുണ്യാത്മാക്കളാണ് അതിന്റെ ആദ്യത്തെ തലമുറയിലുണ്ടായിരുന്നത്! അവർ സഭയ്ക്ക് അഭിമാനമാണ്. എന്തുകൊണ്ട് അവരെ സഭ ഉയർത്തിക്കാട്ടുന്നില്ല? എന്തുകൊണ്ട് അവരെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്നില്ല കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചൻ, കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചൻ, അതുപോലുള്ള വൈദീകരോ മെത്രാന്മാരോ ഇന്നു സഭയിലുണ്ടോ? അവരെ ആരോർക്കുന്നു? കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചനാണ് T.O.C.D. സഭയിൽനിന്ന് ആദ്യമായി റോമിൽ ഉപരിപഠനത്തിനു പോയത്. അദ്ദേഹം പഠനം കഴിഞ്ഞ് തിരിച്ചുവന്ന് കുറെ വർഷങ്ങൾ കഴിഞ്ഞാണ് യുവാവായ പ്ലാസിഡച്ചനെ കണ്ടതും പരിചയപ്പെടുന്നതും. അദ്ദേഹത്തിന്റെ കഴിവുകളെക്കുറിച്ചു ബോധ്യം വരുന്നതും. പ്ലാസിഡച്ചനെ റോമിൽ പഠിപ്പിക്കാനായയ്ക്കണമെന്ന് കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചൻ തീരുമാനിച്ചു. ഇന്നത്തേതുപോലെ CMIസഭയ്ക്ക് അന്ന് ഒരു വൈദികനെ റോമിലയച്ചു പഠിപ്പിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. അതിനാൽ അഞ്ച് ആശ്രമങ്ങളിൽനിന്ന് നൂറുരൂപാ വീതം പിരിവെടുത്തു. അങ്ങനെ 500 രൂപ ആയി. ശേഷിക്കുന്ന 1500 രൂപ പ്ലാസിഡച്ചന്റെ ജ്യേഷ്ഠസഹോദരൻ വർക്കിച്ചൻ സംഭാവനയായി നൽകി.

പ്ലാസിഡച്ചനെ റോമിലേക്ക് അയച്ചതു വെറുതെയായില്ല. ചുരുങ്ങിയ കാലംകൊണ്ട് 3 വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടി അദ്ദേഹം തിരിച്ചുവന്നു. തുടർന്നുള്ളത് സഭയുടെ ചരിത്രം മാറ്റി എഴുതുന്ന സംഭവങ്ങളാണ്. പ്ലാസിഡച്ചൻ ജീവിതകാലത്തും ഇന്നും സഭയിൽ ഒറ്റപ്പെട്ട ഒരു പ്രതിഭാസമാണ്. ഒരു പക്ഷേ നാം പ്ലാസിഡച്ചനെ മനസ്സിലാക്കുവാൻ ഒരു 500 വർഷമെങ്കിലും കാത്തിരിക്കേണ്ടിവരും. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത വിശുദ്ധന്മാരെ വണങ്ങുന്നതിൽ നമ്മുടെ ആളുകൾക്ക് ഒരു മടിയുമില്ല. മാർത്തോമ്മാനസ്രാണികളുടെ അമ്മ പ്രസവിച്ച വിശുദ്ധന്മാരെ വിശുദ്ധരായി കാണുന്നതിന് നമ്മുടെ കണ്ണുകൾക്ക് കാഴ്ച നഷ്ടമായിരിക്കുന്നു. അല്ലായിരുന്നു എങ്കിൽ പ്ലാസിഡച്ചനെ പണ്ടേതന്നെ നമ്മുടെ പള്ളികളിൽ വണങ്ങുമായിരുന്നു. പ്ലാസിഡച്ചനെ മാത്രമല്ല. എന്തുകൊണ്ടാണ് അവർ വിശുദ്ധരുടെ പട്ടികയിൽപെടാതെ പോയത്? ഇന്ത്യക്കാരായതുകൊണ്ടാണോ? അവരുടെ ജീവിതശൈലി ആദിമസഭയുടെ

www.malankaralibrary.com

താപസന്മാരുടേതുതന്നെ. സഭാപിതാക്കന്മാരുടെ ശൈലിയിൽ അവർ വേദം പഠിപ്പിക്കുകയും ജീവിക്കുകയും ചെയ്തവരാണ്. പ്ലാസിഡച്ചനെപ്പോലുള്ളവർ നടന്നുപോയ വഴിയെ നടക്കുവാനാളില്ലാതെ പോയതാണ് ഇന്ന് സഭയുടെ ദുരന്തം. അതുതന്നെയാണ് സഭയുടെ ശൈലി അതല്ലാതായതിനും കാരണം. സഭയുടെ നവീകരണത്തിന് പ്ലാസിഡച്ചനെപ്പോലുള്ളവരുടെ ദർശനങ്ങൾ സഭയിൽ കൊണ്ടുവരേണ്ടതാണ്. അത്തരത്തിലുള്ള പഠനങ്ങൾ നടത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഉദയമ്പേരൂരിൽ നടന്ന സമ്മേളനവും (സൂനഹദോസ്) മട്ടാഞ്ചേരിയിൽ നടന്ന സ്ലീവാസത്യവും (കൂനൻകുരിശ്) ഇവ രണ്ടും രണ്ട് സ്തംഭങ്ങളാണ്. അവയ്ക്കിടയിൽ നിന്നുകൊണ്ട് അവയെ പിടിച്ചുകുലുക്കുന്ന ശെംശോനാണ് പ്ലാസിഡച്ചൻ. ഇവ രണ്ടും ഇളക്കി മറിച്ചിട്ടെങ്കിൽ മാത്രമേ സഭയുടെ പുനർനിർമ്മിതി നടക്കുകയുള്ളൂ. അതുകൊണ്ടാണ് സീറോമലങ്കര കത്തോലിക്കാസഭ അതിന്റെ ശൈശവദിശയിൽ പ്ലാസിഡച്ചനെ ആശ്രയിച്ചത്. മലങ്കര കത്തോലിക്കാസഭയെ വളർത്തി എടുക്കാൻ ഇവാനിയോസ് തിരുമേനിയെക്കാളുപരിയായി ആ സഭയ്ക്ക് ബൗദ്ധിക അടിത്തറ പാകിയ വ്യക്തി പ്ലാസിഡച്ചനായിരുന്നു. ഇക്കാര്യം മലങ്കര കത്തോലിക്കാസഭ ഓർക്കുന്നുണ്ടോ?

മാർത്തോമ്മാ നസ്രാണികളുടെ പൈതൃകം എന്തെന്ന് കണ്ടെത്താനും അതിനായി യത്നിക്കാനും അത് നടപ്പിലാക്കാനും അത് പഠിപ്പിക്കാനും അതിൽ അഭിമാനം കൊള്ളാനും അച്ചൻ പരിശ്രമിച്ചു. നമുക്ക് ലഭ്യമായതും നമുക്ക് കൈവന്നതുമായവ ശരിയല്ലെന്നും നമുക്ക് നമ്മുടേതായ പൈതൃകമുണ്ടെന്നും അച്ചൻ തിരിച്ചറിഞ്ഞു. അത് സഭയിൽ വളർത്തി എടുക്കാനും പ്ലാസിഡച്ചനുസാധിച്ചു. അവ പ്ലാസിഡച്ചന്റെ ദർശനങ്ങളിലൂടെയാണ്. അവ ഇന്നും നടപ്പിലാക്കുവാൻ സഭയ്ക്കായിട്ടില്ല. 3 അനാഫൊറകളുണ്ട്. നടപ്പിലാക്കണമെന്ന് റോം പറഞ്ഞു. പ്ലാസിഡച്ചൻ അതു തയ്യാറാക്കി എന്നാൽ നടപ്പിലാക്കാൻ ഇതുവരെയും സഭയ്ക്കു നട്ടെല്ലുണ്ടായിട്ടില്ല. പ്ലാസിഡച്ചനെപ്പോലെ കാഴ്ചപ്പാടുള്ള ദൈവശാസ്ത്രജ്ഞന്മാർ സഭയിൽ പിന്നീട് ഉയർന്നുവന്നില്ല. എങ്കിലും സഭ പോവുന്നത് പ്ലാസിഡച്ചൻ പറഞ്ഞ ദിശയിലൂടെയാണ്. അതു മനസ്സിലാക്കുവാൻ തലമുറകൾ കഴിയേണ്ടതായി വരും.

ഛാന്ദായിൽ രൂപത സ്ഥാപിതമായപ്പോൾ അവിടെ ആരെ മെത്രാനാക്കണമെന്ന് ചിലർ പ്ലാസിഡച്ചനോടു ചോദിച്ചു. മറുപടിയായി പ്ലാസിഡച്ചൻ തമാശയായി പറഞ്ഞു: "നിങ്ങളാരെ മെത്രാനാക്കിയാലും കുഴപ്പമില്ല. ആ പുഞ്ഞാറുകാരൻ ബോസ്കോയുടെ ഒരു പ്രതിമ നിർമ്മിച്ച് അത് ഛാന്ദായിൽ സ്ഥാപിക്കണം, അതിന്റെ മുമ്പിൽവച്ച് നിങ്ങൾക്ക് ആരെ വേണമെങ്കിലും മെത്രാനായി അഭിഷേകം നടത്താം" തികഞ്ഞ നർമ്മബോധമുണ്ടായിരുന്ന ഒരാളായിരുന്നു പ്ലാസിഡച്ചൻ. നർമ്മത്തിൽ ചാലിച്ചെടുത്ത് ദൈവശാസ്ത്രം

www.malankaralibrary.com

അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. അതുകൊണ്ടാണ് ഛാന്ദായിൽ മെത്രാനെ വാഴിക്കുന്ന കാര്യം പറഞ്ഞപ്പോൾ അദ്ദേഹം അങ്ങനെ പറഞ്ഞത്. അധികാരസ്ഥാനം എന്നു കേൾക്കുമ്പോൾ പലരും അതിലേക്കു ചാടിവീഴും.

ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ട് കാലം ചെയ്തപ്പോൾ പ്ലാസിഡച്ചനോട് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായാകാമോ എന്നുചോദിച്ചു. പ്ലാസിഡച്ചൻ മറുപടിയായി പറഞ്ഞു: "ഞാനൊരു സന്യാസിയാണ്. എനിക്കുചേർന്ന പണിയല്ല അത്. നിങ്ങൾ വേറെ ആരെ എങ്കിലും നോക്കുവിൻ." ഇങ്ങനെ പറയുന്ന സന്യാസികളുണ്ടെങ്കിൽ സഭയ്ക്കു ഭാവിയുണ്ട്. സ്ഥാനമാനങ്ങളുടെ പിന്നാലെ പരക്കം പായാത്ത സഭയിലെ വലിയ സന്യാസിയായിരുന്നു പ്ലാസിഡച്ചൻ.

പ്ലാസിഡച്ചൻ ചെത്തിപ്പുഴ കൊവേന്തയിൽ ദീർഘകാലം പഠിപ്പിച്ചു. പഠിപ്പിച്ച കാര്യങ്ങൾ അദ്ദേഹത്തിന്റെ സഭാംഗങ്ങൾക്കുതന്നെ തൃപ്തികരമായി തോന്നാത്തതിനാൽ അദ്ദേഹത്തെ അദ്ധ്യാപകസ്ഥാനത്തുനിന്നു മാറ്റി. വത്തിക്കാൻ കൗൺസിലിൽ പറഞ്ഞിരിക്കുന്ന പലകാര്യങ്ങളും കൗൺസിലിനു '30' വർഷം മുമ്പേ പ്ലാസിഡച്ചൻ തന്റെ ക്ലാസ്സുകളിൽ പഠിപ്പിച്ചിരുന്നു. ഈ കാര്യങ്ങൾ അദ്ദേഹത്തിന്റേതന്നെ പഴയകാല ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ നമുക്കു മനസ്സിലാകും.

വരാൻപോകുന്ന സഭയുടെ മുഖം മുൻകൂട്ടി വരച്ചെടുത്ത സഭയുടെ വലിയ കലാകാരനായിരുന്നു അദ്ദേഹം. അത്ര വലിയ വ്യക്തിത്വമായിരുന്നു അച്ചന്റേത്. അതുകൊണ്ടാണ് ഇനിയും പൂർണ്ണരൂപം പ്രാപിച്ചിട്ടില്ലാത്ത സഭയെക്കുറിച്ചുള്ള ദർശനമാണ് അദ്ദേഹത്തിന്റെ കൃതിയിൽ മുഴങ്ങി കേൾക്കുന്നത് അതുകൊണ്ടാണ് പ്ലാസിഡച്ചനെക്കുറിച്ചു പഠിക്കണം, അറിയണം എന്നു പറയുന്നത്. സൂര്യനിലോ, നെപ്ട്യൂണിലോ, പ്ല്യൂട്ടോയിലെ സീറോ മലബാറുകാരുണ്ടെങ്കിൽ സീറോ മലബാർ സഭയ്ക്കു നിലനിൽക്കാനവകാശമുണ്ടെന്നു സ്ഥാപിച്ചെടുക്കുന്ന വ്യക്തിത്വമായിരുന്നു പ്ലാസിഡച്ചന്റേത്.

സീറോ മലബാർ സഭയുടെ പൊന്തിഫിക്കാൾ പ്ലാസിഡച്ചൻ തുടങ്ങിവച്ചത് ഇതുവരെയും പുർണ്ണമാക്കാൻ സാധിച്ചില്ല. അനാഫൊറ ഉണ്ടാക്കിയത് പ്ലാസിഡച്ചൻ ക്രോഡീകരിച്ചതാണ് ഇതെല്ലാം പ്ലാസിഡച്ചൻ തുടങ്ങിവച്ചു. പുർത്തീകരിക്കുവാൻ പിൻഗാമികളില്ലാതെ പോയി. കൂടെചേർന്നു പ്രവർത്തിക്കാൻ ദർശനമുള്ളവരില്ലാതെ പോയി. പ്ലാസിഡച്ചനെപ്പോലുള്ള ഒരു മനുഷ്യന്റെ ജനനം ഒരു അപുർവ്വപ്രതിഭാസമാണ്. അനേകനൂറ്റാണ്ടുകൾക്കുശേഷമേ ക്രൈസ്തവസഭയ്ക്ക് ഇനി ഇങ്ങനെ ഒരു ഭാഗ്യമുണ്ടാവുകയുള്ളു. പ്രവാചകന്മാർ ചരിത്രത്തിലധികമില്ല. ആധുനിക

www.malankaralibrary.com

സീറോ മലബാർ സഭയുടെ മുഖം ഭാവനയിൽ വരച്ചുണ്ടാക്കിയ സഭയുടെ പ്രവാചകന്മാരിലും വിശുദ്ധരിലും അഗ്രഗണ്യനാണ് പ്ലാസിഡച്ചൻ. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയെക്കുറിച്ചു സഭ പഠിക്കേണ്ടതാണ്. എവിടെ എങ്കിലും കന്യാസ്ത്രീ മഠം അദ്ദേഹം സ്ഥാപിച്ചില്ല. അത് ചെയ്തിരുന്നുവെങ്കിൽ വിശുദ്ധരുടെ പട്ടികയിൽപ്പെടുത്താൻ എളുപ്പമാണ്! അതാണ് സത്യം. ഒരു ദാർശനികപരിവേഷം അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതത്തിലുണ്ടായിരുന്നു. സൈക്കിളിടിച്ച് വത്തിക്കാനിൽവച്ച് അദ്ദേഹം വീണപ്പോൾ വത്തിക്കാനിലെ ഒരു ഔദ്യോഗിക വക്താവ് പറഞ്ഞു: "സീറോ മലബാർസഭയുടെ നെടുംതൂണ് തകർന്നവീണിരിക്കുന്നു." സീറോ മലബാർ സഭയുടെ നെടുംതൂണ് എന്ന് മറ്റാരെക്കുറിച്ചും പറയാനാവില്ല. സീറോ മലബാർസഭയെ ഉയർത്തിനിർത്തുന്ന നെടുംതൂണ് പ്ലാസിഡച്ചനാണ്. അച്ചന്റെ വ്യക്തിത്വമാണ്. അവസാനകാലത്ത് ഒരു ഉപദേശമെന്നപോലെ അച്ചൻ പറയുമായിരുന്നു. "ഈ ജാതിക്ക് ഗുണം പിടിക്കുകയില്ല" കാരണം അത് ഗുണം പിടിക്കാനുള്ള വഴിയേ അല്ല നടക്കുന്നത്. ആ ദുഃഖംകൊണ്ടും അമർഷം കൊണ്ടുമാണ് അച്ചൻ ഇങ്ങനെ പറഞ്ഞത്.

ഷെവലിയർ ജോസഫ്പെട്ട ഒരിക്കൽ അച്ചനോടു വാദിച്ചു. "മാലാഖമാർ സ്വർഗ്ഗത്തിൽ ദൈവത്തെ മുട്ടുകുത്തി ആരാധിക്കുന്നില്ലേ?" അച്ചൻ മറുപടിയായി പറഞ്ഞു: "അതൊരു പുതിയ അറിവാണല്ലോ! മാലാഖമാർക്ക് മുട്ടും ഒക്കെയുണ്ടെന്നുള്ളത്!" ഇടയ്ക്കിടെ അച്ചൻ പറയുമായിരുന്നു മേലധികാരികളെ അനുസരിക്കാത്ത കീഴധികാരികളെ അനുസരിക്കാൻ അവരുടെ അധീനർ തയ്യാറാവുകയില്ല. റോമിനെ അനുസരിക്കാത്ത മെത്രാനെ അനുസരിക്കാത്ത വൈദീകരെ അനുസരിക്കാൻ ഇടവകക്കാരെ കിട്ടുകയില്ല. വീണ്ടും അച്ചൻ പറയുന്നു. "എമ്പ്രാനൽപ്പം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും." തികഞ്ഞ അനുസരണത്തോടും അച്ചടക്കത്തോടും കൂടിജീവിച്ച ശാന്തഗംഭീരമായ സാഗരഗർജ്ജനമായിരുന്നു പ്ലാസിഡച്ചന്റെ സ്വരം. ലളിതജീവിതം, ആഴവും പരപ്പുമാർന്ന ആദ്ധ്യാത്മികത, സഭയോടുള്ള ആഴമാർന്ന സ്നേഹം, കഠിനാദ്ധ്വാനത്തിന്റെ പ്രതീകം, സർവ്വത്രവിനയം നിറഞ്ഞ വ്യക്തിത്വം, നർമ്മരസം നിറഞ്ഞ സംഭാഷണം.

കുണ്ടുകുളം പിതാവിനെ പറ്റിച്ച് ലോനപ്പൻ മാഷ് റിട്ടയർ ചെയ്തുകഴിഞ്ഞു പട്ടം വാങ്ങിച്ചു. സ്പെയിനിൽ ചെന്ന് മൈക്കിൾ എഞ്ചൽ അച്ചനെ പറ്റിച്ചു. മൈക്കിളച്ചൻ റോമിൽ ആയിരുന്നപ്പോൾ ലോനപ്പനച്ചൻ റോമിലുണ്ടായിരുന്നു. ഒരിക്കൽ ലോനപ്പനച്ചൻ ഇല്ലാത്ത സമയത്ത് മൈക്കിളച്ചൻ പ്ലാസിഡച്ചനോടു ചോദിച്ചു "ലോനപ്പനച്ചൻ എങ്ങനുണ്ട് വിശ്വസിക്കാൻ കൊള്ളാമോ?" പ്ലാസിഡച്ചൻ ചുരുങ്ങിയ വാക്കുകളിൽ മറുപടി പറഞ്ഞു: "Better not to trust him" വിശ്വസിക്കാതിരിക്കുകയാവും നല്ലത്. പിന്നെ അച്ചന്റെ ഇഷ്ടംപോലെ ചെയ്യുക. അങ്ങനെ മൈക്കിളച്ചൻ

www.malankaralibrary.com

രക്ഷപ്പെട്ടു എന്ന് മൈക്കിളച്ചൻ ഒരിക്കൽ എന്നോടു പറഞ്ഞു. 'Verbosity' ഇല്ല. അധികം വാക്കുകളുപയോഗിക്കാതെ അച്ചൻ സംസാരിക്കും. ഒരു പ്രവാചകനെപ്പോലെ അദ്ദേഹം പഠിപ്പിച്ചിരുന്നു. അനാവശ്യമായ വാചകക്കസർത്തില്ല. പറയുന്ന കാര്യത്തിൽ വ്യക്തതയും കൃത്യതയും. സ്വഭാവത്തിൽ കുലീനത, ബോദ്ധ്യങ്ങളിലുറപ്പ്, സ്ഥാനമാനങ്ങളോട് താൽപ്പര്യമില്ലായ്മ, ഒട്ടും ആഡംബരങ്ങളില്ലത്ത ജീവിതം, എല്ലാറ്റിലും മിതത്വം; ആവശ്യങ്ങൾ ഒന്നും ഇല്ല, ഒരു സാധാരണമനുഷ്യന്റെ ആവശ്യങ്ങൾപോലും അദ്ദേഹത്തിന് ആഡംബരമായി തോന്നിയിരുന്നു. ഇങ്ങനെയുള്ള വൈദികരെ ഇന്നു കാണാനാവുമോ. ഓർമ്മയിൽനിന്നും പ്ലാസിഡച്ചന്റെ മുഖം മായാതെ മങ്ങാതെ സഭയിൽ നിലനിൽക്കും. സങ്കടങ്ങളുടെ മനുഷ്യനായിരുന്നു അച്ചൻ. കാരണം സഭയോടുള്ള അദ്ദേഹത്തിന്റെ അതിരറ്റ സ്നേഹം കൊണ്ടുതന്നെ.

1964 മുതൽ 1971 വരെ റോമിൽ പ്ലാസിഡച്ചന്റെകൂടെ താമസിച്ച് ഉപരിപഠനം നടത്തിയിരുന്ന കാഞ്ഞിരത്തിങ്കൽ അൽഫോൻസച്ചൻ പറയുന്നു: അറിവിന്റെ നിറകുടം എന്നു പ്ലാസിഡച്ചനെ വിശേഷിപ്പിക്കാം. വിദ്യയും വിനയവും വിവേകവും ആ വീരപുരുഷന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടി. വളരെ വലിയ വിവേകശാലി. വെറുമൊരു വിശുദ്ധനായിരുന്നില്ല. ഞാൻ കണ്ടിട്ടുള്ളതിൽ വച്ചേറ്റം മഹാനായ വിശുദ്ധൻ. മാതൃസഭയെ അദ്ദേഹം അകമഴിഞ്ഞു സ്നേഹിച്ചു. സഭയ്ക്കുവേണ്ടി സമർപ്പിതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ആർക്കും എതു സമയത്തും സമീപിക്കാവുന്ന വ്യക്തിത്വം. ലളിതജീവിതത്തിന്റെ ഉത്തമമാതൃക. യാതൊരുവിധ ആഡംബരവും തൊട്ടുതീണ്ടിയിട്ടില്ല. ആവശ്യങ്ങളൊന്നുമില്ലാത്ത സാധാരണക്കാരൻ. അടുക്കും ചിട്ടയുമുള്ള ജീവിതം. പേരു സൂചിപ്പിക്കുന്നതുപോലെ പ്രശാന്തനും സൗമ്യനും ആയിരുന്നു അദ്ദേഹം. അപകടംമൂലം അംഗവൈകല്യം വന്നുപെട്ടില്ലായിരുന്നെങ്കിൽ അദ്ദേഹം മെത്രാനോ കർദ്ദിനാളോ ഒക്കെ ആകുമായിരുന്നു!! സ്ഥാനമാനങ്ങൾ ഇഷ്ടപ്പെടാതിരുന്ന അദ്ദേഹത്തിന് എളിമയെ ഏറെ ഇഷ്ടമായിരുന്നു. പ്ലാസിഡച്ചൻ സഭയ്ക്കുവേണ്ടി ബലിയായിത്തീർന്നു. അച്ചന്റെ പ്രാർത്ഥനകൾ സഭയ്ക്കു കോട്ടയായിത്തീരട്ടെ.

www.malankaralibrary.com

# 5. മറ്റൊരു സ്മാരകം ആവശ്യമില്ലാത്ത നിധീരിക്കൽ മാണിക്കത്തനാർ

പാറേമ്മാക്കൽ തോമ്മാഗോവർണ്ണദോർ, കരിയാറ്റിൽ യൗസേപ്പ് മെത്രാപ്പോലീത്ത, തച്ചിൽ മാത്തു തരകൻ, കുടക്കച്ചിറ അന്തോനിക്കത്തനാർ എന്നിവർ തുടങ്ങിവച്ച സഭാസ്വാതന്ത്ര്യപ്രസ്ഥാനം ഫലപ്രാപ്തിയിലെത്തിയത് നിധീരിക്കൽ മാണിക്കത്തനാരിലൂടെയാണ് എന്ന കാര്യം അവിതർക്കിതമാണ്. മാണിക്കത്തനാരിലൂടെ കൈവന്ന നാട്ടുമെത്രാന്മാരുടെ ഭരണത്തിൽ സീറോമലബാർ സഭ വളർന്നുതുടങ്ങിയതും സ്വന്തം വ്യക്തിത്വം കണ്ടെത്തിയതും പ്ലാസിഡച്ചനിലൂടെയാണ്. അസാധാരണമായ ദൈവപരിപാലന ഇവരിലൂടെ സഭയ്ക്കു കാണുവാൻ സാധിക്കും. 1599-ൽ നടന്ന ഉദയംപേരൂർ സമ്മേളനം അതിന്റെ ഇരുന്നൂറാം വർഷത്തിൽ നടന്ന പാറേമ്മാക്കൽ ഗോവർണ്ണദോറുടെ ചരമം 1799-ൽ. 1742-ൽ കരിയാറ്റിയുടെ ജനനം അതിന്റെ നൂറാം വർഷം 1842-ൽ മാണിക്കത്തനാരുടെ ജനനം. ഉദയംപേരൂരിന്റെയും മുന്നൂറാം വർഷം, ഗോവർണ്ണദോറച്ചന്റെ നൂറാം ചരമവാർഷികത്തിൽ 1899-ൽ പ്ലാസിഡച്ചന്റെ ജനനം. ചരിത്രപരമായ ഈ കണ്ണികൾ ദൈവപരിപാലന ഒരുക്കിയതാണെന്ന് തീർച്ച. ആശയപരമായും സഭാത്മകമായും അവരുടെയെല്ലാം പോരാട്ടം ഒരേയൊരുകാര്യത്തിനുവേണ്ടിയാണ്. ശ്ലൈഹിക സഭയുടെ വ്യക്തിത്വത്തെയും സ്വാതന്ത്ര്യത്തെയും പ്രതി അവിരാമം പോരാടിയ അനശ്വര വിശുദ്ധയുടെ പരിമളം അവരെ ഒരു ചരടിൽ കോർത്തിണക്കുന്നു. 'ജാതിക്കു തലവൻ ജാതിയിൽ നിന്നുവേണം' എന്നു എഴുതിയ വർത്തമാനപുസ്തകകാരന്റെ പ്രഖ്യാപനം നടപ്പാകുന്നത് മാർത്തോമ്മ നസ്രാണികളുടെ ചരിത്രത്തിലെ അവതാര പുരുഷനായ മാണിക്കത്തനാരുടെ ജീവിത ബലിയോടെയാണ്.

1854-ൽ നിധീരിക്കൽ മാണിക്കത്തനാരുടെ പിതാവിന്റെയും മറ്റും നേതൃത്വത്തിൽ നടന്ന കുറവിലങ്ങാട് സമ്മേളനം അനശ്വര പ്രശസ്തി ആർജിച്ചത് കുടക്കച്ചിറ അന്തോനിക്കത്തനാരുടെ ജീവിതബലിയിലൂടെയാണ്. കരിയാറ്റി രക്തസാക്ഷിത്വം വഹിച്ചത് ഗോവായിൽവച്ചാണെങ്കിൽ അന്തോനിക്കത്തനാർ വീരചരമം പ്രാപിച്ചത് ബാഗ്ദാദിൽവച്ചാണെന്ന് മാത്രം. രണ്ടുപേരുടെയും പോരാട്ടം മരണം വരെ തുടർന്നു. രണ്ടും സഭയ്ക്കുവേണ്ടി. കുറവിലങ്ങാട് സമ്മേളനം നടക്കുമ്പോൾ പന്ത്രണ്ടു വയസ്സുള്ള മാണിക്കത്തനാർ കുടക്കച്ചിറ അന്തോനിക്കത്തനാരിൽനിന്ന് സഭാദർശനവും പോരാട്ടചൈതന്യവും ആർജ്ജിച്ചുവെന്ന് കരുതുന്നതിൽ അപാകതയില്ല.

സുദീർഘമായ നൂറ്റാണ്ടുകൾ നീണ്ടുനിന്ന സഭാ സ്വാതന്ത്ര്യസമരത്തിന്റെ വീരനായകനും വിജയശ്രീലാളിതനുമായ സർവ്വശ്രീമാണിക്കത്തനാർ ദൈവമയച്ച ഒരു പ്രവാചക പരമ്പരയുടെ നടുനായകത്വം വഹിക്കുന്ന

www.malankaralibrary.com

തായി നമുക്ക് കാണാം. സ്വന്തജാതിയിലും സ്വന്തം റീത്തിലും മെത്രാനെക്കിട്ടാനുള്ള അവകാശം മാർത്തോമ്മ നസ്രാണികളുടെ ജന്മസിദ്ധമായ അവകാശമാണെന്നാണ് മാണിക്കത്തനാർ ആജീവനാന്തം വാദിച്ചത്. മാർ മേലൂസ് വന്നപ്പോൾ കുറവിലങ്ങാട്ടുവച്ച് നീട്ടിയ മെത്രാൻ സ്ഥാനം അവജ്ഞയോടെ അവഗണിച്ച സഭാസ്നേഹിയാണ് അദ്ദേഹം. അധികാരമോഹിയായിരുന്നെങ്കിൽ അതൊരു അവസരമായി അദ്ദേഹം കാണുമായിരുന്നു. 1896-ൽ ന്യൂനപക്ഷമായ തെക്കുംഭാഗ സമുദായംഗമായ മാർ മാക്കീൽ സ്ഥാനമേറ്റപ്പോൾ യാക്കോബായ തലവൻ പുലിക്കോട്ടിൽ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്ത തന്റെ പിൻഗാമിയായി മാണിക്കത്തനാരെ വാഴിക്കുവാൻ ആഗ്രഹിച്ചെങ്കിലും അതിനൊന്നും നിന്നുകൊടുക്കുന്ന സ്വാർത്ഥമോഹി അഥവാ സ്ഥാനമോഹി ആയിരുന്നില്ല നിസ്വാർത്ഥപോരാളിയായ സഭയെ ജീവനെക്കാളുപരി സ്നേഹിച്ച സഭൈക്യവാദിയായ മാണിക്കത്തനാർ. മെത്രാൻ സ്ഥാനം കൊണ്ട് ആർക്കും കീഴടക്കാനാകാത്ത അനശ്വര വ്യക്തിത്വം ആ മഹാത്മാവിനുണ്ടായിരുന്നു. സ്വന്തം സ്ഥാനത്തിനുവേണ്ടി അദ്ധ്വാനിച്ചിരുന്നെങ്കിൽ ഇന്നു നാം അറിയുന്ന വിശുദ്ധനും മഹാത്മാവുമായ മാണിക്കത്തനാർ ജനിക്കുമായിരുന്നില്ല. ചിതറിപ്പോയ മാർത്തോമ്മ നസ്രാണികളെ വീണ്ടും ഒരു സഭയായി കൂട്ടിയോജിപ്പിക്കുവാനാണ് മാണിക്കത്തനാർ അത്യദ്ധ്വാനം ചെയ്തത്. നിസ്വാർത്ഥതയുടെ, സ്ഥാനമാനമോഹമില്ലായ്മയുടെ ശാശ്വത പ്രതീകമാണ് മാണിക്കത്തനാർ.

നിധീരിക്കൽ മാണിക്കത്തനാർ 1904 ജൂൺ 20-ന് അന്തരിച്ചു. ഏതാനും മാസം കഴിഞ്ഞപ്പോൾ അന്നത്തെ അപ്പസ്തോലിക്ക് ഡെലഗേറ്റ് മോൺസിഞ്ഞോർ സലെസ്ക്കി പുത്തൻപള്ളി സന്ദർശിക്കവേ പ്രസ്തുത സെമിനാരിയിലെ വൈദികവിദ്യാർത്ഥികൾ നൽകിയ മംഗളപത്രത്തിന് ഒരു മറുപടി കൊടുത്തു. ആ മറുപടിയുടെ ഒരു ഭാഗം ശ്രദ്ധാർഹമാണ്. "ദീർഘകാലത്തേക്ക് ഈ പ്രക്ഷോഭണങ്ങൾക്കെല്ലാം അടിയിൽ വർത്തിച്ച ആളും മുപ്പത് സംവത്സരത്തിലധിക കാലത്തേക്ക് സ്വന്തം ദുഷ്കർമ്മങ്ങളിൽ മലങ്കരയിലെ കത്തോലിക്കരുടെ ഇടയിൽ മതാഭിവൃദ്ധിയും സംസ്കാരഭിവൃദ്ധിയും പ്രതിരോധിച്ചവനും ആയ ആദുർഭഗ വൈദികനെ ദൈവം തന്റെ പക്കലേക്ക് കണക്കുകേൾപ്പിക്കാൻ വിളിച്ചുകഴിഞ്ഞിരിക്കുന്നു. ഈ നാട്ടിലെ വൈദിക സമൂഹത്തിൽ ആ ആൾക്ക് യാതൊരു പിൻഗാമിയും അനുകർത്താവും ഉണ്ടാകുകയില്ലെന്നും അയാളുടെ ദുഷ്കൃത്യം വേഗത്തിൽ പരിഹൃതവും വിസ്മൃതവും ആകുമെന്നും നമുക്ക് പ്രത്യാശിക്കാം." (VCG PP 955, 956, 779)

മാർത്തോമ്മാ നസ്രാണികളുടെ ഉയിർത്തെഴുന്നേൽപ്പിന് കാരണമായത് മാണിക്കത്തനാരുടെ പരിശ്രമങ്ങളായിരുന്നുവെന്നു വരുമ്പോൾ മേൽപ്പറഞ്ഞ കാര്യം ദൈവനിന്ദ എന്നല്ലാതെ മറ്റൊന്നുമല്ല. മരിച്ചിട്ടും ശവക്കുഴിയിലിട്ട് വീണ്ടും കൊല്ലുന്ന സലെസ്ക്കിയുടെ വാക്കുകൾ

www.malankaralibrary.com

ക്രൂരമെന്നേ പറയേണ്ടു. എല്ലാം ത്യജിച്ചുകൊണ്ട് സഭയ്ക്കും സമുദായത്തിനും സംസ്കാരത്തിനും വേണ്ടി ആജീവനാന്തം അത്യദ്ധ്വാനം ചെയ്ത സ്വാതന്ത്ര്യസമരപോരാളിയെ വിലയിരുത്തുന്നതിൽ അപ്പസ്തോലിക് ഡെലഗേറ്റ് അമ്പേ പരാജയപ്പെട്ടതിന്റെ ദുരന്തഫലമാണ് ഈ മുഢജൽപ്പനം. കാലം കഴിയുന്തോറും മണിക്കത്തനാർ ഉയിർത്തെഴുന്നേറ്റു കൊണ്ടിരിക്കുന്ന അനുഭവമാണ് സീറോ മലബാർ, മലങ്കര സഭകളുടേത്. പുനരൈക്യത്തിന്റെ രക്തസാക്ഷിയും പ്രവാചകനും അഥവാ കരിയാറ്റിയും പാറേമ്മാക്കലും മണിക്കത്തനാരിലൂടെ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. പിതാക്കന്മാർ തുടങ്ങിവച്ചത് പൂർത്തിയാക്കിയ മാർത്തോമ്മ നസ്രാണി സഭയുടെ വീരശൂരവിശുദ്ധ നേതാവിനെ അപമാനിച്ച വ്യക്തി ഇന്നു വിസ്മൃതിയിലായി. എന്നാൽ ക്രാന്തദർശിയായ മാണിക്കത്തനാർ എന്ന സഭാസ്നേഹിയുടെ കാലാതിശായിയായ ആത്മീയനേതൃത്വവും പ്രവാചകദർശനവും മാർത്തോമ്മാ നസ്രാണികളുടെ ശത്രുക്കൾക്കും സമുദായവൈരികളുടെ വൈതാളികന്മാർക്കും എന്നും പേടിസ്വപ്നമായി നിലകൊള്ളുന്നു. മരിച്ചവൻ കൂടുതൽ ശക്തനായി ഉയർത്തെഴുന്നേറ്റത് മിശിഹായുടെ ശത്രുക്കളെ പ്രകോപിതരാക്കിയതിൽ അത്ഭുതമില്ല. കൊന്നിട്ടും തീരാത്ത പക ഒരു വശത്ത്. കൊല്ലപ്പെട്ടിട്ടും ഊർജ്ജസ്വലതയോടെ പ്രവാചകൻ മരണത്തെ അതിജീവിച്ചു പ്രവർത്തനം തുടരുന്നു.

നിത്യം നിലനിൽക്കുന്ന മാണിക്കത്തനാരുടെ പവിത്രമായ ആസ്മരണ മലങ്കരയുടെ മനസ്സിൽനിന്ന് മായാതെ ഇന്നും ജ്വലിച്ചു നിൽക്കുന്നതുകൊണ്ടാണല്ലോ ഈ സമ്മേളനം തന്നെ. (2004 ജൂൺ 19, 20). പിൻഗാമികളും അനുകർത്താക്കളും ഇല്ലാതെ പോകട്ടെ എന്ന ശാപം ഫലിച്ചുവോ ആവോ? മാണിക്കത്തനാരുടെ സ്വപ്നമായ സ്വജാതി മെത്രാൻ, സഭാത്തനിമ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ, സീറോ മലബാർ സഭയുടെ ഹൈരാർക്കി സ്ഥാപനം, അതേത്തുടർന്ന്, ഇന്നേവരെ ആ സഭയ്ക്ക് വന്നുചേർന്നിട്ടുള്ള വളർച്ച, യാക്കോബായ പുനരൈക്യം അഥവാ സീറോ മലങ്കര സഭയുടെ ഉൽപ്പത്തി, കേരള ക്രൈസ്തവ സഭകളിലൂടെ കൈവന്നിട്ടുള്ള വിദ്യാഭ്യാസ പുരോഗതി. തൊഴിൽ ശാലകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ മാർത്തോമ്മാ നസ്രാണികളുടെ ഐക്യവും പൊതുവേദിയും, സ്വയംഭരണസഭാക്രമവും, സുവിശേഷ പ്രചരണം, ശ്ലൈഹിക മാർത്തോമ്മാ മാർഗ്ഗത്തിന്റെ അഖിലലോകവ്യാപകമായ വളർച്ചയും വ്യക്തിത്വവും എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത എത്രയെത്ര മഹനീയലക്ഷ്യങ്ങൾ പൂവണിഞ്ഞുകഴിഞ്ഞു. ഇവിടെയൊക്കെ മാണിക്കത്തനാർ ജീവിക്കുന്നു എന്നു വ്യക്തം. ഇവയൊന്നും ഇല്ലാതിരുന്ന കാലത്ത് പറങ്കികളുടെ കടന്നുകയറ്റത്തിനും അടിമയാക്കുന്ന വികല ഭരണത്തിനും എതിരെ പോരാടിയ പോരാ മരിച്ചുവീണ മാണിക്കത്തനാർ കുഴിമാടത്തിൽ അവസാനിച്ചില്ലെന്ന് ഏതു കാലത്തുമുള്ള സലെസ്കിമാർ

www.malankaralibrary.com

മറക്കാതിരിക്കട്ടെ. മാണിക്കത്തനാരെപ്പോലെയുള്ള വ്യക്തികളെ മരണ ത്തോടെ മറക്കുന്നത് മനുഷ്യചരിത്രത്തിനുതന്നെ അപമാനകരമാണെന്ന് ആർക്കാണ് അറിയാത്തത്? വിശുദ്ധന്മാരെ ജീവിതകാലത്ത് അവരെ നിന്ദിക്കുകയും പീഡിപ്പിക്കുകയും മാറ്റി നിർത്തുകയും താറടിക്കുകയും ചെയ്തതുകൊണ്ട് അവരാരും മരണത്തോടെ മറവിയുടെ തടവറയിൽ അവസാനിക്കുന്നവരല്ല എന്നു ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നു. മാർത്തോമ്മാ നസ്രാണികളുള്ള കാലത്തോളം മാണിക്കത്തനാരെ ആരും മറക്കുകയില്ല.

മാണിക്കത്തനാരുടെ "ദുഷ്കൃത്യം" എത്രയും വേഗത്തിൽ പരിഹൃതവും വിസ്മൃതവും ആകുമെന്ന് പ്രത്യാശിച്ചവരൊക്കെ നിത്യകാലത്തിലേക്ക് നിരാശരാകാതെ ഗതിയില്ലെന്ന് കാലം എത്രയോ തവണ തെളിയിച്ചിരിക്കുന്നു. സഭാചരിത്രത്തിലെ ഇതിഹാസം, രക്തസാക്ഷി സഭാവിരോധികളുടെ മുൻപിൽ സഭാസംരക്ഷണത്തിന്റെ വിജയപതാക ഉയർത്തിക്കെട്ടിയ സ്വാതന്ത്ര്യസമരസേനാനി, മലയാളത്തനിമയുടെ നിറകുടം, ശീശ്മക്കാരുടെ പേടിസ്വപ്നം, പുനരൈക്യത്തിന്റെ പ്രവാചകൻ, സുറിയാനിക്കാരുടെ വിമോചകനേതാവ്, ശങ്കാരാചാര്യർക്കുശേഷം കേരളം കണ്ട ഏറ്റം മഹാനായ മനുഷ്യൻ എന്നു തുടങ്ങുന്ന വിശേഷണപരമ്പരയ്ക്ക് സർവ്വഥാ അർഹനായ വ്യക്തി വിദേശ ഭരണത്തിന്റെ വക്താക്കളാൽ അവമതിക്കപ്പെട്ടതിൽ അത്ഭുതപ്പെടാൻ എന്തിരിക്കുന്നു?

1903 നവംബർ 24 തീയതി സലെസ്കി പുത്തൻപള്ളി സെമിനാരി സന്ദർശനവേളയിൽ പ്രസംഗിച്ചു. "കേരളക്കരയിലെ കത്തോലിക്കർക്ക് ലജ്ജാവഹമായിരിക്കുന്ന പ്രക്ഷോഭണങ്ങളെപ്പറ്റി ഞാൻ പ്രസ്താവിക്കുക യുണ്ടായല്ലോ... ഈ പ്രക്ഷോഭണങ്ങൾ മലബാർ ദേശവാസികൾക്ക് ലജ്ജാകരം തന്നെ. അവ അവരെ ഭാരതഭൂമിയുടെ മറ്റു ഭാഗങ്ങളിലുള്ള കത്തോലിക്കരുടെ പരിഹാസ വിഷയമാക്കിത്തീർക്കുകയും ചെയ്യുന്നു. തുടർന്നുള്ള ഈ പ്രക്ഷോഭണങ്ങൾ ബുദ്ധിശാലികളും ഭക്തരും സത്തരുമായ ഒരു ജനസമുദായത്തിന്റെ വിശ്വാസം ക്ഷയിപ്പിക്കുന്നു. ഞാൻ അവരുടെ വിശ്വാസ സംരക്ഷകനാകുന്നു. അതിനെ നശിപ്പിക്കുവാൻ സാത്താന്റെ ആക്രമണത്തിൽനിന്ന് അതിനെ പരിരക്ഷിക്കുക എന്ന കർത്തവ്യത്തിനായി വിളിക്കപ്പെട്ടിട്ട് സാത്താന്റെ ഉപകരണങ്ങളായി ത്തീർന്നിട്ടുള്ളവർ ദൈവം അവരെ സഹായിക്കട്ടെ. അതിനെ നശിപ്പിക്കു വാൻ ഞാൻ സമ്മതിക്കുകയില്ല. ഇതേ വാരാപ്പുഴ അതിരൂപതയിലും ചങ്ങനാശ്ശേരി അപ്പസ്തോലികാ വികാരിയാത്തിലും നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭണം പിശാചിന്റെ പ്രവൃത്തിയാകുന്നു. ഈ പ്രക്ഷോഭണങ്ങൾ നശിക്കണം. ഇടവിടാതെയുള്ള അസ്വാസ്ഥ്യങ്ങൾ പുതിയ പുതിയ മാറ്റങ്ങൾക്കുള്ള അവിരാമമായ ഈ ഹർജികൾ പരിശുദ്ധ സംഹാസനത്തിന് അരോചകങ്ങളായി പരിണമിച്ചിരിക്കുന്നു. ഈ പ്രക്ഷോഭണങ്ങൾ

www.malankaralibrary.com

നശിക്കണം. മേലാൽ അവ സഹ്യമായിരിക്കുകയില്ല. (VCG PP 776-777) ലജ്ജാകരം, പിശാചിന്റെ പ്രവൃത്തിയായ ഈ പ്രക്ഷോഭങ്ങൾ നശിക്കണം. എന്നൊക്കെ സലെസ്കി വിശേഷിപ്പിച്ച പ്രസ്ഥാനവും അതിന്റെ സൂത്രധാരനായ മാണിക്കത്തനാരും നിമിത്തമാണ് സീറോ മലബാർ സഭ 400 കൊല്ലത്തെ അടിമത്തത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ് സ്വന്തം വ്യക്തിത്വം നിലനിർത്താൻവേണ്ടി സ്വയം ശീർഷകത്വവും സ്വയംഭരണവുമുള്ള ഒരു സഭയായി നിലനിൽക്കുന്നത്. ഈ ചരിത്രസത്യത്തിനു മുമ്പിൽ സലെസ്കി ഇന്നെവിടെ നിൽക്കുന്നു. ചരിത്രത്തിനുമുൻപിൽ വെറും നോക്കുകുത്തികളായിപ്പോയ സലെസ്കിമാർ നിമിത്തമല്ലാതിരുന്നെങ്കിൽ മാർത്തോമ്മാ നസ്രാണികൾ ചിതറിപ്പോവുകയില്ലായിരുന്നു. ഉദയംപേരൂർ പൈതൃകവും മാർത്തോമ്മ നസ്രാണി പൈതൃകവും തമ്മിലുള്ള ഏറ്റുമുട്ടലിൽ വിദേശിയും സ്വദേശിയും രണ്ടു ധ്രുവത്തിൽ നിന്നുവെന്നു മാത്രം. ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ വീണത് മാണിക്കത്തനാർ അല്ല. മാർത്തോമ്മാ നസ്രാണികളുടെ അഖിലേന്ത്യാ ശ്ലൈഹിക സിംഹാസനത്തിലിരുന്ന് പ്രഭവിതറുന്ന മാണിക്കത്തനാരാണ് മലയാളികളുടെ മനസ്സിൽ മഹാനായ മനുഷ്യസ്നേഹിയായ ഉൽപതിഷ്ണുവായ സഭൈക്യത്തിന്റെ വക്താവായ വ്യക്തി. അദ്ദേഹം സ്വസമുദായത്തിന്റെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും വളർച്ചയ്ക്കും വേണ്ടി ജീവൻ മരണപ്പോരാട്ടം നടത്തി. തന്മൂലം മാർത്തോമ്മാ നസ്രാണികൾക്ക് മാണിക്കത്തനാർ രക്തസാക്ഷിതുല്യം വിശുദ്ധനും വന്ദ്യനുമാണ്. മഹത്തായ സഭാസ്വാതന്ത്ര്യസമരത്തിന്റെ മൂലകാരണവും മുന്നണിപ്പോരാളിയുമായ മാണിക്കത്തനാരുടെ പ്രവാചകദൃഷ്ടി സമകാലീനർക്ക് ഇല്ലാതെ പോയത് കഷ്ടം തന്നെ. ചിതറിപ്പോയ നസ്രാണി കുടുംബത്തിന്റെ പുനരൈക്യം അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. ശ്ലൈഹിക വിശ്വാസപൈതൃകസംരക്ഷണം തന്റെ കടമയായി ആ മഹാനുഭാവൻ കരുതി. അന്തച്ഛിദ്രങ്ങൾക്കെതിരെ ഐക്യത്തിന്റെ കാവൽഭടനായി അദ്ദേഹം പ്രവർത്തിച്ചു. വിദേശഭരണത്തിനെതിരെ ധീരപോരാട്ടം കാഴ്ചവച്ച ആ ആത്മീയ ആചാര്യനെപ്പോലെ മാർത്തോമ്മാ നസ്രാണി ചരിത്രത്തിൽ മറ്റാരെയും കാണുന്നില്ല. കരിയാറ്റിയും പാറേമ്മാക്കലും സഭാചരിത്രത്തിലെ ആദ്യംതന്നെ പുനരൈക്യ പ്രസ്ഥാനമെന്ന ആശയം പ്രവാചകദൃഷ്ടിയോടെ തുടങ്ങിവച്ചു. അതു തുടരുന്നതിനും പൂർത്തിയാക്കുന്നതനുംവേണ്ടി മാണിക്കത്തനാർ ജാത്യയ്ക്യസഖ്യവുമായി മുന്നിട്ടിറങ്ങി. അഖിലലോക പ്രശസ്തി നേടേണ്ടിയിരുന്ന ആ പ്രവാചകന്റെ കാൽവയ്പ്പിന്റെ ശബ്ദം രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുതന്നെ ഉയർന്നുപൊങ്ങി. സഭൈക്യത്തിന്റെ ആ കാലൊച്ച കേൾക്കാതെ പോയ സലെസ്കിമാർ മാർത്തോമ്മാ നസ്രാണികളുടെ പുനരേകീകരണത്തിന്റെ സ്വർഗ്ഗീയ ദീപനാളം തല്ലിക്കെടുത്താമെന്നു കരുതി പാഞ്ഞടുത്തുവെങ്കിലും ആ വെളിച്ചം ഇനിയും തീരെ അണഞ്ഞുപോയിട്ടില്ല. ചരിത്രദൃഷ്ട്യാ മാപ്പർഹിക്കാത്ത തെറ്റാണ് ജാത്യക്യസംഘത്തിനെതിരെ ചന്ദ്രഹാസ

www.malankaralibrary.com

മിളക്കിയവർ ചെയ്തുകൂട്ടിയത്. നിധീരിക്കൽ മാണിക്കത്തനാർ സീറോ മലബാർ സഭയുടെ മെത്രനായിരുന്നുവെങ്കിൽ ജാത്യൈക്യസംഘം മാർത്തോമ്മാ നസ്രാണികളെ കാലക്രമേണ ഒരേ ഒരു സഭയാക്കി മാറ്റുമായിരുന്നു. 15 നൂറ്റാണ്ട് കാലം ഒന്നായിരുന്ന സഭയെ പലതാക്കി തല്ലിക്കീറി തമ്മിലടിപ്പിച്ച പറങ്കിമാർ കാട്ടിക്കൂട്ടിയ കാര്യങ്ങൾക്കൊക്കെ മാണിക്കത്തനാർ അന്ത്യം കുറിച്ചത് സലെസ്കിമാർ എങ്ങനെ സഹിക്കും? മാണിക്കത്തനാരെ കളിക്കളത്തിൽനിന്നും മാറ്റിനിർത്തിക്കൊണ്ട് മാർ ത്തോമ്മാ നസ്രാണികളോടു പ്രതികാരം ചെയ്ത പലരും വിജയിച്ചു. അവർ വിജയിച്ചത് മാണിക്കത്തനാരെ തോൽപ്പിക്കുന്നതിലല്ല. മറിച്ച് ലോകമുള്ള കാലത്തോളം ഇനിയൊരിക്കലും ഒന്നിച്ചുവന്ന് വീണ്ടും പഴയതുപോലെ അഖിലേന്ത്യാ മെത്രാപ്പോലീത്തായുടെ കവാടത്തിങ്കൽ ഒരു സഭയായിത്തീരുവാനുള്ള അവസാനത്തെ അവസരം ഇല്ലാതായി. മാണിക്കത്തനാർ മാത്രമായിരുന്നു പഴയ കുറ്റുകാർക്കും പുത്തൻകുറ്റുകാർക്കും ഒരുപോലെ സ്വീകാര്യനായിരുന്ന അവസാനത്തെ നേതാവ്. കരിയാറ്റിയും പാറേമ്മാക്കലും തച്ചിൽ മാത്തുത്തരകനും മാർദിവന്യാസീയോസും പുത്തൻകൂറിനും പഴയകൂറിനുമിടയിൽ പുനരൈക്യം സ്വപ്നം കണ്ട കാലഘട്ടം ഇരുളടഞ്ഞതാക്കിയത് സലെസ്കിമാർ തന്നെ. എക്യുമെനിസം എന്ന പേരിൽ 20-ാം നൂറ്റാണ്ടിൽ സഭകൾക്കിടയിൽ നടന്നുപോരുന്ന സഭൈക്യദർശനമെന്ന ആശയം വത്തിക്കാൻ കൗൺസിലിന്റെ സംഭാവനയൊന്നുമല്ല. മാണിക്കത്തനാരുടെ ദക്ഷിണേന്ത്യയിൽ അലയടിച്ച സാംസ്കാരിക നവോത്ഥാനത്തിന്റെ പ്രവാചക ശബ്ദമായിരുന്നു അത്. നസ്രാണി മണ്ഡലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. നാടിന്റെ ഉയിർത്തെഴുന്നേൽപ്പിനുവേണ്ടി സാംസ്കാരിക നവോത്ഥാനത്തിന് ആവശ്യമായ കർമ്മപദ്ധതികളാണ് ആ സ്വരാജ്യസ്നേഹി മുന്നോട്ടുവച്ചത്. അതുകൊണ്ടാണ് തിരുവിതാംകൂർ ചീഫ് സെക്രട്ടറി പി. താണുപിള്ള ഇപ്രകാരം പ്രസ്താവിച്ചത്. "തെക്കേ ഇന്ത്യയിൽ നിധീരിക്കൽ മാണിക്കത്തനാരെപ്പോലെ ഒരു മഹാൻ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിയോഗം തെക്കേ ഇന്ത്യക്ക് അപരിഹാര്യമായ നഷ്ടമായിരിക്കും" (VCG PP 988) സലെസ്കിയുടെ വീക്ഷണമെവിടെ? പി. താണുപിള്ളയുടെ വിലയിരുത്തലെവിടെ? പുനരൈക്യ പ്രസ്ഥാനത്തിന്റെയും ജാതൈക്യപ്രവർത്തനങ്ങളുടെയും, സ്വജാതിമെത്രാൻ ഭരണത്തിനായുള്ള പരിശ്രമങ്ങളുടെയും പേരിൽ ഇത്രമാത്രം അപഹസിക്കപ്പെടുകയും അപമാനിക്കപ്പെടുകയും താഴ്ത്തപ്പെടുകയും വിമർശന വിധേയനാവുകയും ചെയ്ത വേറൊരു വ്യക്തി സഭാചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? സ്വന്തം സഭയിൽപ്പെട്ട മെത്രാൻ ഭരണം വേണമെന്ന് വാദിച്ചതായിരുന്നു വിദേശ ലത്തീൻ അധികൃതരുടെ ദൃഷ്ടിയിൽ മാണിക്കത്തനാർ ചെയ്ത അപരാധം. ആ അപരാധത്തിന്റെ അനന്തര ഫലമാണ് ഇന്നത്തെ സീറോമലബാർ സഭയുടെ ദുരവസ്ഥയ്ക്കു ഹേതു എന്നു കൂട്ടിച്ചേർത്തുവായിക്കേണ്ടതാണ്. 1887-ൽ സുറിയാനിക്കാരെ റോമൻ

www.malankaralibrary.com

അഥവാ ലത്തീൻ സഭയിൽനിന്ന് വേർതിരിച്ചു. പക്ഷേ സുറിയാനിക്കാരെ ഭരിക്കാൻ നിയമിച്ചത് രണ്ട് ലത്തീൻ മെത്രാന്മാരെ. സലെസ്കിയുടെ വീക്ഷണവൈകല്യത്തിന്റെ, പൗരസ്ത്യസഭകളോടുള്ള അവജ്ഞയുടെ മകുടോദാഹരണമായി ഇതു നിലകൊള്ളും. അതും പറങ്കിയുടെ തണലിൽ തീർത്ത താൽക്കാലിക തടവറ മാത്രം. 1896-ൽ സ്വജാതി മെത്രാന്മാർ വന്നു. അതോടെ മാണിക്കത്തനാരുടെ പരിശ്രമങ്ങൾ റോമാ സഭാധികാരികൾ അംഗീകരിക്കുകയായിരുന്നു. ഏറ്റം യോഗ്യനായ മാണിക്കത്തനാരെ മനഃപ്പൂർവ്വം മാറ്റിനിർത്തിക്കൊണ്ട് പറങ്കി പകരം വീട്ടി. സ്വന്തം ജീവിതം നിസ്വാർത്ഥമായി സഭയ്ക്കുവേണ്ടി സമർപ്പിച്ച ആ മനുഷ്യൻ അതിലൊന്നും പ്രതീക്ഷ വച്ചിരുന്നില്ല. സ്വന്തം കാര്യം സിന്ദാബാദുകാരുടെ മുമ്പിൽ എന്നും ഒരപവാദമായിരുന്നു. അഥവാ അദ്ദേഹം സഭയ്ക്കുവേണ്ടി പൊരുതാതെ സ്വന്തനേട്ടങ്ങൾക്കു വേണ്ടി കപടമായ മൗനം പാലിക്കുമായിരുന്നു. സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ച് നാണം കെട്ടു നടക്കുന്ന ആളുകളുടെ കൂടെ നടക്കുന്ന പ്രകൃതം അദ്ദേഹത്തിനന്യമായിരുന്നു. പ്രധാന സ്ഥാനം തനിക്കു കിട്ടണം എന്നുണ്ടായിരുന്നെങ്കിൽ അദ്ദേഹം പണ്ടെതന്നെ തന്ത്രപരമായ ശൈലിമാറ്റം നടത്തി സലെസ്കിമാരുടെ മുമ്പിൽ പാദസേവ ചെയ്യുമായിരുന്നു.

മേലധികാരികളുടെ അനുവാദവും നസ്രാണിപ്പരിഷയുടെ അംഗീകരാവും കൂടാതെ പ്രവർത്തിക്കുന്ന ശൈലി മാണിക്കത്തനാർ അവലംബിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മാറ്റുകൂട്ടുന്ന വിശിഷ്ട സുകൃതം തന്നെ ഇത്. ആരോപണ ശരപീഡിതനായപ്പോഴും വിമർശന വായ്ത്തലയേറ്റു പിടഞ്ഞപ്പോഴും വീണുപോകാത്ത വിശ്വാസ സ്നേഹപ്രത്യാശകളുടെ സമ്മേളനം ആ മഹാമനുഷ്യന്റെ ആത്മീയ വ്യക്തിത്വത്തിന്റെ മുഖമുദ്രയായി പ്രശോഭിച്ചു. മനുഷ്യനെക്കാൾ മാലാഖായ്ക്കു ചേരുന്ന തലത്തിലായിരുന്നു ആ മഹാത്മാവിന്റെ പ്രവൃത്തികൾ പലതും. എന്നിട്ടും ശത്രുക്കൾ പറഞ്ഞുപരത്തിയ പൈശാചിക നുണകൾ സലെസ്കിമാർ ഏറ്റുപിടിച്ചു. പ്രതിസന്ധികളുടെ നീർച്ചുഴിയിൽ വീണപ്പോഴും പ്രത്യാശാഭരിതമായ ലോകദർശനം അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം അലയടിക്കുന്നതായി കാണാം. പ്രകോപനങ്ങളും ഭീഷണികളും വിപൽസന്ധികളും സമ്മർദ്ദതന്ത്രങ്ങളും മരണകരമായ ഗൂഢാലോചനകളും തനിക്കെതിരെ അരങ്ങേറ്റം നടത്തിയിട്ടും മാണിക്കത്തനാർ സത്യവിശ്വാസത്തിന്റെ നിലപാടുതറയിൽ ഉറച്ചുനിന്നുപോരാടി. സഹനസമരത്തിന്റെ തീച്ചൂളയിൽ എരിഞ്ഞുയർന്ന ജ്വാലപോലെ ആ ദൈവിക മനുഷ്യൻ കത്തി എരിഞ്ഞ് പ്രകാശം പരത്തി.

1886-ൽ ഇന്ത്യയിൽ ലത്തീൻ ഹയരാർക്കി സ്ഥാപിക്കപ്പെട്ടു. 1887-ൽ നസ്രാണികൾക്കായി ലത്തീൻ മെത്രന്മാരെ നിയമിച്ചാക്കിയത് ഒരു മഹാകാര്യമായി മാണിക്കത്തനാർ കരുതിയില്ല. ലത്തീൻ മെത്രാന്മാരുടെ കീഴിൽ കഴിയാനായിരുന്നില്ലല്ലോ നൂറ്റാണ്ടുകളായി നസ്രാണികൾ

www.malankaralibrary.com

പോരാടിയത്. 1887-ൽ നടന്ന ബാംഗ്ലൂർ സിനഡിൽ വരാപ്പുഴ മെത്രാപ്പോലീത്ത ലെയൊനാർഡ്, സുറിയാനിക്കാരുടെ ലത്തീൻ മെത്രാൻ മർസീലീനോസ് കൊല്ലം വികാരി അപ്പസ്തോലിക്കാ എന്നിവരും പങ്കെടുത്തു. സുറിയാനിക്കാരെ സ്വയംഭരണം ഏൽപ്പിക്കാറായിട്ടില്ലെന്ന് ആ ലത്തീൻ മെത്രാന്മാരും സിനഡും വിധിയെഴുതി. 16-ാം നൂറ്റാണ്ടിനുശേഷം ഉണ്ടായവർക്ക് പണ്ടേതന്നെ ലത്തീൻ ഭരണം, ഹയരാർക്കി എന്നിവയൊക്കെ സ്ഥാപിച്ചു കൊടുക്കുന്നവർ ഇത്തരമൊരു ഭോഷത്തം എഴുന്നള്ളിച്ചത് പരിഹാസ്യം തന്നെ. ഒന്നാം നൂറ്റാണ്ടുമുതലുള്ള അഖിലഭാരത നസ്രാണി സഭയ്ക്കെതിരെ ഇത്തരമൊരു വിധി പ്രസ്താവിച്ചതിന്റെ അനൗചിത്യം ചരിത്രകാരന്മാരുടെ ചർച്ചയ്ക്ക് വിടുന്നു. ആ സിനഡിന്റെ വിധിയെവിട്ട് സുറിയാനിക്കാരുടെ നിലവിളി റോമിൽ കേട്ടുകാണും. അക്കൊല്ലംതന്നെ ലത്തീൻകാരായ മെഡ്‌ലിക്കോട്ടും, ലവീഞ്ഞും സുറിയാനിക്കാരുടെ വികാരിയാത്തുകളെ ഭരിക്കാനെത്തി. ജസ്യൂട്ട് പറങ്കികളുടെ ആധിപത്യം വീണ്ടും നസ്രാണികളുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ടത് അപലനീയമായ വിരോധാഭാസം തന്നെ. കർമ്മലീത്താ പറങ്കികൾക്കു കീഴിൽ ഞെരിഞ്ഞമർന്ന നസ്രാണികൾ ഇതായിരുന്നില്ല പ്രതീക്ഷിച്ചത്. ഇവയൊക്കെ മാണിക്കത്തനാരുടെ മനസ്സിനെ ഒന്നിനൊന്ന് സ്വാതന്ത്ര്യദാഹിയാക്കിക്കൊണ്ടിരുന്നു. മാണിക്കത്തനാരെ നക്കാപ്പിച്ച കൊടുത്ത് നിശബ്ദനാക്കാം എന്നു കണക്കുകൂട്ടിയ പലരും അദ്ദേഹത്തെ യഥാർത്ഥത്തിൽ മനസ്സിലാക്കിയിരുന്നില്ല പലരുടെയും പോരാട്ടവീര്യം സ്ഥാനമാനങ്ങൾ കാണുമ്പോൾ ചോർന്നു പോകാറുണ്ട്. വല്ലതും കിട്ടുമെങ്കിൽ മിണ്ടാതെ മൂലയ്ക്കുകിടന്ന് വാലാട്ടുന്ന ചിലരുണ്ടാകും. മാണിക്കത്തനാരുടെ ആത്മാർത്ഥതയും നിസ്വാർത്ഥതയും സഭാസ്നേഹവും സഭൈക്യധാരണയും സംസ്കാരബോധവും തൻകാര്യനേട്ടങ്ങൾക്കുവേണ്ടി ആകെയുള്ള അഭിനയമായിരുന്നില്ല. വല്ല വിട്ടുവീഴ്ചയും ചെയ്ത് ചരിത്രത്തിന്റെ പുറംപോക്കിലേക്ക് മാർത്തോമ്മാ നസ്രാണികളുടെ ശ്ലൈഹിക സഭയെ ചവിട്ടിക്കൂട്ടി ഒതുക്കി കാര്യം അവസാനിപ്പിക്കുവാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. വികാരിജനറാൾ സ്ഥാനം കൊണ്ടും അദ്ദേഹത്തെ വലയിൽ കിട്ടിയില്ല. തെറ്റുചെയ്യാത്ത സഹോദരനെ സഭാഭ്രഷ്ടനാക്കുവാൻ കൽപന ഇട്ട മേലധികാരിയെ അനുസരിച്ച് ആ കൽപന നടപ്പിലാക്കിയ മാണിക്കത്തനാർ. ധിക്കാരമോ അനുസരണക്കേടോ അദ്ദേഹത്തെ തൊട്ടുതീണ്ടിയിരുന്നില്ല. ഭൗമികമായ ഒന്നുംകൊണ്ടും വിലയ്ക്കെടുക്കുവാൻ പറ്റാത്ത ദൈവമനുഷ്യൻ. വികാരി സ്ഥാനംപോലും തിരിച്ചെടുത്ത് കുറവിലങ്ങാടിന്റെ സ്ഥാനം മുട്ടുചിറയ്ക്ക് സമ്മാനിച്ചതു പറങ്കിപ്പകയുടെ ആഴം കാണിക്കുന്നതാണ്.

വർദ്ധിത വീര്യത്തോടെ വാർദ്ധക്യത്തിന്റെ പടിവാതിൽക്കൽ എത്തിയ മാണിക്കത്തനാർ ഇറ്റാലിയൻ ഭാഷ പഠിച്ചു തുടങ്ങി.

www.malankaralibrary.com

മാർപ്പാപ്പായുടെ മാതൃഭാഷയിൽ കുറെ കാര്യങ്ങൾ ധരിപ്പിച്ചാൽ ഫലമുണ്ടായേക്കാം എന്ന മാണിക്കത്തനാർ കരുതി. വൈകാതെ ഇറ്റാലിയൻ ഭാഷയിൽ പറങ്കി ദുർഭരണത്തിനെതിരെ സ്വരമുയർത്തിത്തുടങ്ങി. 1894-95 വർഷങ്ങളിൽ മാണിക്കത്തനാരും കൂട്ടരും ഉയർത്തിവിട്ട കൊടുംകാറ്റ് ലത്തീൻ കോട്ടകളെ ഭേദിച്ച് 13-ാം ലിയോ മാർപ്പാപ്പായുടെ കർണ്ണപുടങ്ങളിൽ ആഞ്ഞടിച്ചു. വിശ്രമത്തിനും വിനോദത്തിനും വേണ്ടി സ്വന്തം നാട്ടിലേക്ക് പോയിരുന്ന ലെവിഞ്ഞുമെത്രാൻ റോമിലെത്തി. മാണിക്കത്തനാരുടെ ഇറ്റാലിയൻ കത്തുകളുടെ പരമ്പര വാരി മുമ്പിൽ നിരത്തിയ സിംഹ തുല്യനായ പാപ്പാ ആക്രോശിച്ചു. ഇനി താങ്കൾ ഇന്ത്യയിലേക്ക് മടങ്ങേണ്ടതില്ല.

"കിഴവന്റെ യാത്ര" കിഴക്കുനിന്ന് പടിഞ്ഞാറ് കേപ്പായുടെ മുമ്പിലേക്ക് ഇതിനോടകം മാനസികമായി പുറപ്പെട്ടുകഴിഞ്ഞിരുന്നു. തന്റെ കൈയിൽ കേപ്പായോട് ഒരു പരാതിയുമായി പോവുകയാണ്. മാണിക്കത്തനാരുടെ ബുദ്ധിശാലയിൽ ഉരുത്തിരിഞ്ഞ ആ മഹായാത്ര റോമിലെത്തും മുമ്പേ ലിയോ 13-ാമൻ സ്വർഗ്ഗത്തിൽ എത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹം അവിടെവച്ച് കേപ്പായേയും തോമ്മായേയും കണ്ടിരിക്കാം. വൈകാതെ കിഴവൻ പുതിയ പാപ്പാ പത്താം പീയൂസിന്റെ പക്കലേക്ക് ആശംസകളുമായി എത്തി. കിഴവന്റെ യാത്രയെപ്പറ്റി വിശദമായി അറിയേണ്ടവർ (VCG pp 870-907വായിക്കുക) 1911-ൽ മാർ മാക്കീൽ ചങ്ങനാശ്ശേരിയിൽനിന്ന് കോട്ടയത്തേക്കു മാറുകയും മാർ കുര്യാളശ്ശേരി മെത്രാനാകുകയും ചെയ്തതോടെ കിഴവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിക്കാണണം. കാരണം സ്വർഗ്ഗത്തിൽനിന്നു തന്നെ ഭൂമിയിലേക്ക് വിളിച്ചിറക്കിയ നിധീരിക്കൽ മാണിക്കത്തനാർ 1904 ജൂൺ 20 മുതൽ കിഴവൻ തിരിച്ചുവരുന്നതും കാത്ത് കിഴവനുമുമ്പേ സ്വർഗ്ഗത്തിൽ എത്തിക്കഴിഞ്ഞിരുന്നു.

മാണിക്കത്തനാരുടെ ഐതിഹാസികമായ ഹർജിപ്രസ്ഥാനത്തിന്റെ ആത്യന്തിക വിജയമായിരുന്നു മുകളിൽ കണ്ടത്. 1904 ജൂൺ മാസം 20-ാം തീയതി മാണിക്കത്തനാർ മരണനിദ്ര പ്രാപിച്ചപ്പോൾ സഭയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ചില സ്വപ്നങ്ങൾ ബാക്കിയായി. അതേറ്റു വാങ്ങുവാൻ കറുകക്കളത്തിൽ ഗീവർഗ്ഗീസ് കത്തനാരെപ്പോലെ ചില അനുയായികൾ രംഗത്തുവന്നു. ഗീവർഗ്ഗീസ് കത്തനാർക്ക് മാണിക്കത്തനാരുടെ ആജീവനാന്ത പീഡാസഹനത്തിന്റെ ഒരോഹരി ഉടനെ കിട്ടിയത് മാർ മാക്കീലിന്റെ കൈയിൽ നിന്നായിരുന്നു. മാണിക്കത്തനാരുടെ മൃതദേഹം സംസ്കരിക്കുവാൻ നാടിന്റെ നാനാഭാഗത്തുനിന്നും നാനാജാതി മതസ്ഥരായ അനേകായിരങ്ങൾ കുറവിലങ്ങാട്ടേക്ക് ഒഴുകിയെത്തി. എന്നാൽ അന്നുണ്ടായിരുന്ന മൂന്നേമൂന്നു സ്വജാതി മെത്രാന്മാരിലാരും ആ മൃതസംസ്കാര ചടങ്ങുകൾക്ക് എത്തിയില്ല. അവരുടെ വികാരി ജനറാളന്മാരും വന്നില്ല. നാട്ടുമെത്രാന്മാരെ കിട്ടുവാൻ ആജീവനാന്തം പൊരുതി വിജയിച്ച ആ

www.malankaralibrary.com

മഹാത്മാവിനെ കബറടക്കുവാൻ മുഖ്യകാർമ്മികനാവാൻ ഭാഗ്യമുണ്ടായത് കട്ടക്കയത്തിൽ കൊച്ചു ചാണ്ടിയച്ചനായിരുന്നു. അന്നത്തെ TOCD സഭയുടെ അതായത് ഇന്നത്തെ CMI സഭയുടെ പൊതു തലവനായിരുന്ന കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചന്റെ അനാരോഗ്യം മൂലം ആണ് അദ്ദേഹത്തിന് പകരം കൊച്ചു ചാണ്ടിയച്ചൻ നിയുക്തനായത്.

അർഹരായവർക്കുമാത്രം ദൈവം നൽകുന്ന മഹാഭാഗ്യത്തിൽ നിന്ന് അധികാരമുള്ളവർ മാറ്റിനിർത്തപ്പെടുന്ന ചരിത്രം പഴയ നിയമത്തിലും പുതിയ നിയമത്തിലും സഭാചരിത്രത്തിലും നാം കാണുന്നുണ്ട്. മൂത്തവരായ കായേനും ഏസാവും എവിടെ? ഇളയവനായ ആബേലും യാക്കോവും എവിടെ? വിവാഹവിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്ന ആരും യഥാസമയം വന്നെത്തിയില്ല. എന്നാൽ വഴിയിറമ്പുകളിലും മറ്റും നിന്നിരുന്നവരെക്കൊണ്ട് വിരുന്നുശാല നിറയ്ക്കാൻ രാജാവ് കൽപ്പിച്ചു. പഠിപ്പും പ്രതാപവുമുള്ള പലരേയും തഴഞ്ഞ് ഈശോമിശിഹാ 12 പേരെ തെരഞ്ഞെടുത്തു. ശ്ലീഹന്മാരാക്കി. സലെസ്കിമാർക്കു പാദപൂജ ചെയ്ത് പദവികൾക്കു പിന്നാലെ പായുന്നവർക്ക് പറ്റിയതു അമളി മാത്രം. കുറവിലങ്ങാട്ടു കൂടിയ മാർത്തോമ്മ നസ്രാണികൾ മെത്രാന്മാരെയും വിശുദ്ധരെയും സംസ്കരിക്കുന്ന സ്ഥലത്ത് അതായത് പള്ളിയുടെ മദ്ബഹായിൽ ആ പാവന ദേഹത്തെ യഥാവിധി സംസ്കരിച്ചത് ആർക്ക് മറക്കാൻ കഴിയും. (VCG PP 931) ക്രൂശിതന്റെ മൃതദേഹം അടക്കുവാൻ വന്നത് നിക്കൊദെമുസും റംസാക്കാരൻ യൗസേപ്പും ആയിരുന്നു. ആരാണ് അന്നത്തെ മഹാപുരോഹിതന്മാരെ അത്തരമൊരു പാവനകർമ്മത്തിനു പ്രതീക്ഷിക്കുക? മാർത്തോമ്മാശ്ലീഹായുടെ വിശ്വാസധീരതയിൽ അഭിമാനം കൊള്ളുന്ന മാർത്തോമ്മാ നസ്രാണികൾ ഉള്ള കാലത്തോളം മാണിക്കത്തനാർ ഓർമ്മിക്കപ്പെടും.

മാണിക്കത്തനാർക്ക് സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി പലതവണ നസ്രാണികൾ കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും അന്നത്തെ നാട്ടുമെത്രാന്മാരുടെ നിലപാടുകൾ മൂലം ഒന്നും നടക്കാതെ പോയി. കറുകക്കളത്തിലച്ചനു മുടക്കു കൽപ്പിച്ച മാക്കീൽ മെത്രാൻ നിമിത്തമാണ് സ്മാരകനിർമ്മാണം നടക്കാതെ പോയത്. സ്മാരക നിർമ്മാണത്തെപ്പറ്റി അദ്ദേഹം അന്നത്തെ അതിരംപുഴ വികാരി പാറേമ്മാക്കൽ മത്തായി അച്ചനോട് പറഞ്ഞു. നിങ്ങളൊക്കെ ഈ കാര്യത്തിൽ ഇടപെടുന്നത് നമുക്കിഷ്ടമല്ല (VCG pp 955) മാക്കീലിനു പകരം ചങ്ങനാശ്ശേരിയിൽ മെത്രനായ (ഇന്നത്തെ പുണ്യശ്ലോകനായ) മാർ തോമസ് കുര്യാളശ്ശേരി മെത്രാഭിഷേകം സ്വീകരിച്ച് നാട്ടിൽ കാലു കുത്തിയ ദിവസം മാണിക്കത്തനാർ തോമ്മാശ്ലീഹായുടെ വലതു ഭാഗത്തിരുന്ന് പുഞ്ചിരിതൂകിയിട്ടുണ്ടാവും. കാരണം കത്തീഡ്രൽ പള്ളിയിൽ കയറിയ പുതിയ മെത്രാൻ ജനസാഗരത്തിലേക്ക് കണ്ണയച്ചപ്പോൾ അദ്ദേഹം ഒരാളെ മാത്രമേ

www.malankaralibrary.com

കണ്ടോളളു. സഭാഭ്രഷ്ടനായ ഗീവർഗ്ഗീസ് കറുകക്കളത്തിലച്ചൻ. മറ്റൊന്നും ചെയ്യും മുമ്പേ അദ്ദേഹത്തെ തന്റെ മുമ്പിലേക്ക് മാടി വിളിച്ചു. അദ്ദേഹം മുന്നോട്ടുവന്നു. ധീരനായ മാർ കുര്യാളശ്ശേരി അദ്ദേഹത്തെ സഭാഭ്രഷ്ടിൽ നിന്നും പരസ്യമായി മോചിപ്പിച്ചു.

മാണിക്കത്തനാരുടെ കബറിടത്തിൽ സ്മാരകശില സ്ഥാപിക്കുന്നത് മാർ മാക്കീൽ പണ്ടേ വിലക്കിയിരുന്നു. സ്മാരകമുണ്ടാക്കുന്നതിനു യോഗം ചേർന്ന വൈദികരെ എല്ലാം ശാസിച്ചിരുന്നു. എന്നാൽ കാലം മുന്നോട്ടു പോയി. മാണിക്കത്തനാരുടെ പിതൃസഹോദരിയുടെ കൊച്ചുമകനായ മാർ ജെയിംസ് കാളാശ്ശേരി കബറിടത്തിൽ സ്മാരക ശിലസ്ഥാപിച്ചതോടെ ചരിത്രം വേറൊന്നായി. നിധീരിക്കൽ മാണിക്കത്തനാർക്ക് ഒരു പ്രത്യേക സ്മാരകം ആവശ്യമില്ല. കേരള കത്തോലിക്കാ സുറിയാനി സമുദായവും ആ സമുദായത്തിൽ സ്വജാതിധർമ്മാദ്ധ്യക്ഷന്മാരും നിലനിൽക്കുന്ന കാലത്തോളം (VCG PP 945) മാണിയച്ചന് മാർത്തോമ്മാ നസ്രാണികളുടെ അഖിലേന്ത്യാ സഭയല്ലാതെ മറ്റൊരു സ്മാരകം ആവശ്യമില്ല. അത്തരമൊരു സ്മാരകം ഇനിയും പൂർത്തിയായിട്ടില്ലെങ്കിലും അടിത്തറ ഇട്ടുകഴിഞ്ഞിട്ടു ണ്ടല്ലോ. മരണത്തോടെ മാർത്തോമ്മാ നസ്രാണികൾ മാണിയച്ചനെ മറന്നു കളയുമെന്നു കരുതിയ സലെസ്കിമാർക്കു പാടേ തെറ്റുപറ്റി. "സ്ഥാനമാന ങ്ങൾക്കതീതമായി സഭാ തനിമ നേടി എടുത്ത മാണിക്കത്തനാരുടെ ആറടി മാർബിളിലെ ലിഖിതങ്ങൾ ആധുനിക സഭാചരിത്രത്തിലെ രേഖകളല്ലേ?" (VCG PP: 12) എന്നാണ് സീറോ മലബാർ സഭയുടെ പേപ്പൽ ഡലഗേറ്റ് മാർ അബ്രാഹം കാട്ടുമന ചോദിക്കുന്നത്. "ഞാൻ മാണിക്കത്തനാരെ സംബന്ധിച്ച് റോമിലുള്ള എല്ലാ രേഖകളും പഠിച്ചിട്ടുള്ളയാളാണ്. കത്തോലിക്കാ സഭയിൽ ഇത്രയേറെ തെറ്റിദ്ധരിക്കപ്പെടുകയും പീഡനമേൽ ക്കുകയും ചെയ്ത മറ്റൊരു വൈദികനില്ല. മാണിക്കത്തനാരെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ ഞാൻ എന്നും പ്രാർത്ഥിക്കുന്നുണ്ട്." (മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ) 2011 ജനുവരി 8-ന് മാണിക്ക ത്തനാർ ഫൗണ്ടേഷന്റെ സഹകരണത്തോടെ കുറവിലങ്ങാട് നടത്തിയ അഖില കേരള സപ്തഭാഷാ പ്രസംഗ മത്സരം നടന്നു. മേൽപ്പറഞ്ഞ ചടങ്ങിൽ മുഖ്യാതിഥിയായി വിതയത്തിലിനെ ക്ഷണിക്കുവാൻ ചെന്ന ഭാരവാഹികളോടു പറഞ്ഞതാണിത്. "പുരോഹിതന്മാരുടെ പുരോഹിതൻ" എന്നാണ് കർദ്ദിനാൾ ആന്റണി പടിയറ മാണിക്കത്തനാരെ വിശേഷിപ്പി ക്കുന്നത്. (VCG PP: 990) മേൽപ്പറഞ്ഞ മഹാന്മാരുടെ വിലയിരുത്തൽ മാണിക്കത്തനാരെ മറന്നു കളയാൻ ശ്രമിച്ച സലെസ്കിമാർക്ക് ഉത്തരമാണ്. പോരെങ്കിലിതാ പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്ക് മാർത്തോമ്മാ നസ്രാണികളെ തളച്ചിട്ടിരുന്ന പറങ്കിച്ചങ്ങലകളെ പൊട്ടിച്ചെറിയാൻ സഹായിച്ച കർദ്ദിനാൾ ടീസ്റാങ്ങിന്റെ വാക്കുകൾ. "കുറവിലങ്ങാട് ഇടവകവികാരി വർക്കിക്കത്തനാരുടെ സഹോദരപുത്രൻ അക്കാലത്തെ

www.malankaralibrary.com

ഏറ്റവും തീക്ഷ്ണതയുള്ള പണ്ഡിതാഗ്രേസരനായ വൈദികൻ" (VCG PP: 990)

മാതൃരാജ്യത്തെ സ്നേഹിച്ചു; മാതൃസഭയെ സ്നേഹിച്ചു; മാതൃഭാഷയെ പോഷിപ്പിച്ചു; മാതൃസമുദായത്തെ ശുശ്രൂഷിച്ചു സമുദായമൈത്രി പുലർത്തി; മലയാള പത്രപ്രവർത്തനരംഗത്ത് തനതായ സംഭാവനകൾ നൽകി. ആജീവനാന്തം ദൈവത്തിന്റെ സ്വരം കേട്ട് മരുഭൂമിയിലൂടെ ഏലിയാനിവ്യായെപ്പോലെ, യോഹന്നാൻമാംദാനയെപ്പോലെ, നടന്നുനീങ്ങിയ മാർത്തോമ്മാ നസ്രാണികളുടെ ഒരേ ഒരു മണിക്കത്തനാർ! ദൈവവചനം പ്രസംഗിച്ച പ്രവാചകന്മാർ വേട്ടയാടപ്പെട്ടു, തലയറക്കപ്പെട്ടു. അർഹിച്ചതൊന്നും ആരും അവർക്കു കൊടുത്തില്ല. കാരണം അവർ സ്ലീവായുമായി മുമ്പേ നടന്ന് ഗാഗുൽത്തായിൽ ബലിയാക്കപ്പെട്ടവന്റെ പ്രിയ സ്നേഹിതരായിരുന്നു. സ്ഥാനമാനങ്ങളെയും ഭൗമീകകിരീടങ്ങളെയും പുറം കാലുകൊണ്ട് തട്ടിയെറിഞ്ഞ പൗലോസ് ശ്ലീഹായെപ്പോലെ തന്നെ അവരും. "നമുക്കും അവനോടൊപ്പം പോയി മരിക്കാം'' എന്നു പറഞ്ഞ് മറ്റ് ശ്ലീഹന്മാരെ ഗാഗുൽത്തായിലെത്തിച്ച ഗുരുവിന്റെ പിന്നാലെ ഒന്നാമനായി ചുവടുവച്ച മാർത്തോമ്മാശ്ലീഹായുടെ ഉത്തമ ശിഷ്യൻ. മരിച്ചിട്ടും പീഡിപ്പിക്കപ്പെട്ട രക്തസാക്ഷി. ശ്ലൈഹികസഭയുടെ സ്വാതന്ത്ര്യത്തിനും നിലനിൽപ്പിനും വ്യക്തിത്വത്തിനും വളർച്ചയ്ക്കും വേണ്ടി ജീവൻ ബലിയർപ്പിച്ച മഹാത്യാഗി. ഒരു കാലഘട്ടത്തെ തൊട്ടുണർത്തിയ ആ ധീര പ്രവാചകൻ ഇതുവരെ മരിച്ചിട്ടില്ല; ഇനി ഒട്ടു മരിക്കുകയുമില്ല. മലയാളനാടിന്റെ നവോത്ഥാനം പ്രഖ്യാപിച്ച ക്രാന്തദർശി; വിദേശമേൽക്കോയ്മയ്ക്കെതിരെ ആഞ്ഞടിച്ച സ്വാതന്ത്ര്യസമര ചിന്തകൻ. ദൈവത്തിനും മനുഷ്യനും സ്വീകാര്യനായ ത്യാഗിവര്യൻ. സമുദായിക നീതിയുടെ മുന്നണിപ്പോരാളി. തിന്മയുടെ ഇരുട്ട് നന്മയുടെ സൂര്യോദയം കൊണ്ട് അകറ്റുന്ന നീതി സൂര്യന്റെ ഉദയ രശ്മി. ആത്മീയ നേതാക്കന്മാർക്ക് ഏതു കാലത്തും ഉത്തമ മാതൃക. തനിക്കു താൻ സ്മാരകമായ മാണിക്കത്തനാർക്കു മറ്റൊരു സ്മാരകം ആവശ്യമില്ല.

## പടപ്പുറപ്പാടിന്റെ പശ്ചാത്തലം

1498-വാസ്കോഡഗാമയും പറങ്കികളും മലങ്കരയിൽ കാലുകുത്തി. 1599-പറങ്കികളുടെ നുഴഞ്ഞു കയറ്റം ഉദയംപേരൂരിൽ വച്ച് മാർത്തോമ്മാ നസ്രാണികളുടെ അഖിലേന്ത്യാ ശ്ലൈഹിക പൗരസ്ത്യ സുറിയാനി സഭയെ പറങ്കി, ലത്തീൻ സഭയുടെ അടിമത്തത്തിലാക്കി.

1653-ജനുവരി 3 മാർത്തോമ്മാനസ്രാണികളുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഭാഗമായ കൂനൻ കുരിശുസത്യം മട്ടാഞ്ചേരിയിൽവച്ച് പഴയകൂറും പുത്തൻകൂറുമായി ഏകസഭ രണ്ട് വഴിക്കു നീങ്ങുന്നു.

www.malankaralibrary.com

1663-1687-പറമ്പിൽ (പള്ളിവീട്ടിൽ) മാർ ചാണ്ടിമെത്രാന്റെ ചെറിയൊരിടവേള.

1665-പ്രഥമ പാശ്ചാത്യസുറിയാനി മെത്രാൻ രംഗത്ത് എത്തി. അതോടെ അന്ത്യോക്യൻ ബന്ധം ആരംഭിച്ചു.

1632-ഇടപ്പള്ളി മഹായോഗം. സ്വന്തം ജാതിയിലും ആചാരത്തിലുമുള്ള മെത്രാനെ കിട്ടാൻ പോർച്ചുഗീസ് ഗവൺമെന്റ് വഴി റോമിലേക്കു അപേക്ഷകൾ അതിനുമുമ്പും പിമ്പും പലതവണ അയച്ചു. ബാബേൽ പാത്രീയക്കീസ്, അന്ത്യോക്യാ അലക്സാഡ്രിയാ പാത്രീയർക്കീസുമാർക്ക് പ്രസ്തുത സഹായ അപേക്ഷ അയച്ചു. പക്ഷേ ഫലം ശൂന്യം.

1736-1799-പാറേമ്മാക്കൽ തോമ്മാക്കത്തനാർ.

1742-1786-കരിയാറ്റിൽ യൗസേപ്പ് മെത്രാപ്പോലീത്താ

1742-1814-തച്ചിൽ മാത്തൂത്തരകൻ.

1786-സെപ്റ്റംബർ 10-കരിയാറ്റി മെത്രാപ്പോലീത്താ ഗോവയിൽവച്ച് രക്തസാക്ഷിയായി. പറങ്കികൾ ചതിയിൽപ്പെടുത്തി വിഷം കൊടുക്കുകയായിരുന്നു.

1787-ഫെബ്രുവരി-1 അങ്കമാലിമഹായോഗം പറോമ്മാക്കൽ തോമ്മാക്കത്തനാരെ മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. പിന്നീട് ഇടപ്പള്ളി യോഗം ആ നിശ്ചയത്തെ ഉറപ്പിച്ചു. കരിയാറ്റിയെ തടഞ്ഞവരുടെ കറുത്ത കരങ്ങൾ നിമിത്തം ആ തീരുമാനം നടപ്പാക്കാനായില്ല.

1799-മാർച്ച്-20 പാറേമ്മാക്കൽ അന്തരിച്ചു.

1799-ജൂൺ 22 പഴയകൂറും പുത്തൻകൂറും തമ്മിലുള്ള ഐക്യം ഡയനീഷ്യനിന്റെ പുനരൈക്യത്തോടെ നടന്നെങ്കിലും 6 മാസം കൊണ്ട് അത് അവസാനിപ്പിച്ചു.

1814-(കൊല്ലവർഷം 989 മേടം - 20) തച്ചിൽ മാത്തൂത്തരകന്റെ നിര്യാണം.

1857-സ്വജാതി മെത്രാന്മാരെ കിട്ടാൻവേണ്ടി ജീവൻ ബലികഴിച്ച കുടക്കച്ചിറ അന്തോനിക്കത്തനാർ രണ്ടാം പ്രാവശ്യവും ബാഹ്ദാദിലേക്ക്. കരിയാറ്റിയെപ്പോലെ അദ്ദേഹത്തിന്റെ യാത്ര ചെന്നെത്തിയത് സ്വർഗ്ഗത്തിലായിരുന്നു. അദ്ദേഹത്തിന്റെ കബറിടം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ബാഗ്ദാദിൽനിന്നും ആ മഹാ വിശുദ്ധന്റെ തിരുശേഷിപ്പുകൾ മലങ്കരയിൽ എത്തിക്കുവാൻ മാർത്തോമ്മാ നസ്രാണികൾ ഇനിയെങ്കിലും ശ്രദ്ധിക്കേണ്ടതാണ്.

www.malankaralibrary.com

**പടനായകന്റെ രംഗപ്രവേശനം.**

1842 - മെയ് 27 കുറവിലങ്ങാട് നിധീരിക്കൽ ഇട്ടിഅവിരായുടെയും റോസയുടെയും മകനായി കൊച്ചു മാണി ജനിച്ചു.

1852 - വീടിനോടനുബന്ധിച്ച് കളരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം.

1853 - ദനഹാ ബർയോനാ എന്ന കൽദായ വൈദികൻ കുറവിലങ്ങാട് എത്തി.

1854 - സഭയുടെ വീരപോരാളിയും താപസ വിശുദ്ധനും അനുപമ രക്തസാക്ഷിയുമായ കുടക്കച്ചിറ അന്തോനിക്കത്തനാരുടെ നേതൃത്വത്തിൽ കുറവിലങ്ങാട് പള്ളിയോഗം ചേരുന്നു. പറങ്കികളുടെ പേടി സ്വപ്നമായ അന്തോണിക്കത്തനാർ അക്ഷരാർത്ഥത്തിൽ പറങ്കികളെ ഞെട്ടിച്ചുകളഞ്ഞു.

1854-1856 - കുടക്കച്ചിറ അന്തോനിക്കത്തനാർ ബാഗ്ദാദിൽ.

1857 - കേരളത്തിലെത്തിയ കുടക്കച്ചിറ അന്തോണിക്കത്തനാർ ഒപ്പുശേഖരണം നടത്തുന്നു. വരാപ്പുഴയിൽ നിന്ന് അദ്ദേഹത്തെ മഹറോൻ ചൊല്ലുന്നു. ഒപ്പുശേഖരണവും പണപ്പിരിവും നടത്തി ഏതാനും ചില വൈദിക വിദ്യാർത്ഥികളുമായി വരാപ്പുഴയെ ഞെട്ടിച്ചുകൊണ്ട് 1857-ൽ വീണ്ടും ബാഗ്ദാദിലേക്ക്. അദ്ദേഹത്തിന്റെ മരണശേഷം സഹയാത്രീകനായ തൊണ്ടനാട്ട് അന്തോണിക്കത്തനാർ നേതൃത്വം ഏറ്റെടുത്തു.

1861 - മെയ് - 9 - റോമാസഭയുമായി ഐക്യത്തിലായിരുന്ന കൽദായ പാത്രീയാർക്കീസ് മാർ യൗസേപ്പ് ഔദോ അയച്ച മാർത്തോമ്മാ റോക്കോസ് മലങ്കരയിൽ എത്തി. സുറിയാനിക്കാർ നാട്ടിലുടനീളം അദ്ദേഹത്തെ സ്വാഗതം ചെയ്തു. പ്രൊപ്രഗാന്താ കക്ഷികൾ ചാവറയച്ചനെ മുൻനിർത്തി പോരാട്ടമായി. 1861 - ജൂൺ 8: സുറിയാനിക്കാരുടെ 154 പള്ളികളിൽ 38 എണ്ണം ഒഴിച്ചുള്ളവ റോക്കോസിനെ സ്വീകരിച്ചു. വിരളി പൂണ്ട വരാപ്പുഴക്കാർ. വരാപ്പുഴയുടെ കീഴിലുള്ള സുറിയാനിക്കാരുടെ വികാരി ജനറാളായി ചാവറയച്ചനെ നിയമിച്ചു. കുറെ സുറിയാനിക്കാരെ കൂടെ നിറുത്തി അവരുടെ ഐക്യം തകർക്കുക മാത്രമായിരുന്നു ലക്ഷ്യം. ചാവറയച്ചനെ മെത്രാനാക്കിയിരുന്നെങ്കിൽ പ്രശ്നം തീരുമായിരുന്നു. അത് അവർ ഗോപ്യമായി തടഞ്ഞ് സഹോദരങ്ങൾ തമ്മിൽ പോരടിക്കുവാൻ വേണ്ടി മാത്രമാണ് ചാവറയച്ചനെ കരുവാക്കിയത്.

1861 - ജൂലൈ: റോക്കോസിൽനിന്ന് കൊച്ചുമാണി ആദ്യപട്ടം സ്വീകരിച്ചു.

1861 - സെപ്റ്റംബർ - റോക്കോസിനു മഹറോൻ.

1861 - നവംബർ - മാണിശെമ്മാശൻ ഗോവർണ്ണദോരുടെ സെക്രട്ടറി.

www.malankaralibrary.com

1862 - മാർച്ച് - റോക്കോസ് സ്വദേശത്തേക്ക് മടങ്ങി.

1867 - മാണിശെമ്മാശൻ മംഗലപ്പുഴ സെമിനാരിയിൽ.

1872 - സെപ്റ്റംബർ - 19: മംഗലപ്പുഴ ശെമ്മാശന്മാരുടെ ഹർജി ഗോവയിലേക്കയച്ചു.

1872 - ഡിസംബർ - മാണിശെമ്മാശൻ ഹർജിക്കാര്യം ചർച്ച ചെയ്യാൻ ഗോവയ്ക്ക്.

1875 - മാനശിങ്കുവിന്റെ മൃഗീയതെക്കതിരെ മനുഷ്യാവകാശ പോരാട്ടം നടത്തിയ മാണി ശെമ്മാശൻ.

1873 - മാണി ശെമ്മാശൻ സെക്രട്ടറി സ്ഥാനത്തുനിന്നു വിരമിച്ചു.

1874 - ജൂലൈ - 16: വൈദിക വിദ്യാഭ്യാസത്തിനുവേണ്ടി മാണി ശെമ്മാശൻ മാന്നാനം ആശ്രമത്തിൽ എത്തി.

1874 - ഒക്ടോബർ - 2: കൽദായ പാത്രീയാർക്കീസ് മാർ യൗസേപ്പ് ഔദോ അയച്ച അക്രാരൂപതയുടെ മാർ ഏലിയാമേലൂസ് മലങ്കരയിൽ എത്തി.

1874 - ഓഗസ്റ്റ് - 1: വരാപ്പുഴ മെത്രാപ്പോലീത്താ ലെയൊനാർദ് IX പീയുസ് പാപ്പായുടെ പക്കൽ പരാതി കൊടുത്തു.

1874 - ഒക്ടബോർ - 25: മേലൂസിനു മഹറോൻ ശിക്ഷ.

1875 - പ്രസിദ്ധമായ ചിറ്റാട്ടൂർ പള്ളി കേസ് ആരംഭിക്കുന്നു.

1875 - മെയ് - 6 മാന്നാനത്തുവച്ച് മാണിശെമ്മാശൻ 5-ാം പട്ടം സ്വീകരിച്ചു.

1875 - ജൂലൈ - 28: മാന്നാനത്തുനിന്ന് റോമിലേക്ക് "പേരില്ല, ഹർജി".

1875 - ഡിസംബർ: മേലൂസിനെ സഹായിക്കാൻ കൽദായ കത്തോലിക്കാ മെത്രാൻ മാർ യാക്കോബ് മലങ്കരയിൽ എത്തി. ആ മാസം തന്നെ അദ്ദേഹത്തിനും മഹറോൻ.

1876 - ജനുവരി - 2: മേലൂസ് കുറവിലങ്ങാട് പള്ളിയിൽ

1876 - ജനുവരി - 3: മാന്നാനത്ത് മാണിക്കത്തനാരുടെ പ്രഥമ കുർബാന.

1876 - ജനുവരി -15: "ഏഴുവ്യാകുലങ്ങൾ" മാന്നാനത്തുനിന്നു പുറത്താക്കപ്പെട്ടു. മാണിക്കത്തനാർ അതിനെതിരെ റോമിലേക്കു സന്ദേശം അയച്ചു.

www.malankaralibrary.com

1876 - മാർച്ച്: മാണിക്കത്തനാർക്ക് കുറവിലങ്ങാട്ട് വികാരിയായി നിയമനം.

1876 - മെയ് -4: അപ്പസ്തോലിക്ക് വിസിറ്ററുടെ ദ്വിഭാഷിയായി മാണിക്കത്തനാർ.

1876 - മെയ് - 24 മുതൽ 25 വരെ: മാണിക്കത്തനാരുടെ നേതൃത്വത്തിൽ നടന്ന "മാന്നാനം സമ്മേളനം".

1876 - മെയ് - 27: വിസിറ്ററും സെക്രട്ടറിയും മാണിക്കത്തനാരും മാത്രം ചേർന്നു കൊച്ചിയിൽനിന്നു റോമിലേക്കു സന്ദേശം അയച്ചു.

1876 - ഓഗസ്റ്റ് - 17 മാണിക്കത്തനാർ എൽത്തുരുത്തിൽ എത്തി മേലുസിനെതിരെ പ്രവർത്തനനിരതനായി.

1876 - സെപ്തംബർ 19 മുതൽ 20 വരെ: ഒല്ലൂർ സമ്മേളനം.

1876 - നവംബർ: മാർ യാക്കോബിന്റെ മാനസാന്തരത്തിനുവേണ്ടി മാണിക്കത്തനാർ ശ്രമിക്കുന്നു.

1876 - ഒക്ടോബർ - 20 മേലുസ് പക്ഷക്കാർ രണ്ടു കൂട്ടമായി പിളർന്നു.

1877 - ഫെബ്രുവരി: രണ്ടാമത്തെ വിസിറ്റർ എത്തുന്നു. മർസലീനോസ് പാതിരിയെ സുറിയാനിക്കാരുടെ പ്രത്യേക മെത്രാനാക്കാൻ.

1877 - മാർച്ച് 22-23 തീയതികളിൽ കൽദായ പാത്രീയർക്കീസ് മാർ മേലൂസിനെയും മാർ യാക്കോബിനെയും തിരിച്ചു വിളിച്ചു.

1877 - ഓഗസ്റ്റ് -2-14: മാണിക്കത്തനാർ അർദ്ധരാത്രിയിൽ മാർ യാക്കോബിനെ എൽത്തുരുത്തിലെത്തിക്കുന്ന സാഹസിക പ്രവൃത്തി. തുടർന്നു മാർ യാക്കോബിന്റെ വസ്തുവകകൾ വീണ്ടെടുക്കുവാൻ ശത്രുപാളയത്തിലേക്ക് കടന്നു ചെല്ലുന്ന മാണിക്കത്തനാർ. കായംകുളം കൊച്ചുണ്ണിയേയും പട്ടാണിത്തൊമ്മാടിക്കൂട്ടത്തെയും ബുദ്ധികൊണ്ടും കരുത്തുകൊണ്ടും മുട്ടുകുത്തിച്ച കായികാഭ്യാസി താൻ തന്നെ എന്ന് ലോകം ഗ്രഹിക്കുന്നു. മാർ മേലൂസിന്റെ ആദരണീയമായ പ്രതിപക്ഷ ബഹുമാനം അനുയായികളെ തടഞ്ഞില്ലായിരുന്നു എങ്കിൽ മാണിക്കത്തനാരുടെ രക്തസാക്ഷിദിനമായി അതു കലാശിക്കുമായിരുന്നു. ജീവൻ പണയംവച്ചും ആ സഭാസ്നേഹി മുന്നോട്ടു നീങ്ങി.

1877 - ഓഗസ്റ്റ്-24: സുറിയാനിക്കാരുടെ പ്രത്യേക മെത്രാനായി മർസലീനോസ് ഒക്ടോബർ 21-ന് വരാപ്പുഴയിൽവച്ച് അഭിഷേകം.

1878: മർസലീനോസിനു കുറവിലങ്ങാട്ട് സ്വീകരണം.

www.malankaralibrary.com

1878: മാണിക്കത്തനാർ ചിറ്റാട്ടുരും കോഴിക്കോട്ടും കൊല്ലത്തും മദ്രാസിലുമായി പള്ളിക്കേസ് ധീരമായി നടത്തുന്നു. മദ്രാസ് ഗവർണ്ണറുമായി മാണിക്കത്തനാർ സൗഹൃദം സ്ഥാപിച്ചു. മദ്രാസ് ഗവർണ്ണറുടെ കൊച്ചി സന്ദർശനവേളയിൽ ജാത്യക്യസംഘം സ്ഥാപിക്കുന്നു.

1879 - ജനുവരി-24: മദ്രാസ് ഹൈക്കോടതിയിൽ നിന്നു കത്തോലിക്കർക്കനുകൂലമായി വിധി നേടിയെടുത്ത മാണിക്കത്തനാരുടെ കീർത്തി കേരളത്തിലുടനീളം മാത്രമല്ല ബോംബെയിൽപ്പോലും ചെന്നെത്തി. എനാംമ്മാക്കൽ, അർത്തുങ്കൽ, മനക്കോടം എന്നീ പള്ളികൾ വ്യവഹാരത്തിലൂടെ വീണ്ടെടുത്തത് മാണിക്കത്തനാരുടെ അതുല്യമായ നേട്ടമാണ്.

1882 - മാർച്ച് 5: മേലൂസ് കേരളം വിട്ടു.

1884 - നവംബർ: അപ്പസ്തോലിക് ഡലഗേറ്റ് ഓഫ് ഇന്ത്യയായി അലിയാർദി ബോംബെയിൽ എത്തുന്നു.

1885 - ജൂൺ: മാണിക്കത്തനാർ ബോംബെയിൽ ഡലിഗേറ്റിന്റെ പക്കൽ ചർച്ചകൾക്കെത്തുന്നു.

1885 - നവംബർ 12: സുറിയാനിക്കാർക്ക് സ്വജാതിമെത്രാനെ വേണമെന്നു ഹർജി സുറിയാനിക്കാരുടെ മെത്രാൻ മർസലിനോസ് വഴി മാന്നാനം യോഗത്തിൽ ഡലഗേറ്റിനു കൊടുക്കുന്നു. അതിനു പിന്നിൽ പ്രവർത്തിച്ച ബുദ്ധി മാണിക്കത്തനാരുടേതു തന്നെ. ആ ഹർജിയിലെ ഒന്നാമത്തെ ഒപ്പും മാണിക്കത്തനാരുടേത്.

1886 - മാർച്ച് - 16: ജാത്യക്യസഖ്യത്തിനായി കോട്ടയത്തെ വുഡ് ലാൻഡ് എസ്റ്റേറ്റ് മാണിക്കത്തനാരുടെയും മാർദിവന്യാസ്യാസിന്റെയും പേരിൽ എഴുതി വാങ്ങി.

1887 - ഏപ്രിൽ - 15: ജാത്യക്യസംഘത്തിന്റെ ജിഹ്വ നസ്രാണി ദീപികയുടെ പ്രഥമ ലക്കം മാണിക്കത്തനാരുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും വെളിച്ചം കണ്ടു. മലയാളത്തിലെ പത്രപ്രവർത്തന രംഗത്തെ പ്രഥമ കാൽവയ്പ്പായി അതു വിലയിരുത്തപ്പെടുന്നു. മലയാള നാടിന്റെ സംസ്ക്കാരികവും സാമുദായികവുമായ നവോത്ഥാനത്തിലേക്കുള്ള കുളമ്പടി ശബ്ദമായി അതു മാറി. "മലയാള മനോരമ" ആരംഭിച്ചതിന്റെ പിന്നിലും മാണിക്കത്തനാരുടെ പിൻതുണയും പ്രോത്സാഹനവും ഉണ്ടായിരുന്നു എന്നകാര്യം ഇന്ന് ആരോർക്കുന്നു! പ്രസ്തുത പത്ര സ്ഥാപനവും സമീപത്തുള്ള കത്തിഡ്രലും സ്കൂളും ഒക്കെ സ്ഥാപിതമായതു മാണിക്കത്തനാരുടെ കണ്ണീരുവീണ ഭൂമിയാണെന്നെങ്കിലും പ്രസ്തുത സ്ഥാപനങ്ങളുടെ ഇന്നത്തെ ഉടമസ്ഥർ ഓർത്തിരുന്നെങ്കിൽ നന്നായിരുന്നു.

www.malankaralibrary.com

1887 – ഏപ്രിൽ: അപ്പസ്തോലിക് ഡലഗേറ്റ് അയൂത്തിയുടെ ക്ഷണപ്രകാരം മാണിക്കത്തനാർ ഊട്ടിയിലെത്തി സഭാക്കാര്യങ്ങൾ ചർച്ച ചെയ്തു.

1887 – ഡിസംബർ: മാണിക്കത്തനാർ മെഡിലിക്കോട്ടിനെ സ്വീകരിച്ചു കൊണ്ടുവരുന്ന വഴി വടക്കാഞ്ചേരി ഇടവകക്കാരെ ഒറ്റ രാത്രികൊണ്ട് ശീശ്മയിൽ നിന്നു വീണ്ടെടുത്തു. ഡിസംബർ 11 അവിടെ മെഡിലിക്കോട്ടിനു സ്വീകരണം ക്രമീകരിച്ചു.

1888 – ഫെബ്രുവരി –1: ഫ്രഞ്ചുകാരനായ ലവീഞ്ഞു മെത്രാൻ തുളുസിൽനിന്ന് സഹായമഭ്യർത്ഥിച്ചുകൊണ്ട് മാണിക്കത്തനാർക്ക് എഴുതുന്നു.

1888 – ഏപ്രിൽ –5: ലവീഞ്ഞു മെത്രാനെ സ്വീകരിച്ചുകൊണ്ടു വരുവാൻ മാണിക്കത്തനാർ ഊട്ടിയിലും തൃശിനാപ്പള്ളിയിലും ചെന്നെത്തി.

1888 – മെയ് –10: ലവീഞ്ഞിന്റെ ആലോചനക്കാരനായി നിയമിതനായി.

1888 – മെയ്: സഭൈക്യ ചർച്ചകൾക്കായി മാർ ദിവന്യാസിയോസിനെയും കൂട്ടി ഊട്ടിയിൽ അപ്പസ്തോലിക്ക് ഡലിഗേറ്റിന്റെ പക്കൽ എത്തി.

1888 – ഡിസംബർ: ചങ്ങനാശ്ശേരി സുനഹദോസ് മാണിക്കത്തനാരുടെ പുനരൈക്യപ്രസ്ഥാനത്തെ ലവീഞ്ഞ് താറടിച്ചു വിമർശിച്ചു.

1889 – ജനുവരി: ലവീഞ്ഞിന്റെ ആസ്ഥാനമായി മാണിക്കത്തനാർ കുറവിലങ്ങാട്ട് (ഇന്നത്തെ ക്ലാരറ്റ് ഭവൻ സ്ഥിതി ചെയ്യുന്ന കുന്ന്) കാണിച്ചു കൊടുത്തു. മാണിക്കത്തനാരുടെ നാടായിരുന്നതുകൊണ്ട് അദ്ദേഹത്തെ വെറുത്തിരുന്ന, ഭയപ്പെട്ടിരുന്ന ലവീഞ്ഞ് ആ സ്ഥലം വേണ്ടെന്നുവച്ചു.

1889 – ഫ്രാൻസീസ്ക്കൻ സഭാസ്ഥാപനത്തിനു മാണിക്കത്തനാരുടെ ശ്രമം.

1889 – സെപ്റ്റംബർ –8: പൊന്തിഫിക്കൽ അധികാരങ്ങളുള്ള വികാരി ജനറാളായി നിയമനം. മെത്രാന്റെ മുടിയും വടിയും വേഷവിധാനവുമായി മാണിക്കത്തനാരെ കണ്ട മാർത്തോമ്മാ നസ്രാണികളെല്ലാവരും സന്തോഷം കൊണ്ടു നിറഞ്ഞു. ഇതേ സന്തോഷം പുത്തൻകൂർ സമുദായത്തിലും ഐക്യചലനമുണ്ടാക്കി.

1889 – നവംബർ 14: പാലായിൽ മാണിക്കത്തനാരുടെ പൊന്തിഫിക്കൽ കുർബാന (മെത്രാൻ വേഷത്തിൽ).

1890 – ജനുവരി –29: മൂന്നുനോമ്പ് ബുധനാഴ്ച കുറവിലങ്ങാട് 2–ാമത്തെ പൊന്തിഫിക്കൽ കുർബാന.

www.malankaralibrary.com

1890 – ഏപ്രിൽ-ഓഗസ്റ്റ്: വികാരി ജനറാൾ അഡ്മിനിസ്ട്രേറ്ററായി സഭാ ഭരണം നടത്തുന്നു.

1890 – ജൂൺ ശീശ്മക്കാർ നെല്ലിക്കാട്ടിൽ ബ: വർക്കിയച്ചന്റെ നേതൃത്വത്തിൽ കുറവിലങ്ങാടുപള്ളി കൈയ്യേറി. മാണിക്കത്തനാർ അവർക്കെതിരെ കേസ് നടത്തി ജയിച്ചു. മേലുസ് വച്ചു നീട്ടിയ മെത്രാൻ സ്ഥാനം, ആ കൽപ്പന എഴുതിയ കടലാസ് വലിച്ചു കീറി ചവറ്റുകൊട്ടയിൽ എറിഞ്ഞുകൊണ്ട് താൻ ആരാണെന്ന് വെളിപ്പെടുത്തിയ ആ സത്യവിശ്വാസത്തിന്റെ കാവൽ ഭടൻ സ്ഥാനമാനങ്ങൾക്കും പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങുന്നവനല്ല എന്ന ഒരിക്കൽക്കൂടി തെളിയിച്ചു.

1890 - ജൂൺ – 4 ലവീഞ്ഞ് ഊട്ടിയിൽനിന്ന് മാണിക്കത്തനാരെ ശാസിച്ചുകൊണ്ട് കത്തെഴുതി. പറങ്കിയുടെ കാപട്യവും ധിക്കാരവും അതിന്റെ പരകോടിയിൽ എത്തിയ ആ കത്ത് ഒന്നുമാത്രം മതി മാണിക്കത്തനാരുടെ നിസ്വാർത്ഥവും നിഷ്ക്കളങ്കവും ആത്മാർത്ഥവും ആയ സഭാസ്നേഹം മൂലം സഹിക്കേണ്ടിവന്ന പീഡനപരമ്പര മനസ്സിലാക്കുന്നതിന്.

1890 ജൂൺ - 14: ലവീഞ്ഞിനു മാണിക്കത്തനാരുടെ മറുപടി സാഹിത്യത്തിനു നോബൽ സമ്മാനം അർഹിക്കുന്ന മറുപടിയാണിത്. ഹിമാലയത്തോളം പൊങ്ങിനിന്ന പറങ്കിയുടെ അഹങ്കാരത്തിന്റെ കൂമ്പിനു കിട്ടിയ ഏറ്റവും വലിയ അടി ആ മറുപടി തന്നെ.

1890 – സെപ്റ്റംബർ – 8: തൃപ്പൂണിത്തുറ പള്ളിയിൽ 3-ാമത്തെയും അവസാനത്തേതുമായ പൊന്തിഫിക്കൽ കുർബാന.

1892 – ഏപ്രിൽ: ലവീഞ്ഞ് മാണിക്കത്തനാരെ വികാരി ജനറാൾ സ്ഥാനത്തുനിന്നു നീക്കി. ഇതോടെ പറങ്കിയുടെ നാളുകൾ എണ്ണപ്പെട്ടു എന്നു തീർച്ചയായി. നഷ്ടപ്പെട്ടുപോയ വികാരി ജനറാൾ സ്ഥാനം മാണിക്കത്തനാർക്ക് ഒന്നും അല്ലായിരുന്നു. നാട്ടുകാരെ ഭിന്നിപ്പിച്ച് നടക്കുന്ന പറങ്കി ഭരണം ഇനിയും തീർന്നിട്ടില്ല എന്നു വ്യക്തമാക്കിയ പ്രവൃത്തികളായിരുന്നു ലവീഞ്ഞിന്റേത്. അങ്ങനെ അവസാനത്തെ പോരാട്ടത്തിന് കളമൊരുങ്ങി എന്ന് എല്ലാവർക്കും ബോദ്ധ്യമായി, മാണിക്കത്തനാരുടെ നേതൃത്വത്തിൽ ബാബേൽ പാത്രീയർക്കീസിന്റെ വത്തിക്കാനിലുള്ള പ്രതിനിധി, ഫാ. ജിയാമിലുമായി എഴുത്തുകുത്തുകൾ നടത്തി. ലവീഞ്ഞിനെതിരെയുള്ള കത്തുകൾ മാർപ്പാപ്പായ്ക്കു നേരിട്ടു വായിക്കുവാൻ വേണ്ടി വൃദ്ധനായ മാണിക്കത്തനാർ ഇറ്റാലിയൻ ഭാഷ പഠിച്ചു. മാതൃഭാഷയിൽ എഴുതപ്പെട്ട പരാതി പ്രളയം കണ്ട് ലെയോ XIII -മൻ പറങ്കി ഭരണത്തിന് അന്ത്യം കുറിക്കാൻ തീരുമാനിച്ചു.

www.malankaralibrary.com

1896 – മാർച്ച്: തന്നെ ദർശിക്കുവാൻ റോമിൽ എത്തിയ ലവീഞ്ഞിന്റെ മുൻപിൽ മാണിക്കത്തനാരുടെ ഇറ്റാലിയൻ കത്തുകൾ വാരിനിരത്തിയ ലെയോ XIII-ാമന്റെ മുൻപിൽ പറങ്കി ഭരണം പടിയിറങ്ങി.

1896 – ഏപ്രിൽ: പറങ്കിയുടെ ഭരണദുരന്തത്തിന്റെ ദാരുണമായ അന്ത്യം. സ്വദേശി മെത്രാന്മാരായി, മാർ ലൂയിസ് പഴയപറമ്പിൽ, മാർ യോഹന്നാൻ മേനാച്ചേരിൽ, മാർ മത്തായി മാക്കിയിൽ എന്നിവർ നിയമിതരായി. ഏറ്റം യോഗ്യനായ, ഏറ്റം സ്വീകാര്യനായ മാണിക്കത്തനാരെ തഴഞ്ഞുകൊണ്ട് പറങ്കി പകരം വീട്ടി. വടക്കുംഭാഗത്തിന്റെ ഭീമ ഭൂരിപക്ഷത്തെ തെക്കുംഭാഗത്തിന്റെ ദയനീയ ന്യൂനപക്ഷത്തെക്കൊണ്ട് ഒതുക്കാനുള്ള തന്ത്രമായി അതു തീർന്നു. ആ ദുരന്തത്തിന് അന്ത്യം കുറിക്കാൻ "കിഴവന്റെ യാത്ര" ക്രമീകരിച്ച മാണിക്കത്തനാർ കാര്യങ്ങളെല്ലാം "കിഴവനെ" ഏൽപ്പിച്ചിട്ട് തന്റെ സ്വർഗ്ഗയാത്രയ്ക്ക് തിടുക്കം കൂട്ടി.

1904 – ജൂൺ – 20: മാണിക്കത്തനാരുടെ സ്വർഗ്ഗയാത്ര.

www.malankaralibrary.com

# 6. ഇനിയും പഠിക്കേണ്ട വർത്തമാനപ്പുസ്തകം

**ആമുഖം**

ആദരണീയനും പുണ്യശ്ലോകനും സീറോ-മലബാർ സഭയുടെ 20-ാം നൂറ്റാണ്ടിലെ വളർച്ചയ്ക്കും ഉയിർത്തെഴുന്നേല്പിനും കാരണക്കാരനുമായ പ്ലാസിഡച്ചൻ നിത്യേന വർത്തമാനപ്പുസ്തകം വായിച്ചിരുന്നു.

ഇന്ത്യൻ ദേശീയതയുടെ ഇതിഹാസമായ ഇതേപ്പറ്റി ഒരു ചെറുലേഖനം ചങ്ങനാശ്ശേരിയിൽനിന്ന് ഉടനെ വെളിച്ചം കാണും. വർത്തമാനപ്പുസ്തകം രചിക്കപ്പെട്ടത് 1785-ലാണ്. വർത്തമാനപ്പുസ്തകത്തിന്റെ അവസാനഭാഗം എഴുതിത്തീർത്തത് 1786 മീനം 18-നാണ്. അപ്പോൾ അവരുടെ കപ്പൽ ശ്രീലങ്കൻതീരത്താണ്. മലയാള ഗദ്യസാഹിത്യത്തിന്റെ പിതാവ് എന്ന് സാഹിത്യചരിത്രകാരന്മാർ പാറേമ്മാക്കൽ തോമ്മാക്കത്തനാരെ വിളിച്ചുപോരുന്നു. അതിനൊരു രണ്ടാം വാല്യമുണ്ടെന്നു പറയാറുണ്ടെങ്കിലും അങ്ങനെയൊന്നു കണ്ടെടുക്കുവാൻ നാളിതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. അപൂർണ്ണമായി അവസാനിക്കുന്നു എന്ന തോന്നലോടെയാണ് ലഭ്യമായ പുസ്തകത്തിന്റെ അന്ത്യം. അതുകൊണ്ട് ഒരദ്ധ്യായമെങ്കിലും വിട്ടുപോയി എന്നു ന്യായമായി സംശയിക്കാം. മാത്രമല്ല പുസ്തകത്തിന്റെ പല പ്രധാന ഭാഗങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. വായിക്കാൻ വാങ്ങിച്ച തൽപ്പരകക്ഷികളാരോ പ്രസ്തുത ഭാഗങ്ങൾ വലിച്ചുകീറി മാറ്റിയതാണ് എന്നു തീർച്ച. 1862 സെപ്തംബർ മാസം 12-ാം തീയതി അന്നത്തെ മൂന്ന് കർമ്മലീത്താ വികാരി അപ്പസ്തോലിക്കാമാർ (കൊല്ലം, വരാപ്പുഴ, മംഗലാപുരം) അതിനെ ശപിച്ചുതള്ളിയിട്ടുണ്ട്. അവരോ അവരുടെ പക്ഷവാദികളോ ആയിരിക്കണം ചില പ്രധാനഭാഗങ്ങൾ കീറിമാറ്റിയത്. അതിരംപുഴ (1936), തേവര (1977), കോട്ടയം (1983), വടവാതൂർ (1989), ഇടമറ്റം (1994) എന്നിവിടങ്ങളിൽനിന്നായി നാലു പതിപ്പുകൾ വന്നിട്ടുണ്ട്. കോട്ടയം, ഇടമറ്റം പതിപ്പുകൾ ആധുനികഭാഷയിലേക്ക് മാറ്റി എഴുതിയതാണ്. 1971-ൽ പ്ലാസിഡ് അച്ചൻ അത് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത് റോമിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹിന്ദിയിലേക്കും തമിഴിലേക്കും അത് പണ്ടേതന്നെ തർജ്ജമ ചെയ്യപ്പേടണ്ടതായിരുന്നു. പ്രൊഫസർ മാത്യു ഉലകംതറ, ജോൺ കച്ചിറമറ്റം, പ്രൊഫസർ കെ.വി. ജോസഫ് എന്നിങ്ങനെ പലരും വർത്തമാനപ്പുസ്തകത്തെപ്പറ്റി ഗവേഷണ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

വർത്തമാനപ്പുസ്തകത്തെപ്പറ്റി ഞാൻ ഗൗരവമായി പഠിക്കാൻ തുടങ്ങിയത് 1986-ൽ ആയിരുന്നു. ഈ പഠനത്തിന്റെ ഫലമായിരുന്നു The Freedom Fighters of Thomas Christians (Denha Services, Kottayam

www.malankaralibrary.com

1986) എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ച Cariyattil the Martyr and Paremmakkal the Prophet, പേജ് 18-41) എന്ന ലേഖനം. ഈ ലേഖനം അതേപടി ജോൺ മാളിയേക്കൽ എഡിറ്റുചെയ്തു പ്രസിദ്ധീകരിച്ച "പാറേമ്മാക്കൽ കുടുംബചരിത്രം" (നീലൂർ, 2007) pp. 940-963-ൽ പുനഃപ്രസിദ്ധീകരിച്ചു. കൂടാതെ കുടുംബചരിത്രഗ്രന്ഥത്തിന്റെ അവതാരികയും എഴുതി. ആ പ്രഥമപഠനത്തിന്റെ വെളിച്ചത്തിൽ റോമിൽ പഠിച്ചിരുന്ന എന്റെ ഒരു സുഹൃത്തിനോടു പറഞ്ഞു, "അച്ചൻ വർത്തമാനപ്പുസ്തകത്തിന്റെ ദൈവശാസ്ത്ര, സഭാശാസ്ത്രദർശനങ്ങളെപ്പറ്റി ഡോക്ടറൽ ഗവേഷണം നടത്തണം." എന്തുകൊണ്ടോ അദ്ദേഹം എന്റെ നിർദ്ദേശം സ്വീകരിച്ചില്ല. പ്രസ്തുത ലേഖനത്തിൽ ഞാൻ കണ്ടെത്തിയ കാര്യങ്ങൾ രണ്ടാണ്: 1) വർത്തമാനപ്പുസ്തകത്തിന്റെ സമകാലീന സന്ദേശവും പ്രസക്തിയും, 2) വർത്തമാനപ്പുസ്തകത്തിന്റെ നവീനവും ശരിയുമായ വ്യാഖ്യാനം. കരിയാറ്റിയുടെയും ഗോവർണ്ണദോരച്ചന്റെയും ചരിത്രം വേണ്ടതുപോലെയല്ല പലരും വായിച്ചെടുക്കുന്നത് എന്നു തോന്നി.

കരിയാറ്റിയുടെ ജീവിതം രക്തസാക്ഷിത്വത്തിലെത്തിയെന്നും എനിക്ക് ബോദ്ധ്യപ്പെട്ടു. പാറേമ്മാക്കലച്ചന്റെ പ്രവാചകദർശനം ഏറെ ഹൃദ്യവും പഠനാർഹവും പ്രസക്തവുമായി തോന്നി. സഭയുടെ ഐക്യത്തിനും വ്യക്തിത്വത്തിനും വളർച്ചയ്ക്കും നിലനില്പിനുംവേണ്ടി അവർ ഇരുവരും ഒന്നുചേർന്നു നടത്തിയ ലോകയാത്ര ഒരു വീരേതിഹാസംതന്നെ. അത് അവരുടെ ജീവിതബലിയിൽ ചെന്നു പര്യവസാനം പൂണ്ടു. മരണത്തെ മുഖാമുഖം കണ്ടുകൊണ്ടും അവർ ദൗത്യം മരണംവരെ തുടർന്നു. ശത്രുക്കൾ അവരുടെ വഴിയിൽ വാരിവിതറിയ വിപത്തുകളും പ്രതിബന്ധങ്ങളും അവർ തകർത്തുതന്നെ മുന്നേറുകയായിരുന്നു. മലങ്കരയിലും ഗോവയിലും ലിസ്ബണിലും റോമിലും അവർക്ക് ധാരാളം ശത്രുക്കൾ ഉണ്ടായിരുന്നു. ദൈവാനുഗ്രഹം അനേകം നല്ല മനുഷ്യരിലൂടെ അവർക്ക് എല്ലായിടത്തും വഴിതെളിച്ച് ലക്ഷ്യത്തിലേക്കു നയിച്ചിരുന്നു. റോമിലെ തണുത്ത പ്രതികരണത്തിൽ അവർ സ്തബ്ധരായി; നിരാശരായി അവർ മടങ്ങിയെങ്കിലും വിനയവും വിശുദ്ധിയും ആത്മാർത്ഥതയും അവരെ മുന്നോട്ടു നയിച്ചു. അവരുടെ പരിശ്രമങ്ങളും പ്രാർത്ഥനയും അന്തിമവിജയം നേടി. എങ്കിലും മെത്രാപ്പോലീത്താ യായി കരിയാറ്റി "മലബാറിൽ എത്തരുതെന്ന്" ശത്രുക്കൾ നിശ്ചയിച്ചു. അക്കാര്യത്തിൽ അവർ വിജയിച്ചു.

മഹാനായ പാറേമ്മാക്കലച്ചൻ പ്രാർത്ഥനയെ ആയുധമാക്കിയ ആത്മീയഗുരുവാണ്. നിരന്തരം പ്രാർത്ഥനയിൽ അഭയം തേടുന്ന അദ്ദേഹം വർത്തമാനപ്പുസ്തകത്തിൽ നിറഞ്ഞുനിൽക്കുന്നു. ആ ചിത്രമാണ് എന്നെ മറ്റൊരു ഗവേഷണപഠനത്തിലെത്തിച്ചത്. The Spiritual vision of Varthamanapusthakam: History of an unending pilgrimage from the desert into the sea എന്ന പേരിൽ അത് *Christian Orient* Vol. X (September

www.malankaralibrary.com

1989), pp-100-114, പ്രസിദ്ധീകൃതമായി. The Scriptural Spirituality (pp.102-104), A spirituality of faith, hope and charity (pp.104-108), Christian life led by the light of constant prayer (pp. 108-109), A Liturgical spirituality (pp. 109-111), A Spirituality of Vicarious Suffering (pp. 111-113) എന്നിങ്ങനെ അഞ്ചു തൂണുകളിൽ പടുത്തുയർത്തിയ ആത്മീയലോകമാണ് പാറേമ്മാക്കലച്ചന്റേത്. വി. ഗ്രന്ഥവും ആരാധനാക്രമവും ആണ് അവ അഞ്ചിന്റെയും ഉറവിടവും ജീവനും കേന്ദ്രബിന്ദുവും. രണ്ടിലധികം ദശകം കഴിഞ്ഞപ്പോൾ വർത്തമാനപ്പുസ്തകത്തിന്റെ ബൈബിൾപശ്ചാത്തലം, ബൈബിൾ വ്യാഖ്യാനം എന്നിവ സംബന്ധിച്ച് വടവാതൂരിൽനിന്ന് ഒരു ഗവേഷണഗ്രന്ഥം വെളിച്ചം കണ്ടു. **74 ബൈബിൾ ഉദ്ധരണികൾ** ശേഖരിച്ചശേഷം ഞാനെഴുതിയ ലേഖനംതന്നെയാണ് പ്രസ്തുത ഗ്രന്ഥത്തിന്റെയും ഉള്ളടക്കം എന്നതിൽ ഞാൻ സന്തോഷിക്കുന്നു. പക്ഷേ, ഞാൻ ചൂണ്ടിക്കാണിച്ച **പഞ്ചമഹാസ്തംഭങ്ങളിൽ** വർത്തമാനപ്പുസ്തകം കെട്ടിപ്പടുത്ത ആദ്ധ്യാത്മികലോകം ഇനിയും കൂടുതൽ ആഴത്തിൽ പഠനവിധേയമാകേണ്ടതാണ്. സുറിയാനി വേദപുസ്തകത്തിലും അതിന്റെ ആത്മീയസമൃദ്ധി വ്യാഖ്യാനിക്കുന്നതിലും പാറേമ്മാക്കലച്ചൻ ശ്രദ്ധാർഹനായി നിലകൊള്ളുന്നു.

## ദേശീയ ബോധം

വർത്തമാനപ്പുസ്തകകാരന്റെ ഭാഷാപ്രയോഗചാതുര്യം, വർണ്ണനാവൈഭവം, സൂക്ഷ്മനിരീക്ഷണപാടവം, വിമർശനപരമായ വിലയിരുത്തൽ, കീറിമുറിക്കുന്ന മൂർച്ചയേറിയ ഭാഷാപ്രയോഗചാതുരി ഇവയൊക്കെ വായനക്കാരന്റെ മനസ്സിൽ അത്ഭുതാദരങ്ങളുടെ വേലിയേറ്റം ഉളവാക്കുന്നു. തത്തുല്യമായ മറ്റൊരു ഗ്രന്ഥം അക്കാലത്തോ പിൽക്കാലത്തോ മലയാളത്തിനു ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. പഴശ്ശിരാജാവും ടിപ്പുസുൽത്താനും ഒക്കെ ബ്രിട്ടീഷുകാർക്കെതിരെ പടയ്ക്കിറങ്ങിയത് അവരുടെ ചെറിയ രാജ്യത്തെ സംരക്ഷിക്കാനാണ്. പഴശ്ശി ടിപ്പുവിനെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചു! ടിപ്പു മലബാറിലെ ഹൈന്ദവരെയും നസ്രാണികളെയും കൂട്ടക്കൊലചെയ്തു. ക്രൂരമായി മതംമാറ്റി. ആരാധനാലയങ്ങൾ തീയിട്ടു നശിപ്പിച്ചു. ഇതൊക്കെ ഇന്ത്യൻ ദേശീയത ആയിരുന്നില്ല. എന്നാൽ പാറേമ്മാക്കലച്ചൻ തൂലിക എടുത്തത് ഇന്ത്യൻ ദേശീയതയുടെ ഇതിഹാസം രചിക്കാനാണ്. അതുവരെ മറ്റൊരു ഇന്ത്യാക്കാരനും മനസ്സിൽ തോന്നാത്ത മഹാകാര്യം ആയിരുന്നു ഇത്. ഇന്ത്യ ഇന്ത്യക്കാരുടേത്, ഇന്ത്യ ഭരിക്കേണ്ടത് ഇന്ത്യാക്കാർ, നാമെല്ലാം ഇന്ത്യാമക്കൾ എന്ന് അദ്ദേഹമല്ലാതെ മറ്റാരെങ്കിലും അതിനുമുമ്പ് പറഞ്ഞിട്ടുള്ളതായി അറിവില്ല. നൂറുകണക്കിന് നാട്ടുരാജ്യങ്ങളുടെ അതിരുകൾക്കുള്ളിൽ പരസ്പരം പോരടിക്കുകയും നാട്ടുകാരെയും ഇതര നാട്ടുരാജ്യങ്ങളെയും വൈദേശികശക്തികൾക്ക് വിട്ടുകൊടുക്കുകയും ചെയ്തുകൊണ്ട് ആയിരുന്നു അവരുടെ ഒക്കെയും 'രാജ്യസേവനം'! തങ്ങ

www.malankaralibrary.com

ളുടെ നാട്ടുരാജ്യങ്ങളുടെ അതിർത്തി വിട്ട് വിശാലമായ ഒരു ഇന്ത്യയെ, അതായത് ഇന്നു നാം കാണുന്ന ഇന്ത്യയെ അവരാരും സ്വപ്നം കണ്ടിരുന്നില്ല. എന്നാൽ ഗാന്ധിജിയും നെഹ്റുവും ജനിക്കുന്നതിന് ഏതാണ്ട് എട്ടൊൻപത് ദശകംമുമ്പേ പാറേമ്മാക്കലച്ചൻ ആധുനിക ഇന്ത്യയെ വിഭാവനം ചെയ്തു. അഫ്ഗാനിസ്ഥാൻ മുതൽ ശ്രീലങ്കവരെ, ഇൻഡോ-ചൈന മുതൽ പേർഷ്യവരെയും നീണ്ടുപരന്നുകിടന്നിരുന്ന **മാർത്തോമ്മാനസ്രാണികളുടെ തോമ്മാരാജ്യം** ഈ ഇന്ത്യയുടെ പര്യായമായി അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞത് സ്വാഭാവികംമാത്രം. ആധുനികകാലത്ത് ആരുംതന്നെ ചിന്തിക്കാത്ത ഇക്കാര്യം അദ്ദേഹത്തിന് സുവ്യക്തമായിരുന്നു. രാഷ്ട്രഭരണത്തിലും സഭാഭരണത്തിലും ദേശീയത കൈവരുത്തുവാൻ അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. ഇന്ത്യൻ പാർലമെന്റിന്റെ നടുത്തളത്തിൽ ആദ്യം സ്ഥാപിക്കേണ്ടത് അദ്ദേഹത്തിന്റെ പ്രതിമതന്നെ. കൊളോണിയൽ ഭരണം പല തലങ്ങളിൽ നമ്മുടെ നാടിന് അടിമത്തമാണ് കൊണ്ടുവരുന്നത് എന്നു തിരിച്ചറിഞ്ഞ ആദ്യത്തെ ഇന്ത്യാക്കാരനാണദ്ദേഹം. മതപരവും രാഷ്ട്രീയവും സാമ്പത്തികവും വാണിജ്യപരവും സാംസ്കാരികവുമായ മേഖലകളിൽ **കൊളോണിയൽ ഭരണം** തൂത്തെറിയപ്പെടേണ്ടതാണെന്നു പ്രവാചകദൃഷ്ടിയോടെ അദ്ദേഹം പ്രഖ്യാപിച്ചു. പ്രസ്തുത പ്രഖ്യാപനത്തിന്റെ പ്രകടമായ അലയൊലികളാണ് വർത്തമാനപ്പുസ്തകത്തിലുടനീളം നാം കേൾക്കുന്നത്. വിദേശികളുടെ ഭരണം നിലനിൽക്കുന്നത് നാട്ടുകാരെ പല തട്ടിലാക്കി ചിതറിച്ചു നിർത്തുന്നതുകൊണ്ടാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. അതുകൊണ്ടാണ് പറങ്കികൾക്കെതിരെ സടകുടഞ്ഞെണീറ്റു പടപൊരുതാൻ മാർത്തോമ്മാനസ്രാണികളെ മാത്രമല്ല, ഈ മണ്ണിന്റെ മക്കൾ ഏവരേയും അദ്ദേഹം ആഹ്വാനംചെയ്തത്. വെളുത്ത തൊലിയെമാത്രം ബഹുമാനിക്കുന്ന പറങ്കിഭരണത്തിനെതിരെ അദ്ദേഹം ആഞ്ഞടിച്ചു. മനുഷ്യന്റെ മഹത്വത്തെ വെളുത്ത തൊലിയിൽ തേടുന്ന തത്വശാസ്ത്രം അദ്ദേഹത്തിന് അന്യമായിരുന്നു. നമ്മുടെ നാടിന്റെ സാമ്പത്തികവും സാംസ്കാരികവുമായ മുന്നേറ്റത്തിന് ആക്കം കൂട്ടുന്ന ആശയങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്നു വാർന്നുവീണു.

മാർത്തോമ്മാമാർഗ്ഗത്തിന്റെ ഉത്കൃഷ്ടവും ഉദാത്തവുമായ മാർഗ്ഗരേഖയാണ് വർത്തമാനപ്പുസ്തകം. മലങ്കര മാർത്തോമ്മാനസ്രാണി സഭയുടെ ഉയിർത്തെഴുന്നേല്പ്പിന്റെ ഉദയരശ്മിതന്നെയാണ് ഈ ഗ്രന്ഥം. ഇന്ത്യയിലെ മാർത്തോമ്മാമക്കളുടെ സ്വാതന്ത്ര്യദാഹം കലർന്ന പൗരുഷമാർന്ന കർമ്മപദ്ധതി അതിൽ അനാവരണം ചെയ്യപ്പെടുന്നു. മെസ്രേനിന്റെ ഇരുട്ടിലും തിന്മയിലും അടിമത്തത്തിലുംനിന്ന് സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിലേക്ക് നയിക്കുന്ന കാലടിപ്പാടുകൾ വർത്തമാനപ്പുസ്തകത്തിൽ പതിഞ്ഞുകിടക്കുന്നു. വിമോചനത്തിന്റെ വിപ്ലവകാഹളം ഒരു കൊടുങ്കാറ്റായി അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ സദാ മുഴങ്ങിക്കേൾക്കാം. മാർത്തോമ്മാനസ്രാണികളും മല

www.malankaralibrary.com

യാളഭാഷയും ഇന്ത്യാ മഹാരാജ്യവുമുള്ള കാലത്തോളം അത് തുടർന്നു കൊണ്ടേയിരിക്കും. അതുകൊണ്ടാണല്ലോ പലരും വിലക്കിയ ഈ പുസ്തകത്തിന് ഇന്നും വിവിധ പതിപ്പുകളുണ്ടാകുന്നത്.

ടിപ്പുവിന്റെ ആക്രമണകാലത്ത് തച്ചിൽ മാത്തൂത്തരകന്റെ നേതൃത്വത്തിൽ പാറേമ്മാക്കൽ ഗോവർണ്ണദോരച്ചന്റെ ആസ്ഥാനം അങ്കമാലിയിൽനിന്ന് വൈക്കം അടുത്ത് വടയാർ എന്ന സ്ഥലത്തേക്കു മാറ്റി. തന്റെ റോമ്മായാത്രയ്ക്കുമുമ്പ് പാറേമ്മാക്കലച്ചൻ അവിടെ കുറെക്കാലം വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പോരെങ്കിൽ അവിടെ അദ്ദേഹത്തിന്റെ സഹോദരപുത്രൻ വികാരിയായിരുന്നു. അദ്ദേഹത്തിന്റെ സഹോദരപുത്രൻ അവിടെ സെമിനാരി സ്ഥാപിച്ച് മൽപ്പാനായി സേവനമനുഷ്ഠിച്ചിരുന്നു. "പാണ്ടി മല്പാൻ" എന്നാണ് പൊതുവെ ആ വൈദികപരിശീലകൻ അറിയപ്പെട്ടിരുന്നത്. തമിഴ് ഭാഷയിൽ അത്യഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നതുകൊണ്ടാണ് പാണ്ടിമല്പാൻ എന്ന വിളിപ്പേരു വീണത്. കടുത്തുരുത്തിയിലും ആയാംകുടിയിലും ഒക്കെ അദ്ദേഹത്തിന്റെ സ്വാധീനം വ്യാപിച്ചിരുന്നു. കാരണം അവിടെനിന്നൊക്കെ ശമ്മാശന്മാർ അദ്ദേഹത്തിന്റെ കീഴിൽ പഠിച്ചിരുന്നു. 1800-ൽ സ്ഥാപിതമായ ആയാംകുടി (മലപ്പുറം) പള്ളി അദ്ദേഹത്തിന്റെ സ്വാധീനത്തിന് ഒരുദാഹരണംമാത്രം. ഏതാണ്ട് ഒരു വ്യാഴവട്ടക്കാലംമുമ്പ് ആയാംകുടിയിലുള്ള ഏറ്റിക്കട മനയിൽനിന്ന് വർത്തമാനപ്പുസ്തകത്തിന്റെ ഒരു കർശോൻപതിപ്പു കണ്ടെടുത്തു. അത് ഗവേഷണാർത്ഥം കാലിക്കട്ട് യൂണിവേഴ്സിറ്റിയിലേക്കു കൊണ്ടുപോയി. ആരാണ് കൊണ്ടുപോയതെന്നും ആ ഗവേഷണം പൂർത്തിയായോ എന്നും എനിക്കറിഞ്ഞുകൂടാ. ആലുവാ യു.സി. കോളേജിലുള്ള ഏതോ ഒരു അദ്ധ്യാപകൻ മലയാളം കർശോനെപ്പറ്റി ഡോക്ടറൽ ഗവേഷണം പൂർത്തിയാക്കിയെന്ന് കൂത്തുപറമ്പ് കോളേജിന്റെ മുൻ പ്രിൻസിപ്പാളും ഇപ്പോൾ കുന്നോത്തു മേജർ സെമിനാരിയുടെ റെക്ടറുമായ റവ.ഡോ. ആട്ടേൽ മാണിയച്ചൻവഴി അറിയാം. കൂടുതൽ വിവരങ്ങൾ ഇനിയും കിട്ടേണ്ടിയിരിക്കുന്നു. കർശോനെപ്പറ്റി എനിക്കറിയാവുന്ന വിവരങ്ങളെല്ലാം നാലു ലേഖനങ്ങളിലായി പ്രസിദ്ധീകരിക്കുമ്പോൾ ഇപ്രകാരമൊരു കൈയെഴുത്തുപ്രതിയെപ്പറ്റി എനിക്കു കൃത്യമായ അറിവില്ലായിരുന്നു. വർത്തമാനപ്പുസ്തകത്തിന് ചില കർശോൻപതിപ്പുകൾ ഉണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്. മലയാളഭാഷ പൗരസ്ത്യസുറിയാനി ലിപികൊണ്ട് എഴുതുന്ന രീതിക്കാണ് **മലയാളം കർശോൻ** എന്നു പറയുന്നത്. പോൾ മണലിലിന്റെ ഭാഷയിൽപ്പറഞ്ഞാൽ **സിറിയാളം**. പക്ഷേ അത്തരം ഒരു പേര് അദ്ദേഹമല്ലാതെ ആരുംതന്നെ ഉപയോഗിക്കാറില്ല. പൗരസ്ത്യസുറിയാനിയിലെ 22 വ്യഞ്ജനങ്ങളും സ്വരചിഹ്നങ്ങളും മലയാളികൾ സൃഷ്ടിച്ചെടുത്ത സുറിയാനിയിലോ മലയാളത്തിലോ ഇല്ലാത്ത ചില അക്ഷരങ്ങളും ചേർത്താണ് മലയാളം കർശോൻ എഴുതുന്നത്. ഏറ്റിക്കട മനയിലുണ്ടായിരുന്ന വർത്തമാനപ്പുസ്തകം കർശോൻപ്രതി ആരാണ്

www.malankaralibrary.com

എഴുതിയത് എന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അത് എന്നാണ് എഴുതിയത് എന്നതും സുപ്രധാന കാര്യമാണ്. ഒന്നുകിൽ വർത്തമാനപ്പുസ്തകക്കാരനായ പാറേമ്മാക്കൽ ഗോവർണ്ണദോർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ സഹോദരപുത്രനായ പാണ്ടിമല്പാൻ ഇവരിൽ ഒരാൾ ആയിരിക്കണം ആ കർശോൻപ്രതി എഴുതിയുണ്ടാക്കിയത് എന്നു ഞാൻ വെറുതെ ഊഹിക്കുകയാണ്. ഈ ഊഹം ശരിയാണെന്നുവന്നാൽ ഇന്നത്തെ വർത്തമാനപ്പുസ്തകത്തിന്റെ മലയാളം കൈയെഴുത്തുപ്രതികളിലും അച്ചടിച്ച പതിപ്പുകളിലും നഷ്ടപ്പെട്ടുപോയിരിക്കുന്ന ഭാഗങ്ങൾ കർശോൻപതിപ്പിൽ കണ്ടെന്നു വരാം.

ഇക്കാര്യത്തിന്റെ പഠനത്തിനുവേണ്ടി ഞാൻ ഏതാനും വർഷംമുമ്പ് സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കാര്യാലയത്തിൽ എത്തി. അവിടെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള പാറേമ്മാക്കലച്ചന്റെ കൈപ്പടയിലുള്ള കൈയെഴുത്തുപ്രതി പരിശോധിച്ച് കർശോന്റെ കൈപ്പടയുമായി സുറിയാനി അക്ഷരങ്ങൾ ഒത്തുനോക്കാനായിരുന്നു എന്റെ ശ്രമം. മ്യൂസിയത്തിന്റെ ചാർജ്ജു വഹിച്ചിരുന്ന വൈദികനോട് (ഇന്ന് അദ്ദേഹം ഇരിങ്ങാലക്കുട മെത്രാനാണ്) മ്യൂസിയത്തിൽ വന്ന് കൈയെഴുത്തുപ്രതി തുറന്ന് ഏതാനും പേജുകൾ എങ്കിലും കാണിക്കണമേ എന്നു ഞാൻ ആവശ്യപ്പെട്ടു. നഷ്ടപ്പെട്ടുപോയ ഭാഗങ്ങളും മുഖവുരയിലും അതുപോലെ മറ്റു രേഖകളിലും കാണുന്ന സുറിയാനി ഒപ്പും സുറിയാനി അക്ഷരങ്ങളുണ്ടെങ്കിൽ അവയും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുവേണ്ടിയായിരുന്നു എന്റെ ശ്രമം. കൈയെഴുത്തുപ്രതി ഉടൻതന്നെ ഡിജിറ്റലൈസ് ചെയ്യുമെന്നും അപ്പോൾ കോപ്പി ലഭ്യമാക്കാം എന്നും പറഞ്ഞെങ്കിലും പിന്നീടൊന്നും നടന്നതായി അറിയില്ല. ഈ കാര്യത്തെപ്പറ്റി എറണാകുളം അതിരൂപതയിലുള്ള മ്യൂസിയം ഡയറക്ടർ പൈയ്യപ്പള്ളിൽ അച്ചനോടും ഞാൻ സൂചിപ്പിച്ചു. കൈയെഴുത്തുപ്രതി ഡിജിറ്റലൈസ് ചെയ്യുവാനുള്ള പദ്ധതി അദ്ദേഹം മുന്നോട്ടുവച്ചെങ്കിലും അതും അനുവദിക്കപ്പെട്ടില്ല. പിന്നീട് മ്യൂസിയത്തിന്റെ ഡയറക്ടറായി വന്ന റവ.ഡോ. സെബാസ്റ്റ്യൻ നടുത്തടം (പാലാ രൂപത) അച്ചനോടും ഇക്കാര്യങ്ങൾ രണ്ടു വട്ടമെങ്കിലും ഞാൻ പറഞ്ഞു. പക്ഷേ ഫലം നാസ്തി.

ആയാംകുടിക്കടുത്ത മധുരവേലിയിൽ താമസിക്കുന്ന കൊടുകുത്തിയിൽ ചാക്കോച്ചനെയും കൂട്ടി ഞാൻ ഏറ്റിക്കട മനയിൽ പോയി. പക്ഷേ, അന്നവിടെ പ്രസ്തുത കൈയെഴുത്തുപ്രതിയെപ്പറ്റി അറിവുള്ള തിരുമേനി ഇല്ലാതെപോയി. പിന്നീടൊരിക്കൽ അവിടെപ്പോയി കൂടുതൽ തിരക്കാമെന്നു ഞാൻ കരുതുന്നു. ആ കൈയെഴുത്തുപ്രതി കാലിക്കട്ട് യൂണിവേഴ്സിറ്റി ലൈബ്രറിയിലാണോ ഇപ്പോൾ സൂക്ഷിക്കുന്നത് എന്നും എനിക്കറിഞ്ഞുകൂടാ. അതേപ്പറ്റി തിരക്കാൻ ആട്ടേൽ മാണിയച്ചനോടും വേറെ രണ്ടു യുവഗവേഷകരോടും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ അതെപ്പറ്റി കൂടുതൽ വിവരങ്ങൾ ആരും നൽകിയിട്ടില്ല. ഈ കൈയെഴുത്തുപ്ര

www.malankaralibrary.com

തിയെ സംബന്ധിച്ച അറിവ് എനിക്ക് കിട്ടിയത് മലയാള മനോരമയിൽ വന്ന ഒരു വാർത്തയിൽനിന്നാണ്. അതു വന്ന വർഷമോ മാസമോ തീയതിയോ എന്റെ ഓർമ്മയിലില്ല. 1998–2000 ഇടയ്ക്കാണത്. മേൽപ്പറഞ്ഞ കർശോൻപ്രതി കണ്ടെടുക്കേണ്ടതും ഗവേഷണവിധേയമാക്കേണ്ടതുമാണ്. 1862–ൽ ചില ഭാഗങ്ങൾ വലിച്ചുകീറി നശിപ്പിക്കുന്നതിനുമുമ്പാണ് കർശോൻപ്രതി ഉണ്ടാക്കിയതെങ്കിൽ നഷ്ടപ്പെട്ടു എന്നു കരുതുന്ന ചില ഭാഗങ്ങളെങ്കിലും അതിൽ കണ്ടേന്നുവരാം. ആയുസ്സും ആരോഗ്യവും അനുവദിക്കുന്നപക്ഷം അതേപ്പറ്റി കൂടുതൽ അറിയാൻ ഇടവരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ ഇതു വായിക്കുന്ന ഏതൊരാൾക്കും ഇതേപ്പറ്റി തിരക്കാവുന്നതാണ്. മിക്കവാറും വടയാറ്റിലുണ്ടായിരുന്ന പാണ്ടി മൽപ്പാന്റെ (ഒരുപക്ഷേ ഗോവർണദോരുടെ) ലൈബ്രറിയിൽനിന്ന് ആയിരിക്കണം അത് ഏറ്റിക്കട മനയിലെത്തിയത്. പ്രസ്തുത മനയിൽ പണ്ഡിതന്മാരായ പല പ്രഗത്ഭമതികളും ഉണ്ടായിരുന്നു. അവരുടെ പക്കൽ പല കൈയെഴുത്തുപ്രതികളും അതുല്യഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഒരു ക്രൈസ്തവ ഗ്രന്ഥകാരന്റെ കൃതി അതും കർശോൻലിപിയിൽ അവിടെ ഉണ്ടായിരുന്നു എന്ന കാര്യം പഠനാർഹമാണ്. പൗരസ്ത്യ സുറിയാനി അറിയാമായിരുന്ന ആരെങ്കിലും ആ മനയിൽ ഏതെങ്കിലും കാലത്ത് ഉണ്ടായിരുന്നുവോ എന്ന് അറിഞ്ഞുകൂടാ. ഇല്ലായിരുന്നു എന്നും പറഞ്ഞുകൂടാ. പാണ്ടിമല്പാന് ഈ പ്രദേശങ്ങളിൽ ശിഷ്യന്മാർ ഉണ്ടായിരുന്നു. ഒരുപക്ഷേ അവർവഴിയാവാം ഈ ഗ്രന്ഥം മനയിലെത്തുന്നത്. വർത്തമാനപ്പുസ്തകത്തിന് ചില കർശോൻപ്രതികൾ ഉണ്ടായിരുന്നു എന്നത് ശ്രദ്ധാർഹമാണ്. മലയാളമറിയാവുന്ന ഒരു സുറിയാനി പണ്ഡിതനേ അത് എഴുതിയുണ്ടാക്കാൻ പറ്റൂ. സുറിയാനി അറിയാവുന്ന ഒരു മലയാളിക്കും മലയാളമറിയാവുന്ന ഒരു സുറിയാനിപണ്ഡിതനുമേ അതു വായിച്ചു മനസ്സിലാക്കാൻ പറ്റൂ. അങ്ങനെയൊരാൾ ഏറ്റിക്കട മനയിൽ ഉണ്ടായിരുന്നു എങ്കിൽ അതൊരു വിചിത്രവാർത്തതന്നെ. നിധീരിക്കൽ മാണിക്കത്തനാരുടെ നിരന്തരസമ്പർക്കം ആയാംകുടി ഭാഗത്തുള്ള പല പ്രമുഖ മനകളുമായി ഉണ്ടായിരുന്നുവെന്ന കാര്യം ഒരു ചരിത്രവസ്തുതയാണ്. എന്നാൽ ആ വഴിക്ക് ഇങ്ങനെ ഒരു ഗ്രന്ഥം ഏറ്റിക്കട മനയിൽ എത്തിച്ചേർന്നു എന്നു തോന്നുന്നില്ല. ഏറ്റിക്കട മന സ്ഥിതിചെയ്യുന്ന ആ പ്പുഴ എന്ന സ്ഥലത്തുനിന്ന് കടുത്തുരുത്തിയിലേക്കും വടയാറിലേക്കും ഏറെ ദൂരമൊന്നുമില്ല. ഒരു നസ്രാണികൃതിയുടെ കർശോൻപ്രതി ഈ മനയിൽ സൂക്ഷിക്കപ്പെട്ടുപോന്നതിൽ മാർത്തോമ്മാനസ്രാണികളെല്ലാവരും ആ പണ്ഡിതപൂർവ്വസൂരികളോട് അത്യന്തം കടപ്പെട്ടിരിക്കുന്നു. എത്രയുംവേഗം അത് വെളിച്ചം കാണട്ടെ എന്നു പ്രത്യാശിക്കുന്നു.

## കരിയാറ്റിയുടെ ചരിത്രം

മാർ യൗസേപ്പ് കരിയാറ്റി ആലങ്ങാട്ട് 1742 മെയ് 5–ാം തീയതി ജനിച്ചു. പൈലി-മറിയം ദമ്പതിമാരുടെ മൂന്നാമത്തെയോ നാലാമത്തെയോ മക

www.malankaralibrary.com

നായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മൂന്ന് ഇളയസഹോദരങ്ങളും രണ്ട് മൂത്ത സഹോദരങ്ങളും എങ്കിലും അദ്ദേഹത്തിന്റെ റോമാ പഠനകാലത്ത് മരിച്ചു. അദ്ദേഹത്തിന്റെ പിതാവും മരിച്ചു. അവശേഷിച്ചത് വിധവയായ അമ്മയും ഒരു പെങ്ങളും മാത്രം. കേവലം 13 വയസുപ്രായമുള്ളപ്പോൾ, 1753 ഓഗസ്റ്റ് 18-ന് അദ്ദേഹം റോമായിൽ പഠിക്കുന്നതിനായി അയയ്ക്കപ്പെട്ടു. മാർത്തോമ്മാനസ്രാണികളുടെ കുലീനത്വം നിറഞ്ഞ ഒരു കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ചിറ്റപ്പൻ ആലങ്ങാട് ഇടവകയിൽ വളരെ പ്രശസ്തനായ ഒരു ശെമ്മാശനായിരുന്നു. സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിൽത്തുന്നതിന് ആ ശെമ്മാശന്റെ സേവനവും പരിശ്രമവും ഏറെ ഉപകരിച്ചിരുന്നു. പിന്നീട് അദ്ദേഹം ആലങ്ങാടു വികാരിയായി. കരിയാറ്റിയെ റോമിൽ അയച്ചത് പ്രധാനമായും സുറിയാനി പഠിക്കുന്നതിനായിരുന്നു. 1754-55-ൽ അദ്ദേഹം റോമിൽ എത്തി പഠനം ആരംഭിച്ചു. തുടക്കംമുതലേ അതീവസമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. 1766 മാർച്ച് 15-ന് കശീശാപ്പട്ടം സ്വീകരിച്ചു. 1766 ഏപ്രിൽമാസത്തിൽ അദ്ദേഹം ഇന്ത്യയിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. 1767 ജനുവരി 23-ന് അദ്ദേഹം ആഫ്രിക്കയിലെ കേയ്പ് ഓഫ് ഗുഡ് ഹോപ്പ് എന്ന തുറമുഖത്ത് എത്തി; 1767 മെയ് 15-ന് പോണ്ടിച്ചേരിയിലും അതേവർഷം നവംബർ 10-ന് കൊച്ചിയിലും വന്നു.

നവംബർ 15-ന് അദ്ദേഹം എഴുതിയ കത്തിൽ തന്റെ കുടുംബത്തിനുനേരിട്ട ദുരന്തത്തെപ്പറ്റി വിവരിക്കുന്നു. ദരിദ്രയും വിധവയുമായ അമ്മ ഒരു കുടിലിൽ തനിയെ പാർക്കുന്നു. പിതാവും ജ്യേഷ്ഠാനുജന്മാരും മരിച്ചുപോയി. ഏക സഹോദരി നല്ല സാമ്പത്തികനിലയിലുള്ള ഒരു കുടുംബത്തിൽ വിവാഹിതയായി ജീവിക്കുന്നു. നിരാലംബയായ അമ്മയെ കൂടെ താമസിപ്പിക്കുവാൻ മകൾക്കിഷ്ടമാണെങ്കിലും അവളുടെ ഭർത്താവിന് അത് ഇഷ്ടമല്ല. പിതാവിന്റെയും ജ്യേഷ്ഠാനുജന്മാരുടെയും മരണശേഷം കുടുംബസ്വത്തുക്കൾ എല്ലാംതന്നെ ബന്ധുക്കൾ കൈയേറി സ്വന്തമാക്കി. കുടുംബസ്വത്തിന്റെ ഒരു തുണ്ടുപുരയിടത്തിൽ കുടിലു കെട്ടി പരിത്യക്തയായ അമ്മ നിത്യദാരിദ്ര്യത്തിൽക്കഴിയുന്നു. പുരാതനപ്രസിദ്ധവും കുലീനവുമായ തന്റെ കുടുംബത്തിന്റെ അവസ്ഥ മാർത്തോമ്മാ നസ്രാണിസഭയുടെ തകർന്നടിഞ്ഞ അവസ്ഥയായി അദ്ദേഹത്തിനു തോന്നിയിരിക്കണം. അത് അദ്ദേഹത്തിൽ തന്റെ മാതൃസഭയെ ജീവനേക്കാളുപരി സ്നേഹിക്കുന്നതിന് തന്റെ ജീവൻ തന്നെ സമർപ്പിക്കുന്നതിന് ഉൾപ്രേരണയായിരിക്കാം.

1768 ജനുവരി മുതൽ അദ്ദേഹം സുറിയാനി മല്പാനായി തന്റെ ജന്മസ്ഥലമായ ആലങ്ങാട്ടു സെമിനാരിയിൽ നിയമിതനായി. മോറൽ തിയോളജിയും അദ്ദേഹത്തിന്റെ വിഷയമായിരുന്നു. ലോകപ്രസിദ്ധനായ ജോസഫ് അലോഷ്യസ് അസ്സേമാനി (1710-1782) എന്ന മാറോനീത്താ പണ്ഡിതന്റെ കീഴിലാണ് അദ്ദേഹം സുറിയാനി പഠിച്ചത്. ഉദയംപേരൂർ സമ്മേളനംവഴി

www.malankaralibrary.com

നശിപ്പിക്കപ്പെട്ട ഇന്ത്യയിലെ പൗരസ്ത്യ സുറിയാനി ലിറ്റർജി വീണ്ടെടുക്കുന്നതിനു കഴിവുള്ള ഒരേ ഒരു മനുഷ്യൻ എന്നാണ് അസ്സേമാനി തന്റെ ശിഷ്യനായ കരിയാറ്റിയെപ്പറ്റി പറഞ്ഞത്. എന്നാൽ കേരളത്തിലെ സുറിയാനി വിരോധികളായ പാതിരിമാർ, കരിയാറ്റിക്ക് സുറിയാനി അറിയില്ല എന്നു പറഞ്ഞുപരത്തി. സാമ്പത്തികമായും അവർ കരിയാറ്റിയെ ഞെരുക്കിക്കൊണ്ടിരുന്നു. അവർ ആലങ്ങാട് സെമിനാരിയിൽ സുറിയാനി പഠിപ്പിക്കുന്നതിന് മുണ്ടാടൻ ഇട്ടീരാ മൽപ്പാനെ നിയമിച്ച് കരിയാറ്റിയുടെ സാമ്പത്തിക അലവൻസ് മൂന്നിൽ ഒരു ഭാഗം പിൻവലിച്ച് ഈ പുതിയ മല്പാനു കൊടുത്തതോടെ കരിയാറ്റിയുടെ സ്ഥിതി ദയനീയമായി. 1774 ജനുവരി 16-ന് കരിയാറ്റി വളരെയധികം ബഹുമാനിച്ചിരുന്ന കർദ്ദിനാൾ മാരേബ്ഭോഷി (പ്രൊപ്പഗാന്താ ഫീദേ തലവൻ)ക്ക് എഴുതി, താൻ റോമിലെ പ്രൊപ്പഗാന്തായ്ക്കയച്ച പത്തിലേറെ കത്തുകൾ ലക്ഷ്യസ്ഥാനത്ത് എത്തിയില്ല എന്ന്. അവയെല്ലാം കർമ്മലീത്താക്കാർ നശിപ്പിച്ചുകളഞ്ഞു. 1777-ൽ സുറിയാനിക്കാർക്കു വേണ്ടിയുള്ള ആലങ്ങാടുസെമിനാരി വരാപ്പുഴയിലേക്കുമാറ്റി, അവിടത്തെ ലത്തീൻസെമിനാരിയോടു യോജിപ്പിച്ചതോടെ സുറിയാനി പഠിപ്പിക്കേണ്ട ആവശ്യകതയും ഇല്ലാതാക്കി.

## വീണ്ടും യാത്ര

1777 മാർച്ച് 18-ന് പുത്തൻകൂർ തലവൻ മാർത്തോമ്മാ ആറാമന്റെ പക്കലേക്കു കരിയാറ്റി അയയ്ക്കപ്പെടുന്നു. 1778 നവംബർ 14-ന് കരിയാറ്റിയും പാറേമ്മാക്കലും രണ്ടു ശെമ്മാശന്മാരും കപ്പൽയാത്ര ആരംഭിച്ചു. 1779 ഏപ്രിൽ 3-ന് ബ്രസീലിലെ ബഹിയാ എന്ന തുറമുഖത്തെത്തി. മരണകരമായ പല രോഗങ്ങളും പിടിപെട്ട് അവർ ഇരുവരും ഏറെ സഹിച്ചു. അതെല്ലാം മാതൃസഭയെപ്രതി ആയതിൽ അവർ സന്തോഷിച്ചു. സഹയാത്രികരും കപ്പൽ ജോലിക്കാരുമായ നൂറുകണക്കിനാളുകൾ മരിച്ചുവീണു. പുതിയ ജോലിക്കാരെയും കൂട്ടി കപ്പൽ ബ്രസീലിൽനിന്ന് പോർച്ചുഗൽ ലക്ഷ്യമാക്കി യാത്ര തിരിച്ചു. 1779 ജൂലൈ 18-ന് അവർ ലിസ്ബൺ പട്ടണത്തിൽ എത്തി. എന്നാൽ അതിനുമുമ്പേതന്നെ, അതായത് 1779 ഫെബ്രുവരി 17-ന് കർമ്മലീത്താ മിഷണറിമാർ കരിയാറ്റിക്കും സംഘത്തിനും എതിരെ റോമിൽ പ്രൊപ്പഗാന്താ ഫീദേയ്ക്ക് കത്തയച്ചിരുന്നു. 1779 ഫെബ്രുവരി 27-ന് ബോംബേയിലെ വികാരി അപ്പസ്തോലിക്ക് കാർലോ ഡി എസ്. ക്വരേറോ കരിയാറ്റിക്കെതിരെ കത്ത് എഴുതി മൈലാപ്പൂർ സന്ദർശനത്തിന് എന്ന വ്യാജേനയാണത്രേ കരിയാറ്റി യാത്ര തിരിച്ച് ലിസ്ബണിലേക്കു പോയിരിക്കുന്നത്. ഫ്രാൻസീസ് സെയിൽസ് എന്ന പാതിരി ഈ കാർലോയ്ക്ക് എഴുതി, കരിയാറ്റിയും കൂട്ടുകാരനും നാട്ടിലാകെ നുണ പ്രചരിപ്പിച്ച് വലിയൊരു തുക പിരിച്ച് അതും തട്ടിയെടുത്ത് നാടുവിട്ടിരിക്കുകയാണ്. എത്രയും വേഗം ഈ കാര്യം റോമിനെ അറിയിക്കണം. റോം അവർക്കുവേണ്ടി എന്തെങ്കിലും അനുകൂല നടപടികൾ എടുക്കുന്നതിനുമുമ്പേ റോമിനെ തട

www.malankaralibrary.com

യണം. 1779 ഓഗസ്റ്റ് 26-ന് പ്രൊപ്പഗാന്താ ഫീദേ ലിസ്ബണിലെ ന്യൂൺഷ്യോയ്ക്ക് ഒരു കത്തയച്ചു. പോർച്ചുഗീസ് സഹായത്തോടുകൂടി കരിയാറ്റി സകല പ്രശ്നങ്ങളും പരിഹരിച്ച് മടങ്ങിയേക്കുമെന്ന പേടിയാണ് അതിൽ പ്രതിഫലിക്കുന്നത്. 1779 സെപ്തംബർ 4-ന് വീണ്ടും അത്തരമൊരു കത്ത് റോമിൽനിന്ന് ലിസ്ബണിലെ നുൺഷ്യോയ്ക്കു വന്നു. അതേവർഷം നവംബർ 20-ന് ന്യൂൺഷ്യോയ്ക്ക് വീണ്ടും റോമിൽനിന്നും കത്തയച്ചു. എത്രയും വേഗം കരിയാറ്റിയെ റോമിനു പറഞ്ഞുവിടണം എന്നാണ് കത്തിലെ സാരം. ആത്മാർത്ഥമായി ക്ഷണിക്കുകയാണ് എന്നു കരിയാറ്റിയും വിചാരിച്ചു. 1780 ജനുവരി 3-ന് കരിയാറ്റി റോമിൽ എത്തി. തങ്ങൾക്കെതിരെ കർമ്മലീത്താമിഷണറിമാർ പ്രൊപ്പഗാന്താ ഫീദേയ്ക്ക് എഴുതി. തങ്ങളെ ഏല്പിച്ചിരുന്ന കത്തുകൾ എല്ലാം പ്രൊപ്പഗാന്താ സെക്രട്ടറി സ്റ്റീഫൻ ബോർജിയായെ അവർ ഏൽപ്പിച്ചു. കരിയാറ്റിയുടെ ദൗത്യത്തിനെതിരെയാണാ കത്തുകൾ എന്നറിയാമായിരുന്നെങ്കിലും തങ്ങളുടെ ഹൃദയനൈർമല്യവും സത്യസന്ധതയും ആത്മാർത്ഥതയും പ്രതിപക്ഷബഹുമാനവും നിമിത്തം ആണ് അവർ ആ കത്തുകൾ ലക്ഷ്യസ്ഥാനത്ത് എത്തിച്ചത്. വാക്കു വ്യത്യാസം ചെയ്യുക കരിയാറ്റിക്ക് അചിന്ത്യമായിരുന്നു. ഈ കാര്യം ബോർജിയായോടു കരിയാറ്റിതന്നെ നേരിട്ടു പറയുന്നുണ്ട്. സ്വാർത്ഥലക്ഷ്യത്തോടുകൂടിയല്ല തങ്ങളുടെ യാത്രയും ദൗത്യവുമെന്ന് കരിയാറ്റി വ്യക്തമാക്കുകയായിരുന്നു. ശത്രുക്കളെപ്പോലും സ്നേഹിക്കുന്ന ആത്മാർത്ഥതയുടെ യഥാർത്ഥ പ്രകടനമായിരുന്നു അത്. അവർ കൊണ്ടുചെന്ന ശെമ്മാശന്മാരെ മനസ്സില്ലാമനസ്സോടെ പ്രൊപ്പഗാന്താ സ്വീകരിച്ചു. പ്രൊപ്പഗാന്തായുടെ തലവനായ കർദ്ദിനാൾ കസ്തെല്ലി കരിയാറ്റിയോട് മൃഗീയമായ ക്രൂരതയോടെയാണു പെരുമാറിയത്. ക്ഷണിക്കാതെ വന്നവർക്കു പ്രൊപ്പഗാന്തായിൽ സ്ഥാനമില്ല. പട്ടികളെപ്പോലെ നിങ്ങളെ പുറത്താക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. ലിസ്ബണിലേക്ക് 3 കത്തുകളെങ്കിലും അയച്ച് അവിടെനിന്ന് ക്ഷണിച്ചുവരുത്തിയവരോടു പ്രൊപ്പഗാന്തായുടെ നയം കൊലച്ചതിയായിരുന്നു. ജനുവരിയുടെ തണുപ്പും മഞ്ഞും ഏറ്റ് കൈകാലുകളിലെ വിരലുകളും മറ്റും പൊട്ടിക്കീറിയ അവസ്ഥയിൽ അവശരായി ചെന്നെത്തിയ അവരോടുള്ള പെരുമാറ്റം ഭാവിയിലേക്കുള്ള ഒരു മുന്നറിയിപ്പായിരുന്നു. ദൈവാനുഗ്രഹത്താൽ കരിയാറ്റിയുടെ ഒരു പരിചയക്കാരനെ യാദൃച്ഛികമായി കണ്ടുമുട്ടിയില്ലായിരുന്നെങ്കിൽ അന്നുരാത്രി തണുപ്പിൽ മരവിച്ച് കരിയാറ്റിയും പാറേമ്മാക്കലും തെരുവിൽ മരിച്ചുവീഴുമായിരുന്നു. ദൈവദൂതനെപ്പോലെ വന്നെത്തിയ പരിചയക്കാരൻ ഒരു പോർച്ചുഗീസ് ആശ്രമത്തിൽ അവരെ താമസിപ്പിച്ചു. അങ്ങനെ 11 ദിവസങ്ങൾ കടന്നുപോയി.

പ്രൊപ്പഗാന്തായെക്കൂടാതെ അവർ ദൗത്യം വിജയിപ്പിച്ചേക്കും എന്നു ശങ്കിച്ച അധികൃതർ അവരെ വീണ്ടും പ്രൊപ്പഗാന്തായിലേക്കു നിർബന്ധപൂർവ്വം ക്ഷണിച്ചുവരുത്തി താമസസൗകര്യം ഏർപ്പാടാക്കി. ദൗത്യസംഘ

www.malankaralibrary.com

ത്തിന്റെ നീക്കങ്ങൾ മണത്തറിയുവാനുമുള്ള ഒരു തന്ത്രമായിരുന്നു ഇത്. മിഷണറിമാരുടെ കള്ളപ്രചാരണവും കത്തുകളുംവഴി കബളിപ്പിക്കപ്പെട്ടിരുന്ന പ്രൊപ്പഗാന്താ ദൗത്യസംഘത്തോട് നിഷ്കരുണം പെരുമാറി. പ്രൊപ്പഗാന്തായുടെ നിലപാടുമൂലം നിരാശപ്പെട്ട ദൗത്യസംഘം പാപ്പായ്ക്ക് നേരിട്ട് അപേക്ഷകളും പരാതികളും സമർപ്പിച്ചു. 1780 ഏപ്രിൽമാസത്തിൽ കസ്തെല്ലിയുടെ മരണശേഷം അന്തോനെല്ലി പ്രൊപ്പഗാന്തായുടെ തലവനായി. പുതിയ തലവനും പ്രൊപ്പഗാന്തായുടെ പഴയ നയം തുടർന്നതേയുള്ളു. അതിനിടെ വളരെ നാടകീയമായ ഒരു സംഭവം നടന്നു. മർഗ്ഗരീത്താ മറിയത്തിന്റെ യോഹന്നാൻ എന്ന ഒരു വഷളൻ പാതിരി മലങ്കരയിൽ ചെയ്ത അകൃത്യങ്ങൾ നിമിത്തം പുറത്താക്കപ്പെട്ട് ഇറ്റലിയിൽ പാർക്കുന്നുണ്ടായിരുന്നു. മലങ്കരയിൽ താൻ ചെയ്ത അനേകമനേകം **"സൽക്കാര്യങ്ങൾ"** ആ പാതിരി പ്രൊപ്പഗാന്തായെ ധരിപ്പിച്ചു! പാവം പ്രൊപ്പഗാന്താ അതെല്ലാം വിശ്വസിച്ച് പാപ്പായെ സ്വാധീനിച്ച് അയാളെ അപ്പസ്തോലിക്ക് വികാർ ആക്കി. മെത്രാൻ പട്ടവും സ്വീകരിച്ച് മലങ്കരയെ **"നന്നാക്കാൻ"** അയാൾ പരവേശം പൂണ്ടു. ഈ കാര്യം അറിഞ്ഞ കരിയാറ്റിയും പാറേമ്മാക്കലും മലങ്കരയിൽനിന്ന് ബഹിഷ്കരിക്കപ്പെട്ട ആ വഷളന്റെ ചെയ്തികളെ സംബന്ധിച്ച രേഖകളെല്ലാം പ്രൊപ്പഗാന്തായിൽ ഹാജരാക്കി. കാര്യമറിഞ്ഞ പാപ്പാ പ്രൊപ്പഗാന്തായെ കണക്കറ്റ് ശാസിച്ച് നിയമനപത്രം തിരിച്ചുവാങ്ങാൻ ആവശ്യപ്പെട്ടു. ഒരു ചതിപ്രയോഗത്തിലൂടെ പ്രൊപ്പഗാന്താ ആ കാര്യം സാധിച്ചെടുക്കുകയും ചെയ്തു. ദൗത്യസംഘത്തിന്റെ ഇത്തരമൊരു വിജയം പ്രൊപ്പഗാന്തായേയും അതിന്റെ വൈതാളികന്മാരെയും കപട മിഷണറിമാരെയും ഞെട്ടിച്ചിരിക്കണം. റോമാസഭയുടെ ചരിത്രത്തിൽ സമാനമായ മറ്റൊരു സംഭവം ഉണ്ടായിക്കാണും എന്നു തോന്നുന്നില്ല. മിഷണറിമാരുടെ കള്ളപ്രചരണങ്ങളിൽ കുടുങ്ങി മാർത്തോമ്മാനസ്രാണികളെയും അവരുടെ ദൗത്യസംഘത്തെയും നിരന്തരം അപമാനിച്ചിരുന്നവർക്ക് ഇതിൽപ്പരം ഒരു അമളി പറ്റാനില്ല. ഇങ്ങനെയൊക്കെ സംഭവിച്ചിട്ടും കരിയാറ്റിയെയും കൂട്ടുകാരനെയും സംശയിച്ചതേയുള്ളു. അവരെ വിശ്വസിച്ചിരുന്നുവെങ്കിൽ ഇന്ത്യയിലെ സഭാചരിത്രം മറ്റൊന്നായി ത്തീരുമായിരുന്നു.

1780 മാർച്ച് 12-ന് മുകളിൽപ്പറഞ്ഞ കാർലോ ഡി.എസ്. ക്വറാദോ (വരാപ്പുഴയുടെ പുതിയ അഡ്മിനിസ്ട്രേറ്റർ)യോട് പ്രൊപ്പഗാന്താ ഒരു കത്തയച്ച് കരിയാറ്റി, പാറേമ്മാക്കൽ, പുനരൈക്യം പ്രതീക്ഷിക്കുന്ന മാർത്തോമ്മാ ആറാമൻ എന്നിവരുടെ ആത്മാർത്ഥതയെയും സത്യസന്ധതയെയുംപറ്റി തിരക്കി. കോഴിക്കൂടിന്റെ സംരക്ഷണം കുറുക്കനെ ഏൽപ്പിച്ചതുപോലെ ഇക്കാര്യംചെയ്തു എന്നു കരുതിയാൽമതി. മേൽപ്പറഞ്ഞ കാർലോ ദൗത്യസംഘത്തിനെതിരെ എഴുതിയ കത്തുകളെപ്പറ്റി മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. 1780 സെപ്തംബർ 28-ന് പാദ്രുവാദോയുടെ കീഴിൽ കൊച്ചി മെത്രാനായ വിശുദ്ധ കാതറീന്റെ എമ്മാനുവേലിനോട് മാർത്തോമ്മായുടെ മാന

www.malankaralibrary.com

സാന്തരത്തിന്റെ വിശ്വാസ്യതയെപ്പറ്റി തിരക്കി. കരിയാറ്റിയുടെയും പാറേമ്മാക്കലിന്റെയും വിശ്വാസ്യത, മാർത്തോമ്മായുടെ ആത്മാർത്ഥത ഇവയെപ്പറ്റിയൊക്കെയാണ് അവരുടെ ശത്രുക്കളോടു പ്രൊപ്പഗാന്താ തിരക്കിയത്. **"കറുത്ത വർഗ്ഗക്കാർ താഴ്ന്ന ജാതിയായതുകൊണ്ട്"** ഒരു മലങ്കരക്കാരനെ മെത്രാനാക്കുന്നതു ശരിയാണോ എന്നും പ്രൊപ്പഗാന്താ തിരക്കുന്നു. ലത്തീൻമെത്രാന്മാരുടെ കീഴിൽനിന്ന് മലബാറുകാരെ മാറ്റിയാൽ കത്തോലിക്കാവിശ്വാസത്തിൽനിന്നു നിപതിച്ച് വീണ്ടും പാഷണ്ഡതയിലേക്കു മടങ്ങിപ്പോവുകയില്ലേ എന്നതായിരുന്നു പ്രൊപ്പഗാന്തായുടെ മറ്റൊരു ചോദ്യം. 1781 ഡിസംബർ 18-ന് മാർത്തോമ്മാ തന്റെ അനുയായികളുടെ പള്ളിയോഗം വിളിച്ചുകൂട്ടി. തന്റെ പിൻഗാമിയെ നിയമിക്കാനായിരുന്നു ഈ യോഗം. എന്നാൽ പുനരൈക്യത്തിന് വഴി തുറന്നുകൊണ്ട് കരിയാറ്റി വരുന്നതുവരെ കാത്തിരിക്കാം എന്ന് യോഗം തീരുമാനിച്ചു. പഴയകൂറും പുത്തൻകൂറും തമ്മിലുള്ള ഐക്യപ്രതീക്ഷ എത്രമാത്രം സജീവവും തീവ്രവും ആയിരുന്നു എന്നതിനുള്ള തെളിവാണിത്.

## വീണ്ടും ലിസ്ബണിൽ

റോമിൽനിന്ന് വെറുംകൈയോടെ നിരാശരായി ലിസ്ബണിൽ തിരിച്ചെത്തിയ കരിയാറ്റിയും പാറേമ്മാക്കലും പ്രതീക്ഷ കൈവിട്ടില്ല. അവർ ലിസ്ബണിൽ ആദ്യം വന്നപ്പോൾ മുതൽ സൗഹൃദം നടിച്ച് അടുത്തു കൂടിയ ഒരു ഗോവാക്കാരൻ പാതിരി വീണ്ടും അവരുടെ ചുറ്റും ഒഴിയാബാധപോലെ കൂടി. കുടിലബുദ്ധിയും വിരുതനും ചതിയനും നുണയനും സ്വന്തം കാര്യം നേടുവാൻ ഏതു കാപട്യവും കാണിക്കാൻ സമർത്ഥനുമായ അയാൾ ലിസ്ബണിലെ പ്രഭുകുടുംബങ്ങളുടെ പരിസരത്തും മന്ത്രിമന്ദിരങ്ങളിലും രാജസന്നിധിയിലും ചുറ്റിക്കറങ്ങിയതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു. ഇന്ത്യയിലുടനീളം താൻ നിർദ്ദേശിക്കുന്നവരെ മെത്രാന്മാരാക്കണം, തന്നെ ഗോവായുടെ ആർച്ചുബിഷപ്പും ആക്കണം. കയെത്താനോസ് എന്ന ഈ പാതിരി നമ്മുടെ ദൗത്യസംഘത്തെ ആദ്യംമുതൽ സ്വാധീനിച്ച് വഞ്ചിക്കുകയായിരുന്നു. അയാളുടെ വാക്ചാതുര്യവും ലിസ്ബണിലുള്ള പരിചയവും പ്രധാനകേന്ദ്രങ്ങളിലുള്ള സ്വാധീനവും നിമിത്തം നമ്മുടെ ദൗത്യസംഘം കയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ടു തുപ്പാനും വയ്യ എന്ന അവസ്ഥയിലായിരുന്നു. കയെത്താനോസിനോടെതിർത്താൽ അയാൾ കുഴി തോണ്ടും. അയാളുടെ കൂടെക്കൂടിയാൽ ചതിയിൽപ്പെടുത്തി നശിപ്പിക്കും. ഇക്കാര്യം അനുഭവത്തിലൂടെ ദൗത്യസംഘത്തിനു ബോദ്ധ്യമായി. രണ്ടും കല്പിച്ച് അവർ കയെത്താനോസിൽനിന്ന് അകന്നുമാറി പ്രവർത്തനം ആരംഭിച്ചു. ലിസ്ബണിലെ നുൺഷ്യോ അവരെ അയാളുടെ കുതന്ത്രങ്ങളിൽനിന്നു സദാ രക്ഷിച്ചുകൊണ്ടിരുന്നു. അയാളെ ഒരിക്കലും ആശ്രയിക്കരുതെന്ന് ആ നല്ല മനുഷ്യൻ ദൗത്യസംഘത്തെ ഉപദേശിച്ചു.

www.malankaralibrary.com

ദൗത്യസംഘത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് 1782 ജൂലൈ 16-ന് പോർച്ചുഗീസ് രാജ്ഞി കരിയാറ്റിയെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി നിയമിച്ചു. തികച്ചും അപ്രതീക്ഷിതവും അത്ഭുതകരവുമായ ഈ തീരുമാനം കയെത്താനോസിനെയും മലബാറിലെ ഒട്ടനവധി മിഷണറിമാരെയും അപ്പാടെ ഞെട്ടിച്ചു. കയെത്താനോസിന്റെയും മറ്റും പ്രതികരണം വർത്തമാനപ്പുസ്തകത്തിൽ വായിക്കേണ്ടതാണ്! പ്രൊപ്പഗാന്തായുടെ പ്രതികരണം അത്രയൊന്നും അനുകൂലമായിരുന്നില്ല. ഗത്യന്തരമില്ലാതെ കരിയാറ്റിയുടെ നിയമനം അവർ സമ്മതിച്ചുകൊടുക്കേണ്ടിവന്നു എന്നുമാത്രം. 1782 ജൂലൈ 21-ന് കരിയാറ്റി റോമിലേക്ക് എഴുതി. ജൂലൈ 23-ന് ലിസ്ബണിലെ നുൺഷിയേച്ചറിൽനിന്ന് പ്രൊപ്പഗാന്തായ്ക്ക് എഴുതി. നവംബർ 5-ന് വീണ്ടും നുൺഷിയേച്ചറിൽനിന്ന് കരിയാറ്റിക്കനുകൂലമായി റോമിലേക്കു കത്തു പോയി. സെപ്തംബർ 7-നും 19-നും പ്രൊപ്പഗാന്തായുടെ കത്തുകൾ കരിയാറ്റിക്കു ലഭിച്ചു. പുറമേ അഭിനന്ദനം അറിയിച്ചുവെങ്കിലും ഈ നിയമനത്തെ പ്രൊപ്പഗാന്താ അതൃപ്തിയോടെയാണ് വീക്ഷിച്ചത്. 1782 ഓഗസ്റ്റ് 2-ന് പ്രൊപ്പഗാന്താ കരിയാറ്റിക്കു കത്തയച്ചു. മലബാറിലെ മിഷണറിമാർക്കും വികാരി അപ്പസ്തോലിക്കായ്ക്കും റോം നൽകിയിട്ടുള്ള നിർദ്ദേശ ങ്ങളുടെ ഒരു കോപ്പി കരിയാറ്റി ആവശ്യപ്പെട്ടു. സെപ്തംബർ 21-ന് പ്രൊപ്പഗാന്താ നൽകിയ ഒഴുക്കൻ മട്ടിലുള്ള മറുപടി കരിയാറ്റിയെ തൃപ്തിപ്പെടുത്തിയില്ല. ഒക്ടോബർ 21-ന് കരിയാറ്റി പ്രൊപ്പഗാന്തായ്ക്ക് അതേ വിഷയത്തിനു വീണ്ടും കത്ത് എഴുതി. ഡിസംബർ 5-ന് പ്രൊപ്പഗാന്താ പഴയ മറുപടിപോലെ വെറുതെ ഒരു കത്ത് എഴുതി. സെപ്തംബർ 28-ന് കാർലോ ഡി ക്വറാദോയ്ക്കും സെ. തോമസിന്റെ യോഹന്നാൻ മറിയത്തിനും (പുതിയ വികാർ അപ്പസ്തോലിക്ക്) പ്രൊപ്പഗാന്താ എഴുതിയ കത്തിൽ കരിയാറ്റിയുടെ നിയമനം പ്രൊപ്പഗാന്തായെ ഞെട്ടിച്ചു എന്നു വ്യക്തമാക്കുന്നു. ഓഗസ്റ്റ് 28ന് പ്രൊപ്പഗാന്താ കരിയാറ്റിക്കെഴുതിയ കത്തിൽ പ്രൊപ്പഗാന്തായുടെ മിഷണറിമാരെ ബഹുമാനിച്ചും അവരുടെ കാര്യങ്ങളിൽ ഇടപെടാതെയും പ്രൊപ്പഗാന്തായോടു നന്ദി കാണിക്കണമെന്നു കരിയാറ്റിയോട് ആവശ്യപ്പെടുന്നു. കരിയാറ്റിയുടെ ദൗത്യം മിഷണറിമാരോടുള്ള എതിർപ്പിലും മത്സരത്തിലും വിദ്വേഷത്തിലും അടിസ്ഥാനമുറപ്പിച്ചതാണെന്ന് പ്രൊപ്പഗാന്താ ആരോപിക്കുന്നു. മാർത്തോമ്മായുടെ മാനസാന്തരവും പുനരൈക്യവും കരിയാറ്റിയുടെ മനപ്പായസമാണെന്നു പ്രൊപ്പഗാന്താ പറയുന്നു. അപ്പസ്തോലിക് വികാറിന്റെ അധികാരസംരക്ഷണം ഒന്നുമാത്രമാണ് പ്രൊപ്പഗാന്തായുടെ ലക്ഷ്യം. പ്രൊപ്പഗാന്തായ്ക്ക് ഇത്തരമൊരു അടിസ്ഥാനരഹിതമായ നിലപാടിലെത്തിചേരുവാൻ ഇടയാക്കിയത്, മിഷണറിമാരുടെ കള്ളക്കത്തുകളെ ആശ്രയിച്ചതുകൊണ്ടാവാം. വെളുത്ത തൊലിക്കാരൻ പറയുന്നതു സത്യം, കറുത്ത തൊലിയുള്ളവൻ പറയുന്നതു കള്ളം എന്നതായിരുന്നല്ലോ അവരുടെ തത്വം. 1784 ജൂലൈ 10-ന് പ്രൊപ്പഗാന്താ കരിയാറ്റിക്കെഴുതിയ കത്തിൽ വീണ്ടും പറയുന്നു, മാർത്തോമ്മായുടെ ആത്മാർത്ഥതയും സുസ്ഥി

www.malankaralibrary.com

രതയും സംബന്ധിച്ച് പ്രൊപ്പഗാന്തായ്ക്ക് വ്യക്തമായ കാഴ്ചപ്പാടില്ലെന്ന്. കരിയാറ്റിയുടെയും മാർത്തോമ്മായുടെയും ആത്മാർത്ഥതയും സത്യസന്ധതയും ആത്മീയനിലവാരവും പ്രൊപ്പഗാന്താ മനസ്സിലാക്കാതെ പോയതുകൊണ്ടാണ് ഇത്തരം പൊള്ളവാക്കുകൾ. ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത് പ്രൊപ്പഗാന്തായുടെ ആത്മാർത്ഥതയും സത്യസന്ധതയും നസ്രാണിദർശനവുമാണ്. അവരുടെ മിഷണറിമാരുടെ പ്രചാരണങ്ങൾ അവർ കണ്ണടച്ചു വിശ്വസിച്ചത് അത്ഭുതകരംതന്നെ.

കൊച്ചിയിലെ വികാരി ജനറാൾ ഫ്രാൻസീസ് കജേറ്റൻ കൂത്തോ അക്കാലത്ത് ലിസ്ബണിലുണ്ടായിരുന്നു. കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്താ എന്ന പേര് കരിയാറ്റിക്കു കൊടുക്കാൻ പാടില്ലെന്ന് അദ്ദേഹം വാദിച്ചു. പോർച്ചുഗീസ് അംബാസിഡർ റോമിൽ മാർപ്പാപ്പായെ ശക്തിപൂർവ്വം പ്രേരിപ്പിച്ച് ആദ്യത്തെ കൽപ്പന മാറ്റി എഴുതിച്ചു. മനസ്സില്ലാമനസ്സോടെ പാപ്പാ അതു ചെയ്തെങ്കിലും അത്തരം ഒരു കൽപ്പന കരിയാറ്റിക്ക് അദ്ദേഹം അയച്ചുകൊടുക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്തില്ല. ചുരുക്കത്തിൽ അംബാസിഡറെ തൃപ്തിപ്പെടുത്താൻവേണ്ടിമാത്രം പാപ്പാ ഒരു തന്ത്രം പ്രയോഗിച്ചുവെന്നേയുള്ളു. അതിനിടെ കയെത്താനോസും അയാളുടെ സുഹൃത്തുക്കളും കരിയാറ്റിയുടെ മെത്രാഭിഷേകം തടയാൻവേണ്ടി പഠിച്ച പണി പതിനെട്ടും നോക്കി. ഈ കുതന്ത്രങ്ങളുടെ എല്ലാം ചരിത്രം വർത്തമാനപ്പുസ്തകം അക്കമിട്ടു വിവരിക്കുന്നുണ്ട്. ഈ കയെത്താനോസ് എന്ന ദുഷ്ടകഥാപാത്രത്തിന്റെ രംഗപ്രവേശം തുടക്കംമുതൽ ഒടുക്കംവരെ അത്യന്തം പേടിയോടും ഉത്കണ്ഠയോടുംകൂടിയാണ് പാറേമ്മാക്കലച്ചൻ വീക്ഷിക്കുന്നത്. എന്തും ചെയ്യാൻ മടിക്കാത്ത ഒരു വില്ലൻ! ഏതു നുണയും പറയാൻ മത്സരിക്കുന്ന മനഃസാക്ഷിയില്ലാത്ത ഒരു മൃഗം! പറഞ്ഞ് പറഞ്ഞ് ഏതു കള്ളത്തേയും സത്യമാക്കുന്ന തന്ത്രശാലി! കരിയാറ്റി ആചാരപ്രകാരം രാജ്ഞിയുടെ 'കൈ മുത്തുമ്പോൾ രാജ്ഞിയുടെ കാലുതന്നെ മുത്താൻ വെമ്പൽ പൂണ്ട് നിലത്തു വീഴുന്ന കയെത്താനോസ്! അതൃപ്തി തോന്നിയ രാജ്ഞി കയെത്താനോസിനെ വിലക്കിക്കൊണ്ട് രംഗം വിടുന്നു. അത്യന്തം നാടകീയത നിറഞ്ഞ ഈ പാതിരിയുടെ പെരുമാറ്റവും ആകാരവും വാചാലതയും കുടിലതന്ത്രങ്ങളും പാറേമ്മാക്കലച്ചനെ കിടിലംകൊള്ളിക്കുന്നു. വർത്തമാനപ്പുസ്തകകാരന്റെ കഥാപാത്രവർണ്ണനയും വാങ്മയചിത്രങ്ങളും വിശ്വസാഹിത്യത്തിലെ അമൂല്യരത്നങ്ങളാണെന്ന കാര്യത്തിൽ സംശയമില്ല. വർത്തമാനപ്പുസ്തകത്തിന്റെ ഏറ്റം ശ്രേഷ്ഠമായ സംഭാവനയും ഈ വർണ്ണനാപാടവംതന്നെ. ഇത് സാഹിത്യകാരന്മാരും വിമർശകരും ചരിത്രകാരന്മാരും പഠനവിഷയമാക്കേണ്ടതാണ്.

കരിയാറ്റിക്കെതിരെ ഉയർന്നുപൊങ്ങിയ വിമർശനനിരയുടെ കൂമ്പരിയുന്ന എതിർവാദങ്ങൾ ഒന്നൊന്നായി നിരത്തിക്കൊണ്ട് വർത്തമാനപ്പുസ്തകകാരൻ മുന്നേറുകയാണ്. അത്യന്തം ഉദ്വേഗം നിറഞ്ഞ മനസ്സോടെ മാത്രമേ

www.malankaralibrary.com

കുരമ്പുകൾ തൊടുക്കുന്ന വിമർശകർക്കെതിരെ പാറേമ്മാക്കലച്ചൻ നടത്തുന്ന പ്രത്യാക്രമണം വായിച്ചുപോകാനാവൂ. ബ്രഹ്മാസ്ത്രംകൊണ്ട് കൂരമ്പുകളെ എരിയിച്ചുകളയുന്ന കലാകാരനാണ് പാറേമ്മാക്കലച്ചൻ. ഈ കലയിൽ അദ്ദേഹം അദ്വിതീയനാണ്, അനശ്വരനാണ്. മറ്റേതെങ്കിലും ഒരു മലയാളസാഹിത്യകാരൻ ഒരു ചരിത്രകഥാപാത്രത്തെ ഇങ്ങനെ അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തെപ്പോലെ വിജയിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. മൂർച്ചയേറിയ വാക്കുകളിലൂടെ, നിറം പിടിപ്പിച്ച വർണ്ണനയിലൂടെ വായനക്കാരുടെ മുമ്പിൽ അദ്ദേഹം അവതരിപ്പിക്കുന്ന നാടകീയരംഗങ്ങൾ അതീവഹൃദ്യമാണ്. കണ്ണീരോടും വേദനയോടുംകൂടിയല്ലാതെ വർത്തമാനപ്പുസ്തകം വായിക്കുവാൻ ഒരു മലയാളിക്കും ഒരു മാർത്തോമ്മാനസ്രാണിക്കും സാധ്യമല്ല. ചുരുക്കത്തിൽ പാറേമ്മാക്കലച്ചൻ കൂടെ ഇല്ലായിരുന്നുവെങ്കിൽ കരിയാറ്റി മെത്രാനായി തിരഞ്ഞെടുക്കപ്പെടുമായിരുന്നില്ല. ഇനി തിരഞ്ഞെടുക്കപ്പെട്ടാലും മെത്രാഭിഷേകം നടക്കുമായിരുന്നില്ല. കരിയാറ്റി പ്രൊപ്പഗാന്തായുടെ കീഴിലും പാറേമ്മാക്കൽ പാദ്രുവാദോയുടെ കീഴിലും ആയിരുന്നു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ സ്ഥാനം അനാഥമായി കിടന്നിട്ടു കുറേ വർഷങ്ങളായിരുന്നു. അതു പുനഃസ്ഥാപിക്കണം എന്നു ചിന്തിക്കുന്നതും ആ ആശയം കരിയാറ്റിയുടെ മുമ്പിൽ വയ്ക്കുന്നതും അതിനായി നിരന്തരം പ്രാർത്ഥിക്കുന്നതും പാറേമ്മാക്കൽ അച്ചനാണ്. കരിയാറ്റിയുടെ മെത്രാഭിഷേകത്തിനെതിരെ നാനാഭാഗത്തുനിന്നും ഉയർന്നുവന്ന എതിർപ്പുകളെ നിർവീര്യമാക്കുന്നതും പാറേമ്മാക്കലച്ചൻതന്നെ.

1783 ഫെബ്രുവരി 17-ാം തീയതി ഞായറാഴ്ച കരിയാറ്റിയുടെ മെത്രാഭിഷേകം നടന്നു. ലിസ്ബണിലെ ബെനഡിക്ട് പള്ളിയിൽവച്ചായിരുന്നു ആ മെത്രാഭിഷേകം. ദൗത്യസംഘം ദീർഘകാലത്തേക്ക് ആ ബനഡിക്ടയിൻ ആശ്രമത്തിലാണു താമസിച്ചിരുന്നത്. ആശ്രമവാസികൾക്കെല്ലാം അവർ 2 പേരോടും വളരെ താത്പര്യമായിരുന്നു. മാർത്തോമ്മാനസ്രാണികൾ വളരെ നന്ദിപൂർവ്വം ആ ആശ്രമത്തോടു കടപ്പെട്ടിരിക്കുന്നു. ഒരിക്കലും സുറിയാനി സഭയിലേക്കു മടങ്ങാൻ പാടില്ലെന്നു വിലക്കിക്കൊണ്ട് ലത്തീൻറീത്തിൽ ചേർത്തുകൊണ്ടാണ് കരിയാറ്റിയുടെ മെത്രാഭിഷേകം നടത്തിയത്. ഈ ഒരൊറ്റ സംഭവം മതി ഒരു പൗരസ്ത്യസഭയെ എപ്രകാരമാണ് പാശ്ചാത്യ സഭ പരിഗണിച്ചിരുന്നതെന്ന് മനസ്സിലാക്കാൻ. ഇന്നും പൗരസ്ത്യസഭകളോട് ഈ ചിറ്റമ്മനയം പല മേഖലകളിലും കാണാവുന്നതാണ്. അതുകൊണ്ടാണല്ലോ കുടിയേറ്റക്കാരായ സീറോ-മലബാർ സഭാംഗങ്ങൾക്ക് സ്വന്തമായി ഇടവകകളും രൂപതകളും സ്ഥാപിച്ചുകിട്ടാത്തത്! മാർച്ച് 17-ന് കരിയാറ്റിക്ക് മെത്രാപ്പോലീത്തായ്ക്കടുത്ത പാലിയം ലഭിച്ചു. ഇതേപ്പറ്റിയൊക്കെ മിഷണറിമാരുടെ പ്രതികരണങ്ങൾ കരിയാറ്റിക്കെതിരായിരുന്നു. 1783 മാർച്ച് 18-ന് കാർലോ ഡി.എസ്. ക്വാറാദോ ബോംബേയിൽനിന്ന് വിവിധ കൂട്ടരുടെ പ്രതികരണങ്ങളെപ്പറ്റി എഴുതുന്നുണ്ട്. വരാപ്പുഴയിൽനിന്ന് 1784 ജനുവരി 13-ന് 4 മിഷണറിമാർ പ്രൊപ്പഗാന്തായുടെ കർദ്ദിനാൾമാർക്ക് ഒരു കത്തയച്ചു. കരി

www.malankaralibrary.com

യാറ്റിയുടെ നിയമനം മലബാറിൽ പൊതുവെ അതൃപ്തിക്കുകാരണമായിരിക്കുന്നുവത്രേ. കരിയാറ്റി വിജാതീയ രാജാവിന്റെ കീഴിൽ കഴിയുന്നതുകൊണ്ട് വിജാതീയരുടെ മാനസാന്തരം അസാധ്യമാക്കുമെന്നായിരുന്നു അവരുടെ വാദം. മേൽപ്പറഞ്ഞ 4 മിഷണറിമാരിൽ ഒരാളായ വി. ബർത്തലമേയോസിന്റെ പൗളീനോസ് വിരോധവും വിദ്വേഷവും നിറഞ്ഞ ഒരു കത്ത് കരിയാറ്റിക്കെതിരെ ലിസ്ബണിലെ നുൺഷ്യോയ്ക്ക് അയച്ചു.

പോർച്ചുഗലിലെ ഏറ്റം പ്രധാനിയായ മന്ത്രി കരിയാറ്റിയുടെ ആത്മസുഹൃത്തായിരുന്നതുകൊണ്ട് എതിർപ്പുകൾ പലതും ഫലിക്കാതെപോയി. എന്നാൽ ഈ സൗഹൃദം ഇന്ത്യൻ കാര്യങ്ങളുടെ മന്ത്രി മാർട്ടിൻ ഡിമെല്ലോയ്ക്ക് ഇഷ്ടപ്പെട്ടില്ല. അയാൾക്ക് അസൂയ തോന്നി. അയാളുടെ ഈ കടുത്ത അസൂയ കരിയാറ്റിക്ക് ദോഷകരമായി. **കരിയാറ്റി ഇന്ത്യയിലേക്കു മടങ്ങുന്നത് അയാൾക്ക് ഇഷ്ടപ്പെട്ടില്ല.** കരിയാറ്റിയുടെ മടക്കയാത്രയ്ക്കെതിരെ അയാൾ തടസ്സങ്ങൾ ഒന്നൊന്നായി വച്ചുതുടങ്ങി. ഭീമാകാരനായ കയെത്താനോസ് പാതിരിയും അയാളുടെ അസൂയയ്ക്ക് ഇന്ധനം പകർന്നുകൊണ്ടിരുന്നു. പണ്ട് മലബാറിൽ മിഷണറിയായിരുന്ന വിശുദ്ധ കത്രീനായുടെ ബൊനവന്തുരായും ഈ കുതന്ത്രങ്ങൾക്ക് ചുട്ടുപിടിച്ചു. അതിനിടെ മലബാറിൽനിന്ന് മിഷണറിമാർ റോമിലേക്കും ലിസ്ബണിലേക്കും കരിയാറ്റിക്കെതിരെ കത്തുകൾ അയച്ചുകൊണ്ടിരുന്നു. പൗളീനോസ് ആയിരുന്നു അവരുടെ നേതാവ്. 1784 ജനുവരി 14-ന് അയാൾ ലിസ്ബണിലെ നുൺഷ്യോയ്ക്കു കത്തയച്ചു. അവർ അയച്ച കത്തുകളൊക്കെ ലിസ്ബണിൽ കരിയാറ്റിക്കെതിരെ സംശയത്തിന്റെ പുകപടലം ഉയർത്തിവിട്ടു. കരിയാറ്റി നാട്ടിൽ എത്തിയാൽ നാട്ടുകാരെ മെത്രാന്മാരായി നിയമിക്കും. പാപ്പായ്ക്കുപോലും അതു തടയാനാവില്ല. ഇക്കാര്യത്തിൽ ലിസ്ബണിലെ രാജ്ഞിക്കും ഒന്നും ചെയ്യാനില്ലെന്നു വരും. ഇത്തരം ഒരു നടപടി പോർച്ചുഗീസ്, ഇറ്റാലിയൻ മിഷണറിമാരൊക്കെ പുറത്തുപോകുന്നതിനു കാരണമാക്കും. അതുകൊണ്ട് കരിയാറ്റിയെ ലിസ്ബൺ വിടാൻ അനുവദിച്ചുകൂടാ. **ഒരു കാരണവശാലും അയാൾ ഇന്ത്യയിലെത്താൻ ഇടയാകരുത്!** ഈമാതിരി പ്രചാരണതന്ത്രങ്ങൾ മന്ത്രിമാർക്കിടയിലും പ്രഭുകുടുംബങ്ങളിലും കാട്ടുതീപോലെ പടർന്നുപിടിച്ചു. **നാട്ടുകാരനായ കരിയാറ്റി നാട്ടുകാരോടൊപ്പം നിൽക്കും.** നാട്ടുകാരുടെ സഹായവും മമതയും കരിയാറ്റിയോടായിരിക്കും. അങ്ങനെ വന്നാൽ **യൂറോപ്യന്മാർ ഇന്ത്യ വിട്ടുപോകേണ്ടിവരും.** രാജ്ഞിക്കും രാജാവിനും മണ്ടത്തരം പറ്റിയതുകൊണ്ടാണ് കരിയാറ്റിയെ നിയമിച്ചത്. ഈ തെറ്റു തിരുത്തുവാൻ ഇനി ഒരു മാർഗ്ഗമേയുള്ളു. **കരിയാറ്റിയെ തടഞ്ഞുവയ്ക്കുക.** എരിതീയിൽ എണ്ണയൊഴിച്ചുകൊണ്ട് കയെത്താനോസും കൂട്ടരും ഇത്തരം പ്രചരണങ്ങൾക്ക് സഹായം നൽകി. രാജ്ഞി ചെയ്തത് പോർച്ചുഗലിനും ഇറ്റലിക്കും യൂറോപ്പിനും എതിരായൊരു കാര്യമാണെന്ന് അവരൊക്കെ പറഞ്ഞുപരത്തി. യൂറോപ്യന്മാർ ഇന്ത്യ വിട്ടു പോകേണ്ടിവരും. അതു തടയാൻവേണ്ടി കരിയാറ്റിയെ തടഞ്ഞുവയ്ക്കണമെന്ന് പ്രചരണം നടന്നു.

www.malankaralibrary.com

1783-ൽ പാറേമ്മാക്കൽ അച്ചന് വസൂരി പിടിപെട്ടു. മാരകമായ ആ രോഗത്തിൽനിന്ന് അദ്ദേഹം വിമുക്തനായപ്പോൾ കരിയാറ്റിയുടെ ഊഴമായി. കരിയാറ്റിയുടെ ദീനം കൂടുതൽ അപകടകരമായിരുന്നു. ദൈവഗത്യാ അവർ സുഖംപ്രാപിച്ചു. പക്ഷേ മടക്കയാത്ര രോഗവിമുക്തിവരെ ചിന്തിക്കാനാവുമായിരുന്നില്ല. മുകളിൽ സൂചിപ്പിച്ച മാർട്ടിൻ ഡി മെല്ലോ എന്ന മന്ത്രി അവരുടെ **മടക്കയാത്രയെ ഓരോ വർഷവും തടഞ്ഞുകൊണ്ടിരുന്നു.** 1783 ഏപ്രിൽ 10-ന് പാറേമ്മാക്കൽ അച്ചൻ എഴുതിയ കത്തിൽ ഇതേപ്പറ്റി വിവരിച്ചിട്ടുണ്ട്. മാർത്തോമ്മായുടെ പുനരൈക്യത്തിനെതിരെ കർമ്മലീത്താ മിഷണറിമാർ തടസ്സങ്ങൾ സൃഷ്ടിക്കുകയാണെന്നും അദ്ദേഹം പറയുന്നു.

1784 മെയ് 17-ാം തീയതി പ്രൊപ്പഗാന്തായുടെ പൊതുസമ്മേളനം വിളിച്ചുകൂട്ടി. കാർലോ ഡി.എസ്. ക്വറാദോ, വി. കത്രീനായുടെ എമ്മാനുവേൽ (ഗോവായുടെ പുതിയ ആർച്ചുബിഷപ്പായ അദ്ദേഹം കൊച്ചിയിലെ തന്റെ പിൻഗാമിയായ ജോസഫ് സൊളിദാദ് വഴി ശേഖരിച്ച റിപ്പോർട്ട്) എന്നിവരുടെ പഠന റിപ്പോർട്ടുകൾ ചർച്ച ചെയ്യാനാണ് പ്രൊപ്പഗാന്താ സമ്മേളനം നടത്തിയത്. പ്രൊപ്പഗാന്തായ്ക്ക് ഒരു തീരുമാനമെടുക്കുവാൻ കഴിഞ്ഞില്ല. അതു നന്നായി, കാരണം പാപ്പായ്ക്ക് തീരുമാനം എടുക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ തീരുമാനം **മാർത്തോമ്മായുടെ പുനരൈക്യം കരിയാറ്റിക്കു വിട്ടുകൊടുക്കുകയായിരുന്നു.** 1784 ജൂലൈ 10-ന് ഈ തീരുമാനം കരിയാറ്റിയെ അറിയിച്ചു.

ദൗത്യസംഘത്തിന് ഇനി തിരിച്ചുപോരാം എന്ന നില വന്നു. എന്നാൽ മാർട്ടിൻ ഡി മെല്ലോ എന്ന മന്ത്രിയും അയാളുടെ സഹപ്രവർത്തകൻ കാസ്ട്രോയും ഒരു പുതിയ പദ്ധതി മുന്നോട്ടുവച്ചു. **ഗോവാ ആർച്ചുബിഷപ്പിന് മാർത്തോമ്മായുടെ പുനരൈക്യകാര്യത്തിൽ ഒരു പങ്കു നൽകണം** എന്നവർ വാദിച്ചുതുടങ്ങി. പക്ഷേ അക്കാര്യം മാർപ്പാപ്പാ പണ്ടേ തന്നെ കരിയാറ്റിയെ ഏൽപ്പിച്ചതാണ്. എന്നിട്ടും ഇക്കാര്യം കരിയാറ്റിക്കു മാത്രമായി വിട്ടുകൊടുക്കരുത് എന്നവർ വാദിച്ചു. ലിസ്ബണിൽ നല്ല സ്വാധീനമുള്ള ഒരാളെ നുൺഷ്യോയുടെ പക്കൽ അവരയച്ചു. കാര്യം പാപ്പാ തീരുമാനിച്ചുകഴിഞ്ഞതാകയാൽ ഇനി ഇക്കാര്യം പുനഃപരിശോധിക്കുവാനാവില്ലെന്ന് നുൺഷ്യോ വ്യക്തമാക്കി. ബുദ്ധിമാനായ നുൺഷ്യോ 1784 നവംബർ 20-ന് ഫ്രാൻസിന്റെ നയതന്ത്രദൂതൻവഴി പ്രൊപ്പഗാന്തായ്ക്ക് കത്തു കൊടുത്തയച്ചു. റോമിലെ പോർച്ചുഗീസ് പ്രതിനിധിവഴി മന്ത്രി ഡി മെല്ലോ പാപ്പായെ സമീപിച്ചേക്കുമെന്ന് നുൺഷ്യോ മുന്നറിയിപ്പു നൽകി. അദ്ദേഹം വിചാരിച്ചത് ഇനിയെങ്കിലും ആ മന്ത്രി **കരിയാറ്റിയോടുള്ള വെറുപ്പ്** അവസാനിപ്പിക്കുമെന്നാണ്. അതുകൊണ്ടൊന്നും മന്ത്രി അടങ്ങിയില്ല. മാർത്തോമ്മായുടെ പുനരൈക്യസ്വീകരണത്തിൽ പങ്കെടുക്കാൻവേണ്ടി ഗോവാ ആർച്ചുബിഷപ്പ് തന്റെ പ്രതിനിധിയെ അയച്ചാൽ മതിയെന്ന് മന്ത്രി തീരുമാനിച്ചു. ഇത് അയാളുടെ വ്യക്തിപരമായ തീരുമാനമായിരുന്നു. പാപ്പായ്ക്കോ

www.malankaralibrary.com

പ്രൊപ്പഗാന്തായ്ക്കോ ഇക്കാര്യത്തിൽ യാതൊരുവിധ പങ്കും ഇല്ലായിരുന്നു. കരിയാറ്റിക്കെതിരെയുള്ള ഗൂഢതന്ത്രങ്ങൾ ആ വക്രബുദ്ധി മെനഞ്ഞുകൊണ്ടിരുന്നു.

**മടക്കയാത്ര**

മാർത്തോമ്മായെ സ്വീകരിക്കുന്നതിനു തന്നെ ചുമതലപ്പെടുത്തിയതിന് പ്രൊപ്പഗാന്തായുടെ സെക്രട്ടറി സ്റ്റീഫൻ ബോർജിയായ്ക്കു നന്ദി പറഞ്ഞുകൊണ്ട് 1784 ഓഗസ്റ്റ് 16-ന് കരിയാറ്റി കത്തയച്ചു. തങ്ങളുടെ ദൗത്യം എല്ലാ കണക്കുകൂട്ടലുകളേയും അതിജീവിച്ച്, എല്ലാ പ്രതിബന്ധങ്ങളെയും തട്ടിത്തകർത്ത് വിജയത്തിൽ എത്തിയതിൽ ദൗത്യസംഘം അതീവ സന്തുഷ്ടരായി. ആത്മാർത്ഥമായി അവർ പാപ്പായ്ക്കും പ്രൊപ്പഗാന്തായ്ക്കും നന്ദി പ്രകടിപ്പിച്ചു. ഒക്ടോബറിലോ നവംബറിലോ താൻ ഇന്ത്യയിലേക്കു മടങ്ങുമെന്നും കരിയാറ്റി പ്രൊപ്പഗാന്തായെ അറിയിച്ചു. ഈ കത്തിൽ താൻ റോമിൽ പഠിക്കുന്ന കാലത്ത് ആരാച്ചേളിയിലെ ആഞ്ചലോ എന്ന പാതിരി തന്നെപ്പറ്റി മൂന്നു പ്രവചനങ്ങൾ നടത്തിയിരുന്നതായി പറയുന്നു. മാർത്തോമ്മായെ കത്തോലിക്കാ കൂട്ടായ്മയിലേക്കു സ്വീകരിക്കുവാനുള്ള ചുമതല റോം തന്നെ ഏൽപ്പിച്ചതോടെ രണ്ടാമത്തെ പ്രവചനവും പൂർത്തിയായതായി കരിയാറ്റി പറയുന്നു. ഒന്നാമത്തെ പ്രവചനം പണ്ടേതന്നെ പൂർത്തിയായിരുന്നു. ഇനി മൂന്നാമത്തേതു പൂർത്തിയാകാനുണ്ട്. **അക്കാര്യം താൻ ദൈവത്തിനു വിട്ടുകൊടുത്തിരിക്കുകയാണ്. ഗോവായിൽവച്ച് വൈകാതെ സംഭവിക്കാൻ പോകുന്ന തന്റെ രക്തസാക്ഷിത്വത്തെപ്പറ്റിയാണ് കരിയാറ്റി ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. പ്രൊപ്പഗാന്തായ്ക്കുള്ള കത്തിൽ** ഒരു പ്രത്യേക കാര്യം കരിയാറ്റി എടുത്തുപറയുന്നു. ബന്ധപ്പെട്ട **മന്ത്രിമാർ തീരുമാനിച്ചിരിക്കുന്നത് ആദ്യം തന്നെ ഗോവയിലേക്ക് അയയ്ക്കണമെന്നാണ്.** അവിടെച്ചെന്ന് ഗോവയിലെ ആർച്ചുബിഷപ്പുമായി **ചെന്നോത്ത്** (ചേന്നമംഗലം) **എന്ന സ്ഥലത്തെ സെമിനാരി പുനരുദ്ധരിക്കുന്നതിനെപ്പറ്റി താൻ ചർച്ച ചെയ്യണമെന്നാണ് അവരുടെ നിർദ്ദേശം.** എന്തുകൊണ്ടാണ് ഇങ്ങനെയൊരു കാര്യം കരിയാറ്റിയുടെ മുമ്പിൽ ആ മന്ത്രിമാർ വച്ചതെന്ന് അറിഞ്ഞുകൂടാ. **പ്രൊപ്പഗാന്തായോ മാർപ്പാപ്പായോ രാജ്ഞിയോ അല്ല ഇത്തരമൊരു തീരുമാനത്തിനുപിന്നിൽ.** ഏതു വിധേനയും കരിയാറ്റിയെ ഗോവയിലെത്തിച്ചേ മതിയാവൂ എന്ന നിർബന്ധബുദ്ധി കരിയാറ്റിയെ എതിർത്തുകൊണ്ടിരുന്ന, മടക്കയാത്ര തടഞ്ഞുകൊണ്ടിരുന്ന മാർട്ടിൻ ഡി മെല്ലോയ്ക്കും കൂട്ടാളികൾക്കും ഉണ്ടായിരുന്നു. എന്തൊക്കെയോ കാരണങ്ങളാൽ ഉന്നതവൃത്തങ്ങളിലെ ഉപജാപംമൂലം മടക്കയാത്ര വീണ്ടും വീണ്ടും നീണ്ടുപോയി.

1785 മാർച്ച് 23-ാം തീയതി സ്റ്റീഫൻ ബോർജിയായ്ക്ക് കരിയാറ്റി തന്റെ അവസാനത്തെ കത്ത് അയച്ചു. രാജ്ഞിയും മന്ത്രിമാരും മടക്കയാത്രയ്ക്ക് തനിക്ക് അനുവാദം തന്നുകഴിഞ്ഞു എന്ന് ആ കത്തിൽ അദ്ദേഹം പറയു

www.malankaralibrary.com

ന്നുണ്ട്. പ്രിൻസ് ഓഫ് ബ്രസീൽ എന്ന കപ്പലിൽ തന്നെ അവർ **ഗോവായ്ക്ക് അയയ്ക്കാൻ തുടങ്ങുന്നു. തനിക്ക് അനേകം ശത്രുക്കൾ ഉള്ളതിനാൽ പ്രത്യേകിച്ച്** (കർമ്മലീത്താക്കാർ) **പ്രൊപ്പഗാന്തായിൽനിന്ന് സംരക്ഷണവും സഹായവും** അദ്ദേഹം തുറന്നാവശ്യപ്പെടുന്നു. തനിക്കു സമയം കിട്ടുമ്പോൾ, തനിക്കും തന്റെ പാവപ്പെട്ട രാജ്യത്തിനും എതിരെ ഇന്ത്യയിൽനിന്ന് മിഷണറിമാർ എഴുതിയ കുറെ കത്തുകൾ ഇറ്റാലിയൻ ഭാഷയിലേക്ക് തർജ്ജമ ചെയ്ത് റോമിലേക്ക് അയച്ചുതരാമെന്ന് അദ്ദേഹം പറയുന്നുണ്ട്. തന്റെ ശത്രുക്കളുടെ മനസ്സിലിരുപ്പ് ഗ്രഹിക്കുന്നതിന് അതു വഴി പ്രൊപ്പഗാന്തായ്ക്കു സാധിച്ചേക്കുമെന്ന് അദ്ദേഹം കരുതി.

1785 ഏപ്രിൽ 23-ാം തീയതി മടക്കയാത്ര ആരംഭിച്ചു. ഫ്രാൻസീസ് കജേറ്റൻ കൂത്തോ (കൊച്ചി), ജോസഫ് അന്തോനി ഗോൺസാൽവസ് (ഗോവ) എന്നീ രണ്ട് പാതിരിമാരും കൂടെക്കൂടി. എന്നാൽ കപ്പലിലെ യാത്രക്കാർ മിക്കവരും ഗോവയിലേക്ക് അയയ്ക്കപ്പെട്ട കുറ്റവാളികളായിരുന്നു. ഏകദേശം 300 പേർ. 1786 മാർച്ച് 18-ന് ശ്രീലങ്ക കാണത്തക്ക ദൂരത്തിൽ കപ്പൽ അടുത്തു. എന്തുകൊണ്ടെന്നറിയില്ല **വർത്തമാനപ്പുസ്തകം അപ്രതീക്ഷിതമായി അവസാനിക്കുന്നു.** ഇതത്ഭുതകരമാണ്. എഴുത്തുകാരനെ എഴുത്തു തുടരുന്നതിൽനിന്ന് ആരോ തടഞ്ഞുവെന്ന് സംശയിക്കുണം. കാരണം **വിഷയം തീർന്നിട്ടില്ല; ലക്ഷ്യം നേടിയിട്ടില്ല.** യാത്ര പുറപ്പെട്ടതുമുതൽ സ്വന്തം നാട്ടിൽ എത്തുന്നതുവരെയുള്ള വിവരങ്ങൾ കുറിക്കുവാനാണ് ലക്ഷ്യമിട്ടത്. മടക്കയാത്രയിലാണ് ഗ്രന്ഥരചന തുടങ്ങിയത്. **മുഖവുര എഴുതിയത് 1785 കന്നി മാസം** 1-ാം തീയതിയാണ്. ഇപ്പോൾ അവശേഷിച്ചിരിക്കുന്ന വർത്തമാനപ്പുസ്തകത്തിന്റെ അവസാനത്തെ വരികൾ എഴുതിയത് **1786 മീനം 18-നാണ്.** 1786 ഏപ്രിൽ 2-ന് പാറേമ്മാക്കലച്ചൻ മാർത്തോമ്മാ നസ്രാണികളുടെ സഹായമഭ്യർത്ഥിച്ചുകൊണ്ട് കപ്പലിൽനിന്ന് കത്തയച്ചു. കപ്പൽ ശ്രീലങ്കയിലെ 'ഗല്ലെ' എന്ന തുറമുഖത്ത് നങ്കൂരമിട്ടു. ലിസ്ബണിൽനിന്നു കരിയാറ്റിയുടെ കൂടെ കൂടിയ ജോസഫ് ആന്റണി ഗോൺസാൽവസ് ചതിയനും ചാരനുമായിരുന്നു. അയാൾ നിമിത്തമാണ് കരിയാറ്റിയുടെ രണ്ടു വേലക്കാർ ലിസ്ബണിൽനിന്ന് കപ്പലിൽ കയറാതെ ഒളിച്ചോടിയത്. അവർക്കു പകരം രണ്ടു ഗോവാക്കാരെ ഇയാളാണ് കരിയാറ്റിയെ നിർബന്ധിച്ച് വേലക്കാരായി നിയമിച്ചത്. ഇയാൾ കരിയാറ്റിയുടെ പക്കൽനിന്നു പലപല കാരണങ്ങൾ പറഞ്ഞ് വൻതുക കടം വാങ്ങിയിരുന്നു. അയാൾ ആ തുക ഒരിക്കലും തിരിച്ചുനൽകിയില്ല. മാത്രമല്ല മടക്കയാത്രയിലും കടം വാങ്ങിയിരുന്നു. ഇതേപ്പറ്റി കരിയാറ്റി അയാളെ ഓർമ്മിപ്പിക്കുന്നുമുണ്ട്. എന്നാൽ ശ്രീലങ്കൻതീരത്തു കപ്പലടുത്തപ്പോൾ ഇയാൾ അപ്രത്യക്ഷനായി. അയാൾ പോയത് കരിയാറ്റിയുടെ അനേകം വിലപ്പെട്ട രേഖകളും നിയമനപത്രവും അംശവടിയും മെത്രാനടുത്ത മോതിരവും മോഷ്ടിച്ചുകൊണ്ടാണ്. ഇക്കാര്യം കരിയാറ്റി അറിയുന്നത് ഗോവൻതീരത്ത് എത്തിയശേഷമാണ്. അനന്തരം ഇയാൾ കേരളത്തി

www.malankaralibrary.com

ലെത്തി പ്രചരിപ്പിച്ചു, "കരിയാറ്റി ഇനി ഒരിക്കലും ഈ നാട്ടിൽ തിരിച്ചെത്തുകയില്ല. ഒക്ടോബർമാസത്തിൽ കൊടുങ്ങല്ലൂർമെത്രാപ്പോലീത്തയായി മറ്റൊരാൾ വരും." കൂടുതൽ വിവരങ്ങൾക്ക് ജോസഫ് ചാക്കോ കൊല്ലാറയുടെ *Archbishop Joseph Cariattil: The Pioneer Ecumenist of the St. Thomas Christians*, Rome, 2010, page 218 - 221 കാണുക. 1786 മെയ് 1-ന് കപ്പൽ ഗോവായിൽ എത്തി. പാറേമ്മാക്കലച്ചൻ ഏപ്രിൽ 2-ന് മലബാറിലെ എല്ലാ പള്ളികൾക്കുംവേണ്ടിയാണ് കത്തയച്ചിരിക്കുന്നത്. **തങ്ങൾക്കു മുമ്പിലുള്ള തടസ്സങ്ങളെപ്പറ്റിയും അപകടങ്ങളെപ്പറ്റിയും** അദ്ദേഹം മുന്നറിയിപ്പു നല്കുന്നു. **ദൗത്യസംഘത്തെ ഗോവയിലേക്കയയ്ക്കാൻ കല്പനകൾ കിട്ടിയത്രെ!** സെപ്തംബർവരെ തങ്ങൾക്കവിടെ താമസിക്കേണ്ടിവരുമത്രെ. **ശത്രുക്കൾ ഗോവായിൽ തങ്ങൾക്കെതിരെ എല്ലാ അടവും പ്രയോഗിച്ചേക്കാം, സെപ്തംബർ കഴിഞ്ഞിട്ടും തങ്ങൾ മടങ്ങിവരുന്നില്ലെങ്കിൽ മാർത്തോമ്മാനസ്രാണികൾ ഗോവായിലേക്ക് കത്തുകളോ പ്രതിനിധികളേയോ അയയ്ക്കണം.** പാറേമ്മാക്കൽ അച്ചൻ എഴുതിയ ഈ കത്തിന്റെ 2 മലയാളം കോപ്പികൾ ഇന്നും റോമിലെ നാഷണൽ ലൈബ്രറിയിൽ **പൗളീനോസ്പാതിരിയുടെ ശേഖരത്തിൽ** കാണുന്നു! **ഈ കത്ത് മാർത്തോമ്മാനസ്രാണികൾക്കു കിട്ടാതെപോയതും പൗളീനോസിനു കിട്ടിയതും എങ്ങനെ** എന്നു പരിശോധിക്കേണ്ടതാണ്. ദൗത്യസംഘത്തിന്റെ കത്തുകൾ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനുമുമ്പേ മോഷ്ടിക്കുന്ന പതിവ് മിഷണറിമാർക്കുണ്ടായിരുന്നു എന്നതിനു ധാരാളം തെളിവുകളുണ്ട്. ഗല്ലെയിൽനിന്നാണോ കേരളതീരത്തുവച്ചാണോ പാറേമ്മാക്കലച്ചൻ ഈ കത്ത് എഴുതിയത് എന്നു തീർച്ചപ്പെടുത്താനാവുന്നില്ല. **1786 മാർച്ച് 10-ന് പൗളീനോസ് പ്രൊപ്പഗാന്തായുടെ കർദ്ദിനാൾ പ്രീഫെക്ടിന് ഒരു കത്തിലൂടെ മുന്നറിയിപ്പു നൽകുന്നുണ്ട്. കരിയാറ്റി ഒരിക്കലും തിരിച്ചുവരികയില്ല. പകരം മറ്റൊരു ആർച്ചുബിഷപ്പ് ഒക്ടോബർ മാസത്തിൽ വന്നെത്തും** എന്നിങ്ങനെ മലബാറിൽ ചില **കിംവദന്തികൾ** പരക്കുന്നതായി പൗളീനോസിന്റെ കത്തിൽ പറയുന്നു. തീകൊണ്ടു കളിക്കുന്ന അത്തരമൊരു കാര്യത്തിനെതിരെ പൗളീനോസ് പ്രൊപ്പഗാന്തായ്ക്കു മുന്നറിയിപ്പു കൊടുക്കുന്നു. പൗളീനോസിന്റെ ഈ നാട്ടിലെ ദൗത്യം പണ്ടുപണ്ടേ തീർന്നതാണ്. പക്ഷേ കരിയാറ്റി നാട്ടിലെത്തുമ്പോൾ ഉണ്ടാകാവുന്ന **കോളിളക്കങ്ങളെ നേരിടാൻവേണ്ടി അയാൾ യൂറോപ്പിനു മടങ്ങാതെ സ്വന്തം തീരുമാനപ്രകാരം ഇവിടെ കഴിയുകയായിരുന്നു.**

കേരളതീരത്ത് ദൗത്യസംഘത്തെ ഇറക്കാതെ ബലമായി ഗോവായ്ക്കു കൊണ്ടുപോവുകയായിരുന്നു. മടക്കയാത്ര ഗോവാവഴി ആകണമെന്ന് പോർച്ചുഗീസ് മന്ത്രിയുടെ തീരുമാനമുണ്ടായിരുന്നെങ്കിലും അതു നടപ്പാക്കാനുള്ള **കർശനമായ കൽപന** മുൻകൂട്ടി രഹസ്യമായി നൽകിയിരുന്നിരിക്കണം. അഥവാ അത്തരമൊരു കൽപ്പന പിന്നീടു വന്നുചേർന്നിരിക്കാം.

www.malankaralibrary.com

**വർത്തമാനപ്പുസ്തകം ഇന്നു കാണുന്നതുപോലെ അവസാനിപ്പിക്കാൻ കാരണം ഗ്രന്ഥകാരനല്ല എന്നു തീർച്ചയാണ്.** തൽക്കാലത്തേക്കെങ്കിലും ആ ഗ്രന്ഥരചന ഇടയ്ക്കുവച്ച് ആരോ ബലപ്രയോഗത്തിലൂടെ നിർത്തിവയ്പിച്ചു എന്നു കരുതാനും ന്യായമുണ്ട്. 1786 ജൂൺ 22-ന് വരാപ്പുഴയിലെ പുതിയ വികാർ അപ്പസ്തോലിക്കാ അലോഷ്യസ് മേരി പ്രൊപ്പഗാന്താ പ്രീഫെക്ടിന് എഴുതിയ കത്തിൽ പറയുന്നു കരിയാറ്റിയും പാറേമ്മാക്കലും മലബാർതീരം വഴി കപ്പലിൽ കടന്നുപോയെന്ന്. ഒരു പോർച്ചുഗീസ് കപ്പലിൽ ആണത്രെ അവരുടെ യാത്ര. ഇതേപ്പറ്റി **ഏപ്രിൽ 16-ന്** തനിക്ക് വിശ്വസനീയമായ വിവരം കിട്ടിയത്രേ. ഈ വിവരം കിട്ടി ഏതാനും ദിവസം കഴിഞ്ഞപ്പോൾ അനേകം സംഗതികളെപ്പറ്റി **പാറേമ്മാക്കലച്ചന്റെ പല പല കത്തുകൾ** ഇവിടെ എത്തിച്ചേർന്നു. അവയിലൊന്ന് മലബാറിലെ പള്ളികൾക്കുള്ള ഒരു സർക്കുലറാണ്. ഇതിന്റെ ഒരു **ഇറ്റാലിയൻ പരിഭാഷ അലോഷ്യസ് മേരി തന്റെ കത്തിൽ ചേർത്തിട്ടുണ്ട്.** പാറേമ്മാക്കലച്ചൻ **മാർച്ച് 10-നും ഏപ്രിൽ 2-നുമിടയ്ക്ക് മിക്കവാറും ഗല്ലെയിൽനിന്ന്** അയച്ച കത്തുകളെപ്പറ്റിയാണ് അലോഷ്യസ് മേരി പറയുന്നതെന്ന് വ്യക്തം.

അല്പം വൈകിപ്പോയെങ്കിലും ഇക്കാര്യങ്ങൾ എങ്ങനെയൊ ക്കെയോ മാർത്തോമ്മാനസ്രാണികളുടെ ചെവിയിലെത്തി. മാർത്തോമ്മാനസ്രാണികളുടെ കരുത്തുറ്റ അൽമായനേതാവ് **തച്ചിൽ മാത്തുത്തരകനും മറ്റും 2 കത്തുകൾ ഗോവായിലേക്കയച്ചു.** അവയിലൊന്ന് **ഗോവാ ആർച്ചുബിഷപ്പിനും** മറ്റൊന്ന് **ഗോവൻ ഗവർണർക്കും** ആയിരുന്നു. ഈ കത്തുകൾ അനേകം **പള്ളികളിൽനിന്ന് ഒപ്പുകൾ** ശേഖരിക്കുന്നതിനുവേണ്ടി അയച്ചുവെങ്കിലും അവ ഗോവയിലെ അധികാരികൾക്ക് കിട്ടിയോ എന്നു തിട്ടമില്ല. എത്രയും പെട്ടെന്ന് ഞങ്ങളുടെ ഇടയനെ **ഞങ്ങൾക്കു വിട്ടുതരണം** എന്നതായിരുന്നു കത്തിലെ പ്രതിപാദ്യവിഷയം. 1786 മെയ് 10-ന് ഗോവായിലെ ആർച്ചുബിഷപ്പ് അലോഷ്യസ് മേരിക്കയച്ച കത്തിൽ പറയുന്നു, കരിയാറ്റി ഗോവയിലെത്തിക്കഴിഞ്ഞു. **"അയാൾ നല്ല ആരോഗ്യവാനാണ്."** കരിയാറ്റിയുടെ ആരോഗ്യത്തെപ്പറ്റി എന്തുകൊണ്ടാണ് അദ്ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് എഴുതിയത്? വരാപ്പുഴയിലും ഗോവയിലും അരോഗദൃഢഗാത്രനായ 44 വയസ്സുള്ള കരിയാറ്റിമെത്രാപ്പോലീത്തായെ എന്തുകൊണ്ടോ ഭയപ്പെടുന്നതായി തോന്നുന്നു. കരിയാറ്റി മെത്രാപ്പോലീത്തായായി മലങ്കരയിൽ കാലുകുത്തുന്നതിനെതിരെ **അന്തിമ ഗൂഢാലോചന കൊച്ചിയിലും വരാപ്പുഴയിലും ഗോവായിലും ഒരുപക്ഷേ മുകളിൽ സുചിപ്പിച്ച പോർച്ചുഗീസ് മന്ത്രിമന്ദിരങ്ങളിലും** നടന്നുകഴിഞ്ഞു!

കരിയാറ്റിയെപ്പറ്റി നമുക്കു ലഭിക്കുന്ന അടുത്ത വാർത്ത ഞെട്ടിപ്പിക്കുന്നതാണ്. **1786 സെപ്തംബർ 9-ാം തീയതി രാത്രി 9.30-ന്** കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്താ ആകസ്മികമായി ചരമം പ്രാപിച്ചു! മരണം നടന്നത് ഗോവൻ **ആർച്ചുബിഷപ്പിന്റെ വസതിയിൽ** വച്ചാണ്. സെപ്തം

www.malankaralibrary.com

ബർ 10-ന് ഗോവയിലെ സെന്റ് കാതറൈൻ കത്തീഡ്രൽ പള്ളിയിൽ സംസ്കാരം നടന്നു. ചരിത്രത്തിലെങ്ങും കേട്ടുകേൾവിപോലുമില്ലാത്തതു പോലെ '**മരണം സ്വാഭാവികമായിരുന്നു**' എന്ന് പലരും പറഞ്ഞുപരത്തി. **ആരേയോ പറഞ്ഞു വിശ്വസിപ്പിക്കാൻവേണ്ടി** അത്തരമൊരു കാരണം കൃത്രിമമായി ഉണ്ടാക്കി. മലബാറിൽ ഉണ്ടായേക്കാവുന്ന സംശയങ്ങൾ ദൂരീകരിക്കാൻവേണ്ടി ആരോ എടുത്ത **മുൻകുർജാമ്യമാണത്.** കർത്താവിന്റെ കല്ലറയ്ക്ക് ശത്രുക്കൾ മുദ്രവച്ചു. അതുകൊണ്ടും പോരാഞ്ഞിട്ട് പട്ടാളക്കാരെ കാവൽ നിർത്തി. പട്ടാളക്കാർ ഉടനെ സത്യം പുറത്തുവിട്ടപ്പോൾ അവരെ കൈക്കൂലി കൊടുത്ത് നിശ്ശബ്ദരാക്കി. പക്ഷേ സത്യം പകൽപോലെ ലോക ചരിത്രത്തിൽ തെളിഞ്ഞുനിൽക്കുന്നു. കരിയാറ്റിയുടെ മരണം സ്വാഭാവികമായിരുന്നെങ്കിൽ 20-ാം നൂറ്റാണ്ടുവരെ കരിയാറ്റിയുടെ കബറിടം എവിടെയാണെന്ന് വെളിപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ്? മാർത്തോമ്മാ നസ്രാണികളുടെ മെത്രാന്മാർ ആ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ ചെന്നു. കുർബാനസമയത്ത് ധൂപക്കുറ്റി മറിഞ്ഞുവീണ് മദ്ബഹായിലെ പരവതാനി കത്തി. പെട്ടെന്ന് തീ കെടുത്താനായി പരവതാനി വലിച്ചുമാറ്റിയപ്പോൾ അതാ കാണുന്നു കരിയാറ്റിയുടെ കബറിടം! മലബാറിലാരും അന്നാകട്ടെ ഇന്നാകട്ടെ കരിയാറ്റിയുടെ മരണം സ്വാഭാവികമായിരുന്നുവെന്ന് വിശ്വസിക്കുന്നില്ല. **സാഹചര്യത്തെളിവുകളെല്ലാം** വിരൽ ചൂണ്ടുന്നത് ചതിയിലേക്കും കൊലപാതകത്തിലേക്കുമാണ്.

ഈ ദുരന്തവാർത്ത മലബാറിലാകെ കാട്ടുതീപോലെ കത്തിപ്പടർന്നു. നസ്രാണികൾ മാത്രമല്ല അക്രൈസ്തവർപോലും പറങ്കികൾക്കെതിരെ ശബ്ദമുയർത്തി. ഇക്കാക്കുക്കത്തനാരെ ചതിച്ചുകൊന്ന ക്രൂരത നസ്രാണികൾ മറന്നിട്ടുണ്ടായിരുന്നില്ല. മലയാറ്റൂർ വികാരി പനച്ചിക്കൽ കത്തനാരെയും അതുപോലെ മറ്റു പലരേയും പീഡിപ്പിച്ച കാര്യവും അവർ മറന്നിരുന്നില്ല. കരിയാറ്റിയുടെ മരണത്തെപ്പറ്റി റോമിലേയ്ക്ക് **ആദ്യം റിപ്പോർച്ചുചെയ്യുന്നത് പൗളീനോസ് പാതിരി** ആണെന്നതു വിചിത്രംതന്നെ. അദ്ദേഹം 1786 നവംബർ 25-ന് പ്രൊപ്പഗാന്തായുടെ സെക്രട്ടറിക്ക് എഴുതിയ കത്തിലാണ് ഈ വിവരം കുറിച്ചിരിക്കുന്നത്. കരിയാറ്റി കേരളത്തിലെത്തുമ്പോൾ ഒരുപാട് കുഴപ്പങ്ങൾ ഉണ്ടാകുമെന്ന് ആ കത്തിൽ പറയുന്നുണ്ട്. രാജാവിനു കൈക്കൂലി കൊടുത്ത് തച്ചിൽ മാത്തുത്തരകൻ നസ്രാണികളെ എല്ലാം കരിയാറ്റിയുടെ കീഴിൽ കൊണ്ടുവരുമെന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിക്കുന്നു. എന്നാൽ കരിയാറ്റിയെ തടയുവാൻവേണ്ടി ആയിരുന്നല്ലോ അദ്ദേഹം സമയം കഴിഞ്ഞിട്ടും കേരളം വിടാതെ ഇവിടെ കഴിഞ്ഞത്. യുറോപ്പിലേക്ക് തിരിച്ചുപോകാതെ കരിയാറ്റി ഇവിടെ വന്നു സൃഷ്ടിക്കാൻ പോകുന്ന കുഴപ്പങ്ങൾക്കു തടയിടാൻവേണ്ടിമാത്രമാണ് അയാൾ ഇവിടെ തുടർന്നുപോന്നത്. ഇവയൊക്കെ വിവരിക്കുന്ന കത്തിൽ പിന്നീട് എഴുതിച്ചേർത്ത കുറിപ്പിലാണ് കരിയാറ്റിയുടെ ചരമവാർത്ത. കരിയാറ്റിയുടെ **മരണവാർത്ത ഗോവ**

www.malankaralibrary.com

യിൽനിന്ന് വന്ന ഒരു ദൂതൻ കൊണ്ടുവന്നു എന്നാണ് ആ കുറിപ്പിൽ പറയുന്നത്. മലബാറിലുള്ളവർ എല്ലാംതന്നെ പോർച്ചുഗീസുകാർ കരിയാറ്റിയെ ചതിച്ചുകൊന്നു എന്നാണ് വിശ്വസിക്കുന്നതെന്നും പൗളീനോസ് കൊടുങ്ങല്ലൂരിന്റെ വികാരി ജനറാൾ വിശുദ്ധ റീത്തായുടെ നിക്കോളാസ് ഭയം നിമിത്തം ഗോവയിലേക്ക് ഒളിച്ചോടിപ്പോയ കാര്യവും പൗളീനോസ് തന്റെ കത്തിൽപ്പറയുന്നുണ്ട്. കരിയാറ്റിയുടെ മരണം സ്വാഭാവികമായിരുന്നെങ്കിൽ ഇവരുടെയൊക്കെ ഇത്തരം പരവേശവും പരിഭ്രമവും എന്തുകൊണ്ടാണ് എന്നു ചോദിക്കാതെ വയ്യാ.

1787 മാർച്ച് 20-ന് അലോഷ്യസ് മേരി പ്രൊപ്പഗാന്തായെ അറിയിക്കുന്നു, 1786 ഒക്ടോബർ 26-നോടുകൂടെയാണ് കരിയാറ്റി മരിച്ചു എന്ന കാര്യം കൃത്യമായി താനറിയുന്നത് എന്ന്. 1787 മെയ് 7-ന് അദ്ദേഹവും 4 മിഷണറിമാരും ചേർന്ന് പ്രൊപ്പഗാന്തായുടെ കർദ്ദിനാളിന് അതേ കത്തിലെ വിശദാംശങ്ങൾതന്നെ ആവർത്തിച്ചുകൊണ്ട് വീണ്ടും എഴുതി. ആ കത്തിന്റെ സാരം ഇങ്ങനെ സംഗ്രഹിക്കാം: ഗോവായിലെ ആർച്ചുബിഷപ്പും കൊച്ചിയിലെ മെത്രാനുമാണ് കരിയാറ്റി സെപ്തംബർ 9-ന് മരിച്ചു എന്ന വാർത്ത, തന്നെ അറിയിക്കുന്നത്. എന്നാൽ ഗോവയിലെ ആർച്ചുബിഷപ്പ് 1786 ഒക്ടോബർ 6-ന് അപ്പസ്തോലിക് വികാരിയെ കത്തുമൂലം ഇക്കാര്യം അറിയിച്ചിരുന്നതായി രേഖയുണ്ട്. ഗുരുതരമായ പനിയും അതേത്തുടർന്ന് ശ്വാസകോശസംബന്ധമായി ഉണ്ടായ അസ്വസ്ഥതകളുമാണ് കരിയാറ്റിയുടെ മരണത്തിനു കാരണമെന്നു പറയപ്പെടുന്നു. ഈ വാർത്ത മലബാറിലുടനീളം യൂറോപ്യന്മാർക്കെതിരെ ശത്രുത, അക്രൈസ്തവർക്കിടയിൽപ്പോലും ഉണർത്തിവിട്ടു. അലോഷ്യസ് മേരി നാട്ടുകാരെ ശാന്തരാക്കാൻ ശ്രമിച്ചു. പാറേമ്മാക്കലച്ചൻ വന്ന് കൃത്യവിവരം അറിയിക്കുന്നതുവരെ ക്ഷമിച്ചിരിക്കാൻ അദ്ദേഹം അവരെ ഉപദേശിച്ചു. ഗോവയിൽ കരിയാറ്റിയോടൊപ്പം ഉണ്ടായിരുന്ന ഏക നാട്ടുകാരൻ എന്ന നിലയിൽ എന്താണ് സംഭവിച്ചതെന്ന് വിവരിക്കുവാൻ അദ്ദേഹത്തിനു കഴിയും. വടക്കുള്ള പള്ളിക്കാർ അതു സമ്മതിച്ചു. പക്ഷേ, തെക്കും കിഴക്കും ഉള്ളവർ തിരുവിതാംകൂർരാജാവിനെ സമീപിച്ച് കരിയാറ്റിയുടെ മരണത്തെപ്പറ്റി അവരുടേതായ അഭിപ്രായം അറിയിച്ചു.

തിരുവിതാംകൂർ രാജ്യത്തെ ഏറ്റം പ്രമുഖനായ നസ്രാണി നേതാവ് തച്ചിൽ മാത്തുത്തരകൻ രാജസന്നിധിയിൽ ചെന്ന് കാര്യങ്ങൾ വിവരിച്ചു. പാറേമ്മാക്കലച്ചനെ എത്രയും വേഗം നാട്ടിലെത്തിക്കണമെന്ന് മാത്തുത്തരകൻ ആവശ്യപ്പെട്ടു. രാജാവിന്റെ പിന്തുണയുമായി അദ്ദേഹം കൊച്ചിമെത്രാനെ കണ്ടു. എന്നാൽ കൊച്ചിമെത്രാൻ അക്കാര്യത്തിൽ താൽപ്പര്യം കാണിച്ചില്ല എന്നുമാത്രമല്ല തരകനോട് തർക്കുത്തരം പറയുകയും ചെയ്തു. സമുദായസ്നേഹിയായ തരകൻ ബാല്യം മുതൽ കരിയാറ്റിയുടെയും പാറേമ്മാക്കലിന്റെയും ആജീവനാന്ത സുഹൃത്തായിരുന്നു. കരിയാറ്റിയുടെ കൊലപാതകത്തിലും പാറേമ്മാക്കലച്ചനെ ഗോവയിൽനിന്ന് നാട്ടി

www.malankaralibrary.com

ലേക്കു വരാൻ അനുവദിക്കാത്തതിലും അത്യന്തം അസ്വസ്ഥനായ മാത്തൂ ത്തരകൻ കോപാക്രാന്തനായി അലറിക്കൊണ്ട് തന്റെ അരയിൽനിന്നു വാൾ വലിച്ചൂരി കൊച്ചിമെത്രാന്റെ കഴുത്തിൽ വച്ചുകൊണ്ട് ആക്രോശിച്ചു: **"ഇത് ഇന്ന് ഇവിടെവച്ച് ഞാനവസാനിപ്പിക്കും."** ഭയപരവശനായ കൊച്ചിമെത്രാൻ തരകന്റെ കാൽക്കൽ വീണ് കേണപേക്ഷിച്ചുകൊണ്ട് എല്ലാം സമ്മതിച്ചു. എത്രയും വേഗം പാറേമ്മാക്കലച്ചനെ മടക്കിക്കൊണ്ടുവരുവാൻ തരകൻതന്നെ നേതൃത്വം കൊടുക്കാനും അനുവദിച്ചു. തരകൻ തനിക്കു പ്രിയപ്പെട്ട വിശ്വസ്തരായ ഒരുപറ്റം മാർത്തോമ്മാനസ്രാണി പടയാളികളെയും കായികാഭ്യാസികളെയും അനേകം കെട്ടുവള്ളങ്ങളിലായി ഗോവായിലേയ്ക്ക് അയച്ചു. രാജാവിന്റെ അനുമതിയോടെ മാത്തൂതരകൻ തോക്കുകൾ ഘടിപ്പിച്ച തന്റെ പടക്കപ്പൽ സഹിതമാണ് പട നയിച്ചത്. ഈ വസ്തുത എന്റെ ചെറുപ്പത്തിൽ പാറേമ്മാക്കൽ തോമ്മാച്ചൻ പറഞ്ഞ് ഞാൻ കേട്ടിരുന്നു. പിന്നീട് ഞാൻ റോമിൽ പഠിക്കുന്ന കാലത്ത് റോമിൽവച്ചും ഇക്കാര്യം പറഞ്ഞുകേൾക്കാൻ ഇടയായി. 1969-ൽ തൃശൂരുനിന്നു പ്രസിദ്ധീകരിച്ച *മാർ കരിയാറ്റി സ്മാരകഗ്രന്ഥം* 106-ാം പേജിൽ പതിയിൽ എബ്രഹാം എഴുതിയ "മാർ കരിയാറ്റിയെ മറക്കാമോ?" എന്ന ലേഖനത്തിലും ഇപ്രകാരം കാണുന്നു: 'തച്ചിൽ മാത്തുതരകൻ രാജാനുമതിയോടുകൂടി സ്വന്തം കപ്പലിൽ വലിയ തോക്കുമായി ചെന്നാണ് ഗോവായിൽനിന്ന് പാറേമ്മാക്കൽ ഗോവർണ്ണദോരച്ചനെ കേരളത്തിലേക്കു കൊണ്ടുപോന്നത്." ഏതു പ്രതിസന്ധിയെയും തട്ടിത്തകർത്ത് പാറേമ്മാക്കലച്ചനെ നാട്ടിലെത്തിക്കുവാൻവേണ്ടി അയച്ച **ഒരു ചാവേർപ്പടതന്നെ** ആയിരുന്നു ആ സംഘം. അവർ ഗോവായിലെത്തി പാറേമ്മാക്കലച്ചനെയും കൂട്ടി ദൗത്യസംഘം കൊണ്ടുവന്നിരുന്ന ഒട്ടുമിക്ക വസ്തുവകകളും സമ്മാനങ്ങളും പുസ്തകങ്ങളും എല്ലാം എടുത്ത് മടക്കയാത്ര ആരംഭിച്ചു. അങ്ങനെ **1786 ഡിസംബർ 27-ന്** പാറേമ്മാക്കലച്ചൻ കൊച്ചിയിൽ വന്നിറങ്ങി. വന്നപാടെ അദ്ദേഹം പറഞ്ഞു: **"ഒരു വ്യാജവൈദ്യനാണ് കരിയാറ്റിയെ കൊന്നത്."** എന്നാൽ പോർച്ചുഗീസുകാരോട് പുച്ഛസ്വരത്തിൽ അദ്ദേഹം പറഞ്ഞു: "കരിയാറ്റി ഒരു സ്വാഭാവികമരണമാണ് വരിച്ചത്"! അങ്ങനെ പറയാൻ കാരണം ശത്രുക്കൾ പറഞ്ഞുപരത്തിയ കിംവദന്തിയാണ്. **കരിയാറ്റിയുടെ കബറടക്കശുശ്രൂഷയിൽ പാറേമ്മാക്കലച്ചനെ പങ്കെടുപ്പിച്ചില്ല.** ഇതിനെക്കാൾ വിചിത്രമായ ഒരു കാര്യം അചിന്ത്യമാണ്. കരിയാറ്റിയുടെ മരണം സ്ഥിരീകരിച്ചശേഷമാണ് പാറേമ്മാക്കലച്ചനോട് കാര്യം പറയുന്നതുതന്നെ. **മാനസികമായി തകർന്നടിഞ്ഞതുകൊണ്ടാണ്** കബറടക്കശുശ്രൂഷയിൽ പാറേമ്മാക്കലച്ചൻ പങ്കെടുക്കാത്തതെന്ന് പോർച്ചുഗീസുകാർ ഗോവായിലും മലബാറിലും പറഞ്ഞുപരത്തി. പക്ഷേ കബറടക്കത്തിൽ പങ്കെടുക്കുന്നതിൽനിന്ന് അദ്ദേഹം തടയപ്പെടുകയായിരുന്നു. മലബാർ തീരത്തുനിന്ന് ചതിയും ബലപ്രയോഗവും നിമിത്തം കരിയാറ്റിയെയും പാറേമ്മാക്കലച്ചനെയും ഗോവായിലേക്കു കൊണ്ടുപോയവരുടെ ഗൂഢ പദ്ധതി നടപ്പിലാകുന്നതുവരെ കരിയാറ്റിക്കോ പാറേ

www.malankaralibrary.com

മ്മാക്കലച്ചനോ അറിയില്ലായിരുന്നു തങ്ങൾ ചെന്നുപെട്ടിരിക്കുന്ന സ്ഥലത്ത് കാത്തിരിക്കുന്ന അപകടം.

1787 ഫെബ്രുവരി (1-2)ന് വലിയപള്ളിയിൽ കൂടിയ 84 പള്ളികളുടെ യോഗത്തിൽവച്ച്, കരിയാറ്റി മെത്രാപ്പോലീത്തായെ **"ചതിയാലെ അപായം വരുത്തുകകൊണ്ട്"** പ്രസിദ്ധമായ **അങ്കമാലിപ്പടിയോല** എന്ന സ്വാതന്ത്ര്യ പ്രഖ്യാപനം എഴുതിവച്ചു. "അങ്കമാലി മുതൽ തെക്കും വടക്കും കിഴക്കും പടിഞ്ഞാറുമുള്ള പള്ളികളിലുള്ള ജനങ്ങൾ ഒപ്പുവച്ചു." "അങ്കമാലി വലിയ പള്ളിക്കൽ മാർ ഗീവർഗ്ഗീസ് സഹദായുടെ മുമ്പാകെവച്ച് മലങ്കര 84 ഇടവകക്കാരുംകൂടി ബാവായുടെയും പുത്രന്റെയും റൂഹാദ്ക്കുദ്ശായുടെയും നാമത്തിൽ സത്യംചെയ്ത് എഴുതിവച്ച പടിയോലയാണിത്." ഓരോ പള്ളിയിൽനിന്നും ഓരോ വൈദികരും ഈരണ്ട് അൽമായരുംവീതം പങ്കെടുത്ത യോഗമായിരുന്നു അത്. ആ യോഗത്തിൽവച്ച് പാറേമ്മാക്കൽ, മിഷനറിമാർ കരിയാറ്റിക്കെതിരെ ലിസ്ബണിലെ നുൺഷ്യോക്ക് അയച്ചിരുന്ന ഒരു കത്തു വായിച്ചുകേൾപ്പിച്ചു. ഈ പടിയോലയിൽനിന്ന് വ്യക്തമായി, കരിയാറ്റിയുടെ മരണം ചതിയാൽ സംഭവിച്ചതാണെന്ന്. ചതിച്ചുകൊന്നിട്ട് "സ്വാഭാവിക മരണം" എന്ന് പാറേമ്മാക്കലച്ചനോട് ഗോവയിൽവച്ച് പറഞ്ഞതിനെ പുച്ഛിച്ചുകൊണ്ടാണ് പിന്നീടൊക്കെ "സ്വാഭാവികമരണം" എന്ന് പോർച്ചുഗീസുകാരോട് അദ്ദേഹം പറഞ്ഞിരുന്നത്. അവരുടെ ചതിയിൽ മനംനൊന്ത പാറേമ്മാക്കലച്ചൻ ആജീവാനാന്തം ഈ കൊലച്ചതിയെപ്പറ്റി ഓർക്കാൻപോലും കണ്ണീരും ദുഃഖവും നിമിത്തം പ്രാപ്തനായിരുന്നില്ല. **മെസ്രേനിൽ കഷ്ടപ്പെട്ട ഇസ്രായേൽജനത്തെ മുശെനിവ്യാ രക്ഷിക്കാൻ വരുന്നതുപോലെ കരിയാറ്റി ഇതാ മലബാറിലെ മാർത്തോമ്മാനസ്രാണികളെ പറങ്കികളുടെ തടവറയിൽനിന്ന് ദൈവജനത്തിന്റെ സ്വാതന്ത്ര്യത്തിലേക്കു നയിക്കാൻ വരുന്നു** എന്നു പ്രഖ്യാപിച്ചുകൊണ്ട് മുഖവുര എഴുതിയ വർത്തമാനപ്പുസ്തകകാരൻ തന്റെ പുസ്തകം പിന്നീട് എഴുതി പൂർത്തിയാക്കുവാൻ കഴിയുന്ന മാനസികാവസ്ഥയിലല്ലായിരുന്നു. എല്ലാ തടസ്സങ്ങളെയും പ്രതിസന്ധികളെയും എതിർപ്പുകളെയും തോൽപ്പിച്ച് വിജയകിരീടവുമായി സ്വന്തം സഭയുടെ മുറ്റത്തു കാലുകുത്താൻ സാധിക്കാതെപോയ ആ അവസ്ഥയെപ്പറ്റി ഒരു നിമിഷംപോലും കരച്ചിലോടെയല്ലാതെ ഓർക്കുവാൻ ആ സഭാസ്നേഹിക്ക് കഴിഞ്ഞിരുന്നില്ല. സന്തതസഹചാരിയുടെ അന്തിമനാളുകളിൽ ശുശ്രൂഷിക്കാനോ മരണാനന്തരശുശ്രൂഷകളിൽപ്പോലും പങ്കെടുക്കുവാനോ അവസരം നിഷേധിക്കപ്പെട്ട കാര്യം ഒരിക്കലും ഉണങ്ങാത്ത മുറിവായി അദ്ദേഹത്തിന്റെ ഹൃദയത്തെ സദാ വേദനിപ്പിച്ചിരുന്നു. **കരിയാറ്റി മെത്രാപ്പോലീത്തായെ കൊന്നവർ പാറേമ്മാക്കലച്ചനെയും വെറുതെ വിടാൻ ഉദ്ദേശിച്ചിരുന്നില്ല.** തച്ചിൽ മാത്തൂത്തരകന്റെ ധീരവും സാഹസികവുമായ ഇടപടെൽ ഒന്നുകൊണ്ടുമാത്രമാണ് ഗോവൻതടവറയിൽ കിടന്നുള്ള മരണത്തിൽനിന്ന് പാറേമ്മാക്കലച്ചൻ രക്ഷപ്പെട്ടത്. കരിയാറ്റി മെത്രാപ്പോലീത്താ

www.malankaralibrary.com

യുടെ മരണശേഷം തന്നെയും കൊല്ലാനാണ് ശത്രുക്കളുടെ ശ്രമമെന്ന് സെപ്തംബർ 10-ാം തീയതിതന്നെ പാറേമ്മാക്കലച്ചനു ബോദ്ധ്യമായി. മെത്രാപ്പോലീത്തായുടെ മരണം അറിഞ്ഞതു മുതൽ കരഞ്ഞും വിലപിച്ചും കഴിഞ്ഞിരുന്ന അദ്ദേഹം ഏതാനും ദിവസത്തേക്ക് ഭക്ഷണംപോലും ഉപേക്ഷിച്ച് കരച്ചിൽ തുടർന്നു. ഇതു കണ്ട് അവിടെയുണ്ടായിരുന്ന പറങ്കികൾ പറഞ്ഞു: **അയാളുടെ മാനസികനില തകർന്നിരിക്കുന്നു!** അവരുടെ ധാരണ ഉടനെ ഒന്നും തിരുത്താതിരിക്കുന്നതാണ് തനിക്കും നല്ലതെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. അപ്പോൾ മുതൽ സമനില തെറ്റിയവനെപ്പോലെ അദ്ദേഹം അവരുടെ മുമ്പിൽ അഭിനയിച്ചുകൊണ്ടിരുന്നു. **"ഈ ഭ്രാന്തനെ നാം ഇനി എന്തിനു കൊല്ലണം? ഇവനെക്കൊണ്ട് ഇനി മലബാറിൽ ഒരുപകാരവും ഉണ്ടാകാൻ പോകുന്നില്ല. ഇവനെക്കൊണ്ട് ഇനി നമുക്ക് ഒരുപദ്രവവും ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഇവനിവിടെ തടവിൽ കഴിയട്ടെ."** അങ്ങനെ എല്ലാം നഷ്ടപ്പെട്ട് തടവിൽക്കിടന്ന അദ്ദേഹത്തെ രക്ഷിച്ച് നാട്ടിൽ എത്തിച്ചത് തച്ചിൽ മാത്തൂത്തരകന്റെ നേട്ടമാണ്. മാത്തൂത്തരകൻ ഇല്ലായിരുന്നെങ്കിൽ കരിയാറ്റിയുടെ അന്ത്യംതന്നെ പാറേമ്മാക്കലച്ചനും വന്നുചേരുമായിരുന്നു.

പൗളീനോസ് പാതിരിയും അലോഷ്യസ് മേരിയും കരിയാറ്റിയുടെ മരണത്തെപ്പറ്റി പാറേമ്മാക്കലച്ചൻ നേരല്ല പറയുന്നതെന്ന് ആരോപിച്ചു. **കരിയാറ്റി കാലം ചെയ്തു** എന്നദ്ദേഹം പറഞ്ഞത് ആ പാതിരിമാർ **സ്വാഭാവികമരണം പ്രാപിച്ചു** എന്ന് തെറ്റായി തർജ്ജിമ ചെയ്ത് പ്രചരിപ്പിക്കുകയായിരുന്നു. പാറേമ്മാക്കൽ അച്ചൻ ഉപയോഗിച്ച പദത്തിന് ആ അർത്ഥമില്ലെന്ന് ഏവർക്കുമറിയാം.

കാര്യങ്ങൾ കൈവിട്ടുപോകും എന്നു കണ്ട കർമ്മലീത്താ പാതിരിമാർ **ഏദലർ** (അങ്കൽ ബെക്ക്) എന്ന ഡച്ചുഗവർണ്ണറുടെ സഹായം തേടി. ലൂഥറനായിരുന്നിട്ടും അദ്ദേഹം മിഷണറിമാരുടെ പ്രത്യേകിച്ച് പൗളീനോസിന്റെ സുഹൃത്തായിരുന്നു. തന്മൂലം കർമ്മലീത്താ പാതിരിമാരെ ന്യായീകരിച്ചുകൊണ്ട് തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർക്ക് കത്തുകൾ എഴുതി. തന്റെ കീഴിലുള്ള കത്തോലിക്കരെല്ലാം വികാരി അപ്പസ്തോലിക്കായോട് കൂറു പുലർത്തണമെന്നും അഥവാ വലിയ പിഴ കൊടുക്കേണ്ടിവരുമെന്നും അയാൾ ഭീഷണിപ്പെടുത്തി. ഈ ഡച്ചുഗവർണറുടെ സമ്മർദ്ദം നിമിത്തം തിരുവിതാംകൂർ രാജാവ് കരിയാറ്റിയുടെ മരണത്തിൽ മിഷണറിമാർ ഉത്തരവാദികളാണെന്നതിന് **തെളിവില്ലെന്നു പ്രഖ്യാപിച്ചു!** തെളിവുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം! കൊല്ലുന്നവർ തെളിവു നശിപ്പിക്കാറുണ്ട്! ഡച്ചു ഗവർണറുടെ കത്ത് ഫ്രഞ്ച്, പോർച്ചുഗീസ് ഭാഷകളിലേക്ക് പൗളീനോസ് തർജ്ജിമ ചെയ്ത് പ്രചരിപ്പിച്ചു. അവയുടെ പകർപ്പ് ഇന്നും പൗളീനോസിന്റെ കൈയെഴുത്തുശേഖരത്തിൽ കാണുന്നു. കരിയാറ്റി വിദൂരദേശത്ത് വേറൊരു രാജാവിന്റെ അധികാരസീമയിൽവച്ചുമരിച്ചു. അതു

www.malankaralibrary.com

**കൊണ്ട് മരണത്തിൽ മലബാറിലെ** മിഷണറിമാർക്കു പങ്കില്ല എന്നേ അതിൽ പറയുന്നുള്ളൂ. കഴമ്പില്ലാത്ത വാദം! കരിയാറ്റിയെ വെറുത്തുകൊണ്ട് കത്തുകളയയ്ക്കുകയും ദുഷ്പ്രചരണങ്ങൾ നടത്തുകയും, കരിയാറ്റി നാട്ടിൽ എത്തുമ്പോൾ ഉണ്ടാവാൻപോകുന്ന കുഴപ്പങ്ങളെ നേരിടാൻവേണ്ടി ഇവിടെ കാത്തുകെട്ടിക്കിടക്കുകയും ചെയ്ത പൗളീനോസും കൂട്ടരുമാണ് ഇപ്പോൾ തങ്ങളുടെ മുഖം രക്ഷിക്കാൻ ഇത്തരം മാർഗ്ഗങ്ങൾ തേടിയത്. പൗളീനോസ് തിരുവിതാംകൂർ രാജാവിന്റെ സുഹൃത്തും രാജകീയകോർട്ടിൽ അംഗവുമായിരുന്നു എന്നതും നാം മറന്നുകൂടാ.

മാർത്തോമ്മാനസ്രാണികൾക്കിടയിൽ കരിയാറ്റിയുടെ മരണത്തെപ്പറ്റി പല കഥകളും പറയപ്പെട്ടുപോരുന്നു. കുഞ്ഞുമാത്തൻ എന്ന ഒരു നസ്രാണി കവി കരിയാറ്റിയെപ്പറ്റി പ്രകീർത്തിച്ചുകൊണ്ട് കവിതകൾ എഴുതി. കരിയാറ്റിയുടെ **ശത്രുക്കൾ നടത്തിയ ഗൂഢാലോചനയുടെ ഇരയായി** കരിയാറ്റി രക്തസാക്ഷിത്വം ചൂടുകയായിരുന്നു എന്ന് കവി വർണ്ണിക്കുന്നു. സർവ്വവിധ സൽഗുണസമ്പന്നനും വിശുദ്ധനുമായ വ്യക്തിയാണ് കരിയാറ്റി. ഗൂഢാലോചനക്കാരിൽ പ്രധാനി ഒരു മന്ത്രിയാണ്. കരിയാറ്റിയെ **വിഷം കൊടുത്തു കൊല്ലുവാനായിരുന്നു** ഗൂഢാലോചന. ഈ കവിതയുടെ ചില ഭാഗങ്ങൾ പൗളീനോസ് പോർച്ചുഗീസ് ഭാഷയിലേക്ക് തർജ്ജിമ ചെയ്തിട്ടുണ്ട്.

കരിയാറ്റിയുടെ മരണത്തെപ്പറ്റി മലബാറിൽ അറിയാമായിരുന്ന കാര്യങ്ങൾ റോം അറിഞ്ഞത് വളരെ വൈകിയാണെന്നതു വിചിത്രംതന്നെ. ആ വാർത്ത റോമിലെത്തുന്നത് **മലബാറിൽനിന്നല്ല ബാഗ്ദാദിൽനിന്നാണ്.** കരിയാറ്റിയുടെകൂടെ റോമിൽ പഠിച്ചിരുന്ന ബാഗ്ദാദിൽനിന്നുള്ള യോഹന്നാൻ ഡി ഹറൂത്തി പേർഷ്യയിലെ ഇസ്ഫഹാൻ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയിരുന്നു. കത്തോലിക്കരും അകത്തോലിക്കരുമായ മലബാർ ക്രിസ്ത്യാനികളിൽനിന്ന് താൻ കേട്ട പരാതികളെപ്പറ്റി അദ്ദേഹം **1786 നവംബർ 25–ന്** പ്രൊപ്പഗാന്തായ്ക്കെഴുതി. പാത്രിയാർക്കാ അഡ്മിനിസ്ട്രേറ്ററായ മാർ ജോൺ ഹൊർമീസിന് മലബാറിലെ വൈദികരും അൽമായരും എഴുതിയ 24 പേജുള്ള **കത്തിന്റെ വിശദാംശങ്ങൾ** അദ്ദേഹം നൽകുന്നു. ഹൊർമീസിന് തിരുവിതാംകൂർ രാജാവിന്റെ ഒരു കത്തും ലഭിച്ചു. പ്രധാന കത്തിലെ വിവരം താഴെപ്പറയുന്നതാണ്. കരിയാറ്റി ലിസ്ബണിൽനിന്ന് കൊച്ചിയിലെത്തി. അവിടെ ഇറങ്ങുവാൻ കപ്പിത്താൻ കരിയാറ്റിയെ **അനുവദിച്ചില്ല. കപ്പിത്താൻ കരിയാറ്റിയെ ബലം പ്രയോഗിച്ച് ഗോവായിലേക്കു കൊണ്ടുപോയി.** ഗോവായിൽവച്ച് കരിയാറ്റി ഒരു **വിരുന്നിനു ക്ഷണിക്കപ്പെട്ടു. വിരുന്നിനിടയിൽ കരിയാറ്റിക്കു വിഷം കൊടുത്തു.** അനേക വർഷങ്ങളായി മലബാറുകാർ റോമിനു കത്തുകളയച്ചിട്ടും ഒരു മറുപടിയും കിട്ടുന്നില്ല. ഇതാണേറെ കഷ്ടം. വികാരി അപ്പസ്തോലിക്കാ ഒരു ദിവസം അത്യധികമായി മദ്യപിച്ച് ലക്കുകെട്ട് കിടന്നു. അവിടെയുണ്ടായിരുന്ന ഒരു നസ്രാണിക്കുട്ടി ഒരു പെട്ടി നിറയെ കത്തുകൾ കണ്ടു. അവയെല്ലാം റോമി

www.malankaralibrary.com

ലേക്ക് അയച്ചവയായിരുന്നു. ബാലൻ ആ കത്തുകളെല്ലാം എടുത്ത് നാട്ടുകാരായ വൈദികരെ ഏൽപ്പിച്ചു. 1799 ഒക്ടോബർ 30-ന് മാർ ഹൊർമീസ് പ്രൊപ്പഗാന്തായുടെ കർദ്ദിനാളിനെഴുതി! മലബാറുകാർ റോമിനും പോർച്ചുഗലിനും അയച്ച കത്തുകൾ മിഷണറിമാർ പിടിച്ചെടുക്കുക പതിവായിരുന്നു.

ഗവേഷകരുടെ ദൃഷ്ടിയിൽപ്പെടാത്ത അനേകം രേഖകൾ കരിയാറ്റി-പാറേമ്മാക്കൽ ദൗത്യം സംബന്ധിച്ച് പല രാജ്യങ്ങളിലും ആയി ചിതറിക്കിടപ്പുണ്ട്. **പോർച്ചുഗീസ് ഭാഷയിലെഴുതിയ പൗളീനോസ് പാതിരിയുടെ സ്വകാര്യ ഡയറി** ആണ് അതിലൊന്ന്. അദ്ദേഹം തന്റെ സഹപ്രവർത്തകർക്കും സുഹൃത്തുക്കൾക്കും എഴുതിയ കത്തുകളും അവരിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച മറുപടികളും ആണ് മറ്റൊരു കൂട്ടം. അദ്ദേഹത്തിന്റെ സ്വകാര്യ ഡയറിയുടെ ഭൂരിഭാഗം പേജുകളും നഷ്ടപ്പെട്ടിരിക്കുകയാണ്. എന്നാൽ ചില പേജുകൾ നഷ്ടപ്പെടാതെ അവശേഷിക്കുന്നുണ്ട്. അവ അതീവ പ്രാധാന്യമർഹിക്കുന്നു. കാരണം കരിയാറ്റിയുടെ മരണത്തിനുശേഷമുള്ള മാസങ്ങളിൽ നടന്ന സംഗതികളാണ് പ്രതിപാദ്യവിഷയം. അതിലെ വിവരണങ്ങളെല്ലാം കരിയാറ്റിയെപ്പറ്റി മാത്രമാണെന്നത് ചിന്താർഹമാണ്. കരിയാറ്റിയുടെ മരണത്തെപ്പറ്റി പൗളീനോസ് എന്തുകൊണ്ടോ അത്യന്തം പര്യാകുലനാണ്.

ആ നാളുകളിൽ താൻ കൈകാര്യം ചെയ്യേണ്ടിയിരുന്ന ഏറ്റവും വലിയ പ്രശ്നമായി ഇത് അദ്ദേഹത്തിന്റെ മനസ്സിൽ തറഞ്ഞുകയറിയിരിക്കുന്നു! അവയിൽ കണ്ടെത്തുന്ന ഒരു സംഗതി കരിയാറ്റിയുടെ "രോഗവും മരണവും" സംബന്ധിച്ചാണ്! കരിയാറ്റി ഗോവയിൽ വന്നെത്തിയിരിക്കുന്നത് അത്യന്തം ആരോഗ്യവാനും രോഗരഹിതനുമായിട്ടാണെന്ന് ഗോവയിൽനിന്ന് മലബാറിലേക്ക് പ്രത്യേകം എഴുതിയറിയിച്ച കാര്യം മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഗോവയിലും കൊച്ചിയിലും വരാപ്പുഴയിലും കരിയാറ്റിയുടെ രോഗമില്ലാത്ത അവസ്ഥയെപ്പറ്റി ചർച്ച ചെയ്തത് എന്തുകൊണ്ടാണെന്നു വായനക്കാർ ഊഹിച്ചുകൊള്ളട്ടെ! **രോഗത്തെത്തുടർന്നാണ് കരിയാറ്റിയുടെ മരണമെന്നു വർണ്ണിക്കുന്ന പൗളീനോസിന്റെ ഡയറിയും "സ്വാഭാവികമരണം" എന്ന കിംവദന്തിയും തമ്മിൽ അവിഹിതമായ ഏതോ ഗൂഢബന്ധമുണ്ട്.** പൗളീനോസ് മിലാൻകാരനായ ജുസേപ്പേ എന്ന വ്യക്തിയിൽനിന്ന് ശേഖരിച്ച കാര്യങ്ങളുടെ രത്നച്ചുരുക്കം ഡയറിയിൽ നാം വായിക്കുന്നു. **ഈ ജുസേപ്പേ കരിയാറ്റിയുടെ വേലക്കാരനും ഭക്ഷണം വിളമ്പുന്നവനുമായിരുന്നു.** 1787 ജനുവരി 8-നാണ് ജൂസേപ്പേ ഈ വിവരണങ്ങളെല്ലാം പൗളീനോസിനും ജോണിനും ഫ്രാൻസീസ് മേരിക്കും എല്ലാ കർമ്മലീത്താ മിഷണറിമാർക്കും നൽകിയത്. മുമ്പും പിമ്പും നടന്ന കാര്യങ്ങളുടെ സമയക്രമം കൂടാതെയാണ് പൗളീനോസ് ഈ വിശദാംശങ്ങൾ അവതരിപ്പിക്കുന്നത്. പൗളീനോസിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയായിരുന്നു മേൽപ്പറഞ്ഞ ജൂസേപ്പേ

www.malankaralibrary.com

എന്ന് വായനക്കാർക്ക് വായിച്ചെടുക്കുവാൻ സാധിക്കും. **1786 ഓഗസ്റ്റ് മാസം ആരംഭത്തിൽ ഗോവയിൽവച്ച് കരിയാറ്റിക്ക് പനി** വന്നു. ഗോവയിൽ എത്തിയ ഉടനെതന്നെ അദ്ദേഹത്തിന് **വയറ്റിൽ അസുഖം** ബാധിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ കണ്ടാൽ സ്കർവി (കടൽചൊരുക്കുകൊണ്ടും ഉപ്പു കലർന്ന മാംസഭക്ഷണംകൊണ്ടും പഴങ്ങളും പച്ചക്കറികളും കഴിക്കാത്തതുകൊണ്ടും പണ്ട് നാവികർക്ക് ഉണ്ടാകുമായിരുന്ന ഒരു രോഗം) ബാധിച്ചതായി തോന്നും. അദ്ദേഹം **ജീവിച്ച നാട്ടിലെ വായു** അദ്ദേഹത്തിനു നല്ലതായിരുന്നില്ല. ഗോവാക്കാരനായ ലൂയീസ് കൊറെയാ എന്ന വൈദ്യൻ കരിയാറ്റിക്ക് **10 ദിവസത്തേക്ക് കീനാ കീനാ** എന്ന മരുന്നുകൊടുത്തു. കരിയാറ്റിയുടെ രോഗവിവരങ്ങളെപ്പറ്റി യാതൊന്നും ചോദിക്കാതെയാണ് അതു കൊടുത്തത്. യാതൊരു രോഗവും ഇല്ലാതെ ആരോഗ്യവാനായി ഗോവയിലെത്തിയെന്ന് ഗോവൻ ആർച്ചുബിഷപ്പുതന്നെ മലബാറിലേക്ക് എഴുതിയറിയിച്ചിരുന്നു എന്ന കാര്യം ആരും മറക്കരുത്! പനി **കീനാ കീനാ** വഴി നിയന്ത്രണവിധേയമായെന്ന് പറയുന്നു. **ഓഗസ്റ്റ് 15-ാം തീയതി** (ഈ തീയതി മുതൽ കരിയാറ്റിയെക്കാണാൻ പാറേമ്മാക്കലച്ചനെ അനുവദിച്ചില്ല. മരിച്ചശേഷംമാത്രം കാണിച്ചു! എന്തുകൊണ്ട്?) കരിയാറ്റി തന്റെ അവസാനത്തെ വിശുദ്ധ കുർബാന അർപ്പിച്ചു. മറ്റൊരു വൈദ്യൻ പറഞ്ഞു. ഇനി പനി തിരിച്ചുവരുന്നപക്ഷം വലിയ പ്രതീക്ഷയ്ക്കു വകയില്ലെന്ന്. എന്നാൽ കൊറെയാ വൈദ്യൻ വയറുകഴുകാനുള്ള **ഏതോ കടുത്ത മരുന്നുകൊടുത്തു.** രോഗി ഛർദ്ദിച്ചു. വീണ്ടും **ബലമായി രണ്ടാമത് ഒരു ഡോസുകൂടി കൊടുത്തു.** കരിയാറ്റിയുടെ **നെഞ്ചിലാകെ അസ്വസ്ഥത** അനുഭവപ്പെട്ടു അദ്ദേഹം **ചുമച്ചു.** കടുത്ത പനിയുടെ ഉച്ചസ്ഥായിയിൽ അദ്ദേഹം **മാനസികവിഭ്രാന്തിയിലായി.** മാനുവേൽ നസ്സാറെ എന്ന വൈദികൻ കരിയാറ്റിയുടെ **മരണകരമായ അവസ്ഥയെപ്പറ്റി** (എന്നിട്ടും പാറേമ്മാക്കലച്ചനെ കാണാൻ അനുവദിക്കാത്തത് എന്തുകൊണ്ട്?) കരിയാറ്റിയെ അറിയിച്ചു. കരിയാറ്റി കുമ്പസാരിച്ച് കുർബാന സ്വീകരിച്ചു. കരിയാറ്റിയുടെ മുറി അടച്ചുപൂട്ടിയാണ് എപ്പോഴും സൂക്ഷിച്ചിരുന്നത്. എന്തുകൊണ്ട്? രോഗിയായ അദ്ദേഹത്തെ **തടവറയിൽ** എന്നതുപോലെയാണ് പാർപ്പിച്ചിരുന്നത്. ആ മുറിയിൽ ഉണ്ടായിരുന്ന തന്റെ വേലക്കാരൻ മിലാൻകാരനായ ജൂസേപ്പേയോട് യഥാർത്ഥത്തിൽ താൻ അതീവ ഗുരുതരമായ അവസ്ഥയിലാണോ എന്ന് കരിയാറ്റി തിരക്കി. **മൂന്നു വൈദ്യന്മാർ** അവരുടെ അഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തി. **തുടക്കം മുതൽ ഔഷധപ്രയോഗം മനഃപൂർവ്വം തെറ്റായ ഉപദേശപ്രകാരമാണ് നടന്നത്.** ചികിത്സ മനഃപൂർവ്വം വിഷപ്രയോഗമാക്കി. മുറിവൈദ്യനായ ലൂയിസ് കൊറെയാ നിർദ്ദേശങ്ങൾ പാലിക്കാതെ വെറുതെ രണ്ടു പ്രാവശ്യം "കോസ്റ്റിക് മരുന്നുപ്രയോഗം" (വിഷത്തെ വിഷംകൊണ്ട് എരിയിച്ചുകളയുന്ന രീതി) നടത്തി. തന്നെ സേവിക്കുവാൻവേണ്ടി ചുറ്റും കൂടിയിരുന്ന എല്ലാവർക്കുമെതിരായി കരിയാറ്റി പൊറുപൊറുത്തു. കരിയാറ്റിയുടെ മരണശേഷം പഴയ ഗോവ പ്രേതനഗരമായി വാസയോഗ്യമല്ലാതാ

www.malankaralibrary.com

യെന്നും ചരിത്രം! കരിയാറ്റി ഗോവയെ ശപിച്ചു എന്നു പുരാവൃത്തം! പഴയ ഗോവ പ്രേതനഗരമായി മാറി. അവസാനം തനിക്ക് തന്ന മരുന്നിനെപ്പറ്റി അവരെയെല്ലാം അദ്ദേഹം കുറ്റപ്പെടുത്തി. **ഗോവൻ പാതിരിയായ ജോസഫ് ആന്റെണിയെപ്പറ്റി കരിയാറ്റി പറഞ്ഞു, അയാൾ തന്നെ** ചതിച്ചു എന്ന്. സഭയുടെ ഭാവി പാറേമ്മാക്കലച്ചനെ ഏൽപ്പിച്ചുകൊണ്ട് അദ്ദേഹം മർത്ത് മറിയത്തോടു പ്രാർത്ഥിക്കുവാൻ തുടങ്ങി. ഇതൊന്നും അറിയാതെ പാറേമ്മാക്കലച്ചൻ! സെപ്തംബർ 9 രാത്രി 9.30–ന് കരിയാറ്റി അന്തരിച്ചു. കരിയാറ്റിയുടെ മരണക്കിടക്കയ്ക്കു ചുറ്റും നിന്നിരുന്നത് ഗോവൻ കത്തീഡ്രലിലെ കാനൻ കന്തോറും, മാനുവൽ നസ്സാറെ ഉൾപ്പെടെ വേറെ ചിലരുമാണ്. കരിയാറ്റിയുടെ രോഗത്തിനിടയിൽ **അദ്ദേഹത്തിന്റെ വൈദ്യൻ ഗോവൻ വൈസ്രോയിയെ** അനേകം തവണ സന്ദർശിച്ചിട്ടുണ്ട്. ഈ സന്ദർശനങ്ങൾ ഗൂഢാലോചനയുടെ ഭാഗമായിരുന്നില്ലേ?

ഒരു രോഗവും ഇല്ലാതെ ഗോവയിൽ എത്തിയ കരിയാറ്റിക്ക് ഗോവയിൽ എത്തിയശേഷം ഉദരരോഗം, സ്കർവി, പനി എന്നിവ മെയ് 1–നും ഓഗസ്റ്റ് 1–നും ഇടയ്ക്ക് എങ്ങനെ പിടിപെട്ടു? ഓഗസ്റ്റ് 15 വരെയും തുടർന്നും അദ്ദേഹത്തെ ചികിത്സിച്ച മുറിവൈദ്യൻ എന്തുകൊണ്ടാണ് ഇടയ്ക്കിടെ ഗോവൻ വൈസ്രോയിയെ സന്ദർശിച്ചത്? **തുടക്കം മുതൽ കപടചികിത്സയാണ്** നടത്തിയതെന്ന് 3 വൈദ്യന്മാർ അഭിപ്രായപ്പെട്ടത് എന്തുകൊണ്ട്? **രോഗിയായ കരിയാറ്റിയെ കാണാൻപോലും അനുവദിക്കാതെ പാറേമ്മാക്കലച്ചനെ എവിടെയാണ് തടവറയിൽ ഇട്ടിരുന്നത്? വ്യാജവൈദ്യന്റെ ചതികൊണ്ടാണ് കരിയാറ്റിയുടെ അന്ത്യം** എന്ന് പാറേമ്മാക്കലച്ചൻ അങ്കമാലിപ്പടിയോലയിൽ വ്യക്തമായി വെളിപ്പെടുത്തുന്നു. ഗോവയിൽ താമസിക്കവെ കരിയാറ്റിക്കു **പനി വന്നു** എന്നും പനി പോക്കാൻ എന്ന വ്യാജേന കൊടുത്ത **ചികിത്സകളൊക്കെ ചതിപ്രയോഗമായിരുന്നു** എന്നും പാറേമ്മാക്കലച്ചൻ വെളിപ്പെടുത്തിയിട്ടുണ്ട്. പൗളീനോയുടെ ഡയറിയിൽ ഒരു കാര്യംകൂടി എടുത്തു പറയുന്നുണ്ട്. കരിയാറ്റിയുടെ ഭീകരമായ മരണത്തിൽ പാറേമ്മാക്കലച്ചൻ ഞെട്ടിത്തകർന്നു. തന്മൂലം അദ്ദേഹം മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തില്ല. **കരിയാറ്റി മരിക്കുന്നതുവരെ** പാറേമ്മാക്കൽ അച്ചനുമായി കാണുന്നതിനും സംസാരിക്കുന്നതിനും ആരും അനുവദിച്ചില്ല. **ഗോവൻ വൈസ്രോയിയുടെയും വ്യാജചികിത്സ നടത്തിയവരുടെയുംമേൽ ഗൂഢാലോചനയുടെ നിഴൽ വീണുകിടക്കുന്നു.** മരിക്കുന്നതുവരെ **ദൗത്യസംഘത്തെ വെവ്വേറെ തടവിൽ** എന്നതുപോലെ പാർപ്പിച്ചത് മനഃപൂർവ്വം ആയിരുന്നു.

കരിയാറ്റിയുടെ രോഗത്തെയും മരണത്തെയുംപറ്റി പോർച്ചുഗീസുകാർ നൽകുന്നത് **പരസ്പരവിരുദ്ധമായ റിപ്പോർട്ടുകളാണ്.** 1786 ഒക്ടോബർ 6–ന് ഗോവയിലെ ആർച്ചുബിഷപ്പ് അപ്പസ്തോലിക്ക് വികാരിക്ക് എഴുതുന്നത് **കടുത്ത പനിനിമിത്തം** ആയിരിക്കണം കരിയാറ്റി മരിച്ചത് എന്നാണ്.

www.malankaralibrary.com

കൊച്ചിമെത്രാൻ അപ്പസ്തോലിക്ക് വികാരിക്ക് എഴുതുന്നത് **ശ്വാസകോശ സംബന്ധമായ രോഗം നിമിത്തം** കരിയാറ്റി മരിച്ചു എന്നാണ്. ഒരു ജോൺപാതിരി (പോർച്ചുഗീസ് കർമ്മലീത്താക്കാരുടെ വിസിറ്റർ) പറയുന്നു, **കൊച്ചിമെത്രാൻ പറഞ്ഞിരിക്കുന്നത് തെറ്റാണെന്ന്.** വരാപ്പുഴയിലെ കർമ്മലീത്താക്കാർക്കും കൊച്ചിയിലെ കർമ്മലീത്താക്കാരനായ മെത്രാനും സൽപ്പേര് നഷ്ടമാകുന്നതിനെപ്പറ്റി അദ്ദേഹം ഉത്കണ്ഠപ്പെടുന്നു. പ്രൊപ്പഗാന്തായിലെയും പാദ്രുവാദോയിലെയും മിഷണറിമാർ ഒന്നുചേർന്ന് പല കത്തുകളും എഴുതിയിട്ടുണ്ട്, തങ്ങളുടെ വാദം സ്ഥാപിച്ചെടുക്കുന്നതിനു വേണ്ടി. രാഷ്ട്രീയസമ്മർദ്ദം കൂടാതെ തങ്ങളുടെ സൽപ്പേര് വീണ്ടെടുക്കാനാവില്ലെന്ന് അവർ ഇരുകൂട്ടർക്കും ബോദ്ധ്യപ്പെട്ടു. കരിയാറ്റിയുടെ രക്തസാക്ഷിത്വത്തെപ്പറ്റി പല തരത്തിലുള്ള കഥകൾ മെനഞ്ഞ് അവർ പ്രചരിപ്പിച്ചെങ്കിലും സത്യത്തെ മൂടിവയ്ക്കുവാൻ ഒരിക്കലും അവർക്കു സാധിച്ചില്ല. മൺമറഞ്ഞ കരിയാറ്റിമല്പാനെപ്പറ്റി അവർ കള്ളത്തരങ്ങൾ എഴുതി പ്രചരിപ്പിച്ചു. പാദ്രുവാദോയുടെയും പ്രൊപ്പഗാന്തായുടെയും പക്കൽനിന്ന് അധികാരം പിടിച്ചെടുത്ത് അവരെ പുറത്താക്കാൻ ഇറങ്ങിപ്പുറപ്പെട്ട **ഗൂഢാലോചനക്കാരനും അധികാരമോഹിയും** ആയിരുന്നു കരിയാറ്റി എന്നവർ പ്രചരിപ്പിച്ചുതുടങ്ങി. തന്റെ **മേലധികാരികൾക്കെതിരായി മറുതലിച്ച കരിയാറ്റിയെ ദൈവം ശിക്ഷിക്കുകയായിരുന്നെന്ന്** (അറിവുള്ളവരെന്ന് കരുതപ്പെട്ടിരുന്നവർപോലും) വിശ്വസിച്ചു! യാഥാർത്ഥ്യത്തെ മനഃപൂർവ്വം മറച്ചുപിടിച്ചുകൊണ്ട് പ്രൊപ്പഗാന്താ 1789 നവംബർ 1-ന് ഇപ്രകാരം എഴുതി: **അനൈക്യത്തെ വളർത്തി എടുത്തവരിൽ പ്രമുഖനാണ് കരിയാറ്റി! അപ്പസ്തോലിക് വികാരിയാത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ച നേതാക്കന്മാരിൽ പ്രധാനി!**

### മലബാർ ഭാഷ്യം

കരിയാറ്റിയെപ്പറ്റി മാർത്തോമ്മാ നസ്രാണികൾക്കിടയിൽ പൊതുവെ പ്രചരിച്ചിരുന്ന കാര്യങ്ങളാണ് താഴെപ്പറയുന്നത്.

1) മലബാറിലും ഗോവയിലും ലിസ്ബണിലും ഉണ്ടായ ഗൂഢാലോചനയുടെ ഫലമായിട്ടാണ് കരിയാറ്റി കൊല്ലപ്പെടുന്നത്.

2) കരിയാറ്റിയെ മെത്രാപ്പോലീത്തായാക്കി എങ്കിലും ഇന്ത്യയിലേക്ക് മടങ്ങുന്നതിൽനിന്ന് മനഃപൂർവ്വം ലിസ്ബണിൽ തടഞ്ഞുവച്ചു.

3) മാർപ്പാപ്പായും പ്രൊപ്പഗാന്തായും പോർച്ചുഗീസ് രാജ്ഞിയും മാർത്തോമ്മാ ആറാമന്റെ പുനരൈക്യം കരിയാറ്റിക്ക് മാത്രമായി ഏൽപ്പിച്ചുകൊടുത്തിരുന്നു.

4) ലിസ്ബണിലെ മന്ത്രിയുടെ ഗൂഢാലോചനപ്രകാരമാണ് കപ്പിത്താൻ കരിയാറ്റിയെ മലബാർ തീരത്തിറക്കാതെ ഗോവയിലേക്ക് ബലമായി കൊണ്ടുപോയത്.

www.malankaralibrary.com

5) യാതൊരു കാരണവശാലും കരിയാറ്റിയെ ഗോവയിലെത്തിക്കുംമുമ്പ് മലബാറിൽ കാലുകുത്തിക്കരുതെന്ന് കപ്പിത്താന് രഹസ്യ കൽപ്പന ആരോ നൽകിയിരുന്നു.

6) അരോഗദൃഢഗാത്രനായ കരിയാറ്റിക്ക് മരണകരമായ യാതൊരു രോഗവും ഗോവയിലെത്തുന്നതുവരെ ഉണ്ടായിരുന്നില്ല. എന്നാൽ പാറേമ്മാക്കൽ അച്ചനും കരിയാറ്റിക്കും അങ്ങോട്ടുള്ള യാത്രാവേളയിലും ലിസ്ബണിൽ താമസിക്കുമ്പോഴും മാരകമായ പല രോഗങ്ങളും ഉണ്ടായെങ്കിലും അവയെല്ലാം സുഖമായി. ഇരുവരും മടങ്ങിപ്പോരുന്നത് നല്ല ആരോഗ്യസ്ഥിതിയിലാണ്.

7) ഗോവയിൽ എത്തിയ കരിയാറ്റി ഒരു വിരുന്നിനു പോയപ്പോൾ ആരോ വിഷം കൊടുത്തു. റൊട്ടി മുറിക്കാനും ജാം പുരട്ടാനും ഉപയോഗിക്കുന്ന കത്തിയുടെ ഒരു വശത്ത് വിഷം പുരട്ടിയിരുന്നു. വിഷം പുരട്ടാത്തവശം മുകളിലേക്കും വിഷം പുരട്ടിയ വശം താഴേക്കുമായി കത്തി റൊട്ടിയോടൊപ്പം വച്ചിരുന്നു. മെത്രാപ്പോലീത്താ ആയിരുന്നതുകൊണ്ട് മേശയിൽ പ്രത്യേക ഇരിപ്പിടവും പ്രത്യേക പ്ലെയിറ്റുകളും കത്തികളും ഒക്കെ ആർക്കും സംശയം തോന്നാത്ത വിധത്തിൽ വച്ചിരുന്നു. വിരുന്നു കഴിയുന്നതിനുമുമ്പേ വിഷബാധയേറ്റ കരിയാറ്റി അസ്വസ്ഥനായി ഛർദ്ദിച്ചുതുടങ്ങി. റൊട്ടി മുറിക്കാനും മാങ്ങാ പുളാനും ഉപയോഗിച്ച കത്തിയിൽ വിഷം പുരട്ടിയിരുന്നു.

8) കരിയാറ്റിയെ വിരുന്നിനു ക്ഷണിച്ചവർ പാറേമ്മാക്കലച്ചനെ ക്ഷണിച്ചിരുന്നില്ല.

9) കരിയാറ്റിക്ക് വിഷബാധയേറ്റ വിരുന്നു നടന്നത് ഗോവയിലെ ആർച്ചുബിഷപ്പ് ഹൗസിൽവച്ചാണ് എന്നു പറയപ്പെടുന്നു. പക്ഷേ, തീർച്ചയില്ല.

10) വിഷബാധയേറ്റ കരിയാറ്റിക്ക് യാതൊരു ചികിത്സയും ആരും നൽകിയില്ല. എന്തുകൊണ്ട്?

11) ഏതാനും ദിവസങ്ങൾക്കുള്ളിൽ കരിയാറ്റിയെ **മാരകമായ പനി** ബാധിച്ചു. ഉദരരോഗവും പനിയും മാരകമായി. രോഗം ബാധിച്ച കരിയാറ്റിയെ കാണാൻ പാറേമ്മാക്കലച്ചനെ അനുവദിച്ചില്ല! എന്തുകൊണ്ട്?

12) കരിയാറ്റിയെ ചികിത്സിക്കാൻവേണ്ടി ഗോവാക്കാരായ ചില മുറിവൈദ്യന്മാരെ ചുമതലപ്പെടുത്തി. ചികിത്സിക്കുന്നതിനുപകരം അവർ അദ്ദേഹത്തെ മാറ്റിപ്പാർപ്പിച്ചു. രോഗം മാറുന്നതുവരെ പാറേമ്മാക്കൽ അച്ചനെ കരിയാറ്റി മെത്രാപ്പോലീത്തായെ കാണാൻ അനുവദിച്ചില്ല. മരിച്ചശേഷം മാത്രമാണ് കാണിച്ചത്. എന്തുകൊണ്ട്?

www.malankaralibrary.com

13) വിരുന്നിനിടയിൽ കരിയാറ്റി ഗോവാ മാങ്ങാ പൂളിത്തിന്നുവെന്നും അത് വയറിനു പിടിച്ചില്ല എന്നും അതുകൊണ്ട് പനി വന്നു എന്നുമാണ് പാറേമ്മാക്കലച്ചനോടു പറഞ്ഞത്.

14) കരിയാറ്റി മരിച്ചശേഷമാണ് പാറേമ്മാക്കൽ അച്ചനോട് പറയുന്നത്. കിടപ്പിലായ കരിയാറ്റിയെ മാറ്റിപ്പാർപ്പിച്ചു, ചികിത്സയ്ക്കെന്ന വ്യാജേന.

15) മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കുന്നതിൽനിന്നു പാറേമ്മാക്കൽ അച്ചനെ തടഞ്ഞുവച്ചു. അദ്ദേഹത്തിന് മനഃസാന്നിദ്ധ്യം നഷ്ടപ്പെട്ടുവെന്നാണ് അതിനവർ കാരണം പറഞ്ഞത്.

16) കരിയാറ്റി മരിച്ചുകിടന്ന കട്ടിലും പുതപ്പുകളും ഒക്കെ പരിശോധിച്ചപ്പോൾ തലയിണയുടെ അടിയിൽനിന്ന് തന്റെ പിൻഗാമിയും കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററുമായി പാറേമ്മാക്കലച്ചനെ നിയമിച്ചുകൊണ്ടുള്ള കൽപ്പന കണ്ടെടുത്തു. മരണസമയത്തുപോലും അവർ തമ്മിൽ കാണാൻ സാധിക്കാതെവന്നതിൽ ഇരുവരും അതീവദുഃഖിതരായിരുന്നു.

17) പാറേമ്മാക്കലച്ചനെ മലബാറിനു വിടാതെ ഗോവയിൽ ബലമായി പാർപ്പിച്ചുകൊണ്ടിരുന്നു.

18) അങ്കമാലിയിലും രാമപുരത്തും കടനാട്ടിലും വടയാറ്റിലും എന്നുമാത്രമല്ല മലബാറിലുടനീളം മേൽപ്പറഞ്ഞ കാര്യങ്ങളിൽ പൊടിപ്പും തൊങ്ങലും ചേർത്ത് പ്രചരിപ്പിച്ചുപോന്നു.

മലബാറിൽ പ്രചരിച്ചിരുന്ന കഥകൾക്ക് സാധുകരണം നൽകുന്ന കത്തുകളുടെ വലിയ നിരയാണ് മുകളിൽ പറഞ്ഞുപോന്നത്. അവ ഒക്കെ ആര്, ആർക്ക്, എന്ന്, എന്തിനുവേണ്ടി എഴുതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്. റോമിലും, ലിസ്ബണിലും, ഗോവയിലും ആണ് അവയിൽ ബഹഭൂരിപക്ഷവും ഇന്നും സൂക്ഷിക്കപ്പെടുന്നത്. വർത്തമാനപ്പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പിൽ പ്രത്യേകിച്ച് അടിക്കുറിപ്പുകളിലും മറ്റും പുണ്യശ്ലോകനായ പ്ലാസിഡ് അച്ചൻ അവയെപ്പറ്റി സൂചനകൾ നൽകിയിട്ടുണ്ട്. *Homage to Mar Cariattil* എന്ന പേരിൽ റോമിൽനിന്ന് മാർത്തോമ്മായോഗം 1987-ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ആദരണീയനായ ചാൾസ് പൈങ്ങോട്ട് അച്ചന്റെയും, ഈ.ആർ.ഹംബി അച്ചന്റെയും ലേഖനങ്ങളിൽ മേൽപ്പറഞ്ഞ കത്തുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാണ്. ഇതുവരെ കണ്ടെടുത്തിട്ടുള്ളതും ഇനിയും കണ്ടെടുക്കപ്പെടേണ്ടതുമായ രേഖകളുടെ വെളിച്ചത്തിൽ, മുകളിൽ പറഞ്ഞ കാര്യങ്ങളൊക്കെ അതിശയോക്തിയല്ലെന്നും ആരെയും താറടിക്കാനോ താഴ്ത്തിക്കെട്ടാനോവേണ്ടി ആരെങ്കിലും ഏതെങ്കിലും കാലത്ത് പരത്തിയ കിംവദന്തികളല്ലെന്നും തെളിയുന്നു. കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ ശാസ്ത്രീയമായ ഫോറൻസിക് പരിശോധ

www.malankaralibrary.com

നകൾക്കു വിധേയമാക്കണമെന്നും, അപ്പോൾ കൂടുതൽ സത്യം പുറത്തുവരുമെന്നും ഇതെഴുതുന്നയാൾക്ക് ഉറപ്പുണ്ട്. കരിയാറ്റിക്കു വിഷം കൊടുത്തു. വ്യാജചികിത്സയും വിഷമായി! "ആവരണശില പൊക്കിമാറ്റി കല്ലറയ്ക്കുള്ളിലെ പൂഴിമണ്ണ് കുറെ നീക്കിയപ്പോൾ അഭിവന്ദ്യ തിരുമേനിയുടെ പൂജ്യാവശിഷ്ടങ്ങളായ അസ്ഥിക്കഷണങ്ങളും മറ്റും കാണാറായി. കാലപ്പഴക്കം മൂലം അസ്ഥിപഞ്ജരം നുറുങ്ങിപ്പൊടിഞ്ഞു കഴിഞ്ഞിരുന്നു. എങ്കിലും കല്ലറയിലെ ഉണങ്ങിയ മണ്ണിനിടയിൽനിന്ന് കാലിഞ്ചു മുതൽ ഉദ്ദേശ്യം ഒരിഞ്ചുവരെ വലിപ്പമുള്ള നൂറോളം അസ്ഥിശകലങ്ങളും, സംസ്കാരസമയത്തു ശരീരത്തിൽ അണിയിച്ചിരുന്ന സ്ഥാനവസ്ത്രങ്ങളുടെ അവശിഷ്ടങ്ങളായി കുറെ കസവുനൂൽക്കഷണങ്ങളും പട്ടുവസ്ത്രഭാഗങ്ങളും ശരീരത്തിൽ ധരിച്ചിരുന്ന ബെൽറ്റിന്റെ ലോഹനിർമ്മിതമായ ബക്കിളും അതോടൊപ്പം അഭിവന്ദ്യ തിരുമേനിയുടെ രക്തമാംസാസ്ഥികൾ ലയിച്ചുചേർന്ന കുറെ മണ്ണുമായിരുന്നു ഭൗതികാവശിഷ്ടങ്ങളായി കല്ലറയിൽനിന്ന് എടുത്ത് പേടകത്തിനുള്ളിൽ ഞങ്ങൾ സംഭരിച്ചത്." (റ്റി.കെ. വർക്കി ചേർത്തല, "മാർ കരിയാറ്റി മെത്രാപ്പോലീത്താ തിരുമനസ്സിലെ ഭൗതികാവശിഷ്ടങ്ങൾ, ഗോവായിൽനിന്ന് ആലങ്ങാട്ടേക്ക്", *മാർ കരിയാറ്റി സ്മാരകഗ്രന്ഥം*, Devamatha Publications, Trichur, 1969, p.95)

1786 സെപ്റ്റംബർ 11-ന് സംസ്കരിച്ച കരിയാറ്റിയുടെ കബറിടം തുറന്നത് 1960 ഡിസംബർ 10-ന് ആണ്. 174 വർഷംകൊണ്ട് പ്രായപൂർത്തിയായ ഒരാളുടെ സകല അസ്ഥികളും കാൽ ഇഞ്ചുമുതൽ ഒരിഞ്ചുവരെ മാത്രം ശേഷിക്കത്തക്കവിധം ഒടിഞ്ഞു നുറുങ്ങാറില്ല. മരിക്കുന്നതിനുമുമ്പ് വിഷബാധയേറ്റിരുന്നു എന്നു വ്യക്തമാക്കുന്ന ഒരു തെളിവാണിത്. ഇത്രയും ചുരുങ്ങിയ കാലംകൊണ്ട് എല്ലാ അസ്ഥികളും ദ്രവിച്ച് പൊടിയുകയില്ല. ഫോറൻസിക് പരിശോധന നടത്തിയാൽ വിഷബാധ തെളിയുന്നതാണ്. മാർത്തോമ്മാനസ്രാണികളുടെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി രക്തസാക്ഷിയായ മാർ കരിയാറ്റിയെ ഒട്ടും വൈകാതെ വിശുദ്ധരുടെ പട്ടികയിൽ ചേർക്കേണ്ടതാണ്.

പഴയകൂറിനെയും പുത്തൻകൂറിനെയും ഒന്നിപ്പിച്ച് സഭയെ ഐക്യത്തിലേക്കു കൊണ്ടുവരാനും വൈദേശികവൽക്കരണത്തിൽനിന്നു മോചിപ്പിക്കുവാനും മാർത്തോമ്മാനസ്രാണികളുടെ ശ്ലൈഹികവും ആരാധനാക്രമപരവുമായ വ്യക്തിത്വത്തെ വീണ്ടെടുക്കാനും വിദേശഭരണത്തിൽനിന്ന് നാടിനെയും നാട്ടുകാരെയും സഭയെയും സമുദായത്തെയും രക്ഷിക്കുവാനുംവേണ്ടി ഇറങ്ങിപ്പുറപ്പെട്ട ദൗത്യസംഘത്തെ സഭയുടെ വീരപുരുഷന്മാരും രക്തസാക്ഷികളും വിശുദ്ധന്മാരുമായി കാണേണ്ടതാണ്. അങ്ങനെ ഒരു പ്രഖ്യാപനം നടത്താൻ ഇനിയും എത്രനാൾ കാത്തിരിക്കണം!

www.malankaralibrary.com

### രണ്ടാം ഭാഗം എവിടെ?

വർത്തമാനപ്പുസ്തകം അപൂർണ്ണമാണെന്നു വ്യക്തമാണ്. അതിനു രണ്ടാം ഭാഗം ഉണ്ടെന്നും ഇല്ലെന്നും പലരും പറയാറുണ്ട്. രണ്ടാംഭാഗം എഴുതാൻ സാധിക്കാതെപോയി എന്നാണ് ചിലർ പറയുന്നത്. രണ്ടാംഭാഗം നശിപ്പിക്കപ്പെട്ടു എന്നു മറ്റു ചിലർ വാദിക്കുന്നു. ഒന്നാം ഭാഗംപോലെ ആയിരുന്നില്ല രണ്ടാം ഭാഗം എന്നു ചിലരൊക്കെപ്പറയുന്നു. രണ്ടാം ഭാഗം എഴുതാനുള്ള അടിസ്ഥാനരേഖകൾമാത്രമേ കരഗതമായിട്ടുള്ളൂ എന്നാണ് ഒരു വാദം. ഇതേപ്പറ്റി ഒക്കെ കൂടുതലായി ഒന്നും പറയുവാൻ സാധിക്കുന്നില്ല. എന്നാൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള വർത്തമാനപ്പുസ്തകം പല ഭാഗങ്ങളും ഇല്ലാത്തതാണ്. ഒന്നോ അതിലധികമോ അദ്ധ്യായംകൂടി എഴുതുവാൻ ഉദ്ദേശിച്ചിട്ടുള്ളതായി തോന്നും "അവസാനത്തെ" അദ്ധ്യായം വായിച്ചാൽ. അവസാനഭാഗം എഴുതി പൂർത്തിയാക്കാൻ ആരോ അനുവദിക്കാത്ത തരത്തിലാണ് ഇപ്പോഴത്തെ അവസാന അദ്ധ്യായം അഥവാ 78-ാം പാദം തീരുന്നത്. ഈ ലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ള കത്തുകളെല്ലാം അതേപടി വെളിച്ചം കാണുന്ന കാലത്ത് കൂടുതൽ തെളിവുകൾ ലഭിച്ചേക്കാം. ഗവേഷകർ ഈ കത്തുകൾ പഠനവിധേയമാക്കാൻ ഇനിയെങ്കിലും വൈകരുത്.

### എന്തുകൊണ്ട് ഈ പതിപ്പ്?

വർത്തമാനപ്പുസ്തകം എഴുതപ്പെട്ടിരിക്കുന്ന 200 വർഷത്തിലേറെ പഴക്കമുള്ള മലയാളഭാഷ ഇന്നു പലർക്കും സുഗ്രാഹ്യമല്ല. ആധുനിക വായനക്കാർക്കുവേണ്ടി അത് ഇന്നത്തെ ഭാഷയിലാക്കി പ്രൊഫ. മാത്യു ഉലകംതറ ഡി.സി. ബുക്സ് വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുതന്നെ ഇടമറ്റത്തുനിന്ന് പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉലകംതറയുടെ ആധുനിക തർജ്ജിമ ഉദാത്തവും ഗംഭീരവുമാണ്. ആധുനിക വായനക്കാരന്റെ ആസ്വാദനത്തിനുവേണ്ടി ആവുമ്പോൾ പഴയവാക്കുകളിൽ കടിച്ചുതൂങ്ങിക്കിടക്കാനാവില്ല. എന്നാൽ അതിരംപുഴ, തേവര, വടവാതൂർ എന്നിവിടങ്ങളിൽനിന്നു പ്രസിദ്ധീകരിച്ച പഴയ ഭാഷയിലുള്ള വർത്തമാനപ്പുസ്തകമാണ് എനിക്കു പഥ്യം. കത്തിക്കയറുന്ന വാക്കുകളിലൂടെ വർത്തമാനപ്പുസ്തകകാരന്റെ പടപ്പുറപ്പാട് ശത്രുപാളയങ്ങളിലേക്ക് ഇടിവെട്ടിക്കയറുന്നത് കാണേണ്ട കാഴ്ചയാണ്. വാക്കുകൾകൊണ്ട് ബ്രഹ്മാസ്ത്രം തൊടുക്കുന്ന കലാകാരനാണ് പാറേമ്മാക്കൽ അച്ചൻ. **ആധുനിക മലയാള ഗദ്യസാഹിത്യത്തിന്റെ പിതാവ്** എന്ന അപരനാമത്തിന് അദ്ദേഹം തികച്ചും അർഹനാണ്. മൂന്നു വർഷം മീനച്ചിൽ കർത്താവിന്റെ കീഴിൽ സംസ്കൃതം പഠിച്ചിരുന്ന കടനാട്ടുകാരനായ നസ്രാണിയുടെ വാഗ്‌വൈഭവം അനശ്വരവും അദ്വിതീയവും അത്ഭുതകരവുമാണ്. കാനാട്ട് ഐപ്പുകത്തനാരുടെ കളരിയിൽനിന്നു പഠിച്ച സുറിയാനിഭാഷയും ഗ്രന്ഥകാരൻ നന്നായി ഉപയോഗിച്ചിട്ടുണ്ട്. സുറിയാനി വേദപുസ്തകത്തിന്റെ ഉള്ളടക്കവും വ്യാഖ്യാനരീതികളും അദ്ദേഹത്തിനു സ്വന്തമാണ്. അദ്ദേഹ

www.malankaralibrary.com

മാണ് മലയാള പുതിയനിയമം പ്രഥമതഃ തയ്യാറാക്കിയത്. അതു പ്രസിദ്ധീകരിക്കപ്പെടാതെ പോയെന്നുമാത്രം! അചഞ്ചലമായ ഉള്ളുറപ്പും വിശ്വാസദാർഢ്യവും ഗ്രന്ഥകാരന്റെ കൈയിൽ മണിമുത്തുകളാണ്. തോമ്മാ മാർഗ്ഗത്തിലുള്ള പരമ്പരാഗതമായ പോഷണംകൊണ്ട് ഫലസമൃദ്ധമാണ് അദ്ദേഹത്തിന്റെ ലോകം. തെറിക്കുത്തരം മുറിപ്പത്തൽ എന്ന രീതിയിലുള്ള ശൈലിയും അദ്ദേഹത്തിനജ്ഞാതമല്ല. ദേശീയബോധവും സ്വാതന്ത്ര്യദാഹവും അദ്ദേഹത്തിന്റെ വാക്കുകളിലുടനീളം ജ്വലിച്ചുനിൽക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആശയലോകം ഇന്നത്തെ സാധാരണ മലയാളിക്ക് എളുപ്പത്തിൽ ഗ്രാഹ്യമല്ല. പഴയ പദങ്ങളും ശൈലികളും പരിചയമില്ലാത്തവർക്ക് വർത്തമാനപ്പുസ്തകം ഉപകാരപ്പെടത്തക്കവിധത്തിൽ പതിപ്പുകളുണ്ടാകുന്നത് സ്വാഗതാർഹമാണ്.

വർത്തമാനപ്പുസ്തകത്തിന്റെ ശ്രേഷ്ഠതയ്ക്കു ചേർന്നവിധം അതിന്റെ പഴയഭാഷയുടെ തനിമയും സൗന്ദര്യവും നിലനിർത്തി ക്കൊണ്ടുതന്നെ ഇന്നത്തെ തലമുറയ്ക്ക് അനായാസം വായിച്ചു മനസ്സിലാക്കുവാൻ തക്കവണ്ണം മലയാളഭാഷയുടെ കാലിക ശൈലിയോട് ചേർന്നു നിന്നുകൊണ്ടു മാളിയേക്കൽ ജോൺസാർ ഒരു പുതിയ മലയാളം പതിപ്പ് ഇതാ കൈരളിക്കു കാഴ്ചവച്ചിരിക്കുന്നു. വർത്തമാനപ്പുസ്തകത്തിലുടനീളം നിറഞ്ഞുനില്ക്കുന്ന ബൈബിൾ ഭാഗങ്ങളുടെ ഉദ്ധരണികൾ ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു എന്നതും ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്. പാറേമ്മാക്കലച്ചന്റെ രക്തം സിരകളിലൂടെ ഒഴുകുന്ന ഒരു വ്യക്തിയാണ് ജോൺസാർ. ഈ കൃതിയിലെ ജോൺസാറിന്റെ വാക്കുകൾ ലളിതവും ഹൃദ്യവും ആസ്വാദ്യകരവുമാണ്. കഠിനപദങ്ങളൊന്നും കാണാനില്ല. പഴയ പദങ്ങൾ മാറ്റി എഴുതിയപ്പോൾ കാര്യമായ ആശയച്ചോർച്ച സംഭവിച്ചിട്ടില്ല. മൂലഗ്രന്ഥത്തിന്റെ കാഴ്ചപ്പാടുകളിൽനിന്ന് അകന്നുമാറുന്ന ശൈലിയോ വാക്കുകളോ ഇല്ല. ലളിതസുന്ദരമായ ആധുനികവല്കരണം വർത്തമാനപ്പുസ്തകത്തിനൊരുക്കുക ആർക്കും അത്ര എളുപ്പമാണെന്നു തോന്നുന്നില്ല. എഴുത്തുകാർക്കും പണ്ഡിതന്മാർക്കും സാഹിത്യകാരന്മാർക്കും ദുഷ്കരമായ സംഗതിയാണ് ജോൺസാറിനു സാധിച്ചിരിക്കുന്നത്. അദ്ദേഹത്തെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥംവഴി വർത്തമാനപ്പുസ്തകക്കാരന്റെ ആശയലോകവും ദേശീയബോധവും സാഹിത്യശൈലിയും സാമുദായികചിന്തയും സാംസ്കാരികനവോത്ഥാനദർശനങ്ങളും സകല മലയാളഭാഷാസ്നേഹികളും പഠനവിഷയമാക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. ഗ്രന്ഥകാരനെ അനുമോദിക്കുന്നു.

■

www.malankaralibrary.com

# 7. "അങ്കമാലി അല്ലെങ്കിൽ കുറവിലങ്ങാട്"

"കൂടിയ യോഗത്തിൽ വയസ്സനും പരിചയവുമുള്ളവനും പഴമ സൂക്ഷ്മതയുള്ളയാളും കുറവിലങ്ങാടുപള്ളി ഇടവകക്കാരൻ പനംകുഴയ്ക്കൽ കുര്യേപ്പ് കത്തനാരകക്കൊണ്ട് മുമ്പിലത്തെ ഇടത്ത് അദ്ദേഹവും പിന്നെ ശേഷമുള്ള കത്തങ്ങളും (വൈദികർ) മാപ്പിളമാരും അവരവരുടെ ക്രമവും സ്ഥാനവും പോലെ ഇരുന്ന ഈ രണ്ടു മണിനേരം കൊണ്ട് വിചാരിച്ചു വരികയും ചെയ്യുന്നു." (വർത്തമാനപുസ്തകം ed. മോൺ മുത്തേടൻ പേജ് 30.)

മാർതോമ്മാ സന്രസാണികളുടെ സഭാകാര്യങ്ങൾ തീരുമാനിച്ചിരുന്നത് അവരുടെ പള്ളിയോഗമായിരുന്നു. പള്ളിയോഗത്തിന് ഇടവകതലത്തിലും പ്രാദേശികതലത്തിലും ദേശീയ തലത്തിലും വേദികളുണ്ടായിരുന്നു. ഏറ്റവും പ്രധാനപ്പെട്ടതും സഭയെ പൊതുവായി ബാധിക്കുന്നതുമായ സംഗതികൾ അർക്കദിയാക്കോന്റെ അഥവാ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലാണ് സമ്മേളിച്ചിരുന്നത്. അപ്രകാരമുള്ള ദേശീയയോഗത്തിൽ അവർ രണ്ടുമില്ലാതെ വരുമ്പോൾ പ്രഥമസ്ഥാനത്തിരിക്കേണ്ടത് കുറവിലങ്ങാട്ടു പള്ളിയുടെ വികാരിയായിരുന്നു.

18-ാം നൂറ്റാണ്ടിൽ അങ്കമാലിയിൽ വച്ച് നടന്ന ഒരു മഹായോഗത്തിൽ കുറവിലങ്ങാട്ടുപള്ളിയിൽ നിന്ന് ചെന്നിരുന്ന പനങ്കുഴയ്ക്കൽ വലിയ കുര്യേപ്പച്ചനായിരുന്നു അദ്ധ്യക്ഷൻ.

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പിന്റെ ആസ്ഥാനം എവിടെ വേണം എന്ന് ഒരു ചർച്ച ഗൗരവപൂർവ്വം നടക്കേണ്ടതായിരുന്നു. "കൊച്ചിയിലാണ് വിമാനത്താവളം. കൊച്ചിയാണ് കേരളത്തിലെ പ്രധാന പട്ടണം. കൊച്ചിയിൽ വേണം ആസ്ഥാനം. കൊച്ചിയെന്ന പേരും വേണം ആസ്ഥാന രൂപതയ്ക്ക്." ഇതായിരുന്നു എറണാകുളം ഭാഗത്തു നിന്നുയർന്ന വാദം. കൊച്ചി എന്ന പേരിൽ ഒരു ലത്തീൻ രൂപത നിലവിലുള്ളതിനാൽ ആ പേര് തരില്ലെന്ന് റോമിൽ നിന്നു വ്യക്തമാക്കി. "എങ്കിൽ പേര് എറണാകുളം എന്നുതന്നെ വേണം. ആസ്ഥാനം ഏതായാലും കൊച്ചി-എറണാകുളം ഭാഗത്തു തന്നെ വേണം" എന്നായി അടുത്ത വാദം. വിവേകത്തേക്കാൾ വികാരാവേശമായിരുന്നു ഈ വാദത്തിനു പിന്നിൽ എന്നു തീർച്ചയായിരുന്നു. സഭാചരിത്രപരമായ പഠനങ്ങളുടെ വെളിച്ചത്തിൽ നിന്നുയരുന്ന പക്വതയാർന്ന വിചാരമോ വികാരമോ ചർച്ചയോ അന്നു നടക്കാതെ പോയി. സഭയുടെ ലിറ്റർജി പരിഷ്കരണത്തെ കേന്ദ്രമാക്കി നടന്നിരുന്ന വിവാദകോലാഹലങ്ങളുടെ പശ്ചാത്തലം വിവേകവെളിച്ചത്തെ ബഹിഷ്ക്കരിച്ചു കളഞ്ഞ നാളുകൾ സഭാചരിത്രത്തിലെ കറുകറുത്ത ഒരദ്ധ്യായം തന്നെ. ആസ്ഥാനം എറണാകുളത്തോ കൊച്ചിയിലോ ആയതിൽ

www.malankaralibrary.com

അപാകത വല്ലതുമുണ്ടോ? കൊടുങ്ങല്ലൂർ, വടക്കൻ പറവൂർ, പാലയൂർ, മാല്യങ്കര, മലയാറ്റൂർ എന്നീ സ്ഥലങ്ങൾ എന്തുകൊണ്ടു വിട്ടുകളഞ്ഞു എന്നത് വിസ്മയകരമായിത്തോന്നിയിരുന്നു. സർവ്വഥാ യോഗ്യമായ അങ്കമാലിയായിരുന്നു പ്രഥമത. പരിഗണിക്കേണ്ടിയിരുന്നത്. വിമാനത്താവളം വന്നതു പിന്നീടാണെങ്കിലും ആ ഘടകമായിരുന്നില്ലല്ലോ സുപ്രധാനം. അങ്കമാലിയും കൊടുങ്ങല്ലൂരും പഴയ ആസ്ഥാനങ്ങളായിരുന്നുവെന്ന ചരിത്രം അവഗണിക്കപ്പെട്ടത് ആരുടെ കുറ്റം? മഹാദേവർ പട്ടണത്തിന്റെ പ്രാധാന്യം പറവൂരിന് പരമ്പരാഗതമായി സിദ്ധിച്ചിരുന്ന സംഗതിയും എന്തേ ആരും ഓർക്കാതെ പോയി? ആസ്ഥാനമന്ദിരം പണി കഴിപ്പിച്ച സഭാ സാമ്പത്തികതലവൻ ഫാ. മാത്യു മഠത്തിക്കുന്നേലച്ചനോട് ഞാൻ പരാതി പറഞ്ഞു. "അങ്കമാലിയല്ലെങ്കിൽ കുറവിലങ്ങാടായിരുന്നു ഏറ്റം ഉചിതമായ ആസ്ഥാനം. സഭാചരിത്രത്തിന്റെ വെളിച്ചത്തിൽ ഇവയേക്കാൾ യോഗ്യതയുള്ള മറ്റേതു സ്ഥലമാണ് ഭൂമുഖത്തുള്ളത്?" എന്റെ വാദം ശരിയാണെന്നും എന്നാൽ ഇന്നത്തെ സഭയുടെ സങ്കുചിതവും കലുഷിതവുമായ വിഭാഗീയത കാരണം അവ പരിഗണിക്കപ്പെടാതെ പോയെന്നും അച്ചൻ സമ്മതിച്ചു. സഭയുടെ പൊതുനന്മയോ സഭാചരിത്രത്തിന്റെ പ്രാധാന്യമോ എന്നൊന്നും നോക്കാതെ സ്ഥാപിത താല്പര്യങ്ങളോ സ്വാർത്ഥതയോ അജ്ഞതയോ കുറ്റകരമായ അനാസ്ഥയോ ഒക്കെ മുന്നിട്ടു നിന്നാൽ എന്തു ചെയ്യാൻ പറ്റും - അച്ചൻ ചോദിച്ചത് ഓർമ്മയിലുണ്ട്.

മേൽപ്പറഞ്ഞ വിഷയം ഈ ലേഖകൻ പൗരസ്ത്യ സഭാകാര്യാലയത്തിൽ അന്നു സീറോ മലബാർ സഭാകാര്യങ്ങളുടെ ചുമതലയുണ്ടായിരുന്നു ആർക്കിമാൻഡ്രൈറ്റ് ജോർജ് മിഫ്സുദിന്റെ പക്കൽ ചർച്ച ചെയ്തു. "എന്തുചെയ്യാം. പാരസ്ത്യസഭാകാര്യാലയവും റോമും ഇക്കാര്യത്തിൽ നിസ്സഹായരാണ്. കുറ്റം നിങ്ങളുടേതു തന്നെ. ആസ്ഥാനം കൊച്ചിയിൽ അഥവാ എറണാകുളത്തു വേണമെന്ന് ഭൂരിപക്ഷലോബി റോമിനോടാവശ്യപ്പെട്ടു. കൊച്ചിയെന്ന പേര് നൽകാനാവില്ലെന്നു റോം ശഠിച്ചു. എറണാകുളം ആകാമെന്ന് റോമിനു സമ്മതിക്കേണ്ടിവന്നു. എന്നാൽ റോമിൽ നിന്ന് ഞങ്ങൾ ഒന്നു ചെയ്തു. അങ്കമാലിയെന്ന പേര് എറണാകുളത്തോടു കുട്ടിച്ചേർത്ത് പൗരസ്ത്യ കാര്യാലയം ചെയ്യാവുന്നതു ചെയ്തു. അങ്കമാലിയുടെ പ്രാധാന്യം റോമിനറിയാം. പക്ഷേ നിങ്ങളുടെ സഭയിൽ ഭൂരിപക്ഷം എറണാകുളമോ കൊച്ചിയോ വേണമെന്ന് തീവ്രമായി വാദിച്ചപ്പോൾ ഇതിൽപ്പരം ഞങ്ങൾ എന്തുചെയ്യാനാണ്? ഒരു കാലത്ത് ആസ്ഥാനം അങ്കമാലിക്കു മാറുമെന്ന പ്രതീക്ഷയിലാണ്" റോം ഇതു തീരുമാനിച്ചതെന്നും അദ്ദേഹം സൂചിപ്പിച്ചു.

അങ്കമാലിയിൽ ആസ്ഥാനം വേണമെന്നു വാദിക്കാൻ വിവരമുള്ള സഭാചരിത്രപണ്ഡിതന്മാർ ഒരു കാലത്ത് മുന്നോട്ട് വരുമെന്ന് പ്രതീക്ഷിക്കാം? ടൗണിലെ രണ്ടു പള്ളികൾ സീറോ മലബാർ സഭയുടെ കൈവശമുണ്ട്.

www.malankaralibrary.com

അവ രണ്ടും മേജർ ആർച്ചു ബിഷപ്പിന്റെ ആസ്ഥാന പള്ളികളാക്കാം. പക്ഷേ മലയാറ്റൂരിൽ ആറ്റുതീരത്തും മലയടിവാരത്തുമായി 500 ഏക്കർ വാങ്ങുക. സീറോമലബാർ സഭയുടെ രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും ഓരോ ഏക്കർ വീതം വില്ക്കുക. ഓരോ രൂപതയും ഓരോ സന്യാസ സമൂഹവും ഓരോ ഭവനങ്ങൾ സ്വന്തമായി നിർമ്മിക്കുക. ബാക്കി സ്ഥലം മുഴുവൻ മേജർ ആർച്ചു ബിഷപ്പിന്റെ കീഴിൽ ആശ്രമം, ഹാളുകൾ ഇതരസൗകര്യങ്ങൾ സഹിതം പടുത്തുയർത്തുക. ഇതൊക്കെയായിരുന്നു എന്റെ വ്യക്തിപരമായ കാഴ്ചപ്പാടുകൾ. ഇനിയെങ്കിലും ഇതൊക്കെ ആരെങ്കിലുമൊക്കെ ചിന്തയ്ക്കും ചർച്ചയ്ക്കും വിഷയമാക്കിയാലോ എന്ന പ്രതീക്ഷയിലാണ് ഇക്കാര്യം കുറിച്ചത്. എറണാകുളത്തെ അതിരൂപത യാക്കി നിലനിർത്തിക്കൊണ്ടുതന്നെ സഭാതലവന്റെ ഇരിപ്പിടം മാറ്റാൻ എന്തു തടസ്സം? സഭയുടെ പൊതുനന്മയും വളർച്ചയും ലക്ഷ്യമാക്കുന്നവർ പ്രാർത്ഥനാപൂർവ്വം ആലോചിക്കുമെന്നു കരുതാം.

## മാർത്തോമ്മാനസ്രാണികളുടെ ഈറ്റില്ലമായ കുറവിലങ്ങാട്

2005 ഡിസംബർ അവസാനവും 2006 ജനുവരി ആദ്യവുമായി കുറവിലങ്ങാട് ഇടവകയുടെ വിവിധ ഭാഗങ്ങളിലും ഇടവകപ്പള്ളിയിലുമായി ഈ ലേഖകർ പന്ത്രണ്ടു പ്രസംഗങ്ങൾ നടത്തിയിരുന്നു. "കുറവിലങ്ങാടേ ഉണരുക", "കുറവിലങ്ങാട്: മാർത്തോമ്മാ നസ്രാണികളുടെ പുണ്യഭൂമി", "മലങ്കരസഭയുടെ മാതൃദേവാലയം", "പകലോമറ്റവും അർക്കദിയാക്കോന്മാരും'', ''നിധീരിക്കൽ മാണിക്കത്തനാർ'', ''മാതാവു കാണപ്പെട്ട ലോകത്തിലെ പ്രഥമതീർത്ഥാടനകേന്ദ്രം", "ഭാവിക്കൊരു രൂപരേഖ" എന്നീ പ്രബന്ധങ്ങളായിരുന്നു പ്രധാന പ്രസംഗവിഷയങ്ങൾ. പകലോമറ്റത്തും മറ്റും ചിലതൊക്കെ ചെയ്യപ്പെട്ടതിൽ ചാരിതാർത്ഥ്യമുണ്ടെങ്കിലും പലതും ചെയ്യപ്പെടാതെ പോയതിൽ ഖേദവുമുണ്ട്. റവ. ഡോ. തോമസ് മൂലയിൽ, റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ എന്നീ വികാരിയച്ചന്മാരുടെ ഉത്സാഹവും പരിശ്രമവും പ്രോത്സാഹനവും ആയിരുന്നു ഇതിനെല്ലാം നിമിത്തമായത്. കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലത്തോളം ശ്രമിച്ചിട്ടും യാഥാർത്ഥ്യമാകാത്ത എക്യുമെനിക്കൽ സുറിയാനിപഠനകേന്ദ്രം, ലൈബ്രറി ആശ്രമം എന്നീ സ്വപ്നങ്ങൾ ബാക്കി നില്ക്കുന്നു! ഇതിനായി ഈ ലേഖകൻ ബഹു മൂലയിലച്ചൻ വഴി ശ്രമിച്ചിരുന്നു; സ്വന്തം നിലയ്ക്കും നോക്കിയിരുന്നു. ബഹു. മലേപ്പറമ്പിലച്ചൻ വഴി ശ്രമിച്ചിട്ടും മേല്പറഞ്ഞ കാര്യങ്ങൾ വഴിമുട്ടി നിന്നു. അഥവാ പകലോമറ്റത്തോ നിധീരിക്കൽ മാണിക്കനാരുടെ ജന്മഗൃഹത്തിലോ മേല്പറഞ്ഞ സ്ഥാപനങ്ങൾ ഇതിനോടകം തുടങ്ങാമായിരുന്നു. കുറവില ങ്ങാട്ടു നിന്ന് നാലു കിലോമീറ്റർ ദൂരെമാറി കാഞ്ഞിരത്താനം ഇടവകാ തിർത്തിയിൽ അവ ആരംഭിക്കാനുള്ള ഒരുക്കത്തിലാണ്.

www.malankaralibrary.com

കുറവിലങ്ങാട് മലങ്കരയിലെ മാർത്തോമ്മാനസ്രാണികളുടെ പുണ്യഭൂമിയാണ്; ലോകത്തിലാദ്യമായി മാതാവു പ്രത്യക്ഷപ്പെട്ട അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രമാണത്. "കിഴക്കിന്റെ ലൂർദ്ദ്" എന്നു കുറവിലങ്ങാടിനെ വിളിക്കുന്നത് തീർത്തും തെറ്റാണ്! കാരണം ലൂർദ്ദിൽ മാതാവു കാണപ്പെട്ടത് കേവലം ഒന്നര നൂറ്റാണ്ടു മുമ്പു മാത്രമാണ്. എന്നാൽ കുറവിലങ്ങാട്ട് മാതൃപ്രത്യക്ഷം നടന്നത് ഒന്നാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിലായിരുന്നു. ലൂർദ്ദിലോ ഫാത്തിമയിലോ നിന്നല്ല മിശിഹായുടെ മാതാവിനോടുള്ള ഭക്തിവണക്കങ്ങൾ മലങ്കരയിൽ ആരംഭിച്ചത്. പിന്നീടു വന്നുചേർന്ന സംഗതികളായിരുന്നില്ല മലങ്കരയുടെ മാതൃഭക്തിയുടെ തുടക്കമെന്നു തീർച്ച. മലങ്കരയിലെ പുരാതനപള്ളികളിൽ മിക്കതും മാതാവിനു സമർപ്പിതമായിരുന്ന തീർത്ഥാടനകേന്ദ്രങ്ങളാണ് എന്നും കാണാം. മാർത്തോമ്മാ നസ്രാണികളുടെ മാതൃഭക്തി സഭയോളം പഴക്കമുള്ള ശ്ലൈഹികപാരമ്പര്യമാണ്. മാർത്തോമ്മാശ്ലീഹായിൽ നിന്നു നേരിട്ടു ലഭിച്ച പൈതൃകമാണത്. മാതാവ് ഈ ലോകത്തിൽ നിന്നു വേർപെട്ട വേളയിൽ· ശ്ലീഹന്മാരെല്ലാം വിശുദ്ധനാട്ടിൽ എത്തിയിരുന്നതായി അപ്പോക്രിഫൻ പാരമ്പര്യമുണ്ട്. പക്ഷേ തോമ്മാശ്ലീഹാ മാത്രം ചെന്നെത്താൻ അല്പം വൈകിപ്പോയിരുന്നുവത്രേ. വൈകിച്ചെന്നതു കൊണ്ട് പ്രത്യേക സമ്മാനം മാതാവിൽ നിന്നു ലഭിച്ചു. മാതാവിന്റെ സുനാറ അഥവാ അരക്കെട്ട്! ഇന്നും അതിന്റെ അംശങ്ങൾ പല പള്ളികളിലും വണക്കത്തിനു വച്ചിട്ടുണ്ട്.

ഒന്നാം നൂറ്റാണ്ടുമുതൽ മാർത്തോമ്മാനസ്രാണികൾക്കിടയിൽ നിലനിന്നുപോന്ന മാതൃഭക്തിയെ ലൂർദ്ദ്, ഫാത്തിമ തുടങ്ങിയ ആധുനിക യൂറോപ്യൻ മരിയൻ തീർത്ഥാടനകേന്ദ്രങ്ങളോടു ബന്ധപ്പെടുത്തി വികലമാക്കുന്നത് ശരിയാണോ? ഇന്ത്യയുടെ സ്വന്തമായ മാർത്തോമ്മാ നസ്രാണിപൈതൃകത്തെ യൂറോപ്യൻ കുഴൽക്കണ്ണാടിയിൽ കുടി വേണമോ കണ്ടുപിടിക്കാൻ? ഇന്ത്യയിലെ ക്രൈസ്തവചരിത്രം പിൽക്കാലത്ത് യൂറോപ്യൻ ഇറക്കുമതി എന്ന് വിശേഷിപ്പിക്കുന്ന ചരിത്രാഭാസകരുടെ കയ്യിൽ ഇത്തരം വടി കൊടുത്ത് അടി വാങ്ങുന്നത് എന്തിന്? യൂറോപ്യൻ ക്രൈസ്തവസഭയുടെ അവശിഷ്ടമല്ല മലങ്കരനസ്രാണികളുടെ ശ്ലൈഹിക പാരമ്പര്യം! ലൂർദ്ദിൽ "പടിഞ്ഞാറ്റിന്റെ കുറവിലങ്ങാട്" എന്നെഴുതി വയ്ക്കുകയാണു വേണ്ടത്! പറങ്കികൾ അങ്ങനെയൊന്നും ചെയ്യുകയില്ല; എന്തുകൊണ്ട് എന്ന് ആരെങ്കിലും ആലോചിച്ചിരുന്നെങ്കിൽ! ലൂർദ്ദും ഫാത്തിമയും ഈയുള്ളവന്റെ ഭാഷയിൽ "പടിഞ്ഞാറിന്റെ കുറവിലങ്ങാടുകൾ" മാത്രമാണ്. എന്നാൽ കുറവിലങ്ങാടിനെ "കിഴക്കിന്റെ ലൂർദ്ദ്" എന്നു വിളിച്ചാൽ അതു കുറവിലങ്ങാടിന്റെ ചരിത്രപരമായ പഴക്കത്തിനും പാരമ്പര്യത്തിനും പ്രാധാന്യത്തിനും എതിരാണ്. ഒരു ശ്ലൈഹികസഭയുടെ പരമ്പരാഗത പൈതൃകത്തെ അളക്കേണ്ടതും അറിയേണ്ടതും ആധുനിക

www.malankaralibrary.com

പാശ്ചാത്യൻ അളവുകോൽ ഉപയോഗിച്ചു കൊണ്ടല്ലല്ലോ. കേരളത്തിലുട നീളം ലൂർദ്ദുഗ്രോട്ടോകൾ പണിതുവച്ചിരിക്കുന്നു!, എന്നാൽ 20 നൂറ്റാണ്ടു പഴക്കമുള്ള മാതൃപ്രത്യക്ഷ ചിത്രീകരണം കുറവിലങ്ങാട് ഉണ്ടാക്കാൻ നേതൃത്വം നൽകിയ ബഹു. തോമസ് മുലയിലച്ചനെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല. മാർത്തോമ്മാനസ്രാണികൾ അനുകരിക്കേണ്ടിയിരുന്ന മാതൃഗ്രോട്ടോ കുറവിലങ്ങാട്ടു മുത്തിയമ്മയും കുട്ടികളും എന്നതുതന്നെ. എന്നാൽ കുറവിലങ്ങാട്ടുപോലും പ്രസ്തുത ഗ്രോട്ടോ പണിതത് 2005-ൽ മാത്രം, 1900 വർഷം വേണ്ടിവന്നു. ലോകചരിത്രത്തിൽ ഏറ്റമാദ്യം നടന്ന മാതൃപ്രത്യക്ഷം ചിത്രീകരിക്കപ്പെടാൻ! എന്നാൽ 150 വർഷം മുമ്പ് പറങ്കിനാട്ടിൽ ഉണ്ടായ മാതൃപ്രത്യക്ഷം കേരളത്തിലുടനീളം ഉണ്ടായതു വിചിത്രമെന്നേ പറയേണ്ടു! ഇന്നും കുറവിലങ്ങാടിനെ "കിഴക്കിന്റെ ലൂർദ്ദ്" എന്നു വിളിക്കുന്നവരുടെ മനോഭാവത്തെപ്പറ്റി എന്താണു പറയുക? ഇനിയെങ്കിലും കുറവിലങ്ങാടിന്റെ മാതൃഭക്തിയെ വൈദേശികവും ഈയടുത്ത കാലത്തുമാത്രം മുളപൊട്ടിയ ലൂർദ്ദിനോടും ഫാത്തിമയോടും താരതമ്യപ്പെടുത്താൻ പാടില്ല.

മാർത്തോമ്മാശ്ലീഹാ മലങ്കരയിൽ വന്നിറങ്ങിയത് "മിശിഹാക്കാലം അമ്പതു ധനുവംരാശി" (എ.ഡി. 50)യിൽ എന്നാണു റമ്പാൻ പാട്ടിൽ പറയുന്നത്. എ.ഡി. 50 മുതൽ എ.ഡി. 72 വരെയാണ് തോമ്മാശ്ലീഹാ ദക്ഷിണേന്ത്യയിൽ സുവിശേഷമറിയിച്ചത്. മാല്യങ്കര, മഹാദേവർപട്ടണം, വടക്കൻ പറവൂർ, പാലയൂർ, മലയാറ്റൂർ, കോക്കമംഗലം, പള്ളിപ്പുറം, തൃക്പാലേശ്വരം, നിരണം, കൊല്ലം, നിലക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ ചെറിയ നസ്രാണിസമൂഹങ്ങൾ അക്കാലത്തുതന്നെ രൂപം കൊണ്ടിരുന്നു. ചേരനാടിന്റെ തീരദേശവും പെരിയാർ, മീനച്ചിൽ, പമ്പ എന്നീ നദീതടങ്ങളും ശ്ലീഹായുടെ സഞ്ചാരപഥങ്ങളായിരുന്നു. ചോഴനാട്ടിലും പാണ്ടിനാട്ടിലും മാർത്തോമ്മാനസ്രാണി ജനപദങ്ങൾക്കു രൂപം കൊടുത്തതും തോമ്മാശ്ലീഹാ തന്നെ. മലങ്കരയിലും മൈലാപ്പൂരിലും ഓരോ മെത്രാന്മാരും ശ്ലീഹായാൽ നിയമിക്കപ്പെട്ടിരുന്നു. ചേരനാട്ടിൽ ഏഴു പ്രധാനാചാര്യന്മാരും അവർ ഓരോരുത്തരുടേയും കീഴിൽ മുമ്മൂന്നു ശുശ്രൂഷികളും ഉണ്ടായിരുന്നു. പാണ്ടിനാട്ടിലും ചോഴനാട്ടിലും പെട്ടെന്നു മതപീഡനമുണ്ടായി ചേരനാട്ടിൽ നസ്രാണികൾ രാജപ്രീതിയിൽ നാലുതലമുറകൾ വരെ ജീവിച്ചുപോന്നു. അഞ്ചാം തലമുറയിൽ ചേരനാട്ടിലും മതപീഡനം നടന്നു. രണ്ടും മൂന്നും തലമുറയിൽപ്പെട്ടവർ അങ്കമാലി, കടുത്തുരുത്തി, കുറവിലങ്ങാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് കുടിയേറിപ്പാർത്തു. മൂന്നാം തലമുറയിൽപ്പെട്ട കുട്ടികൾക്കാണ് കുറവിലങ്ങാട്ടെ വിജനമായ കാട്ടുപ്രദേശത്ത് വച്ച് മാതാവു പ്രത്യക്ഷപ്പെട്ടത്. പ്രത്യക്ഷം രണ്ടു പ്രാവശ്യമുണ്ടായി എ.ഡി. 105ന് മുമ്പായിരുന്നു അവ രണ്ടും.

www.malankaralibrary.com

കുറവിലങ്ങാടുവരെ അന്ന് കായൽത്തീരം വ്യാപിച്ചു കിടന്നിരുന്നു. ആടുമാടുകളെ തീറ്റാൻ ഒരുപറ്റം കുട്ടികൾ കുറവിലങ്ങാട്ട് എത്തുക പതിവായി മാറി. വിജനമായ കുന്നുകൾ കാടും പടലും വന്മരങ്ങളും കൊണ്ടു നിറഞ്ഞു നിന്നിരുന്നു. ഉൾക്കായലുകളിൽ നിന്നുള്ള തിരമാലകൾ കുന്നുകളുടെ പാദങ്ങൾക്കു ചിലമ്പുകളും കാൽത്തളകളും അണിയിക്കുന്നതുകണ്ട് കുട്ടികളെല്ലാം സന്തോഷിച്ചു തുള്ളിച്ചാടി നടന്നു. ഉച്ചവെയിൽ കൊള്ളാതെ കാട്ടുപടർപ്പുകൾക്കിടയിലും മരച്ചില്ലകൾക്കിടയിലും അവർ അഭയം തേടും. ഉച്ചകഴിഞ്ഞേ അവർ ആഹാരം കഴിക്കാൻ വീട്ടിൽ തിരിച്ചെത്തുക പതിവുള്ളു. മകരച്ചൂട് പടിവാതിലിൽ വന്നെത്തിയിരുന്ന ധനുമാസത്തിലെ അവസാനദിവസങ്ങൾ കൊഴിഞ്ഞുതുടങ്ങി. പതിവു പോലെ ഏതാനും കുട്ടികൾ ആടുമാടുകളെ ആട്ടിത്തെളിച്ചുകൊണ്ടുവന്ന് കാട്ടുമലയടിവാരത്ത് മേയാൻ വിട്ടു. കുട്ടികൾ തീരത്തും വെള്ളത്തിലുമായി ഓടിക്കളിച്ചു തളർന്നപ്പോൾ തണലിലേയ്ക്കോടി നിലത്തു ഇരുന്നു കഥകൾ പറഞ്ഞു. ചിലർ ചില പാട്ടുകൾ പാടി. സമയം ഏറെയായപ്പോൾ ചിലർക്കു വിശന്നുതുടങ്ങി. “നമുക്കു കാട്ടുമലയിൽചെന്ന് കൊറെ കൊരണ്ടിപ്പഴം പറിക്കാം.” എന്നായി ചിലർ, എല്ലാവർക്കും അതിഷ്ടമായിരുന്നു. പേടി കൂടാതെ കുട്ടികളെല്ലാം കാടിന്റെ ഉള്ളിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്നു. കൊരണ്ടിപ്പഴം ഇഷ്ടംപോലെ കിട്ടി. ചിലർക്കു ദാഹമായി. പക്ഷേ വെള്ളം എവിടെക്കിട്ടാനാണ്? എങ്ങിനെയെങ്കിലും കാടിനു വെളിയിലെത്താനുള്ള ശ്രമത്തിനിടയിൽ അവർക്കു വഴിതെറ്റിപ്പോയി. കൊടുംകാട്ടിലെ ഇരുണ്ട ചുറ്റുപാടുകൾ; കുട്ടികൾക്കെല്ലാം ഉള്ളിൽ പേടിയായിത്തുടങ്ങി. വഴിയറിയാതെ കാട്ടിലെ അരണ്ട വെളിച്ചക്കീറുകളെ അവർ തിരഞ്ഞുകൊണ്ട് കുറെക്കൂടി നടന്നു. അറിയാവുന്ന പ്രാർത്ഥന അവർ ഒരുമിച്ച് ഉറക്കെ ചൊല്ലാനാരംഭിച്ചു. അവർ പാടിയ പാട്ടിൽ ഏതാണ്ട് താഴെവരുന്ന ചില വരികളുടെ ആശയമുണ്ടായിരുന്നു:

ആപത്തിലാലാഹാ കൂടെയുണ്ട്/താപത്തിൽതോമ്മായും കൂടെയുണ്ട്
തോമ്മാതൻ കർത്താവു കൂടെയുണ്ട്/അമ്മയും തോമ്മായുമുണ്ടെനിക്ക്.
അഞ്ചൊരുപത്തും പിന്നൊരു പത്തും/വീണ്ടും പത്തൊരു രണ്ടുംകൂടെ
അമ്പതുകാലം രണ്ടാമൂഴം/മുമ്പേപിമ്പേപോകാം വെക്കം

വിശന്നും ദാഹിച്ചും കുട്ടികൾ വലഞ്ഞു; വഴിതെറ്റി കാട്ടുമലയിലെങ്ങും അവർ അലഞ്ഞു. പെട്ടെന്ന് മുമ്പിൽ പോയിരുന്ന കുട്ടി അലറിക്കരഞ്ഞു കൊണ്ട് എടുത്തുചാടി. ചിതൽപ്പുറ്റിനെ ചുറ്റിക്കിടന്ന ഒരു കറുത്ത പാമ്പിന്റെ വാലിൽ അവനറിയാതെ ചെന്നു ചവിട്ടിപ്പോയതാണ്. കുട്ടികൾ കൂട്ടക്കരച്ചിലായി. പാമ്പിന്റെ ഉടൽ ഇരുണ്ടുതിളങ്ങുന്നതുപോലെ, തല ഉയർത്തി ഭീമാകാരമായ വായ് തുറന്നു അത് കുട്ടികളെ വിഴുങ്ങാനൊരുങ്ങുകയാണ്. കുട്ടികളിലൊരാൾ “അമ്മേ! ഈശോ! തോമ്മായേ! എന്ന് അത്യുച്ചത്തിൽ അലറിവിളിച്ചു. മൂന്നു പ്രാവശ്യം അവൻ അതു മന്ത്രംപോലെ ഉറക്കെ

www.malankaralibrary.com

വിളിച്ചുകാറി. പെട്ടെന്നതാ ആകാശത്തു നിന്ന് ഒരു തീഗോളം കാട്ടുമലയിൽ വീണു. കാട്ടിലെങ്ങും സുവർണ്ണമായ വെളിച്ചം പരന്നു. അതെത്തുടർന്ന് വെള്ളിവെളിച്ചത്തിന്റെ ഏഴുകതിരുകൾ ചിതറിത്തെറിപ്പിച്ചുകൊണ്ട്, ഒരു വടി ഇടത്തു കയ്യിൽ പിടിച്ചു കൊണ്ട് വളരെ പ്രായം കുറഞ്ഞ ഒരു യുവതി ആകാശത്തു നിന്ന് ചിറകില്ലാതെ പറന്നിറങ്ങി വന്ന് മുൾപ്പടർപ്പു തിങ്ങിനിറഞ്ഞ ഒരു പാറക്കെട്ടിൽ നിലയുറപ്പിച്ചു. തന്റെ വലതുകയ്യിൽ പിടിച്ചുകൊണ്ട് അതിസുന്ദരനായ ഒരു ബാലനും കാണപ്പെട്ടു. നാലു വയസ്സുള്ള ഒരു കുട്ടിയെപ്പോലെ തോന്നിച്ച ബാലനെ കണ്ടപാടെ ഭീകരസർപ്പത്തിന്റെ വായ താനെ അടഞ്ഞു. പാറക്കെട്ടിൽ നിന്ന് ഒരു മുൾപ്പടർപ്പ് പാറിപ്പറന്നു ചെന്നു സർപ്പത്തിന്റെ വായെ വരിഞ്ഞുകെട്ടി, യുവതി ഇടംകയ്യിലെ വടികൊണ്ട് ആ ഭീകരസർപ്പത്തെ തോണ്ടിയെറിഞ്ഞു. ഇതെല്ലാം കണ്ട് കുട്ടികളെല്ലാം നിലത്തുവീണു "അമ്മേ! ഈശോയെ! തോമ്മായേ! എന്നാവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. മക്കളേ, മതി ഇനി എഴുന്നേൽക്ക്! വല്ലതും കഴിക്കേണ്ടേ! വല്ലതും കുടിക്കേണ്ടേ! ആ അമ്മ കുട്ടികളെ തൊട്ടുതലോടിക്കൊണ്ട് വാത്സല്യപൂർവ്വം പറഞ്ഞു.

കുട്ടികളെല്ലാം എഴുന്നേറ്റുനിന്നു! ഞൊടിയിടകൊണ്ട് യുവതിയുടെ വലംകയ്യിൽ ഒരപ്പം! അതുവരെ അവളുടെ വലംകയ്യിൽ പിടിച്ചിരുന്ന ബാലൻ അപ്രത്യക്ഷനായി. കയ്യിലുണ്ടായിരുന്ന അപ്പം ഒരു കുട്ടി വാങ്ങി. അപ്പോഴതാ യുവതിയുടെ കയ്യിൽ മറ്റൊരപ്പം. അതു മറ്റൊരാൾ വാങ്ങി. അപ്പോഴതാ യുവതിയുടെ കയ്യിൽ ഒരപ്പം കൂടി. ഈ കാഴ്ച കണ്ട് കുട്ടികൾ അമ്പരന്നു. കയ്യിൽ ഒരിക്കൽ ഒരു അപ്പം മാത്രമേ കാണാനുള്ളു. കുട്ടികളിലൊരാൾ അതു വാങ്ങുമ്പോൾ വേറൊരെണ്ണം കാണപ്പെടുന്നു. കുട്ടികൾ 7 പേരും അങ്ങനെ ഓരോ അപ്പം വീതം തിന്നു. തന്റെ ഇടംകയ്യിലെ വടി അവൾ ഉയർത്തി അവൾ നിന്നിരുന്ന പാറക്കെട്ടിൽ തൊട്ടു. പെട്ടെന്ന് പാറയിൽ നിന്ന് 7 ശാഖകളായി ഒരേ ഒരുറവയിൽ നിന്ന് വെള്ളം ചിതറിത്തെറിച്ചു. കുട്ടികൾ എല്ലാവരും വെള്ളം കുടിച്ചുതൃപ്തരായി. "അമ്മേ! അമ്മ ആരാണ്? എവിടുന്നു വരുന്നു? എന്താണമ്മയുടെ പേര്?" ദിവ്യമായ ഒരു പുഞ്ചിരി പൊഴിച്ചുകൊണ്ട് അവൾ പെട്ടെന്ന് ഒരു പടുവൃദ്ധയായി മാറി. "മക്കളെ, ഞാനാണ് കുറവിലങ്ങാട്ടു മുത്തി! നിങ്ങൾ കണ്ട എന്റെ മകനാണ് ഈശോ. ഞാനല്ല അവനാണ് നിങ്ങൾക്ക് അപ്പം തന്നത്! നിങ്ങൾ കുടിച്ച ജീവജലവും അവനാകുന്ന പാറയിൽ നിന്നാണ്. നിങ്ങൾ തോമ്മാശ്ലീഹായുടെ മക്കളാണ്. നിങ്ങൾ വിളിച്ചു ഞാൻ വന്നു. ഇനിയും കുടിക്കാൻ ഈ പാറയ്ക്കരികെ വന്നാൽ മതി." മുത്തി പെട്ടെന്ന് മറഞ്ഞു. പക്ഷേ പാറയിൽ തറച്ചുനിന്ന വടി ആകാശംവരെ വളർന്നു. "മാർ വാലാഹ്" എന്നു മൂന്നു പ്രാവശ്യം ആരോ വിളിച്ചു പറയുന്നത് കുട്ടികൾ കേട്ടു. "അതു തോമ്മാശ്ലീഹായുടെ പ്രാർത്ഥനയാണ്" എന്നു പറഞ്ഞുകൊണ്ട് അവരും അത് മൂന്നുതവണ

www.malankaralibrary.com

ആവർത്തിച്ചു. അതു ചൊല്ലിക്കൊണ്ട് അവർ മലയടിവാരത്തെത്തി ആടുമാടുകളെയും കുട്ടി വീടുകളിലേക്ക് നടന്നു.

ഈ വാർത്ത കാട്ടുതീപോലെ ഓമല്ലൂരിലും കടുത്തുരുത്തിയിലും കാളികാവിലും, ഏറ്റുമാനൂരും കടപ്പൂരിലും അതിരമ്പുഴക്കടവിലും പരന്നു. പിറ്റേന്നുനേരം പുലരും മുമ്പേ കാട്ടുമലയിലെത്തിയ മാർത്തോമ്മാ നസ്രാണികളും "കുറവിലങ്ങാട്ടുമുത്തി"യെ കണ്ടുവത്രെ. പാറയിൽ നിന്നൊഴുകുന്ന തീർത്ഥജലം അവരെല്ലാം കുടിച്ചു. "തോമ്മാശ്ലീഹായുടെ പ്രാർത്ഥന" അവരും ആവർത്തിച്ചു ചൊല്ലി. ഈ വർത്തമാനം മലങ്കര മുഴുവൻ ഒരാഴ്ചയ്ക്കകം അറിഞ്ഞു. പകലോമറ്റത്ത് പള്ളിയോഗം വിളിച്ചു കൂട്ടി. മാളിയേക്കൽ തോമ്മാറമ്പാൻ 2-ാമനും കടപ്പൂർ ചാക്കോറമ്പാൻ 2-ാമനും കുട്ടികളിൽ നിന്ന് വിശദീകരണങ്ങൾ തേടിയ ശേഷം പറഞ്ഞു. "ഞങ്ങൾ മൈലാപ്പൂർ തീർത്ഥാടനത്തിനു പോകുന്നു, കുട്ടികളെയും കൂട്ടി. തിരിച്ചുവരുന്നതുവരെ കാട്ടുമലയിലും കടുത്തുരുത്തിക്കടവിലും പ്രാർത്ഥനകൾ മുടക്കരുത്." പാലയൂർ തൊട്ട് മലങ്കരയിൽ ഉണ്ടായിരുന്നു. ഏഴു പള്ളികളിൽ നിന്ന് എത്തിയിരുന്നതാണു പലരും. തീർത്ഥാടകസംഘം തിരിച്ചെത്തിയത് എ.ഡി. 105 ലാണത്രെ. അന്നുമുതൽ കുറവിലങ്ങാട്ടു മുത്തിയുടെ പള്ളിയും തീർത്ഥക്കുളവും മാർത്തോമ്മാനസ്രാണികളുടെ അനൗദ്യോഗിക തലസ്ഥാനമായിത്തീർന്നു.

അങ്ങനെ ഈശോയുടെ അമ്മ പ്രത്യക്ഷപ്പെട്ട പ്രഥമസ്ഥലമാണ് കുറവിലങ്ങാട്. അതിനാൽ ലൂർദ്ദിനെയും ഫാത്തിമായെയും ഒക്കെ ഇനിമുതൽ നാം വിളിക്കേണ്ടത് "പടിഞ്ഞാറിന്റെ കുറവിലങ്ങാട്" എന്നായിരിക്കട്ടെ! നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കപ്പദോച്ചിയൻ പിതാക്കന്മാരുടെ അഭിപ്രായം കൂടെ ഇവിടെ സൂചിപ്പിക്കുകയാണ്. അവരാണ് എ.ഡി. 213-നും എ.ഡി. 273-നും ഇടയിൽ ജീവിച്ചിരുന്ന "അത്ഭുതപ്രവർത്തകനായ വിശുദ്ധ ഗ്രിഗോറിയോസിന്" ഉണ്ടായ മരിയ ദർശനമാണ് ലോകത്തിൽ ആദ്യത്തേതായി ചിത്രീകരിച്ചത്. പക്ഷേ കുറവിലങ്ങാട്ടു മുത്തിയമ്മ കാണപ്പെട്ട കാര്യം അവർക്ക് അജ്ഞാതമായിരുന്നു. പക്ഷേ രണ്ടു ദർശനങ്ങളും തമ്മിൽ ഒന്നരനൂറ്റാണ്ടിന്റെ അന്തരമുണ്ടെന്ന കാര്യം വിസ്മരിക്കുന്നതെങ്ങനെ? ക്രൈസ്തവ ലോകത്തിലേ ഏറ്റവും ആദ്യത്തെ മരിയൻ തീർത്ഥാടക കേന്ദ്രം കുറവിലങ്ങാടാണ്. അതു മാർത്തോമ്മാ നസ്രാണികളുടെ മാതൃഭക്തിയുടെ ഏറ്റം വലിയ സാക്ഷ്യമാണ്. പക്ഷേ ഈ സത്യങ്ങൾ ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിൽ നാം നാളിതുവരെ വിജയിച്ചില്ലെങ്കിൽ കുറ്റവും നമ്മുടേതുതന്നെ. ഇതൊക്കെ ലോകമാസകലമുള്ള ഇതര ക്രൈസ്തവസഭകളെ അറിയിച്ച് അവരുടെ അംഗീകാരം കൂടി ലഭ്യമാകുന്നതിന് നാലഞ്ചു വർഷം മാതൃഭക്തരുടെ ഒപ്പുശേഖരണവും ആഗോളതലപ്രചാരണവും കുറവിലങ്ങാട്ടു പള്ളിക്കാരുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഞാൻ 2005-ൽ ആവർത്തിച്ചു പ്രസംഗി

www.malankaralibrary.com

ച്ചിട്ടും നടപടികളൊന്നും നാളിതുവരെ തുടങ്ങിയിട്ടില്ല. സീറോ-മലബാർ എന്നറിയപ്പെടുന്ന സഭയുടെ മാത്രം കാര്യമല്ല ഇത്.

എ.ഡി. 1498 മുതൽ പറങ്കികൾ ഈ നാട്ടിൽ വന്നുതുടങ്ങി. മാർത്തോമ്മാനസ്രാണികൾ അവരെ സഹോദരങ്ങളെപ്പോലെ സ്വീകരിച്ചു. ഈ സമീപനം വിധേയത്വവും അടിമത്തവുമായി മാറാൻ ഏറെ വൈകിയില്ല. തെണ്ടിത്തേടി വന്നവർ വീടു സ്വന്തമാക്കി, വീട്ടുടമസ്ഥരെയും വീട്ടുകാരെയും പുറത്താക്കി. അതിഥികളെ സ്വീകരിച്ചു സൽക്കരിച്ച ആതിഥേയർ അടിമകളുടെ നിലയിലേക്കു താഴ്ത്തപ്പെട്ടു. എ.ഡി. 1599ൽ പറങ്കികൾ ഉദയംപേരൂർ സമ്മേളനം വഴി ആധിപത്യം സ്ഥാപിച്ചെടുത്തു. ശ്ലൈഹികകാലം, മുതൽ സ്വന്തമായുണ്ടായിരുന്ന പൈതൃകങ്ങൾ നഷ്ടപ്പെടുന്നതിൽ നസ്രാണികൾ ദുഃഖിച്ചു. സഭയുടെ സ്വാതന്ത്ര്യവും ശ്ലൈഹിക പാരമ്പര്യങ്ങളും സംരക്ഷിക്കാൻ നേതൃത്വം കൊടുത്ത രണ്ടു പുണ്യശ്ലോകരാണ് വലിയ ഗീവർഗീസ് അർക്കതിയാക്കോനും ചെറിയ ഗീവർഗീസ് അർക്കതിയാക്കോനും. അവർ യഥാക്രമം മാർ ഗീവർഗീസ് ദമ്ശിഹാ എന്നും മാർ ഗീവർഗീസ് ദസ്ലീവാ എന്നും അറിയപ്പെടുന്നു. അവരിരുവരും പ്രാർത്ഥനയുടെ മനുഷ്യരും ഉത്തമഇടയന്മാരും ജനത്തിന്റെ പ്രിയനേതാക്കന്മാരും ഇന്ത്യൻ ദേശീയതയുടെ ഉത്തമമാതൃകകളുമായിരുന്നു. ജീവിതകാലത്തും മരണശേഷവും അനേകം അത്ഭുതങ്ങൾ അവരുടെ പ്രാർത്ഥനാ സഹായം വഴി സംഭവിച്ചിട്ടുണ്ട്. കുറവിലങ്ങാടിന്റെ വിശുദ്ധന്മാരുടെ പട്ടിക വളരെ നീണ്ടതാണ്. പനങ്കുഴയ്ക്കൽ വല്യച്ചൻ (1479-1543), പറമ്പിൽ ചാണ്ടി മെത്രാപ്പോലീത്താ (+1687), നിധീരിയ്ക്കൽ മാണിക്കത്തനാർ (1842-1904) തുടങ്ങിയ അനശ്വരനാമങ്ങൾ മാർത്തോമ്മാനസ്രാണികൾ ഒരിക്കലും വിസ്മരിക്കാൻ പാടില്ല. അർഹിക്കുന്ന ആദരം അവർക്കു നൽകാൻ നമുക്കിനിയും കഴിഞ്ഞിട്ടുണ്ടോ എന്നാലോചിക്കേണ്ടതാണ്. മാർത്തോമ്മാനസ്രാണികളുടെ ഇതിഹാസ പുരുഷനായ മാണിക്കത്തനാർ നടത്തിയ സഭൈക്യപരിശ്രമങ്ങൾ ആർക്കാണ് മറക്കാനാവുക? സഭയുടെ തനതായ വ്യക്തിത്വത്തിനും നിലനിൽപിനും വേണ്ടി ആജീവനാന്തം വീറോടെ പോരാടി സഹിച്ച കഷ്ടപ്പാടുകളും അപമാനങ്ങളും ആർക്കാണ് മാർഗ്ഗദീപമല്ലാത്തത്? കുറവിലങ്ങാടിന്റെ വീരസന്താനങ്ങളിൽ മാണിക്കത്തനാരേക്കാൾ മഹാനായി മറ്റാരുമില്ലെന്നു തറപ്പിച്ചുറപ്പിച്ചു പറയാം. ജാത്യൈക്യസഖ്യം വിജയിച്ചിരുന്നെങ്കിൽ മലങ്കരയുടെ ചരിത്രം മാറിയെഴുതേണ്ടി വരുമായിരുന്നു; കരിയാറ്റിയും പാറേമ്മാക്കലും തുടങ്ങിവച്ചത് പൂർത്തിയാകുമായിരുന്നു.

1653 ജനുവരി 3ന് നടന്ന കൂനൻകുരിശുസത്യം ആഗോള ക്രൈസ്തവ ചരിത്രത്തിൽ സ്ഥാനം പിടിച്ച സ്വാതന്ത്ര്യപ്രഖ്യാപനമാണ്. അതിനു നേതൃത്വം കൊടുത്ത മാർതോമ്മാ അർക്കദിയാക്കോനും പിന്നീട് മലങ്കരയുടെ മെത്രാപ്പോലീത്താ ആയ പറമ്പിൽ മാർ ചാണ്ടിയും കുറവിലങ്ങാടിന്റെ

www.malankaralibrary.com

വീരസന്താനങ്ങളാണ്. പുത്തൻ കൂറ്റുകാർ "തൊമ്മന്റെ കൂടെ" പഴയ കൂറ്റുകാർ "ചാണ്ടിയുടെ കൂടെ." ഈ രീതിയിൽ സഭയിൽ ഭിന്നത ഉണ്ടാകാൻ കാരണം പറങ്കികളുടെ ലത്തീനീകരണശ്രമങ്ങളായിരുന്നു. "തൊമ്മനും ചാണ്ടിയും" ഒന്നിച്ചിരുന്നെങ്കിൽ മാർത്തോമ്മാനസ്രാണികളുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. പത്തുവർഷംകൊണ്ടു വളർന്നുവന്ന ഭിന്നത സഭയെ രണ്ടാക്കി എന്നതാണു സത്യം. "തൊമ്മൻ അഴയുമ്പോൾ ചാണ്ടി മുറുകും; ചാണ്ടി അഴയുമ്പോൾ തൊമ്മൻ മുറുകും" എന്ന പഴഞ്ചൊല്ല് അങ്ങനെയാണ് രൂപംകൊണ്ടത്. അഴിയാക്കുരുക്കെന്ന പോലെ മലങ്കര സഭയിൽ ഭിന്നത തുടരുന്നതിനിടയിൽ യാക്കോബായക്കാരുടെ കീഴിലേക്ക് പുത്തൻകൂറ്റുകാർ ചെന്നുവീണു. പഴയ കൂറ്റുകാരാകട്ടെ ഉദയം പേരൂർ സമ്മേളനത്തിന്റെ നിഴലിൽ പറങ്കിവേദത്തിന്റെ അടിമകളായി. പുത്തൻ കൂറ്റുകാർ ഭിന്നിച്ചുചിതറി ഇന്ന് തൊഴിയൂർ സഭ, മാർത്തോമ്മാസഭ, യാക്കോബായസഭ, ഓർത്തഡോക്സ്സഭ, മലങ്കര-കത്തോലിക്കാസഭ എന്നിങ്ങനെ പലതായി നിലനിൽക്കുന്നു. സി.എസ്.ഐ., എവാഞ്ചലിക്കൽ, പന്തക്കുസ്താ സഭകളിൽ ചെന്നുവീണു വേറെ ചില പുത്തൻകൂറ്റുകാർ പഴയകൂറ്റുകാർ, സീറോമലബാറും തൃശൂരെ കൽദായസഭയും ആയി 19-ാം നൂറ്റാണ്ടിന്റെ രണ്ടു കഷണങ്ങളായി. മാണിക്കത്തനാരുടെ ശ്രദ്ധയും ശ്രമവും ഈ മുറിവുകളെ ഉണക്കുന്നതിനും നഷ്ടമായ ഐക്യത്തെ വീണ്ടെടുക്കുന്നതിനുമായിരുന്നു. ഇനിയും പൂർത്തിയാകാത്ത പ്രസ്തുത പരിശ്രമം കുറവിലങ്ങാട്ടുതന്നെ തുടരുന്നതിന് ഇടയായിരുന്നെങ്കിൽ! മലങ്കരനസ്രാണികൾ സഭാവ്യത്യാസം കൂടാതെ കുറവിലങ്ങാടിനെ മാതൃദേവാലയമായിട്ടാണു കാണുന്നത്. ഇക്കാര്യത്തിൽ മലങ്കരയിലെന്നല്ല ഇന്ത്യയിൽത്തന്നെ കുറവിലങ്ങാടിനു തുല്യം കുറവിലങ്ങാടു മാത്രം! അതുകൊണ്ടാണു പറയുക, ഉദയംപേരൂരിന്റെ ഉദകക്രിയ ആരംഭിക്കേണ്ടത് കുറവിലങ്ങാട്ടു നിന്നാണ്. മാർത്തോമ്മാനസ്രാണികളുടെ പള്ളിദർശനവും പള്ളിയോഗ ചിന്തയും വീണ്ടെടുക്കുന്നതിന് അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

www.malankaralibrary.com

# കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ - ഒരു പഠനം

"എന്താണ് ചരിത്രം? എന്തിനിത് പഠിക്കുന്നു? കഴിഞ്ഞകാല സംഭവങ്ങൾ എന്തിന് ചികഞ്ഞ് അന്വേഷിക്കുന്നു. അവ കണ്ടെത്തി വിശകലനം ചെയ്തിട്ട് എന്തു പ്രയോജനം? ചരിത്രപഠനങ്ങൾ ആരംഭിക്കുന്നവരുടെ ചോദ്യങ്ങളാണിവ. നമ്മൾ ജീവിക്കുന്ന സ്ഥലകാലസാഹചര്യങ്ങളുടെ പശ്ചാത്തലം മനസ്സിലാക്കുന്നതിനെയാണ് ചരിത്രപഠനമെന്ന് പറയുക" പ്രമുഖ ചരിത്രകാരനായ റവ: ഡോ. സേവ്യർ കൂടപ്പുഴ ഭാരതസഭാചരിത്രത്തിന്റെ 25-ാം പേജിൽ എഴുതിയിരിക്കുന്ന വാക്കുകളാണ് മുകളിൽ ചേർത്തിരിക്കുന്നത്.

ചരിത്രം എന്തിന് പഠിക്കുന്നു എന്ന് ചോദിക്കുന്നവരുടെ എണ്ണം ഒരുപക്ഷേ കുടുതൽ കാണുന്നത് ക്രൈസ്തവസമൂഹത്തിലായിരിക്കും അവരിൽനിന്നെല്ലാം വ്യത്യസ്തനാണ് കുനമ്മാക്കൽ തോമ്മാക്കത്തനാർ. അദ്ദേഹം ചരിത്രം പഠിക്കുക മാത്രമല്ല; എല്ലാവരെയും സഭാചരിത്രം പഠിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റിയാണ് തോമ്മാക്കത്തനാർ ലേഖനങ്ങൾ എഴുതുന്നതെങ്കിൽ അതെപ്പറ്റി വിശദമായ പഠനം നടത്തി, കിട്ടാവുന്ന രേഖകൾ മുഴുവൻ ശേഖരിച്ചു തനിക്ക് ലഭിച്ച വസ്തുതകൾ ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ എഴുതുന്ന ഒരു അസാമാന്യ പ്രതിഭയാണ് തോമ്മാക്കത്തനാർ.

## മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ

തിരഞ്ഞെടുത്ത ലേഖനങ്ങളിലെ ഒന്നാമത്തേത് 'മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ' എന്നതാണ്. മാർത്തോമ്മാ ശ്ലീഹായുടെ ഭാരതപ്രവേശനത്തെപ്പറ്റി വളരെയധികം കാര്യങ്ങൾ നമുക്കറിയാം. അദ്ദേഹം ഭാരതത്തിൽ എത്തി - കൊടുങ്ങല്ലൂർ വന്നിറങ്ങി ഏഴരപള്ളികൾ സ്ഥാപിച്ചു എന്നൊക്കെയുള്ള വസ്തുതകൾ എല്ലാവർക്കും അറിയാം. മൈലാപ്പൂരിൽ വച്ച് മരണമടഞ്ഞുവെന്ന് ചരിത്രവും നാം ഒക്കെ പഠിച്ചിട്ടുണ്ട്. എന്നാൽ ഇതിലുപരിയായി പല കാര്യങ്ങളും തോമ്മാക്കത്തനാരുടെ ലേഖനത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വരുന്ന കാലഘട്ടത്തിൽ ഇന്ത്യയും പാശ്ചാത്യലോകവുമായി ബന്ധപ്പെടുന്നതിൽ മൂന്നു പ്രധാനമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ആ മൂന്നു വഴികളെപ്പറ്റിയും വിവരിച്ചതിനുശേഷമാണ് തോമ്മാശ്ലീഹായുടെ ഭാരതയാത്രയെപ്പറ്റിയുള്ള വിവരണങ്ങൾ തുടങ്ങുന്നത്. മാർത്തോമ്മായുടെ ഭാരതപ്രവേശനം സംബന്ധിച്ച് ലഭ്യമാകുന്ന എല്ലാ സാഹചര്യത്തെളിവുകളും അവതരിപ്പിക്കുവാൻ കൂനമ്മാക്കൽ തോമ്മാക്ക

www.malankaralibrary.com

ത്തനാർക്ക് സാധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും ഉണ്ട്.

എ.ഡി. 200നും 250നും ഇടയിൽ ഏദേസായിൽ വച്ചു എഴുതപ്പെട്ടതാണ് യൂദാ തോമ്മായുടെ നടപടികൾ എന്ന കൃതി. തോമ്മാശ്ലീഹായുടെ നടപടികളിൽ 1601-ൽ പരിഷ്കൃതമായ റമ്പാൻ പാട്ടിനു തന്നെയാണ് പ്രഥമസ്ഥാനം സുറിയാനിയിൽ യൂദാതോമ്മായുടെ നടപടികൾ എഴുതുന്നതിന് കാരണമായ കഥാതന്തു രൂപം കൊണ്ടത്, റമ്പാൻ പാട്ടിന് ആധാരമായതും കേരളത്തിൽ ആദ്യനൂറ്റാണ്ടുകളിൽ പറയപ്പെട്ട ലോകചരിത്രസംഭവങ്ങളുമാണ്. അതിന്റെ രൂപവൽക്കരണത്തിന് സഹായകരമായ 11 കാര്യങ്ങൾ ഈ ലേഖനത്തിൽ തോമ്മാക്കത്തനാർ എടുത്തുചേർത്തിട്ടുണ്ട്. യൂദാ തോമ്മായുടെ നടപടികളിൽ തോമ്മാശ്ലീഹാ മൂന്നു രാജ്യങ്ങളിൽ പ്രേഷിതവൃത്തി നിർവഹിച്ചിരുന്നുവെന്ന് പറയുന്നുണ്ട്. ചൈനയിൽ വരെ തോമ്മാശ്ലീഹാ പ്രേഷിതവൃത്തി നടത്തിയെന്നുള്ളതിന് തോമ്മാക്കത്തനാർ തെളിവ് നൽകിയിരിക്കുന്നു.

തോമ്മാശ്ലീഹാ ഏഴു സ്ഥലത്തും പള്ളികൾ സ്ഥാപിച്ചുവെന്ന് പറയുന്നത് അവിടെ കെട്ടിടം നിർമ്മിച്ചുവെന്ന അർത്ഥത്തിലല്ലെന്ന് കൂനമ്മാക്കൽ തോമ്മാക്കത്തനാർ പറയുന്നു. സഭാസമൂഹം - ആരാധനാസമൂഹം സ്ഥാപിച്ചുവെന്നാണ് നാം മനസ്സിലാക്കേണ്ടത്.

തൃക്പാലേശ്വരത്ത് ആദിമനസ്രാണികൾക്ക് നേരിട്ട ദുരന്തത്തെപ്പറ്റി തോമ്മാക്കത്തനാൾ തന്റെ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്.

ഈ ലേഖനത്തിൽ റമ്പാൻപാട്ടിനെ ആധാരമാക്കി പലകാര്യങ്ങളും വിശദീകരിക്കുന്നുണ്ട്. റമ്പാൻ പാട്ടിനെപ്പറ്റി ഇന്നത്തെ തലമുറക്ക് കൂടുതൽ പഠിക്കുന്നതിന് തോമ്മാക്കത്തനാരുടെ ഈ ലേഖനം പ്രചോദനം നൽകും.

തൃശൂരിന് സമീപമുള്ള ഇയ്യാലയിൽനിന്ന് അഗസ്റ്റിൻ സീസറിന്റെ 46 വെള്ളിനാണയങ്ങളും ടൈബീരിയസ് സീസ്റിന്റെ 14 നാണയങ്ങളും ക്ലാവൂദിയൂസ്, നീറോ എന്നിവരുടെ പൊൻവെള്ളി നാണയങ്ങളും ട്രാജന്റെ ഒരു സ്വർണ്ണ നാണയവും ലഭിച്ചിട്ടുണ്ട്. ഇടമറുകിൽനിന്നും പൂഞ്ഞാറ്റിൽനിന്നും റോമൻ നാണയങ്ങൾ ലഭിച്ചിട്ടുണ്ട്. അതുപോലെ വിവിധ ഭാഗങ്ങളിൽനിന്നു ലഭിച്ച റോമൻ നാണയങ്ങളെപ്പറ്റിയും ഈ ലേഖനത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതെല്ലാം പുരാതന കാലത്തുതന്നെ വിദേശികൾ ഇവിടെ വന്നിരുന്നുവെന്നതിന് തെളിവുകളാണ്.

കടൽത്തീരത്തുകൂടി മാത്രമല്ല ഉൾനാടൻ പ്രദേശങ്ങളിൽ ആറുകളിലൂടെയും യാത്രചെയ്തുവന്ന കാര്യം ഈ ലേഖനത്തിൽ ലഭ്യമായ വിവരങ്ങൾ ചേർത്ത് എഴുതിയിരിക്കുന്നു.

www.malankaralibrary.com

മീനച്ചിലാറിന്റെ മലയോരങ്ങളും തീരപ്രദേശങ്ങളും മർത്തോമ്മാ നസ്രാണികളുടെ കോട്ടകളായിത്തീർന്നുവെന്ന ലേഖനത്തിലെ പ്രസ്താവം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

## മാർത്തോമ്മാ നസ്രാണികൾ

കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങളിൽ രണ്ടാമത്തേതാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ. ഇവിടെയുള്ള ക്രിസ്ത്യാനികളെ, മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന് എന്തുകൊണ്ട് വിളിക്കുന്നുവെന്നുള്ളതിനെപ്പറ്റി ഒരു വിശകലനം ആണ് ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് കാണുന്നത്. റമ്പാൻപാട്ടിനെ ആധാരമാക്കിയാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്. ഒരിജൻ, കേസറിയായിലെ എവുസേബിയോസ്, അക്വിലേയായിലെ റുഫിനോസ്, സൊക്രാത്തെസ്, പ്സ്യൂഡോക്ലെമന്റയിൽ എന്നീ ഗ്രന്ഥകാരന്മാരുടെ കൃതികളെ ആധാരമാക്കിയാണ് തോമ്മാശ്ലീഹാ പാർത്തിയായിൽ സുവിശേഷം പ്രസംഗിച്ചുവെന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നത്.

ഗുണ്ടഫർ രാജാവിന്റെ കഥ കെട്ടുകഥയാണെന്നും വിശ്വാസയോഗ്യമല്ലെന്നും പല ചരിത്രകാരന്മാരും പ്രസ്താവിച്ചിട്ടുണ്ട്. യൂദാതോമ്മായുടെ നടപടികളിൽ കാണുന്ന വസ്തുതകളെയും ചരിത്രകാരന്മാർ നിഷേധിച്ചിട്ടുണ്ട്. 19-ാം നൂറ്റാണ്ടിൽ വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽനിന്ന് ഗുണ്ടഫർ, ഗാദ് എന്നീ രാജാക്കന്മാരുടെ നാണയങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇതിൽനിന്നും ഗുണ്ടഫർ രാജാവ് എന്നൊരു രാജാവ് ഉണ്ടായിരുന്നുവെന്നും വടക്കുപടിഞ്ഞാറൻ ഇന്ത്യയിലെങ്കിലും തോമ്മാശ്ലീഹാ സുവിശേഷം പ്രസംഗിച്ചിട്ടുണ്ടെന്നും സംശയലേശ്യമെന്യേ പണ്ഡിതന്മാർക്ക് ബോധ്യമായി.

ചൈനയിലും മാർത്തോമ്മാ ശ്ലീഹാ എത്തി സുവിശേഷം പ്രസംഗിച്ചുവെന്ന അഭിപ്രായം സ്ഥിരീകരിക്കുന്ന ഈ ലേഖനം അതിനുള്ള ആധികാരികതയും വെളിവാക്കുന്നുണ്ട്. മലയാറ്റൂർ പള്ളിയെ അര പള്ളിയെന്ന് വിളിക്കാനുള്ള കാരണവും ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നു. നാലു മാസം മാത്രമാണ് തോമ്മാശ്ലീഹാ മലയാറ്റൂർ താമസിച്ചിരിക്കുന്നു. 200 പേരെ മാത്രമാണ് തോമ്മാശ്ലീഹാ മാർഗ്ഗംകൂട്ടിയത്. അവിടെ സ്ലീവാ, ആലയം, ആരാധന, മുറകൾ ഒന്നും സ്ഥാപിച്ചില്ല. ആചാര്യന്മാരെയും മലയാറ്റൂർ നിയമിച്ചില്ല. മറ്റുള്ള സ്ഥലങ്ങളിൽനിന്നും വ്യത്യസ്ഥമായിരുന്നു മലയാറ്റൂരിലെ പ്രവർത്തനം. അതുകൊണ്ടാണ് മലയാറ്റൂരിന് അരപള്ളി പദവി മാത്രം നൽകിപ്പോരുന്നത്.

എ.ഡി. 345-ൽ ക്നാനായക്കാർ കുടിയേറുന്നതിന് മുൻപ്തന്നെ ശക്തമായ ഒരു ക്രൈസ്തവ സമൂഹം ഇവിടെയുണ്ടായിരുന്നുവെന്നതിന് വ്യക്തമായ തെളിവുകൾ കൂനമ്മാക്കൽ തോമ്മാക്കത്തനാർ ഈ ലേഖനത്തിൽ ചേർത്തിട്ടുണ്ട്. തെക്കുംഭാഗർ, വടക്കുംഭാഗർ എന്നിങ്ങനെ സമുദായം

www.malankaralibrary.com

രണ്ടായി തിരിഞ്ഞതിനെപ്പറ്റിയുള്ള പഠനവും ഈ ലേഖനത്തിൽ കാണാം. പിന്നീട് രണ്ടുഭാഗങ്ങളും കെട്ടിച്ചമച്ച കഥകൾ ചരിത്രത്തിന് സ്വന്തമായ വ്യാഖ്യാനങ്ങൾ കൊടുത്തുകൊണ്ടുള്ളതായിരുന്നുവെന്ന തോമ്മാക്കത്തനാരുടെ നിഗമനം ശരിയാണ്.

മാർത്തോമ്മാ നസ്രാണികളുടെ സഭാതലവൻ അറിയപ്പെട്ടിരുന്നത്, ഇന്ത്യയുടെ മെത്രാപ്പോലീത്താ, അഖിലേന്ത്യയുടെ കവാടവും മെത്രാപ്പോലീത്തായും എന്നൊക്കെയായിരുന്നു. അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായുടെ സഹായിയായിരുന്നു അർക്കദിയാക്കോൻ. പൗരസ്ത്യസുറിയാനി സഭയുടെ ആരാധനാക്രമങ്ങൾ അൽപ്പസ്വൽപ്പം വ്യത്യാസത്തോടെ ഇവിടെ നിലവിലിരുന്നു. പക്ഷേ ജീവിതശൈലി, ഭക്ഷണരീതി, ജനനം, മരണം, വിവാഹം, തിരുനാളുകൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ തികഞ്ഞ ഇന്ത്യൻ സംസ്ക്കാരമായിരുന്നു നസ്രാണികളുടേത്. ഈ വസ്തുത ഇന്ന് എല്ലാവരും അംഗീകരിച്ചിട്ടുണ്ടോയെന്ന കാര്യം സംശയമാണ്. മർത്തോമ്മാ ക്രിസ്ത്യാനികൾ ഭാരതസംസ്ക്കാരത്തിന്റെ സന്ദേശവാഹകരാണെന്ന വസ്തുത ഇന്ത്യയിലെ എല്ലാ ജാതികളിലും മതങ്ങളിലും പെട്ടവർ അറിഞ്ഞിരിക്കേണ്ടതാണ്.

കൂനൻ കുരിശുസത്യത്തെപ്പറ്റിയുള്ള ലേഖനഭാഗം വായിക്കുമ്പോൾ ഓരോ ഇന്ത്യക്കാരനും അഭിമാനംകൊള്ളുകതന്നെ ചെയ്യും. സഭയിലെ വിദേശാധിപത്യത്തിനെതിരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ നടത്തിയ പോരാട്ടത്തിന്റെ പരിണിതഫലമായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യസമരം എന്ന് പറയാവുന്നതാണ്. ഇവിടെ യാക്കോബായ വിശ്വാസം വന്ന കാര്യങ്ങളും ഈ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഒരു കാലത്ത് മാർത്തോമ്മാ ക്രിസ്ത്യാനികൾ വ്യക്തിത്വവും അഭിമാനബധവുമുള്ള ഒറ്റസഭയായിരുന്നുവെങ്കിൽ ഇന്ന് അതിന്റെ നിഴലുകളായി നിരവധി സഭാസമൂഹങ്ങൾ നിലകൊള്ളുന്നു. ആ വിഭജനത്തിന്റെ ചരിത്രം ഈ ലേഖനത്തിൽ വിശദമായി ചേർത്തിട്ടുണ്ട്. കുടക്കച്ചിറ അന്തോനിക്കത്തനാരും തൊണ്ടനാട്ട് അന്തോനിക്കത്തനാരും സഭയ്ക്കു നൽകിയ നേതൃത്വം അഭിമാനത്തോടെയാണ് തോമ്മാക്കത്തനാർ ഈ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നാലാം നൂറ്റാണ്ടിൽ എദേസാ സന്ദർശിച്ച് എജേരിയ എന്ന തീർത്ഥാടകയുടെ സാക്ഷ്യം ഈ ലേഖനത്തിലുണ്ട്. തോമ്മാശ്ലീഹായുടെ സുവിശേഷവേലയുമായി ബന്ധപ്പെട്ട ഒട്ടേറെ കഥകൾ ഇന്ത്യയിൽ രൂപം കൊണ്ടിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനകാലത്ത് അവയിൽ പലതും എഴുതപ്പെട്ടുവെന്നു തോമ്മാക്കത്തനാർ ലേഖനത്തിൽ എഴുതിയിട്ടുണ്ട്. അവയൊന്നും വാച്യാർത്ഥത്തിൽ വായിക്കേണ്ട ചരിത്രമല്ലെന്ന നിഗമനം ശരി

www.malankaralibrary.com

യാണ്. തോമ്മാക്കത്തനാർ എഴുതുന്നു: "അവയിലൊരു ചരിത്രവും ഇല്ല എന്ന് വാദിച്ചുകളയരുത്."

മാർത്തോമ്മാ നസ്രാണികൾ എന്ന പേരിൽ ഇന്ത്യയിലല്ലാതെ ഒരു വ്യത്യസ്ത ജനപദം മറ്റൊരിടത്തും കാണപ്പെടുന്നില്ല. ഇന്ത്യയിൽനിന്ന് തോമ്മാശ്ലീഹായെപ്പറ്റിയുള്ള കഥകൾ മദ്ധ്യേഷ്യയിൽ പ്രചരിപ്പിച്ചപ്പോഴാണ് "യൂദാ തോമ്മായുടെ നപടികൾ" അവയെ ആധാരമാക്കി രചിക്കപ്പെട്ടത്. റമ്പാൻ പാട്ടിന്റെ പൂർവ്വരൂപം ആണ് യൂദാതോമ്മായുടെ നടപടികൾക്ക് പിറകിൽ ഉറവിടമായി നിലകൊള്ളുന്നത്.

ഒരു കാലത്ത് മാർത്തോമ്മാ നസ്രാണികൾ വ്യക്തിത്വവും അഭിമാന ബോധവും ഉള്ള ഒറ്റ സഭയായിരുന്നുവെങ്കിൽ ഇന്നത് പിളർന്ന് പല സഭകളായിത്തീർന്നിരിക്കുന്നു. വീണ്ടും മാർത്തോമ്മാ നസ്രാണികൾ ഒന്നിച്ചിരുന്നുവെങ്കിൽ എന്ന് ആശിച്ചുകൊണ്ടാണ് ഈ ലേഖനം തോമ്മാക്കത്തനാർ ഉപസംഹരിക്കുന്നത്. ആ ഒത്തുചേരലിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

## മാർ അപ്രേം മല്പാൻ

മാർ അപ്രേം മല്പാൻ പൗരസ്യസഭാസൂര്യൻ എന്നതാണ് മൂന്നാമത്തെ ലേഖനം. സുറിയാനി സഭയും ഭാരതത്തിലെ സഭയും തമ്മിൽ അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്. തന്മൂലം സുറിയാനിസഭാപാരമ്പര്യങ്ങൾ ആദ്യമായി നമ്മുടെ ശ്രദ്ധയർഹിക്കുന്നു. സുറിയാനി സഭാപിതാക്കന്മാരിൽ ഏറ്റം പ്രസിദ്ധനാണ് അപ്രേം മല്പാൻ. നിസിബിസും, ഏദ്ദേസ്സായും ആയിരുന്നു മാർ അപ്രേമിന്റെ പ്രവർത്തനകേന്ദ്രങ്ങൾ. നാലാം നൂറ്റാണ്ടുമുതൽ ഏഴാം നൂറ്റാണ്ടുവരെയാണ് സുറിയാനി സഭയിൽ വളർന്ന് വികാസം പ്രാപിച്ച ദൈവശാസ്ത്രമേഖലയുടെ സുവർണ്ണകാലഘട്ടം. അക്കാലത്തെ ഗ്രീക്ക്, ലത്തീൻ സഭകളിലൊന്നും കാണാനാവാത്ത വിധം അതുല്യമായ ദൈവശാസ്ത്ര കാവ്യസംസ്കാരം സുറിയാനിസഭകളിൽ നാം കാണുന്നുവെന്നാണ് ഈ ലേഖനത്തിൽ തോമ്മാക്കത്തനാർ എഴുതിയിരിക്കുന്നത്. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഒരു കാവ്യസംസ്കാരമുണ്ടെങ്കിൽ അത് ആദിമകാലത്തെ സുറിയാനിസഭാപിതാക്കന്മാരുടെ സംഭാവനയാണെന്ന് തോമാക്കത്തനാർ സമർത്ഥിച്ചിരിക്കുന്നു. അന്നത്തെ സഭാപിതാക്കന്മാരുടെയിടയിൽ അഗ്രഗണ്യനായ അസാധാരണ പ്രതിഭാശാലിയും മാർ അപ്രേം മല്പാൻ തന്നെയാണ് "പരിശുദ്ധ റൂഹായുടെ വീണ", "സഭയുടെ യൂഫ്രട്ടീസ് നദി" എന്നു തുടങ്ങി അനേകം അപരനാമങ്ങൾ മാർ അപ്രേം മല്പാനുണ്ടായിരുന്നതായി കൂനമ്മാക്കൽ തോമ്മാകത്തനാർ ഈ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപരനാമങ്ങളുടെ നീണ്ട ഒരു ലിസ്റ്റും - ഏതാണ്ട് 20 അപരനാമങ്ങൾ ഈ ലേഖനത്തിൽ കൊടുത്തിട്ടുണ്ട്. സുറിയാനി ദൈവശാസ്ത്രത്തിന്റെ സുവർണ്ണയുഗം അപ്രേമിൽ ആരംഭിച്ച് അപ്രേമിൽ അവസാനിക്കുന്നുവെന്ന തോമ്മാക്കത്തനാരുടെ അഭിപ്രായം ഒരു ചരി

www.malankaralibrary.com

ത്രഗവേഷകന്റെ അഭിപ്രായം തന്നെയാണ്. കുർബാനസമയത്ത് വിശുദ്ധ ഗ്രന്ഥവായനക്കുശേഷം അപ്രേമിന്റെ കൃതികൾ വായിച്ചിരുന്നുവെന്നാണ് വി.ജറോം 392-ൽ എഴുതിയിരിക്കുന്നത്.

ആഴമേറിയ ദൈവശാസ്ത്രചിന്തകൾ ലളിതസുന്ദരമായ ഭാഷയിൽ അവതരിപ്പിക്കുവാൻ അപ്രേമിന് യാതൊരു പ്രയാസവുമില്ല. അതിനുള്ള ഉദാഹരണവും ഈ ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വി. അപ്രേം തോമ്മാശ്ലീഹായെ സ്തുതിച്ചുകൊണ്ട് ഇപ്രകാരം എഴുതിയിരിക്കുന്നു. "നീ ഭാഗ്യവാൻ! നിന്റെ അനുഗ്രഹീതാഗമനമാകുന്ന പ്രഭാതം ഇന്ത്യയുടെ അന്ധകാരത്തെ മാറ്റുന്നു. തോമ്മാശ്ലീഹായെ അഭിസംബോധന ചെയ്തുകൊണ്ട് "കണ്ടാലും ഇന്ത്യയിൽ നിന്റെ അത്ഭുതങ്ങൾ; ഞങ്ങളുടെ നാട്ടിൽ നിന്റെ വിജയവും എല്ലായിടത്തും നിന്റെ തിരുനാളും.

അപ്രേമിന്റെ ചിന്തകൾ ദാർശനികതയുടെ പരിവേഷം പൂണ്ടു നിൽക്കുന്നു അതിന് ഉദാഹരണമായി എഴുതിയിരിക്കുന്നത് നോക്കുക.

നമ്മുടെ വീട് ഒരു തടവറതന്നെ/പക്ഷെ അതിലെ തടവുകാർ

തടവറവിടുമ്പോൾ കരയുന്നു/എനിക്കത്ഭുതം തോന്നുന്നു

ഇരുട്ട് നിറഞ്ഞ തടവറവിട്ട്

പ്രകാശത്തിലേക്ക് പുറപ്പെടുമ്പോൾ കുഞ്ഞുങ്ങൾപോലും കരയുന്നതോർക്കൂ.

ശ്വാസം മുട്ടിക്കുന്ന തടവറയിൽനിന്ന് സ്വാതന്ത്ര്യം നിറഞ്ഞ ലോകത്തേക്കു പോകുമ്പോഴും സഹനത്തിന്റെ അമ്മയായ ലോകത്തിൽനിന്ന് സന്തോഷസൗഭാഗ്യങ്ങളുടെ പൂവാടിയിലേക്ക് പറന്നുവീഴുമ്പോഴും അവൻ കരയുന്നു. എത്രയോ ഹൃദയാവർജ്ജകമായ വരികളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഇരുപതിൽപരം അപരനാമങ്ങൾ അപ്രേം മല്പാനുണ്ട്. മാർ അപ്രേമിന്റെ കൃതികൾ വായിച്ചാൽ ആ അപരനാമങ്ങൾ എല്ലാം അദ്ദേഹത്തിന് യോജിച്ചവയാണെന്ന് ആരും സമ്മതിക്കും.

## മഹാനായ പ്ലാസിഡച്ചൻ

റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിന്റെ ദീർഘകാല ഉപദേഷ്ടാവും രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പണ്ഡിതസമിതിയിൽ അംഗവുമായിരുന്നു റവ: ഫാ. പ്ലാസിഡ് സി.എം.ഐ. ശാന്തത, വിവേകം, ലാളിത്യം, മിതവ്യയം, ആഴമായ വിശ്വാസത്തിൽ വേരൂന്നിയ പ്രാർത്ഥനാജീവിതം ഇവയൊക്കെയായിരുന്നു പ്ലാസിഡച്ചന്റെ സവിശേഷതകൾ. ആ മഹാമനുഷ്യനെ അടുത്തറിഞ്ഞ - അദ്ദേഹത്തിന്റെ ദർശനങ്ങളും ചിന്തയും

www.malankaralibrary.com

പൂർണ്ണമാക്കിയ ഒരാളാണ് കുനമ്മാക്കൽ തോമ്മാക്കത്തനാർ. പ്ലാസിഡച്ച നെപ്പറ്റിയുള്ള ഈ ലേഖനം എല്ലാ കത്തോലിക്കരും വായിച്ചിരിക്കേണ്ടതാണ്. ഇന്ത്യയിലെ പൗരസ്ത്യസഭകളെക്കുറിച്ച് ചരിത്രപരവും ദൈവാരാധനാപരവും സിദ്ധാന്തപരവുമായ പല പ്രശ്നങ്ങളിലും അഭിപ്രായം ആരായാൻ അപ്പസ്തോലിക പ്രതിനിധികൾ സമീപിച്ചിരുന്നത് ഫാ. പ്ലാസിഡിനെയായിരുന്നു.

പ്ലാസിഡച്ചന്റെ ഏറ്റവും അവസാനത്തെ ശിഷ്യനായിരുന്നു കൂനമ്മാക്കൽ തോമ്മാക്കത്തനാർ. അദ്ദേഹത്തെ റോമിന് ഉപരിപഠനത്തിനായി പള്ളിക്കാപറമ്പിൽ തിരുമേനിയാണ് അയച്ചത്. റോമിൽ പോകുന്നതിന് മുൻപ് ഒരു മാസക്കാലം ഫാ. പ്ലാസിഡിനോട് ഒത്ത് ചെത്തിപ്പുഴയിൽ താമസിച്ചു. വളരെ കാര്യങ്ങൾ അദ്ദേഹം പഠിപ്പിച്ചു. ജീവിതത്തിലെ ഒരു അസുലഭ ഭാഗ്യമായിട്ടാണ് കൂനമ്മാക്കൽ തോമ്മാക്കത്തനാർ ഈ കാലഘട്ടത്തെ കാണുന്നത്. "നൂറുകണക്കിന് ശിഷ്യന്മാർ ഉണ്ടായിരുന്നുവെങ്കിലും അപൂർവ്വം ചിലർക്കേ അദ്ദേഹത്തെ മനസ്സിലായിരുന്നുള്ളൂ.... ആ പേരുകേൾക്കുമ്പോൾ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ള ശിഷ്യന്മാർക്ക് വല്ലാത്ത ആവേശമാണ്. ഒരു പുണ്യപുരുഷന്റെ ദർശനമാണ് അവരുടെ മുമ്പിൽ തങ്ങിനിൽക്കുന്നത്. എന്നാൽ അദ്ദേഹത്തെ അറിയാത്ത ആളുകളാണ് അന്നുമിന്നും കൂടുതൽ. അറിയാത്ത ഒന്നിനെ സ്നേഹിക്കാൻ ആർക്കു സാധിക്കും". ഈ ചോദ്യം പ്രസക്തമാണ്. പ്ലാസിഡച്ചന്റെ സഭാദർശനം ജനങ്ങളിലെത്തിക്കാൻ കാര്യമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഇന്നത്തെ സഭയുടെ വളർച്ചയ്ക്ക് പ്ലാസിഡച്ചന്റെ പ്രവർത്തനങ്ങളാണ് സഹായിച്ചിട്ടുള്ളത്. നമ്മുടെ സഭ എന്തായിരുന്നു, എന്തായിത്തീരണം എന്നതിനെപ്പറ്റി പ്ലാസിഡച്ചന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്ക് ചവുട്ടി ഒതുക്കപ്പെട്ട് കഴിഞ്ഞിരുന്ന അടിമത്തസമൂഹം ഒരു സഭയായി ഉയർത്തെഴുന്നേൽക്കുന്നത് പ്ലാസിഡച്ചന്റെ സ്വരം കേട്ടുകൊണ്ടാണ് എന്ന തോമ്മാക്കത്തനാരുടെ വിലയിരുത്തൽ നൂറുശതമാനവും ശരിയാണ്.

പ്ലാസിഡച്ചനെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്നവർ നിരവധിയുണ്ട്. അദ്ദേഹത്തിന്റെ ആരാധകരായിരുന്ന ഫാ. എമ്മാനുവൽ തെള്ളിയിലും ഫാ. ജോൺ ബോസ്കോ തോട്ടക്കര സി.എം.ഐ.യും ബോസ്കോ അച്ചൻ റോമിൽ വത്തിക്കാൻ കൗൺസിലിൽ സമ്മേളിച്ചിരുന്നവർക്ക് ഒരു കത്തയച്ചു. നമ്മുടെ സഭക്കു വേണ്ടി, സഭയുടെ അവകാശങ്ങൾ ചോദിച്ചു കൊണ്ട് ഉള്ള കത്തായിരുന്നു അത്. ജർമ്മൻകാരും ഫ്രഞ്ചുകാരുമായ കർദ്ദിനാളന്മാർ കൗൺസിലിൽ ചോദിച്ചു ഇന്ത്യയിൽ എന്തു നടക്കുന്നുവെന്ന്? ഒരു ശ്ലൈഹിക സഭയെ ഒരു നാടിന്റെ കോണിൽ ഒതുക്കിയിട്ടിരിക്കുന്നത് ശരിയോ എന്ന്."

www.malankaralibrary.com

ബോസ്കോ അച്ചനെ ഈ കാര്യത്തിൽ സഹായിക്കാൻ ഫാ. പ്ലാസിഡ് മാത്രമേ ഉണ്ടായിരുന്നുള്ളു. ആ കത്തിന്റെ പേരിൽ ബോസ്കോ അച്ചൻ അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾ വലുതായിരുന്നു. അതിന് ഒരു പരിഹാരമുണ്ടാക്കാൻ പ്ലാസിഡ് അച്ചന് സാധിച്ചു. പ്ലാസിഡച്ചൻ ഒറ്റപ്പെട്ട ഒരു പ്രതിഭാസമല്ല. മാർ കരിയാറ്റിയുടെയും പാറേമ്മാക്കൽ ഗോവർണ്ണദോറുടെയും തച്ചിൽ മാത്യു തരകന്റെയും കുടക്കച്ചിറ അന്തോണികത്തനാരുടെയും നിധീരിക്കൽ മാണിക്കത്തനാരുടെയും ചൈതന്യവും സഭാവീക്ഷണവും ദേശീയബോധവും പ്ലാസിഡച്ചനെ നയിച്ചിരുന്നു.

തോമ്മാക്കത്തനാരുടെ വിലയിരുത്തലുകൾ പഠനവിധേയമാക്കേണ്ടതാണ്. നിരവധി വിശുദ്ധരായ പുണ്യാത്മാക്കളാണ് സി.എം.ഐ. സഭയ്ക്ക് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്. അവർ സഭയ്ക്ക് മൊത്തത്തിൽ അഭിമാനമാണ്. എന്തുകൊണ്ട് അവരെ സഭയുടെ മുന്നിൽ ഉയർത്തിക്കാട്ടുന്നില്ല, എന്തുകൊണ്ട് അവരെ വിശുദ്ധരുടെ പട്ടികയിൽ ചേർക്കുന്നില്ല. കട്ടക്കയത്തിൽ വലിയചാണ്ടിയച്ചൻ, കട്ടക്കയത്തിൽ ചെറിയചാണ്ടിയച്ചൻ തുടങ്ങിയവരെപ്പോലെ വിശുദ്ധരായ വൈദികരോ, മെത്രാന്മാരോ ഇന്ന് സഭയിലുണ്ടോ? അവരെ ആര് ഓർക്കുന്നു? അവരുടെ വിശുദ്ധജീവിതം തലമുറകൾക്ക് കൈമാറാൻ ശ്രമിക്കുക തന്നെവേണം. പ്ലാസിഡച്ചൻ ജീവിതകാലത്തും ഇന്നും സഭയിൽ ഒറ്റപ്പെട്ട ഒരു പ്രതിഭാസമാണ്.

പ്ലാസിഡച്ചന്റെ ശിഷ്യന്മാരിലൂടെ അദ്ദേഹത്തിന്റെ സ്വരം ഇന്നും സഭയിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് സഭ ഒരു മേജർ ആർച്ചുബിഷപ്പ് പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ നിന്ന് മോചിതമായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് സഭ വളർന്നുകൊണ്ടിരിക്കുന്നു. അല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും. അമേരിക്കയിലും കാനഡയിലും ഗ്രേറ്റ് ബ്രിട്ടനിലുമെല്ലാം നമുക്ക് രൂപതകളായി. ഛാന്ദായിൽ ആരംഭിച്ച വികസനം ഗ്രേറ്റ് ബ്രിട്ടൻ വരെ ചെന്നെത്തിയിരിക്കുന്നു. അതിനെല്ലാം കാരണക്കാരൻ ഫാ. പ്ലാസിഡ് അല്ലാതെ മറ്റാരുമില്ല. ആ സത്യം സീറോ-മലബാർ സഭാംഗങ്ങൾ അംഗീകരിച്ചേ മതിയാവൂ.

മാർത്തോമ്മാ നസ്രാണികളുടെ പൈതൃകം എന്തെന്ന് കണ്ടെത്താനും അതിനായി യത്നിക്കാനും അത് നടപ്പിലാക്കാനും പഠിപ്പിക്കുവാനും അതിൽ അഭിമാനം കൊള്ളാനും അച്ചൻ പരിശ്രമിച്ചു. നാം എല്ലാം നേടികഴിഞ്ഞു. ആ നേട്ടങ്ങൾ ഇന്ന് എങ്ങനെ വളർത്താനാണ് സഭ ശ്രമിക്കുന്നത്. ഇന്നത്തെ മാറ്റങ്ങൾ പ്ലാസിഡച്ചൻ ഉണ്ടായിരുന്നുവെങ്കിൽ അതിനോട് എങ്ങനെ പ്രതികരിക്കുമായിരുന്നു. ഇന്നത്തെ മാറ്റങ്ങളോടുള്ള കുനമ്മാക്കൽ തോമ്മാക്കത്തനാരുടെ അഭിപ്രായം എന്താണ്?

www.malankaralibrary.com

രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ എങ്ങനെ കേരള സഭയിൽ പ്രാവർത്തികമാക്കാം എന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ 1968 ഡിസംബറിൽ ആലുവായിൽ ചേർന്നു. നേതൃത്വത്തെപ്പറ്റി എടുത്ത തീരുമാനങ്ങൾ എല്ലാം ഏകകണ്ഠമായിരുന്നു. ലത്തീൻകാരും മലങ്കരക്കാരും സീറോ-മലബാർകാരും കൂടെ ഏകകണ്ഠമായി എടുത്ത തീരുമാനം, ആ സെമിനാറിൽ പങ്കെടുത്ത കൊച്ചച്ചൻമാർ മെത്രാന്മാരായപ്പോൾ തകർക്കുന്നതിന് ഒറ്റക്കെട്ടായി തീരുമാനിച്ചു. സഭയിലെ എല്ലാ തീരുമാന സമിതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിധ്യം നൽകിയും എല്ലാ രൂപതകളിലും ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും എ.കെ.സി.സി.യെ ശക്തിപ്പെടുത്തണം എന്നതായിരുന്നു സെമിനാറിന്റെ തീരുമാനം. ഏകകണ്ഠമായി എടുത്ത തീരുമാനം അട്ടിമറിക്കാനാണ് 1972-ൽ തീരുമാനിച്ചത്. എ.കെ.സി.യ്ക്ക് പകരം പുതിയ ഒരു സംഘടന വേണം എന്നായി പുതിയ മെത്രാന്മാർ - ലത്തീൻ സഭയ്ക്കും മലങ്കര സഭയ്ക്കും സീറോ-മലബാർ സഭയ്ക്കും പുതിയ സംഘടനകൾ ഉണ്ടാക്കണമെന്നും അതെല്ലാംകൂടി ചേർത്ത് ഒരു ഫെഡറേഷൻ ഉണ്ടാക്കണമെന്നും ഒരു നിർദ്ദേശം വച്ചപ്പോൾ അങ്ങനെയുണ്ടാകുന്ന ഫെഡറേഷൻ എ.കെ.സി.സി.യാകട്ടെയെന്നും കത്തോലിക്കാകോൺഗ്രസ്സ് അഭിപ്രായപ്പെട്ടു. എ.കെ.സി.സി. എന്ന പേരുപോലും ഞങ്ങൾക്ക് സ്വീകാര്യമല്ലന്ന് ചില മെത്രാന്മാരും അൽമായരും പറഞ്ഞു. ഈ അഭിപ്രായപ്രകടനം നടത്തിയത് സീറോ-മലബാർ സഭയിൽപെട്ടവരാണെന്നുള്ളത് ഏറെ ദുഖകരം. അങ്ങനെ രൂപീകരിച്ചില്ലെങ്കിൽ ഞങ്ങൾ വേറെ സംഘടനയുണ്ടാക്കുമെന്ന് കത്തോലിക്കാ കോൺഗ്രസിന് താക്കീത് നൽകുകയും ചെയ്തു. കാൽനൂറ്റാണ്ടു കാലം ഇതൊരു തർക്കവിഷയമായി. ഇതിനിടയിൽ കെ.സി.വൈ.എം. കാരെയും ന്യൂമാൻ അസ്സോസിയേഷൻകാരെയും സ്വാധീനിച്ച് എ.കെ.സി.സി.യ്ക്കെതിരായി പ്രചരണം നടത്തി. അവസാനം എ.കെ.സി.സി.യെ സീറോ-മലബാർ സഭയുടേതാക്കി ഒരു ഫെഡറേഷൻ രൂപീകരിച്ചു. ഫെഡറേഷന്റെ പ്രവർത്തനങ്ങൾ മെത്രാന്മാർ ഇച്ഛിച്ചതുപോലെ നടന്നു. പക്ഷെ, സമുദായം ഇച്ഛിച്ചതുപോലെ നടന്നില്ല. ചില സമയങ്ങളിൽ ഫെഡറേഷൻ ശക്തമായി പ്രവർത്തിച്ചു. അതിനിടയിൽ ഫെഡറേഷൻ പ്രസിഡന്റ് ഇന്നയാളായിരിക്കണമെന്ന് മെത്രാന്മാർ നിർദ്ദേശിച്ചു. ആ ഫെഡറേഷന്റെ ജനാധിപത്യസ്വഭാവം തകർത്തു. പിതാക്കന്മാർ നിർദ്ദേശിച്ചയാളെ ഫെഡറേഷന്റെ പ്രസിഡന്റാക്കി. ആ കാലത്ത് വർക്കിംഗ് കമ്മറ്റികൂടുകപോലും ചെയ്തിട്ടില്ലെന്നാണറിവ്.

വത്തിക്കാന് സൂനഹദോസ് ആരംഭിക്കുന്നതിന് 44 വർഷം മുൻപ് രൂപീകരിച്ച സംഘടനയാണ് കത്തോലിക്കാകോൺഗ്രസ്. അന്ന് സംഘടനക്ക് ഒരു സ്പിരിച്ചൽ ഡയറക്ടറായിരുന്നു ഉണ്ടായിരുന്നത്. അതു മാറ്റി ഡയറക്ടറാക്കണമെന്ന് നിർദ്ദേശം വന്നു. അതിനെ പ്രതിനിധി സഭാംഗങ്ങൾ

www.malankaralibrary.com

എല്ലാവരും എതിർത്തു. പക്ഷെ, ഭീഷണിക്കു മുൻപിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഭരണഘടന മാറ്റി സ്പിരിച്ചൽ ഡയറക്ടറെ മാറ്റി ഡയറക്ടർ ആക്കി. മിഷൻലീഗും വിൻസന്റെ ഡി പോളും ലീജിയൻ ഓഫ് മേരിയും പോലെ ഒരു പ്രസ്ഥാനമാക്കി എ.കെ.സി.സി. മാറി. ഇന്ന് കത്തോലിക്കാകോൺഗ്രസ് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത് നോമിനേഷനിൽ കൂടെയാക്കിത്തീർത്തു. ഇതിനെപ്പറ്റി പ്ലാസിഡ് അച്ചൻ ഉണ്ടായിരുന്നുവെങ്കിൽ എന്തുനിലപാട് സ്വീകരിക്കുമായിരുന്നുവെന്ന് ഇന്നത്തെ സഭാധികാരികൾ ആലോചിക്കുന്നത് നല്ലതായിരിക്കും.

ആലുവായിൽ ചേർന്ന റീജിയണൽ സെമിനാർ സുവിശേഷപ്രചരണത്തെപ്പറ്റി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനം. വൈദികരും അൽമായരും തമ്മിലുള്ള വിടവു നികത്തുന്നതിനും സുവിശേഷപ്രചരണം കാര്യക്ഷമമാക്കുന്നതിനും എല്ലാവിഭാഗങ്ങളെയും പുരുഷന്മാരെയും സ്ത്രീകളെയും സന്യാസികളെയും പ്രതിനിധീകരിച്ചുകൊണ്ട് ഒരു പാരീഷ് കൗൺസിൽ രൂപീകരിക്കണം. എല്ലാ ഇടവകകളിലും ചെറുപുഷ്പ മിഷൻ ലീഗുപോലുള്ള സംഘടനകൾ ഉണ്ടാകണം.

ഒരുകാലത്ത് ശക്തമായിരുന്ന കാത്തലിക് സ്റ്റുഡന്റ്സ് യൂണിയനു പകരം പല കോളേജുകളിലും പുതിയ സംഘടന രൂപീകരിച്ചത് കോളേജുകളുടെ യോജിച്ചുള്ള പ്രവർത്തനത്തെ തടസ്സപ്പെടുത്തിയില്ലേയെന്ന് ചിന്തിക്കണം.

പ്ലാസിഡച്ചന്റെ ശ്രമഫലമായിട്ടാണ് സീറോ-മലബാർ സഭ ഇന്ന് ഈ നിലയിൽ എത്തിയിരിക്കുന്നത്. സീറോ-മലബാർ സഭയ്ക്ക് ഉണ്ടായ നേട്ടങ്ങളുടെ അന്തസത്ത മനസ്സിലാക്കാതെ മുഹമ്മദ്ബിൻ തുഗ്ലക്ക് തലസ്ഥാനം മാറ്റിയതുപോലുള്ള പരാക്രമങ്ങൾ ഇന്ന് സിനഡ് സ്വീകരിക്കുന്നത് നിർഭാഗ്യകരമാണ്.

ഫാ. പ്ലാസിഡിനെപ്പോലെയുള്ള മഹാത്മാക്കൾ ഉയർത്തിവിട്ട ചിന്തകൾ ഇന്ന് തെറ്റായ രീതിയിൽ ചരിക്കുന്നതിന് ഇടനൽകിയിട്ടുണ്ടോയെന്ന് സമുദായസ്നേഹികൾ ചിന്തിക്കണം.

കുവൈറ്റിലെ ആദ്യകാല കുടിയേറ്റക്കാരായ മലയാളികത്തോലിക്കർ ചേർന്ന് കുവൈറ്റ് മലയാളി കാത്തലിക് അസ്സോസിയേഷൻ രൂപീകരിച്ചു. ആ സംഘടനയ രജതജൂബിലിയിലെത്തിയ ആ സംഘടന എല്ലാ റീത്തുകളിലുംപെട്ടവർ ചേർന്നാണ് രൂപീകരിച്ചത്. കുടിയേറ്റക്കാരിൽ ഒരാൾ മരിച്ചാൽ അദ്ദേഹത്തിന്റെ ജഡം നാട്ടിലേക്കെത്തിക്കാൻ ശ്രമിച്ചത് ആ കൂട്ടായ്മയാണ്. ഒരു വീട്ടിൽ ഒരു സ്ത്രീ പ്രസവിക്കുമ്പോൾ അവരെ സഹായിക്കാൻ ആരും ഇല്ലായിരുന്നു. ഈ കൂട്ടായ്മയാണ് അവർക്ക് ആശ്വാസം നൽകിയത്. ലക്ഷക്കണക്കിന് രൂപാ നാട്ടിലേക്ക് സാമൂഹ്യപ്രവർത്തനത്തിനായി അയ

www.malankaralibrary.com

ച്ചുകൊടുത്തു. ആ കൂട്ടായ്മയും റീത്തിന്റെ പേരിൽ തകർത്തിരിക്കുകയാണ് ഇന്ന് മുന്ന് റീത്തിൽപ്പെട്ടവരെയും പ്രത്യേകം പ്രത്യേകം സംഘടിപ്പിച്ചു. അവരുടെ ഒരു ഫെഡറേഷനായിട്ട് നിലവിലുണ്ടായിരുന്ന സംഘടനയെ നില നിർത്താൻ ശ്രമിക്കേണ്ടതായിരുന്നു. ഇന്ന് പരസ്പരം മത്സരിക്കുന്ന സംഘ ടനകളായി തീർന്നിരിക്കുകയാണ്.

വിദ്യയും വിനയവും വിവേകവും ഫാ. പ്ലാസിഡിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടി. ഇന്നത്തെ സഭയുടെ നിലപാടുകളെപ്പറ്റി പ്ലാസിഡച്ചൻ ഉണ്ടായി രുന്നുവെങ്കിൽ എന്തു നിലപാട് സ്വീകരിക്കുമായിരുന്നുവെന്ന് സഭാസ്നേ ഹികൾ ഉറക്കെ ചിന്തിക്കുക തന്നെവേണം.

## നിധീരിക്കൽ മാണിക്കത്തനാർ

ഈ ഗ്രന്ഥത്തിലെ 5-ാമത്തെ ലേഖനം നിധീരിക്കൽ മാണിക്കത്തനാ രെപ്പറ്റിയുള്ളതാണ്. മാണിക്കത്തനാർ ദിവംഗതനായി ഒരു മാസം കഴിഞ്ഞ പ്പോൾ അന്നത്തെ ഡലഗാദ് അപ്പസ്തോലിക്കാ മോൺ: സലേസ്കി പുത്തൻപള്ളി സന്ദർശിക്കുകയുണ്ടായി. അവിടുത്തെ സെമിനാരി വിദ്യാർത്ഥികൾ മോൺ. സലേസ്കിക്ക് കൊടുത്ത സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് പ്രസംഗിക്കുകയുണ്ടായി. ആ മറുപടി പ്രസംഗത്തിൽ നിധീ രിക്കൽ മാണിക്കത്തനാരെ അവഹേളിച്ചുകൊണ്ടും നിരവധി ദുഷ്കൃത്യ ങ്ങൾക്ക് നേതൃത്വം നൽകിയ മാണിക്കത്തനാർക്ക് ഈ നാട്ടിലെ വൈദിക സമൂഹത്തിൽനിന്നു യാതൊരു പിൻഗാമിയും അനുകർത്താവും ഉണ്ടാകരു തെന്ന് പറയുകയും ചെയ്തു. മോൺ. സലേസ്കിയുടെ പ്രസംഗഭാഗം ഉദ്ധ രിച്ചുകൊണ്ടാണ് കൂനമ്മാക്കൽ തോമ്മാക്കത്തനാർ, നിധീരിക്കൽ മാണി ക്കത്തനാരെപ്പറ്റിയുള്ള ലേഖനം ആരംഭിച്ചിരിക്കുന്നത്. ആ ഉദ്ധ രണിയിൽനിന്നും കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ ഹൃദയവികാരങ്ങൾ മുഴുവൻ നമുക്ക് മനസ്സിലാക്കാം. ആ ലേഖനത്തിന്റെ തലക്കെട്ട് തന്നെ "മറ്റൊരു സ്മാരകം ആവശ്യമില്ലാത്ത നിധീരിക്കൽ മാണിക്കത്തനാർ" എന്നാണ്. 15 നൂറ്റാണ്ടുകാലം ഒന്നായിരുന്ന സഭയെ പലതാക്കി തല്ലിക്കീറി തമ്മിലടിപ്പിച്ച പറങ്കികൾ കാട്ടിക്കൂട്ടിയ കാര്യങ്ങൾക്കൊക്കെ മാണിക്കത്ത നാരാണ് അന്ത്യം കുറിച്ചത്. സലേസ്കിമാർ എങ്ങനെ സഹിക്കും എന്നുള്ള കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ ചോദ്യം അർത്ഥഗർഭമാണ്: പഴയ കൂറുകാരും പുത്തൻകൂറുകാരും തമ്മിൽ യോജിക്കാനുള്ള അവസരമെല്ലാം പാഴാക്കിയത് പറങ്കികളായിരുന്നു. 20-ാം നൂറ്റാണ്ടിൽ സഭകൾക്കിടയിൽ നടന്നുവന്ന സഭൈക്യദർശനമെന്ന ആശയം വത്തിക്കാൻ കൗൺസിലിന്റെ സംഭാവനയൊന്നുമായിരുന്നില്ലെന്നും ആന്നത്തെ ഒരു പ്രവാചകനായിരുന്നു. മാണിക്കത്തനാരുടെ സംഭാവനയായിരുന്നുവെന്ന് കൂനമ്മാക്കലച്ചൻ സമർത്ഥിക്കുമ്പോൾ ആർക്കാണ് അത് നിഷേധിക്കാൻ സാധിക്കുക. 2 തിരു വിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന പി.താണുപിള്ള തെക്കേ ഇന്ത്യ

www.malankaralibrary.com

യിൽ മാണിക്കത്തനാരെപ്പോലെ ഒരു മഹാൻ ഉണ്ടായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ നിര്യാണം തെക്കേ ഇന്ത്യക്ക് അപരിഹാര്യ നഷ്ടമായിരിക്കുമെന്നും പ്രസ്താവിച്ചത് തോമ്മാക്കത്തനാർ അഭിമാനത്തോടെയാണ് ഉദ്ധരിച്ചിരിക്കുന്നത്. പുനരൈക്യപ്രസ്ഥാനത്തിന്റെയും ജാത്യൈക്യ പ്രസ്ഥാനത്തിന്റെയും സ്വജാതി മെത്രാൻ ഭരണത്തിനായുള്ള പരിശ്രമങ്ങളുടെയും പേരിൽ ഇത്രമാത്രം അപഹസിക്കപ്പെടുകയും അപമാനിക്കപ്പെടുകയും താഴ്ത്തപ്പെടുകയും വിമർശനവിധേയനാവുകയും ചെയ്ത വേറൊരു വ്യക്തി സഭാചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നാണ് തോമ്മാക്കത്തനാർ ഹൃദയവേദനയോടെ ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. 1887-ൽ സുറിയാനിക്കാരെ ലത്തീൻകാരിൽനിന്ന് വേർതിരിച്ചപ്പോൾ സുറിയാനിക്കാരെ ഭരിക്കാൻ ലത്തീൻ മെത്രാന്മാരെ നിയമിച്ചതിലുള്ള അമർഷം ഈ ലേഖനത്തിൽ നമുക്ക് ദർശിക്കാൻ സാധിക്കും.

മാണിക്കത്തനാരുടെ മഹത്തായ ആദർശപൂരിതമായ വ്യക്തിത്വത്തെ പ്രശംസിക്കുന്നതോടൊപ്പം തൻകാര്യനേട്ടങ്ങൾക്കായി ഒരു വിട്ടുവീഴ്ചക്കും മാണിക്കത്തനാർ തയ്യാറായിട്ടില്ലെന്നും സ്ഥാനമാനങ്ങൾ കൊടുത്ത് അദ്ദേഹത്തെ വലയിൽ വീഴ്ത്തുവാൻ ആർക്കും സാധിച്ചിട്ടില്ലെന്നുമുള്ള തോമ്മാക്കത്തനാരുടെ നിഗമനം ശരിയാണ്.

നിധീരിക്കൽ മാണിക്കത്തനാർ വാർദ്ധക്യത്തിലായിരിക്കുമ്പോഴാണ് ഇറ്റാലിയൻ ഭാഷ പഠിച്ചത്. മാർപ്പാപ്പായുടെ മാതൃഭാഷയിൽ കുറെ കാര്യങ്ങൾ ധരിപ്പിച്ചാൽ പ്രയോജനമുണ്ടാകുമെന്നു കരുതിയാണ് ഇറ്റാലിയൻ ഭാഷ പഠിച്ചത്. ഇറ്റാലിയൻ ഭാഷയിൽ മാർപ്പാപ്പായുടെ മുൻപിൽ കേരളനസ്രാണിസഭയുടെ പ്രശ്നങ്ങൾ കത്തിലൂടെ അവതരിപ്പിച്ചു. ആയിടക്ക് വിശ്രമത്തിനും വിനോദത്തിനുമായി സ്വന്തം നാട്ടിലേക്കു പോയ ലവീഞ്ഞു മെത്രാൻ റോമിലെത്തി 13-ാം ലയോ മാർപാപ്പായെ സന്ദർശിച്ചു. മാണിക്കത്തനാർ മാർപ്പാപ്പായ്ക്കെഴുതിയ കത്തുകൾ ലവീഞ്ഞു മെത്രാന്റെ മുമ്പിൽ നിരത്തിവച്ച് പാപ്പാ പറഞ്ഞു “ഇനി താങ്കൾ ഇന്ത്യയിലേക്ക് മടങ്ങേണ്ടതില്ല.”

മാണിക്കത്തനാർ 1904-ൽ നിര്യാതനായപ്പോൾ മൂന്ന് സുറിയാനി മെത്രാന്മാർ കേരളത്തിലുണ്ടായിരുന്നു! അവരിൽ ഒരാൾപോലും മാണിക്കത്തനാരുടെ മൃതദേഹസംസ്കാരത്തിന് എത്തിയില്ല. മൂന്ന് രൂപതകളിലെയും വികാരിജനറാളന്മാരും എത്തിയില്ല. കട്ടക്കയത്തിൽ ചെറിയ ചാണ്ടിയച്ചൻ സംസ്ക്കാരകർമ്മത്തിന് മുഖ്യ നേതൃത്വം നൽകി.

ദിവംഗതനായ മാണിക്കത്തനാർക്ക് ഒരു സ്മാരകമുണ്ടാക്കുവാനുള്ള നീക്കങ്ങളെയും അന്നത്തെ മെത്രാൻ അനുകൂലിച്ചില്ല എന്നു തന്നെയല്ല എതിർക്കുകയും ചെയ്തു. സ്മാരകമുണ്ടാക്കുന്നതിന് നേതൃത്വം നൽകിയ കറുകക്കളത്തിലച്ചനെ സഭയിൽനിന്നും പുറന്തള്ളി.

www.malankaralibrary.com

ഈ വിവരങ്ങളെല്ലാം സമർത്ഥമായി വിവരിച്ചതിനുശേഷം 1498-ൽ പോർട്ടുഗീസുകാരുടെ വരവുമുതലുള്ള നാൾവഴി എഴുതിയിരിക്കുന്നു. കൂനൻകുരിശുസത്യം, പള്ളിവീട്ടിൽ ചാണ്ടി മെത്രാന്റെ ഭരണം സഭയുടെ അന്ത്യോക്യൻ ബന്ധം, ഇടപ്പള്ളി മഹായോഗം, പാറേമ്മാക്കൽ തോമ്മാക ത്തനാർ, മാർ കരിയാറ്റി മെത്രാപ്പോലീത്താ - തച്ചിൽ മാത്യു തരകൻ, അങ്ക മാലി മഹായോഗം തുടങ്ങിയ സംഭവങ്ങൾ നിരത്തിവച്ചതിനുശേഷം നിധീ രിക്കൽ മാണിക്കത്തനാരുടെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങൾ ഈ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാണിക്കത്തനാരുടെ മഹത്തായ ജീവിതത്തിന്റെ നാൾവഴി അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാനസംഭവ ങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിരിക്കുന്നത് താല്പര്യമുള്ളവർക്ക് കൂടു തൽ പഠിക്കുന്നതിന് സഹായകരമാണ് സംഭവബഹുലമായ ആ ജീവിത നാൾവഴികൾ.

നിധീരിക്കൽ മാണിക്കത്തനാർ സ്വയംഭരണം ലഭിക്കുന്നതിനുവേണ്ടി സ്വജാതി മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി നടത്തിയ പോരാട്ടം മനസ്സി ലാക്കുവാൻ ഈ ലേഖനം സഹായകരമാകും. ശിശ്മകൾക്കെതിരായി മാണി ക്കത്തനാർ നടത്തിയ പോരാട്ടം സഭയുടെ ഐക്യത്തിനുവേണ്ടി ജാത്യൈ ക്യസംഘം രൂപീകരിച്ചുകൊണ്ട് മാണിക്കത്തനാർ നടത്തിയ പ്രവർത്തന ങ്ങൾ, വികാരി ജനറാൾ പദവി നൽകിയതും, പൊന്തിഫിക്കൽ കുർബ്ബാന അർപ്പിച്ചതും എല്ലാം കൂടുതൽ പഠനവിധേയമാക്കുവാൻ ഈ ലേഖനം സഹാ യകരമാകും. മാണിക്കത്തനാർ രൂപീകരിച്ചതും ലവീഞ്ഞു മെത്രാന്റെ നയ ത്തിന്റെ ഫലമായി തകർന്നുപോയതുമായ ജാതൈക്യസംഘത്തെപ്പറ്റി കൂട തൽ പഠിക്കുന്നതിന് ഈ ലേഖനം ഒരു വഴിത്തിരിവ് ആകട്ടെയെന്നാണ് എന്റെ പ്രാർത്ഥന. പുത്തൻകൂറ്റുകാരുടെയും പഴയകൂറ്റുകാരുടെയും യോജി ച്ചുള്ള പ്രവർത്തനമായിരുന്നു മാണിക്കത്തനാരുടെ ലക്ഷ്യം. അതിനുവേണ്ടി അദ്ദേഹം ആവഷ്കരിച്ച പദ്ധതികൾ ഈ തലമുറക്കുപോലും ഭാവനയിൽ കാണാൻ സാധിക്കാത്തതാണ്. ജാത്യൈക്യസംഘം പഴയ കൂറ്റുകാരുടെയും പുത്തൻ കുറ്റുകാരുടെയും ഐക്യമാണ് ഭാവനയിൽ കണ്ടത്. മാണിക്കത്ത നാരുടെ ഭാവനയ്ക്കൊത്ത് ജാത്യൈക്യസംഘം വളർന്നില്ല. ആത്മാക്കളെ ക്രിസ്തുവിനുവേണ്ടി നേടുകയെന്ന തീവ്രമായ അഭിലാഷത്തിൽനിന്നാണ് ഏകതൊഴുത്തും ഏക ഇടയനുമെന്ന ക്രിസ്തുവിന്റെ ആഗ്രഹം നിറവേറ്റു വാൻ മാണിയച്ചനെ പ്രേരിപ്പിച്ചത്. സമുദായ ഐക്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ പ്രകടനങ്ങൾക്കോ പ്രശസ്തിക്കോ വേണ്ടി യുള്ളതായിരുന്നില്ല.

തോമ്മാകത്തനാരുടെ ഈ ലേഖനത്തിൽ ജാത്യൈക്യസംഘത്തെ പ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. അതിനെപ്പറ്റി സമഗ്രമായ ഒരു പഠനം കൂടി വേണ്ടി യിരുന്നുവെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. 1882-ൽ ആണ് ജാത്യൈ ക്യസംഘത്തിന് രൂപം കൊടുക്കുന്നത് ജാത്യൈക്യസംഘത്തിനുവേണ്ടി

www.malankaralibrary.com

വുഡ്ലാൻസു വാങ്ങിക്കുന്നത് 1886-ൽ 'അതിന്റെ ഭരണഘടന തയ്യാറാക്കി റോമിലേക്കും സർക്കാരിലേക്കും സമർപ്പിക്കുന്നത് 1887 ജൂൺ 25-ന്. ഇന്ന് എക്യുമെനിസത്തിന്റെ കാലഘട്ടമാണെന്നു പറയാം. ആഗോളതലത്തിൽ തന്നെ എക്യൂമെനിസം അവ്യക്തമായ ഒരു വിദൂരസ്വപ്നം മാത്രമായിരുന്ന കാലത്താണ് കേരളത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരേ വേദിയിൽ അണി നിരത്തുവാൻ മാണിക്കത്തനാർ ശ്രമിച്ചത്. അദ്ദേഹം സ്ഥാപിച്ച ജാത്യൈക്യസംഘത്തിന്റെ പ്രവർത്തനം മുന്നോട്ടുപോയിരുന്നുവെങ്കിൽ കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു.

ഭാരതം ബ്രിട്ടീഷ് സർവ്വാധിപത്യത്തിന്റെ കീഴിലും നാട്ടുരാജാക്കന്മാരുടെ ഏകാധിപത്യഭരണക്രമത്തിലും കഴിഞ്ഞിരുന്ന പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സുസജ്ജമായ ഒരു ജനാധിപത്യക്രമം സ്വപ്നം കാണുകയും അതിന് വിശദാംശങ്ങളോടുകൂടിയ ഒരു നിയമാവലി എഴുതിയുണ്ടാക്കുകയും ചെയ്ത പ്രതിഭാശാലി എന്ന നിലയിൽ നിധീരിക്കൽ മാണിക്കത്തനാർ മറ്റെന്തിനേക്കാളധികം പ്രശംസയർഹിക്കുന്നുവെന്ന് ജാത്യൈക്യസംഘത്തിന് അദ്ദേഹം എഴുതിയുണ്ടാക്കിയ നടപടിക്രമങ്ങൾ വായിച്ചാൽ ആരും സമ്മതിക്കും. കേവലം വെറുമൊരു ഭരണക്രമം മാത്രമല്ല ദരിദ്രരും അനാഥരും തൊഴിലില്ലാത്തവരും ഉൾപ്പെടുന്ന ജനസഞ്ചയത്തിന് ആവശ്യമായ സംരക്ഷണം, തൊഴിൽ ദാനം, കൃഷിവികസനം, ന്യായവിലക്കടകൾ, വായ്പാ സമ്പ്രദായങ്ങൾ, വിദ്യാഭ്യാസകാര്യങ്ങൾ, ബാങ്കിംഗ് എന്നിങ്ങനെ ജീവിതത്തിന്റെ നാനാതുറകളെയും സ്പർശിക്കുന്ന ഒരു സമഗ്ര വികസന പദ്ധതിയും നിയമാവലിയിൽ എഴുതിച്ചേർത്തിരുന്നുവെന്നുള്ളത് അത്ഭുതകരമാണ്. ആധുനികകാലഘട്ടത്തിലെ ഭരണകർത്താക്കൾക്കും പ്ലാനിംഗ് വിദഗ്ധർക്കും മാതൃകയാക്കാവുന്ന വിലപ്പെട്ട ഒരു രേഖയാണ് ജാത്യൈക്യ നിയമാവലിയെന്ന് ചുരുക്കിപ്പറയാം. പേരു സൂചിപ്പിക്കുന്നതുപോലെ പഴയകൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും മറ്റുമുള്ള പേരുകളിൽ പലതായി പിരിഞ്ഞുപോയിരുന്ന സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യത്തിനുവേണ്ടിയുള്ള ഒരു സംഘടനയെന്ന നിലയിലാണ് മാണിക്കത്തനാർ ജാത്യൈക്യസംഘത്തെ വിഭാവന ചെയ്തിരുന്നത്.

കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ ലേഖനത്തിൽ ജാത്യൈക്യസംഘത്തെപ്പറ്റി വിസ്തരിച്ച് പറഞ്ഞിട്ടില്ലെങ്കിലും അതിനെപ്പറ്റി ഗൗരവപൂർവ്വം പഠിക്കാനുള്ള പ്രലോഭനം ഈ ലേഖനം വായിക്കുന്നവർക്കുണ്ടാകും. അതിന് തോമ്മാക്കത്തനാരുടെ ലേഖനം പ്രചോദനമാക്കട്ടെ. മറ്റൊരു സ്മാരകം മാണിക്കത്തനാർക്ക് ആവശ്യമില്ലെന്ന തോമ്മാക്കത്തനാരുടെ അഭിപ്രായം ശരിയാണ്. സ്മാരകമല്ല. അദ്ദേഹത്തെപ്പറ്റി കൂടുതൽ പഠിക്കാനുള്ള സംവിധാനം ഒരുക്കാൻ നാം ശ്രമിക്കാൻ കടപ്പെട്ടവരാണ്.

www.malankaralibrary.com

## ഇനിയും പഠിക്കേണ്ട വർത്തമാനപുസ്തകം

കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങളിൽ ആറാമത്തേത് "ഇനിയും പഠിക്കേണ്ട വർത്തമാനപുസ്തകം" എന്നതാണ്.

വർത്തമാനപുസ്തകം പലവിധത്തിൽ നമുക്ക് അഭിമാനിക്കാൻ വക നൽകുന്നതാണ്. ഇന്ത്യൻ ദേശീയതയുടെ ഇതിഹാസമാണ് വർത്തമാന പുസ്തകം. നസ്രാണിസമൂഹത്തിന്റെ ചരിത്രം ഇതിൽ വ്യക്തമാകുന്നുണ്ട്. തന്റെ യാത്രയിൽ താൻ കാണുകയും അനുഭവിക്കുകയും ചെയ്ത എല്ലാ കാര്യങ്ങളെപ്പറ്റിയും ഈ ഗ്രന്ഥത്തിൽ പാറേമാക്കൽ തോമ്മാക്കത്തനാർ വിവരിച്ചിട്ടുണ്ട്. തന്റെ സ്വതസിദ്ധമായ ശൈലിയിൽ നിർഭയത്വത്തോടുകൂടി വർത്തമാനപുസ്തകം രചിച്ച ഗോവർണ്ണദോരച്ചനെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. ഈ ഗ്രന്ഥത്തെപ്പറ്റി സമഗ്രമായ ഒരു പഠനമാണ് കൂന മ്മാക്കൽ തോമ്മാക്കത്തനാർ തയ്യാറാക്കിയിരിക്കുന്നത്. എല്ലാ കാര്യങ്ങളും തുറന്നെഴുതുമ്പോൾ അതെല്ലാം ഇപ്പോഴത്തെ സാഹചര്യത്തിൽ പറയണ മോയെന്ന് ചോദിക്കുന്നവരുണ്ട്. എല്ലാവരുടെയും അഭിപ്രായംകേട്ട് ചെത്തി മിനുക്കി എഴുതിയാൽ നമ്മുടെ ലക്ഷ്യത്തിൽനിന്നും നാം വ്യതിചലിച്ചുപോ കുമെന്ന് കൂനമ്മാക്കൽ തോമ്മാക്കത്തനാർക്കറിയാം. അതുകൊണ്ടാണ് അദ്ദേഹം ഗോവർണ്ണദോരുടെ ശൈലി തന്നെ കടം എടുത്ത് വർത്തമാനപു സ്തകത്തെപ്പറ്റി വിലയിരുത്തിയത്.

വർത്തമാനപുസ്തകത്തിന്റെ ബൈബിൾ പശ്ചാത്തലം ബൈബിൾ വ്യാഖ്യാനം എന്നിവ സംബന്ധിച്ച് വടവാതൂർ സെമിനാരിയിൽനിന്നും റവ: ഡോ. മേക്കാട്ടുകുന്നേലിന്റെ നേതൃത്വത്തിൽ ഒരു പുസ്തകം രചിച്ചിട്ടുണ്ട്. വർത്തമാനപുസ്തകത്തിന്റെ ഭാഷയെ കേന്ദ്രീകരിച്ചും മറ്റും വിമർശിക്കു ന്നവർ വർത്തമാനപുസ്തകത്തിന്റെ ബൈബിൾ പശ്ചാത്തലം മനസ്സിലാക്കി കഴിയുമ്പോൾ വിമർശനങ്ങൾ അവസാനിപ്പിക്കും.

വർത്തമാനപുസ്തകത്തിന്റെ ഭാഷാപ്രയോഗചാതുര്യം, വർണ്ണനാവൈ ഭവം, സൂക്ഷ്മനിരീക്ഷണപാടവം, വിമർശനപരമായ വിലയിരുത്തൽ, കീറി മുറിക്കുന്ന മൂർച്ചയേറിയ ഭാഷാപ്രയോഗ ചാതുരി ഇവയൊക്കെ വായനക്കാ രന്റെ മനസ്സിൽ അത്ഭുതങ്ങളുടെ വേലിയേറ്റം ഉളവാക്കുന്നു എന്ന കൂനമ്മാ ക്കൽ തോമ്മാക്കത്തനാരുടെ നിരീക്ഷണം ശരിയാണ്. ഇപ്രകാരമൊരു ഗ്രന്ഥം അക്കാലത്തോ അതിനുശേഷമോ മലയാളഭാഷയ്ക്ക് ലഭിച്ചിട്ടില്ല. ഇന്ന് വേലുത്തമ്പിദളവായേയും പഴശ്ശിരാജായെയും ടിപ്പുസുൽത്താനെയും മറ്റും സ്വാതന്ത്ര്യസമരസേനാനികളായി ചില സവർണ്ണചരിത്രകാരന്മാർ പാടി പ്പുകഴ്ത്തുകയാണ്. അവരൊക്കെ ബ്രിട്ടീഷുകാരോട് എതിർത്തത് അവരുടെ ചെറുരാജ്യത്തെ സംരക്ഷിക്കാനാണ്. പഴശ്ശി ബ്രിട്ടീഷുകാരോട് ചേർന്ന് ടിപ്പു വിനെതിരെ സമരം ചെയ്തയാളാണ്. ടിപ്പുവാകട്ടെ ഹൈന്ദവരെയും ക്രിസ്ത്യാനികളെയും അതിക്രൂരമാകുംവിധം പീഡിപ്പിക്കുകയും കൂട്ടക്കൊല

www.malankaralibrary.com

നടത്തുകയും ക്രൂരമായി മതംമാറ്റുകയും അവരുടെ ആരാധനാലയങ്ങൾ തീയിട്ടു നശിപ്പിക്കുകയും ചെയ്തു. വേലുത്തമ്പിയും ബ്രിട്ടീഷ്കാരോട് ഒത്തു ചേർന്ന് പ്രവർത്തിക്കുകയും തിരുവിതാംകൂറിനെ ബ്രിട്ടീഷ്കാർക്ക് അടിയറവ് വയ്ക്കുകയും ചെയ്തു. ഇവരെല്ലാം സവർണ്ണചരിത്രകാരന്മാരുടെ മുൻപിൽ സ്വാതന്ത്ര്യസമരസേനാനികളാണ്. പഴശ്ശിയുടെയും വേലുത്തമ്പിയുടെയും പ്രവർത്തനങ്ങൾ ഒന്നും ഇന്ത്യൻ ദേശീയതയുടെ ഭാഗമായിരുന്നില്ലെന്നും അതേസമയം പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഓരോ ചുവട്ടടിയും വർത്തമാനപുസ്തകത്തിലെ ഓരോ വാചകങ്ങളും ഇന്ത്യൻ ദേശീയനവോത്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ടെന്നും ഈ ലേഖനത്തിൽ കൂനമ്മാക്കൽ തോമ്മാക്കത്തനാർ വ്യക്തമായി സമർത്ഥിച്ചിട്ടുണ്ട്. ഇന്ത്യാക്കാരെ ഇന്ത്യാക്കാർതന്നെ ഭരിക്കണമെന്നും നാമെല്ലാം ഇന്ത്യാക്കാർ ആണെന്നും വർത്തമാനപുസ്തകത്തിലൂടെ പാറേമ്മാക്കൽ തോമ്മാക്കത്തനാർ പ്രഖ്യാപിച്ചതുമെല്ലാം ചൂണ്ടിക്കാട്ടിക്കൊണ്ട് ഇന്ത്യയിലെ ആദ്യത്തെ ദേശീയവാദിയാണ് തോമ്മാക്കത്തനാരെന്ന് കൂനമ്മാക്കലച്ചൻ സമർത്ഥിച്ചിരിക്കുന്നു.

ഗാന്ധിജിയും നെഹ്റുവും ഒക്കെ ജനിക്കുന്നതിന് എട്ടൊൻപത് ദശകങ്ങൾക്കു മുൻപ് പാറേമ്മാക്കൽ തോമ്മാക്കത്തനാർ ആധുനിക ഇന്ത്യയെ വിഭാവന ചെയ്തുവെന്ന് കൂനമ്മാക്കൽ തോമ്മാക്കത്തനാർ സമർത്ഥിക്കുമ്പോൾ ഏതൊരു മലയാളിയാണ് അഭിമാനം കൊള്ളാത്തത്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തോമ്മാരാജ്യം ഇന്ത്യയുടെ പര്യായമായി പാറേമ്മാക്കൽ തോമ്മാക്കത്തനാർ മനസ്സിൽ കണ്ടിരുന്നു. രാഷ്ട്രഭരണത്തിലും സഭാഭരണത്തിലും ദേശീയത കൈവരുത്തുവാൻ പാറേമ്മാക്കലച്ചൻ കഠിനാദ്ധ്വാനം ചെയ്തുവെന്ന കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ അഭിപ്രായത്തെ നിഷേധിക്കുവാൻ ആർക്കെങ്കിലും സാധിക്കുമോ? വർത്തമാനപുസ്തകത്തിന് ചില കർശോൻ പതിപ്പുകൾ ഉണ്ടായിരുന്നുവെന്ന അഭിപ്രായവും കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ ലേഖനത്തിൽ ഉണ്ട്. കർശോൻ എന്താണെന്നതിനെപ്പറ്റിയും ഈ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. മലയാളഭാഷ പൗരസ്ത്യസുറിയാനി ലിപികൊണ്ട് എഴുതുന്ന രീതിയാണ് മലയാളം കർശോൻ എന്നുപറയുന്നത്. പൗരസ്ത്യ സുറിയാനിയിലെ 22 വ്യഞ്ജനങ്ങളും സ്വരചിഹ്നങ്ങളും മലയാളികൾ സൃഷ്ടിച്ചെടുത്ത മലയാളത്തിലോ സുറിയാനിയിലോ ഇല്ലാത്ത ചില അക്ഷരങ്ങളും ചേർത്താണ് മലയാളം കർശോൻ എഴുതിയത്.

വർത്തമാനപുസ്തകത്തിന്റെ കോപ്പികൾ എവിടെയെല്ലാം ഉണ്ടെന്ന് കേട്ടിട്ടുണ്ടോ അവിടെയെല്ലാം കൂനമ്മാക്കൽ തോമ്മാക്കത്തനാർ അന്വേഷിച്ചുപോയിട്ടുണ്ട്.

www.malankaralibrary.com

തോമ്മക്കത്തനാരുടെ കൈയെഴുത്തുപ്രതി പരിശോധിക്കാനായി കൂനമ്മാക്കൽ തോമ്മാക്കത്തനാർ നടത്തിയ ശ്രമങ്ങളെപ്പറ്റിയും ഈ ലേഖനത്തിൽ വിസ്തരിച്ച് എഴുതിയിട്ടുണ്ട്. പക്ഷെ, അക്കാര്യത്തിൽ വിജയം കണ്ടെത്താൻ സാധിച്ചിട്ടില്ല. ശ്രമം അദ്ദേഹം തുടരുകയാണ്. നമ്മുടെ പല പഴയ രേഖകളും സൂക്ഷിച്ചുവച്ചിട്ടുണ്ട്. അതിന്റെ കസ്റ്റോഡിയൻ മിക്കവാറും ചരിത്രത്തോട് വലിയ ബന്ധമില്ലാത്തവർ ആയിരിക്കും. ഗവേഷണചാതുര്യമുള്ളവർ സൂക്ഷിപ്പുകാരായിരുന്നുവെങ്കിൽ അതിന്റെ ഫലം നമുക്ക് അനുഭവിക്കുവാൻ സാധിക്കുമായിരുന്നു.

കൂനമ്മാക്കൽ തോമ്മാക്കത്തനാർ മാർകരിയാറ്റിയെപ്പറ്റി ഈ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. മാതാപിതാക്കളുടെ ഏകമകനായിരുന്നു മാർകരിയാറ്റി. പിതാവു മരിച്ചപ്പോൾ അമ്മ ഒറ്റക്കായി താമസം. കരിയാറ്റിയുടെ ഏകസഹോദരിയെ സാമ്പത്തികചുറ്റുപാടുള്ള ഒരു കുടുംബത്തിലാണ് കല്യാണം കഴിച്ചയച്ചത്. വാർദ്ധക്യത്തിലെത്തിയ അമ്മയെ കൂട്ടത്തിൽ താമസിപ്പിക്കുവാൻ മകളുടെ ഭർത്താവിന് ഇഷ്ടമില്ലായിരുന്നു. ഉന്നതവിദ്യാഭ്യാസം കഴിഞ്ഞ് ആലങ്ങാട്ട് തിരിച്ചെത്തിയ കരിയാറ്റി മല്പാനോട് അന്നത്തെ സുറിയാനി വിരോധികളായ വൈദികർ കാണിച്ച ധിക്കാരപരമായ പെരുമാറ്റങ്ങൾ വായനക്കാരെ മനസ്സിലാക്കുന്നതിനു കൂനമ്മാക്കലച്ചൻ ധൈര്യത്തോടെ പ്രവർത്തിക്കുകയുണ്ടായി.

നമ്മുടെ അഭിമാനഭാജനമായ മാണിക്കത്തനാർക്ക് സമുചിതമായ ഒരു സ്മാരകം നിർമ്മിക്കുവാൻ പലരും മുന്നോട്ടുവന്നതാണ്. പക്ഷെ അതിനെയെല്ലാം തടയുകയാണ് ചെയ്തത്. ഒരു മെത്രാനും അനുമതി നൽകിയില്ല. ഈ നസ്രാണിസഭതന്നെ മാണിക്കത്തനാരുടെ ഒരു സ്മാരകമാണെന്നും അതിനപ്പുറം ഒരു സ്മാരകം പണിയേണ്ട ആവശ്യമില്ലെന്നുമുള്ള തോമ്മാക്കത്തനാരുടെ അഭിപ്രായം ശരിയാണെങ്കിലും മാണിക്കത്തനാർ സഭയ്ക്കുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളെപ്പറ്റി പഠിക്കാൻ ഒരു സംവധാനം ഉണ്ടാക്കേണ്ടതാണ്. മരണത്തോടെ മാണിക്കത്തനാരെ എല്ലാവരും മറന്നുകളയും എന്നാണ് സലേസ്കികൾ ധരിച്ചത്. പക്ഷെ, മാണിക്കത്തനാർ ഉയർത്തെഴുന്നേൽക്കുകയാണ് ചെയ്തത്. മാണിക്കത്തനാരുടെ ആറടി മാർബളിലെ ലിഖിതങ്ങൾ ആധുനിക സഭാചരിത്രത്തിലെ തിളക്കമാർന്ന ഏടുകളാണെന്നാണ് സീറോ-മലബാർ സഭയുടെ പേപ്പൽ ഡലഗേറ്റ് മാർ അബ്രാഹം കാട്ടുമന അഭിപ്രായപ്പെട്ടത് സീറോ-മലബാർ സഭയുടെ റോമിലുള്ള സകലരേഖകളും പഠിച്ചിട്ടുണ്ടെന്നും കത്തോലിക്കാസഭയിൽ ഇത്രയേറെ തെറ്റിദ്ധരിക്കപ്പെടുകയും പീഡനമേൽക്കുകയും ചെയ്ത മറ്റൊരു വൈദികനില്ലെന്നും മാണിക്കത്തനാരെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ ഞാൻ എന്നും പ്രാർത്ഥിക്കുന്നുണ്ടെന്നുമാണ് മേജർ ആർച്ച് ബിഷപ്പു മാർ കാർഡിനൽ വർക്കി വിതയത്തിൽ 2011 ജനുവരി 8-ന് കുറവിലങ്ങാട് വച്ച് പ്രസ്താവിച്ചത്.

www.malankaralibrary.com

വികാരതീവ്രതയോടെ കൂനമ്മാക്കൽ തോമ്മാക്കത്തനാർ എഴുതിയിരിക്കുകയാണ്. "ദൈവത്തിന്റെ സ്വരം കേട്ട്, മരുഭൂമിയിലൂടെ ഏലിയാനിവ്യായെപ്പോലെ - യോഹന്നാൻ മാംദാനയെപ്പോലെ നടന്നുനീങ്ങിയ മാർത്തോമ്മാ നസ്രാണികളുടെ ഒരേ ഒരു മാണിക്കത്തനാർ! ദൈവവചനം പ്രസംഗിച്ച പ്രവാചകന്മാർ വേട്ടയാടപ്പെട്ടു. തലയറക്കപ്പെട്ടു. അർഹിച്ചതൊന്നും ആരും അവർക്ക് കൊടുത്തില്ല; കാരണം അവർ ശ്ലീഹായുമായി മുമ്പേനടന്ന് ഗാഗുൽത്തായിൽ ബലിയാക്കപ്പെട്ടവന്റെ പ്രിയസ്നേഹിതനായിരുന്നു. സ്ഥാനമാനങ്ങളെയും ഭൗമിക കിരീടങ്ങളെയും പുറംകാലുകൊണ്ട് തട്ടിയെറിഞ്ഞ പൗലോസ് ശ്ലീഹായെപ്പോലെതന്നെ അവരും, "നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്ന് പറഞ്ഞ് മറ്റു ശ്ലീഹന്മാരെ ഗാഗുൽത്തായിൽ എത്തിച്ച ഗുരുവിന്റെ പിന്നാലെ ഒന്നാമനായി ചുവടുറപ്പിച്ച മാർത്തോമ്മാ ശ്ലീഹായുടെ ഉത്തമശിഷ്യൻ. മരിച്ചിട്ടും പീഡിപ്പിക്കപ്പെട്ട രക്തസാക്ഷി. ശ്ലൈഹിക സഭയുടെ സ്വാതന്ത്ര്യത്തിനും നിലനിൽപിനും, വ്യക്തിത്വത്തിനും വളർച്ചയ്ക്കുംവേണ്ടി ജീവൻ ബലിയർപ്പിച്ച മഹാത്യാഗി. ഒരു കാലഘട്ടത്തെ തൊട്ടുണർത്തിയ ധീരപ്രവാചകൻ ഇതുവരെ മരിച്ചിട്ടില്ല. ഇനി ഒരിക്കലും മരിക്കുകയുമില്ല. മലയാളനാടിന്റെ നവോത്ഥാനം പ്രഖ്യാപിച്ച ക്രാന്തദർശിയായിരുന്നു അദ്ദേഹം വിദേശമേൽക്കോയ്മക്കെതിരെ ആഞ്ഞടിച്ച സ്വാതന്ത്ര്യസമരചിന്തകൾ ആയിരുന്നു അദ്ദേഹത്തിന്റെ വർത്തമാനപുസ്തകത്തിൽ നാം ദർശിച്ചത്.

മാർ കരിയാറ്റിയും പാറേമ്മാക്കൽ തോമ്മാക്കത്തനാരുംകൂടി റോമിലേക്കും പോർട്ടുഗലിലേക്കും നടത്തിയ യാത്രയെപ്പറ്റി വർത്തമാനപുസ്തകത്തെ ആധാരമാക്കിയാണ് കൂനമ്മാക്കൽ തോമ്മാക്കത്തനാർ എഴുതിയത്. നിരവധി പ്രതിസന്ധികളെ തരണം ചെയ്ത് വിജയശ്രീ ലാളിതരായിട്ടാണ് അവർ നാട്ടിലേക്കു മടങ്ങുന്നത്. പിന്നീട് അദ്ദേഹം ഗോവയിൽ വച്ച് അവിചാരിതമായി മരണം വരിച്ചുവെന്ന വാർത്തയാണ് റോം കേൾക്കുന്നത്. ഗോവൻ ആർച്ചുബിഷപ്പിന്റെ വസതിയിൽ വച്ചാണ് മാർ കരിയാറ്റി മരണം പ്രാപിച്ചത്. ആ മരണത്തെപ്പറ്റി കൂനമ്മാക്കൽ തോമ്മാക്കത്തനാർ എഴുതുന്നത് ശ്രദ്ധിക്കുക. "ചരിത്രത്തിലെങ്ങും കേട്ടുകേൾവിപോലുമില്ലാത്തതുപോലെ മരണം സ്വാഭാവികമായിരുന്നുവെന്ന് പലരും പറഞ്ഞുപരത്തി. ആരെയോ പറഞ്ഞ് വിശ്വസിപ്പിക്കാൻവേണ്ടി അത്തരമൊരു കാരണം കൃത്രിമമായി ഉണ്ടാക്കി. മലബാറിൽ ഉണ്ടായേക്കാവുന്ന സംശയങ്ങൾ ദുരീകരിക്കാൻവേണ്ടി ആരോ എടുത്ത മുൻകൂർ ജാമ്യമാണിത്." കരിയാറ്റിയുടെ ശവസംസ്കാരവും നടന്നു. അദ്ദേഹത്തെ അടക്കം ചെയ്തത് എവിടെയാണെന്നതുപോലും അവർ മറച്ചുവച്ചു.

മാർ കരിയാറ്റിയുടെ മരണം കേരളത്തിൽ അറിയിച്ചപ്പോൾ ഇവിടെ വലിയ കലാപം നടക്കുമെന്ന് പാതിരിമാർ വിചാരിച്ചു പാറേമാക്കലച്ചനെയും ഗോവായിൽനിന്ന് കേരളത്തിലേക്ക് യഥാസമയം അയക്കാൻ അവർ തയ്യാ

www.malankaralibrary.com

റായില്ല. കേരളത്തിലെ സുറിയാനിക്കാർ രാജസന്നിധിയിൽ ചെന്ന് മാർ കരിയാറ്റിയുടെ മരണവിവരം അറിയിച്ചു കേരളസഭയിലെ ഏറ്റം പ്രമുഖനായ തച്ചിൽ മാത്യുതരകൻ രാജസന്നിധിയിൽ എത്തി കാര്യങ്ങൾ വിശദീകരിച്ചു. പാറേമ്മാക്കലച്ചനെ എത്രയുംവേഗം കേരളത്തിലെത്തിക്കണമെന്ന് മാത്യുത്തരകൻ ആവശ്യപ്പെട്ടു. രാജാവിന്റെ പിന്തുണയുമായി അദ്ദേഹം കൊച്ചി മെത്രാനെ കണ്ടു. എന്നാൽ കൊച്ചി മെത്രാൻ അക്കാര്യത്തിൽ താല്പര്യം കാണിച്ചില്ല. എന്നുമാത്രമല്ല തരകനോട് തർക്കുത്തരം പറയുകയും ചെയ്തു. ഈ സംഭവത്തെപ്പററി കുനമ്മാക്കലച്ചൻ എഴുതുന്നു: "കരിയാറ്റിയുടെ കൊലപാതകത്തിലും പാറേമ്മാക്കലച്ചനെ കേരളത്തിലേക്ക് കൊണ്ടുവരാൻ അനുവദിക്കാത്തതിലും അസ്വസ്ഥനായ മാത്യുത്തരകൻ കോപാക്രാന്തനായി അലറിക്കൊണ്ട് തന്റെ അരയിൽനിന്ന് വാൾ വലിച്ചൂരി കൊച്ചി മെത്രാന്റെ കഴുത്തിൽവച്ചുകൊണ്ട് ആക്രോശിച്ചു ഇത് ഇന്ന് ഇവിടെവച്ച് ഞാനവസാനിപ്പിക്കും. ഭയപരവശനായ കൊച്ചി മെത്രാൻ തരകന്റെ കാൽക്കൽ വീണ് കേണപേക്ഷിച്ചുകൊണ്ട് എല്ലാം സമ്മതിച്ചുവെന്ന് പറഞ്ഞു. പാറേമ്മാക്കലച്ചനെ കൊണ്ടുവരാനായി തരകൻ തന്നെ നേതൃത്വം എടുത്തു. തരകൻ തനിക്ക് പ്രിയപ്പെട്ട വിശ്വസ്തരായ യഥാർത്ഥ മാർത്തോമ്മാ നസ്രാണിപടയാളികളെയും കായികാഭ്യാസികളെയും അനേകം കെട്ടുവള്ളങ്ങളിലായി ഗോവായിലേക്കയച്ചു. രാജാവിന്റെ അനുമതിയോടെ മാത്യുതരകൻ തന്റെ തോക്കുകൾ ഘടിപ്പിച്ച തന്റെ പടക്കപ്പൽ സഹിതമാണ് പടനയിച്ചത്. ഏത് പ്രതിസന്ധിയേയും തട്ടിത്തകർത്ത് പാറേമാക്കലച്ചനെ നാട്ടിലെത്തിക്കാൻവേണ്ടി അയച്ച ഒരു ചാവേർപട തന്നെയായിരുന്നു ആ സംഘം. അവർ ഗോവായിൽ എത്തി തോമ്മാക്കത്തനാരെ കണ്ട് അദ്ദേഹത്തിന്റെ മിക്ക വസ്തുവകകളും സമ്മാനങ്ങളും പുസ്തകങ്ങളുമെല്ലാം എടുത്ത് മടക്കയാത്ര ആരംഭിച്ചു. അങ്ങനെ 1786 ഡിസംബർ 27-ൽ കൊച്ചിയിൽ വന്നിറങ്ങി. ഒരു വ്യാജവൈദ്യനാണ് കരിയാറ്റിയെ കൊന്നത് എന്ന് പാറേമ്മാക്കലച്ചൻ പറഞ്ഞു. എന്നാൽ പോർട്ടുഗീസുകാരോട് പുഛസ്വരത്തിൽ അദ്ദേഹം പറഞ്ഞു കരിയാറ്റിയെ ഒരു സ്വാഭാവിക മരണമാണ് വരിച്ചത്. ഈ സംഭവങ്ങൾ ഒക്കെ ഇന്ന് ഉറക്കെ പറയാൻ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തലവന്മാർ തയ്യാറായില്ല. എന്തിന് ഇനി ആ കാര്യം പറഞ്ഞ് ബഹളമുണ്ടാക്കുന്നുവെന്നാണ് അവർ ചോദിക്കുന്നത്. ചരിത്രം ചരിത്രമായിതന്നെ നിലകൊള്ളണമെന്നും സത്യം എല്ലാവരും അറിയണമെന്നും ആണ് കുനമ്മാക്കൽ തോമ്മാക്കത്തനാരുടെ ദൃഢമായ അഭിപ്രായം. കഴിഞ്ഞ കാലങ്ങൾ എല്ലാം വിസ്മരിച്ച അടുത്തുകൂടിനിന്ന് എല്ലാം തട്ടിയെടുക്കണമെന്ന് ആഗ്രഹമുള്ളവർ ആണ് ഇന്ന് നമ്മളിൽ പലരും. അതിൽ നിന്നും ഒരു വ്യത്യസ്തനാണ് തോമ്മാക്കത്തനാർ. ആ വ്യത്യസ്ഥതയും നിർഭയത്വവും ആണ് ഈ ലേഖനത്തിൽ പ്രകടമായി നമുക്ക് കാണുവാൻ സാധിക്കുന്നത്.

www.malankaralibrary.com

മാർ കരിയാറ്റിയുടെ മരണത്തെ സംബന്ധിച്ച് പ്രചരിച്ചിരിക്കുന്ന ചില വസ്തുതകളും കൂനമ്മാക്കലച്ചൻ ഈ ലേഖനത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

## അങ്കമാലി അല്ലെങ്കിൽ കുറവിലങ്ങാട്

കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ഏഴു ലേഖനങ്ങളിൽ അവസാനത്തേതാണ് അങ്കമാലി അല്ലെങ്കിൽ കുറവിലങ്ങാട്. സീറോ-മലബാർ സഭയുടെ കേന്ദ്രം ഒന്നുകിൽ അങ്കമാലി അല്ലെങ്കിൽ കുറവിലങ്ങാട് ആയിരിക്കണമെന് അഭിപ്രായക്കാരനാണ് തോമ്മാക്കത്തനാർ. ചരിത്രപരമായി അങ്കമാലിക്കും കുറവിലങ്ങാടിനുമുള്ള പ്രാധാന്യം നിരത്തിക്കൊണ്ടാണ് അദ്ദേഹം ഈ വാദം ഉന്നയിക്കുന്നത്. എന്നാൽ അത് സാധിച്ചില്ല. അതിൽ അദ്ദേഹം ദുഃഖിതനുമാണ്. കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ വാദമുഖങ്ങൾ ശരിയാണ്. എന്നാൽ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽനിന്ന് ചിന്തിക്കാൻ അധികം ആളുകളെ കിട്ടുകയില്ല. പ്രാദേശികവും മറ്റുമായ ചിന്തകളാണ് പലപ്പോഴും നമ്മെ നയിക്കുന്നത്. ഈ വിഷയത്തെപ്പറ്റി ഒരു ചർച്ചപോലും നടക്കാത്തത് നിർഭാഗ്യകരമായിപ്പോയിയെന്ന അഭിപ്രായം ഈ ലേഖനത്തിലൂടെ തോമ്മാക്കത്തനാർ പ്രകടിപ്പിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ ആയിരുന്നല്ലോ മാർത്തോമ്മാ ശ്ലീഹാ ആദ്യം വന്നിറങ്ങിയത്. കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായിട്ടാണല്ലോ മാർ കരിയാറ്റിയെ നിയോഗിച്ചത്. തൃശൂർ രൂപതവിഭജിച്ചപ്പോൾ ആ രൂപതയുടെ കേന്ദ്രം കൊടുങ്ങല്ലൂർ ആയിരിക്കണമെന്ന് പലരും അഭിപ്രായപ്പെട്ടതാണ്. ചുരുങ്ങിയപക്ഷം ആ രൂപത കൊടുങ്ങല്ലൂർ രൂപത എന്നറിയപ്പെടണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. പക്ഷെ ആ രൂപതയുടെ കേന്ദ്രസ്ഥാനവും രൂപതയുടെ പേരും ഇരിങ്ങാലക്കുടയെന്നാക്കി. ഇങ്ങനെയുള്ള കാര്യങ്ങളിലൊക്കെ ചരിത്രപരമായി ചിന്തിച്ചു തീരുമാനങ്ങളെടുക്കാൻ അധികമാരും തയ്യാറാകുകയില്ല എന്നതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും.

ഏതായാലും എറണാകുളം-അങ്കമാലി രൂപതയെന്നാക്കിയാണ് തീരുമാനം വന്നത്. എങ്കിലും അങ്കമാലിക്കും കുറവിലങ്ങാടിനുമുള്ള യോഗ്യത ചൂണ്ടിക്കാണിക്കുവാൻ തോമ്മാക്കത്തനാർ തയ്യാറായത് നല്ല ഒരു നടപടി തന്നെയാണ്. എറണാകുളത്തെ അതിരൂപതയാക്കി നിലനിർത്തിക്കൊണ്ടു സഭാതലവന്റെ ഇരിപ്പിടം മാറ്റി സ്ഥാപിക്കണമെന്നാണ് തോമ്മാക്കത്തനാർ ആഗ്രഹിക്കുന്നത്.

ലോകത്ത് ആദ്യമായി മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലം എന്ന നിലയിൽ കുറവിലങ്ങാടിന് നൽകേണ്ട പ്രാധാന്യം നമുക്ക് വിസ്മരിക്കുവാൻ സാദ്ധ്യമല്ല. അതിന് നുറ്റാണ്ടുകൾക്കുശേഷം ലൂർദ്ദിലും ഫാത്തിമായിലും

www.malankaralibrary.com

മാതാവ് പ്രത്യക്ഷപ്പെട്ടു. എന്നിട്ട് കിഴക്കിന്റെ ലൂർദ്ദ് എന്ന് കുറവിലങ്ങാടിനെ വിളിക്കുന്നത് അപമാനകരമാണ്. ലൂർദ്ദിനെയും ഫാത്തിമായേയും ഒക്കെ ഇനി വിളിക്കേണ്ടത് പടിഞ്ഞാറിന്റെ കുറവിലങ്ങാട് എന്നായിരിക്കുമെന്ന് തോമ്മാക്കത്തനാർ വിലയിരുത്തുന്നത് യുക്തിഭദ്രമാണ്. സഭയുടെ പാരമ്പര്യം സംരക്ഷിക്കാനും വീണ്ടെടുക്കാനും ശ്രമിച്ച പുണ്യശ്ലോകരായ വലിയ ഗീവർഗീസ് അർക്കാദിയാക്കോൻ, ചെറിയ വർഗീസ് അർക്കാദിയാക്കോൻ പനങ്കുഴയ്ക്കൽ വല്യച്ചൻ പറമ്പിൽ ചാണ്ടി മെത്രാൻ, നിധീരിക്കൽ മാണിക്കത്തനാർ തുടങ്ങിയ അനശ്വരനാമങ്ങൾ കുറവിലങ്ങാടിന്റെ മഹിമ വർദ്ധിപ്പിക്കുന്നുവെന്ന തോമ്മാക്കത്തനാരുടെ അഭിപ്രായം യുക്തിഭദ്രമാണ്. കോട്ടയത്തുനിന്നു രൂപതാ ആസ്ഥാനം മാറ്റുന്നതിനെപ്പറ്റി ആലോചനകൾ നടന്നു. കുറവിലങ്ങാട് ചിന്തയിൽ വന്നു. ലവീഞ്ഞ് മെത്രാൻ കുറവിലങ്ങാടിന് എതിരായിരുന്നു. നിധീരിക്കൽ മാണിക്കത്തനാരോട് ലവീഞ്ഞ് മെത്രാനുണ്ടായ നീരസം ഈ നിലപാട് സ്വീകരിക്കുവാൻ ലവീഞ്ഞിനെ പ്രേരിപ്പിച്ചത്.

ഈ ലേഖനത്തിൽ മലങ്കരസഭയിൽ ഉണ്ടായ ഭിന്നിപ്പിനെ തോമ്മാക്കത്തനാർ വിലയിരുത്തുന്നുണ്ട്. മലങ്കര സഭയിൽ ഭിന്നത തുടരുന്നതിനാൽ യാക്കോബായക്കാരുടെ കീഴിലേക്ക് പുത്തൻകൂറ്റുകാർ ചെന്നു വീണു. പഴയകൂറ്റുകാരാകട്ടെ ഉദയംപേരൂർ സമ്മേളനത്തിന്റെ നിഴലിൽ പറങ്കിവേദത്തിന്റെ അടിമകളായി. പുത്തൻ കൂറ്റുകാർ ചിന്നിച്ചിതറി, തൊഴിയൂർസഭ, മാർത്തോമ്മാസഭ, യാക്കോബായസഭ, ഓർത്തഡോക്സ് സഭ, മലങ്കര, കത്തോലിക്കാസഭ എന്നിങ്ങനെ പലതായി നിലനിൽക്കുന്നു. സി.എസ്.ഐ., എവാഞ്ചലിക്കൽ, പന്തക്കുസ്താസഭകളിൽ ചെന്നുവീണു വേറെ ചില പുത്തൻകൂറ്റുകാർ. പഴയകൂറ്റുകാർ, സീറോ-മലബാറും തൃശൂരെ കൽദായസഭയും ആയി 19-ാം നൂറ്റാണ്ടിൽ രണ്ടു കഷണങ്ങളായി മാറി. മാണിക്കത്തനാരുടെ ശ്രദ്ധയും ശ്രമവും ഈ മുറിവുകളെ ഉണക്കുന്നതിനും നഷ്ടമായ ഐക്യത്തെ വീണ്ടെടുക്കുന്നതിനുമായിരുന്നു. ഇനിയും പൂർത്തിയാകാത്ത പ്രസ്തുത പരിശ്രമം കുറവിലങ്ങാട് തന്നെ തുടരുന്നതിന് ഇടയായിരുന്നുവെങ്കിൽ! മലങ്കര നസ്രാണികൾ സഭാവ്യത്യാസം കൂടാതെ കുറവിലങ്ങാടിനെ മാതൃദേവാലയമായിട്ടാണ് കാണുന്നത്. ഇക്കാര്യത്തിൽ മലങ്കരയിലെയെന്നല്ല ഇന്ത്യയിലെ തന്നെ കുറവിലങ്ങാടിന് തുല്യം കുറവിലങ്ങാട് മാത്രം. അതുകൊണ്ടാണ് പറയുക ഉദയംപേരൂരിന്റെ ഉദയക്രിയ ആരംഭിക്കേണ്ടത് കുറവിലങ്ങാട്ടുനിന്നാണ്. മാർത്തോമ്മാ നസ്രാണികളുടെ പള്ളിദർശനവും പള്ളിയോഗചിന്തയും വീണ്ടെടുക്കുന്നതിന് അതല്ലാതെ മറ്റുമാർഗ്ഗമില്ല. തോമ്മാക്കത്തനാരുടെ ഈ വാക്കുകൾ കൂടുതൽ ചിന്തക്ക് കളമൊരുക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# കൂനമ്മാക്കൽ തോമ്മാക്കത്തനാർ - നാൾവഴികൾ

പ്രസിദ്ധമായ രാമപുരം ഗ്രാമത്തിലാണ് കൂനമ്മാക്കൽ തോമ്മാക്കത്തനാർ ജനിച്ചത്. ദൈവവിളിയുടെ കാര്യത്തിൽ പാലാ രൂപതയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു ഇടവകയാണ് രാമപുരം മാർ ആഗസ്തീനോസ് ദേവാലയം. രാമപുരത്തെ പ്രഗത്ഭരായ ഏതാനും വൈദികശ്രേഷ്ഠരെപ്പറ്റി സൂചിപ്പിക്കാം. അതിൽ പ്രഥമഗണനിയൻ രാമപുരം ഇടവകക്കാരനായ പാറേമ്മാക്കൽ തോമ്മാക്കത്തനാർ ആണ്. കേരളസുറിയാനി സഭയെ 13 വർഷക്കാലം ഭരിച്ച ക്രാന്തദർശിയായ ഒരു നേതാവായിരുന്നു ഗോവർണ്ണദോരച്ചൻ എന്നറിയപ്പെടുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാർ.

ഇന്ത്യൻ ദേശീയനവോത്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച - മാർക്കോപ്പോളയേയും ഹൂവാൻസാങ്ങിനെയുംപോലെ ലോകസഞ്ചാരം നടത്തിയ - ഇന്ത്യക്കാരനെ ഇന്ത്യാക്കാർ തന്നെ ഭരിക്കണമെന്ന് ആദ്യം അഭിപ്രായപ്പെട്ട - ബംഗാളിയെന്നും തമിഴനെന്നും മലയാളിയെന്നും ഒക്കെ പറഞ്ഞ് ഇന്ത്യക്കാർ വിഭിന്ന പേരുകളിൽ അറിയപ്പെട്ടിരുന്ന ഒരു കാലത്ത് നാം ഇന്ത്യാക്കാർ എന്ന് ആദ്യം ഉൽഘോഷിച്ച - ഭാരതീയഭാഷകളിലെ യാത്രാവിവരണത്തിന്റെ ആരംഭകൻ മലയാളഭാഷയിലെ ആദ്യത്തെ ഗദ്യഗ്രന്ഥത്തിന്റെ രചയിതാവ് - എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെട്ട പ്രമുഖനായ ഒരു നേതാവായിരുന്നു പാറേമ്മാക്കൽ തോമ്മക്കത്തനാർ. 1799-ൽ അദ്ദേഹം ദിവംഗതനായി. പുണ്യശ്ലോകനായ ചീറ്റടിയിൽ ചാണ്ടിയച്ചനും കണിയാരകത്ത് ബഹു. മാണിമല്പാനും, തിരുവല്ലാ രൂപതയുടെ അഡ്മിനിസ്റ്റേറ്ററായിരുന്ന മോൺ ജോൺ കച്ചിറമറ്റവും, ആദ്യകാല മിഷനറിയും ഈശോ സഭാവൈദികനുമായിരുന്ന ഫാ. അഗസ്റ്റിൻ പെരുമാലി, ഫാ. ദേവസ്യാ കച്ചറമറ്റം എന്നിവരും ഫാ. മാണിമല്പാൻ കണിയാരകം, ഫാ. ബ്രൂണോ കണിയാരകം എന്നീ സി.എം.ഐ. വൈദികരും രാമപുരത്തിന്റെ അഭിമാനഭാജനങ്ങളാണ്. ദളിതരുടെയിടയിൽ ജീവിതകാലം മുഴുവൻ പ്രവർത്തിച്ച് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട കുഞ്ഞച്ചൻ രാമപുരത്തിന്റെ പ്രശസ്തി ലോകമാകെ ഉയർത്തിയ ഒരു ആത്മീയതേജസ്വനാണ്. ഇംഫാൽ രൂപതയിലെ ആദ്യകാല മിഷനറിയും വികാരി ജനറാളും ആയ മോൺ. ജോസഫ് കച്ചിറമറ്റം സീറോ-മലബാർ ലിറ്റർജിക്കൽ കമ്മീഷന്റെ അവാർജ് ജേതാവുമായ ഫാ. ജോർജ് കനിഷ്യസ് ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ എന്നറിയപ്പെടുന്ന കച്ചിറമറ്റം സി.എം.ഐയും ഇന്നും പ്രേഷിതരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന രാമപുരംകാരാണ്.

വഞ്ചിപ്പാട്ടിന്റെ കർത്താവായ രാമപുരത്ത് വാര്യരുടെ ജന്മദേശമെന്ന നിലയിലും രാമപുരം പ്രസിദ്ധമാണ്. വിവിധ നിലകളിൽ പ്രകീർത്തിതമായ

www.malankaralibrary.com

രാമപുരത്ത് പുരാതനവും പ്രസിദ്ധവുമായ കൂനമ്മാക്കൽ കുടുംബത്തിൽ കുര്യൻ-ത്രേസ്യാ ദമ്പതികളുടെ ദ്വിതീയ സന്താനമായി 1955 നവംബർ 15-ന് കൂനമ്മാക്കൽ തോമ്മാക്കത്തനാർ ജനിച്ചു. ആഗസ്തി, ജോസ് എന്നിവർ സഹോദരങ്ങളും റോസമ്മ ഏക സഹോദരിയുമാണ്. ജനിച്ച് നാലാംദിവസം നവംബർ 19-ന് രാമപുരം സെന്റ് അഗസ്തിനോസ് പള്ളിയിൽ വച്ച് മാമ്മോദീസാ നൽകി. രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം.

ചെറുപ്പം മുതൽ എല്ലാവരുടെയും മാതൃകയായി വളർന്നുവന്ന തോമസ് വൈദിക വിദ്യാഭ്യാസത്തിനായി പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു. 1972 ജൂൺ മുതൽ 1975 വരെ മൈനർ സെമിനാരിയിലും 1975 മുതൽ 1978 വരെ ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ഫിലോസഫിയിൽ ബി.പി.എച്ചിനും പഠിച്ചു. (കാർമ്മൽഗിരിയിൽ). 1978 മുതൽ 1981 വരെ മംഗലപ്പുഴ സെന്റ് ജോസഫ് സെമിനാരിയിൽ പഠിച്ച് ദൈവശാസ്ത്രത്തിൽ ബി.ഡി. ഡിഗ്രി നേടി. 1981 ഡിസംബർ 30-ന് മാർജോസഫ് പള്ളിക്കാപ്പറമ്പിൽ നിന്നു വൈദികപട്ടം സ്വീകരിച്ചു.

1982 ജനുവരിയിൽ ഭരണങ്ങാനം പള്ളിയിൽ അസിസ്റ്റന്റായി നിയമനം. 1983-ൽ റോമിൽ ഉപരിപഠനത്തിന് പോകുവാൻ മാർ പള്ളിക്കാപറമ്പിലിന്റെ അനുമതി ലഭിച്ചു. 1983 ഓഗസ്റ്റിൽ ചെത്തിപ്പുഴയെത്തി ഫാ. പ്ലാസിഡിനെ സന്ദർശിച്ചു. ഒരു മാസക്കാലം പ്ലാസിഡച്ചനോടൊത്ത് ചെത്തിപ്പുഴ താമസിച്ച് സഭാപരമായ കാര്യങ്ങൾ പഠിച്ചു. ഒരു മാസം കഴിഞ്ഞ് ചെത്തിപ്പുഴയിൽ നിന്നു പോന്നപ്പോൾ എന്റെ അവസാന ശിഷ്യന് ആശീർവാദം എന്നു പറഞ്ഞ് യാത്രയാക്കി അനുഗ്രഹിച്ചു. ഏതാനും നാളുകൾക്കുശേഷം ഫാ. പ്ലാസിഡ് രോഗിയായി മാറി.

1983 സെപ്റ്റംബർ 7-ന് ഉപരിപഠനാർത്ഥം റോമിലേക്ക് പുറപ്പെട്ടു. 1983 മുതൽ 1985 വരെ സഭാപിതാക്കന്മാരെപ്പറ്റി ലൈസൻഷ്യേറ്റുപഠനം. 1985 മുതൽ 1986 വരെ പ്രസ്തുത വിഷയത്തിൽ "ഡിപ്ലോമ" പഠനം. 1984 മുതൽ 1986 വരെ ലാറ്റിൻ ലിട്രേച്ചറിൽ "ഡിപ്ലോമ" പഠനം. 1986 ഒക്ടോബർ 6-ന് ഓക്സ്ഫോർഡിൽ സെബാസ്റ്റ്യൻ ബ്രോക്കിന്റെ കീഴിൽ പ്രൈവറ്റായി പഠനം.

1986 മുതൽ 1989 നവംബർ 15 വരെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പഠനവും സെയ്ന്റ് ബെനറ്റ്സ് ഹാളിൽ താമസവും. 1987-1988-ൽ സിറിയക്കിൽ മാസ്റ്റർ ഓഫ് സ്റ്റഡിസിൽ (MST) ഈ വിഷയത്തിൽ Oxford University ആദ്യ വിദ്യാർത്ഥിയായിരുന്നു തോമ്മാക്കത്തനാർ.

www.malankaralibrary.com

1988-1991 ഡോക്ടറേറ്റിനു വേണ്ടിയുള്ള പഠനം ഡോക്ടർ ഓഫ് ഫിലോസഫി ഇൻ സിറിയക് ലിറ്ററേച്ചർ (D.Phil) 1989 നവംബർ 15 മുതൽ 1991 ആഗസ്റ്റ് 23 വരെ പ്രസിദ്ധമായ എക്യുമെനിക്കൽ ഹൗസിൽ താമസം. The house of saint Gregery to saint Macrina.

1991-ൽ നാട്ടിൽ തിരിച്ചെത്തി 1991 ഓഗസ്റ്റ് 26 മുതൽ പാലാ ബിഷപ്സ് ഹൗസിൽ. കോട്ടയത്ത് വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു.

1991 നവംബർ 8 മുതൽ 1992 ഏപ്രിൽ 30 വരെ ളാലം പഴയപള്ളിയിൽ അജപാലന ശുശ്രൂഷയും വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ അദ്ധ്യാപകനും. 1992 ഏപ്രിൽ 30 മുതൽ പൗരസ്ത്യ വിദ്യാപീഠത്തിൽ താമസിച്ചുകൊണ്ട് അദ്ധ്യാപക ജോലി നിർവ്വഹിച്ചു. 2011-ൽ തൽസ്ഥാനം രാജി വച്ചു.

1991 ഒക്ടോബർ മുതൽ സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂറ്റിൽ (സീരി - ബേക്കർ ഹിൽ) - സിറിയക് എം.എ. ക്ലാസ് എടുക്കുന്നു. 2005 മുതൽ സീരിയിലെ ഡീൻ ഓഫ് സ്റ്റഡിസ് ആയി പ്രവർത്തിക്കുന്നു. 2007 സെപ്റ്റംബർ 20 മുതൽ സീരിയിൽ താമസമാക്കി.

അതേസമയം 1999 മാർച്ച് 20-ന് ബേസ് അപ്രേം നസ്രാണിദയറാ (കുറവിലങ്ങാടിന് സമീപമുള്ള കാപ്പുംതലയിൽ) ആരംഭിച്ചു. നസ്രാണിദയറ സ്ഥാപിച്ചത് ഉദയംപേരൂർ സൂനഹദോസിന്റെ 400-ാം വാർഷികത്തിലും പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ 200-ാം ചരമവാർഷികത്തിലും പ്ലാസിഡച്ചന്റെ 100-ാം ജന്മവാർഷികത്തിലും ആയിരുന്നു.

ഈ കാലഘട്ടത്തിൽ വിവിധ കേന്ദ്രങ്ങളിൽ അദ്ധ്യാപകൻകൂടിയായിരുന്നു. പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് പാലാ, മാർത്തോമ്മാ വിദ്യാനികേതൻ ചങ്ങനാശേരി, എം.ഒ.സി, മാങ്ങാനം, ബനഡിക്ടിയൻ ആശ്രമം കപ്പാട്, ലിറ്റർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ചമ്പക്കുളം എന്നിവിടങ്ങളിൽ പഠിപ്പിച്ചിരുന്നു. ശംശാനയായിരിക്ക കരയാംപറമ്പ്, കാഞ്ഞൂർ, വെള്ളാരപ്പള്ളി, മൂഴിക്കുളം എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചു.

കശിശയായി ശുശ്രൂഷ ചെയ്തിട്ടുള്ള പള്ളികൾ താഴെ പറയുന്നവയാണ്. ഭരണങ്ങാനം ചൂണ്ടച്ചേരി പള്ളി, ളാലം പഴയപള്ളി, മുണ്ടുപാലം പള്ളി, വേഴങ്ങാനം പള്ളി, മലപ്പുറം, ആയാംകുടി, അൽഫോൻസാപുരം, പിഴകുപള്ളി, പൈങ്കുളം പള്ളി എന്നിവയാണ്. അൽഫോൻസാപുരത്ത് 1994 ജൂലൈ 24 മുതൽ 1995 നവംബർ വരെയും 1996 ജൂൺ 30 മുതൽ 2001 ഫെബ്രുവരി 17 വരെയും വികാരിയുടെ ചാർജ് വഹിച്ചിട്ടുണ്ട്. 2001 ഫെബ്രുവരി 25 മുതൽ ഏപ്രിൽ 16 വരെ ചെമ്പിളാവ് പള്ളിവികാരിയായും പ്രവർത്തിച്ചു. കുടാതെ മണ്ണാറപ്പാറ, എരവിമംഗലം, മാഞ്ഞൂർ സൗത്ത് എന്നിവിടങ്ങ

www.malankaralibrary.com

ളിലും സേവനം അനുഷ്ടിച്ചിട്ടുണ്ട്. ഓക്സിഫോർഡ്, കേംബ്രിഡ്ജ്, ലണ്ടൻ, സ്റ്റോക്ക് ഹേം, ഹല്ലെ, ഗ്രനഡ തുടങ്ങിയ യൂണിവേഴ്സിറ്റികളിൽ ഗവേഷണ പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലുമായി നൂറോളം പ്രബന്ധങ്ങളും ഏതാനും ഗ്രന്ഥങ്ങളും രചിച്ചു. ഇപ്പോൾ സീരിയിലും നസ്രാണിദയറായിലും ആയി പ്രവർത്തിക്കുന്നു. പൗരസ്ത്യ ആചാരക്രമങ്ങളും ആരാധനാരീതിയും സ്വീകരിച്ചുകൊണ്ട് വിവിധയിനം കർമ്മപരിപാടികൾക്ക് തോമ്മാക്കത്തനാർ നേതൃത്വം നൽകുന്നു.

■

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ

## ഒരുപഠനം



ജോൺ കച്ചിറമറ്റം

കൂനമ്മാക്കൽ ബ. തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ പുസ്തകരൂപത്തിലാക്കുമ്പോൾ അതിനൊരവതാരിക എഴുതിക്കൊടുക്കാൻ എന്നോടാവശ്യപ്പെട്ടത് ശ്രീ ജോൺ കച്ചിറമറ്റമാണ്. ആധുനിക നസ്രാണി സഭാസമൂഹങ്ങളുടെ നെടുന്തൂണുകളാണ് ഇവർ രണ്ടുപേരും. സമുദായത്തിന്റെ ചരിത്രപരവും രാഷ്ട്രീയവുമായ അന്തസ്സു നിലനിർത്താൻവേണ്ടി രാപകലില്ലാതെ നാവും പേനയും മാത്രമല്ല ആരോഗ്യവും പണവും വ്യയംചെയ്തുകൊണ്ടിരിക്കുന്ന അല്മായശ്രേഷ്ഠനാണ് ശ്രീ കച്ചിറമറ്റം. കേരളസുറിയാനിസഭയുടെ ആരംഭവും ആരാധനക്രമപാരമ്പര്യവും കടന്നുപോന്ന കാലഘട്ടങ്ങളെ പ്രഭാപൂരിതമാക്കിയ ദീപസ്തംഭങ്ങളെയോർത്ത് അഭിമാനാവേശപുളകം ചാർത്തുന്ന വൈദികവരേണ്യനാണു കൂനമ്മാക്കൽ ബ. തോമ്മാക്കത്തനാർ. അദ്ദേഹത്തിന്റെ വിശിഷ്ട പ്രബന്ധങ്ങൾ സമാഹരിച്ച് ഗ്രന്ഥരൂപം നൽകുമ്പോൾ അതിനൊരു തിലകക്കുറി ചാർത്താൻ എനിക്കുള്ള അർഹതയെന്തെന്നറിഞ്ഞുകൂടാ. എന്തായാലും ഇത് എനിക്കു ലഭിക്കുന്ന ഒരു ബഹുമതിയായിത്തന്നെ ഞാൻ കതുരുന്നു.

സഭാസ്നേഹമെന്നപോലെ സ്വഭാഷാസ്നേഹവും ദേശസ്നേഹവും നിറഞ്ഞുനില്ക്കുന്ന ഒരു മനസ്സാണ് കൂനമ്മാക്കലച്ചന്റേത്.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പൂർവ്വകാലചരിത്രത്തെ ആവേശോജ്വലമായി അവതരിപ്പിക്കുന്ന ഈ നിരൂപണഗ്രന്ഥത്തിലെ പ്രബന്ധങ്ങളെല്ലാം തന്നെ ഓരോ ആവശ്യങ്ങളെ മുൻനിർത്തി രചിക്കപ്പെട്ടവയാണെങ്കിലും അവയ്ക്കു മൊത്തത്തിൽ ഒരു നല്ല ചരിത്രപഠനത്തിന്റെ സ്വഭാവം കൈവന്നിരിക്കുന്നു. കൂടുതൽ പഠനത്തിനു പ്രേരിപ്പിക്കുന്നവയാണ് ഓരോ പ്രബന്ധവും. കേരളസഭയെ കാൽക്കീഴിൽ ഒതുക്കാൻ ശ്രമിച്ച പോർത്തുഗീസു വൈദികമേൽക്കോയ്മയോടും പലപ്പോഴും നിസ്സഹായമായിപ്പോയ പാപ്പാധിപത്യത്തോടുമുള്ള ഒരു കണക്കു ചോദിക്കലിനാണ് കൂനമ്മാക്കലച്ചൻ ഈ പ്രബന്ധങ്ങളിൽ മുതിർന്നിരിക്കുന്നത്.

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പോസ്റ്റ്, 686 655 കോട്ടയം

www.malankaralibrary.com